

ଉତ୍କର୍ଷ ୧୨-୧୩

Estd. 1944

# THE KERALA WATCH Co.

ROUND SOUTH, TRICHUR - 1

Phone : 20962 Res : 344952

## KERALA WATCH CO.

RAILWAY STATION ROAD, ALUVA - 1

Phone 24859 Res - 344952

Dealers in :

HMT, TITAN, BIFORA WATCHES
AJANTA, SIWA, SCIENTIFIC CLOCKS
FAVRE LEUBA, WESTON, SIWA TIMEPIECES

യൂണിയൻ ക്രിസ്ത്യൻ
കലാലയത്തിലെ
തൊണ്ണൂറ്റി രണ്ട്
തൊണ്ണൂറ്റി മൂന്ന്
വർഷത്തെ സ്മരണിക

പത്രാധിപ സമിതി

പ്രൊഫ: സി. ജെ. തോമസ്
പ്രൊഫ: എം. മാധവൻകുട്ടി
ഫിലിപ്പ്
വിനോദ്
ടോമി
ബിനോജ്
ബിജു
മാത്യൂസ്

സ്റ്റുഡന്റ് എഡിറ്റർ
സഞ്ജിത്ത് എം. എൻ.

സബ് എഡിറ്റേഴ്സ്
ശ്യാം
സുരേഷ് കുമാർ
ആഷിഖ്



നമ്മളൊന്നുമറിഞ്ഞില്ല
പലതും സംഭവിച്ചുകൊണ്ടേയിരുന്നു.
ആടിനും, മാടിനും പുതിയ കുട്ടി പിറന്നു.
കാവിലെ ദൈവങ്ങൾ കല്ലുവിട്ടുപോയി
കറുത്ത നിറം അധമമായി
വെളുത്ത നിറം ശ്രേഷ്ഠമായി
നമ്മൾ............
രസ്ന കുടിച്ച്...........
നമ്മളൊന്നുമറിഞ്ഞില്ല.

കൺപോള കനക്കുംവരെ പഠിച്ചിട്ടും
പഠിക്കാത്തവർക്ക്

അച്ഛൻ എല്ലാക്കഥയും പറഞ്ഞുനിർത്തിയത്
ഇങ്ങനെ—

"കാലം മാറും പോലെ കോലം മാറണം."
കാലവും കോലവും മാറി
പൊയ്ക്കാലത്തിലെ പേക്കോലമായി
ഒരു വേദനയും സഹിക്കാതെ,
ഒരിക്കൽ പോലും ക്ഷമിക്കാതെ
എന്തിന്, ഒന്നു ചിരിക്കാതെ
സ്വപ്നമില്ലാത്തവന്റെ ചെനക്കം.

കാലത്തിന് കുറുകെ നടന്നവർ
ഞങ്ങൾക്കും മുന്നാണ്

ചുവപ്പിച്ച ചുണ്ടിന്റെ ബാധ്യത പേറുമ്പോഴും.
സ്നേഹത്തിന്റെ മഴനിലാവ് നനയാൻ ആഗ്രഹിക്കുന്നു
'സ്നേഹമറിഞ്ഞവർ എല്ലാമറിയുന്നു'

നാട്യങ്ങൾക്കുമുന്നിൽ മൗനിയാകുമ്പോഴും.
കുരൽ കീറിയലറാൻ ആഗ്രഹിക്കുന്നു
'ഉറക്കെ പറഞ്ഞവർ ഉയിരുള്ളോരാണ്'

ഇത്
ഒടുക്കമോ തുടക്കമോ ആയികരുതുന്നില്ല
എല്ലാ ചലനങ്ങളെയും നിലനിർത്തുന്ന
ചരിത്രത്തിന്റെ തുടർച്ചയായി കരുതുന്നു

എഡിറ്റർ



# Cover Story

## THE THAMES NEAR WALTON BRIDGES

An outdoor oil sketch of the Thames by the British artist, Turner (1775 - 1851).

നദിയൊഴുകുന്നത് കാലംപോലെയാണ്.
എല്ലാ ഭാഷയും അറിയുന്നവളാം നദി.
ഗാംഭീര്യത്തിന്റെ, നേരമ്പോക്കിന്റെ, തല്ലുടക്കലിന്റെ
സൃഷ്ടിയുടെ............
ആയിരം പേരിട്ടു വിളിച്ചാലും
പിന്നെയും കാണും
നദിയുടെ നിലവിളിക്കു പേർ.
സകലതിലും ജീവന്റെ ജീവനായ്
അവളൊഴുകുന്നു അങ്ങനെ,
ജീവിതം പോലെ–

Sweet Thames, run softly till I end my song.
Sweet Thames, run softly, for I speak not loud or long.

T. S. Eliot : The Waste Land



Prof. C. J. Thomas
Principal

# STATEMENT OF OWNERSHIP


statement of ownership and other particulars of the publication
u. c. college aluva

| | |
|---|---|
| place of publication | aluva |
| periodicity of publication | annually |
| printer's name | c. j. thomas |
| nationality | indian |
| address | principal, u. c. college, aluva |
| publisher's name | prof: c. j. thomas |
| nationality | indian |
| address | principal, u. c. college, aluva |
| editor's name | sanjith m. n. |
| nationality | indian |
| address | editor u.c. college, aluva |

i, c. j. thomas hereby declare that the particulars given above are true to the best of my knowledge and belief.

sd/-
c. j. thomas

''മഴ വരും പോലെയാണ് മരണം വരിക.
ചാററൽ പോലെ അലോസരപ്പെടുത്തി അങ്ങിനെ നിൽക്കും.''



അറിയേണ്ടോർ മാത്രമേ
കുരുവിള സാറിനെ അറിഞ്ഞുള്ളു
ആരെയുമറിയിക്കാതെ
നേർത്ത തെന്നൽ പോലെ
സാറ് പോയി
കണ്ണീർ പൊടിക്കേണ്ട
ഓർമ്മയിൽ സൂക്ഷിക്കാം.



ലാബിന്റെ മടുപ്പിക്കുന്ന ഗന്ധത്തിലും
ഉറഞ്ഞു കൂടുന്ന മൗനത്തിലും
ആഴ്ന്ന് ജീവിച്ച കാദറിക്ക
ഇന്ന് നമ്മോടൊപ്പമില്ല.
ജീവിത വേഗങ്ങളിൽ ഇടയ്ക്ക് ഓർക്കാം.





''മരണം എല്ലാവർക്കുമൊരുപോലെയാണ്.
സ്വപ്നങ്ങൾ കാഴ്ചവട്ടത്തെത്തും
മുൻപ് ഈ ലോകം വിടേണ്ടിവന്നവർ—
സ്മിതയ്ക്കും ബോബിക്കും നമ്മുടെ
ഹൃദയത്തിലൊരിടം.''

# മാനസസരസ്

ഡോ: ചാണ്ടിപോറം
[മാംഡ് സ്റ്റുഡൻറ്]

കാലത്തിൻ പുഴ പിന്നോ
        ട്ടൊഴുക്കാൻ വഴിയില്ല,
ആലുവാപ്പുഴയല്പം
        പിന്നിലേയ്ക്കൊഴുകട്ടെ!
കേവലം കിനാവിനു
        കൈവിലങ്ങുകളില്ല;
മായിക മോഹങ്ങൾക്കു
        പറക്കാൻ വിലക്കില്ല!
നീർത്തുവേൻ ചിറകുകൾ
        വിസ്മൃത വസന്തത്തിൽ
പേർത്തുമെത്തുവാൻ, മര
        ച്ചില്ലയിൽ ചേക്കേറുവാൻ.
പൂത്തമാമരം കൈകൾ
        നീർത്തി നിൽക്കുകയല്ലോ
പൂർവ്വകാലത്തിൻ കിളി
        ക്കൂട്ടമേ വരൂ വരൂ!
എൻമനം ഗൃഹാതുര
        മോർമ്മകൾ വിദ്യാലയ—
വൻമരങ്ങളിൽ ചുറ്റി
        പ്പൂത്തുലയുന്നൂ വീണ്ടും.
ഇപ്പുഴയോരത്തുമെൻ
        മാനസം മേയാനെത്തും
പുൽപ്പുറപ്പിതാ, കുന്നിൽ
        ക്കാണുമിക്കലാലയ—
തേൻമാവിൻ തളിർ, തണൽ
        പ്പുറപ്പും കനികളും
കാണ്മതുണ്ടിന്നും, മന
        മുണ്ണുന്നൂ മധുരങ്ങൾ!
പോയ്പോയ കാലത്തിന്റെ
        പൂമുഖത്തളത്തിങ്കൽ
അല്പമൊന്നിളവേറ്റു
        കാണട്ടെ കണ്വാശ്രമം.
ഇത്തപോവാടത്തിലെ
        മാമുനീശൻമാരാം—
ഗുരുത്തമാചാര്യൻമാരും
        തോഴരും സതീർത്ഥ്യരും
ഇക്കലാലയത്തിന്നാ
        രാശ്രമാന്തരീക്ഷത്തിൽ
വൽക്കലമണിയിച്ച
        അല്പമെങ്കിലും ബാക്കി
വച്ചിരിക്കണേ, പുതു
        മുറക്കാർക്കതൊക്കെയു
മെച്ചിലായ്ത്തോന്നാം, വേറെ
        പലതാണല്ലോ പഥ്യം!
അന്തേവാസികൾ, പിന്നെ
        യന്നന്നുവന്നെത്തുവോർ
ചിന്തയും പന്തും പങ്കി
        ട്ടകത്തും പുറത്തുമായ്
പുളകം വളർത്തിയ
        കാലമോർക്കുമ്പോഴുള്ളിൽ
കുളിരോ ഗതകാല
        നഷ്ടബോധമോതിങ്ങും!
ഇന്നുമെന്നാചാര്യൻമാ

തിപ്പുരിസരത്തിലു—
ണ്ടെന്നുമീ സാരസ്വതീ
മന്ദിരം കാക്കുന്നവർ.
ചിലരോ മിഥ്യംഗതർ,
ആ മഹൽ സ്മരണയിൽ
പലതും പലതുമെ
ന്നുറങ്ങുടിപ്പുകളല്ലോ!
പുൽകട്ടെയുള്ളാൽ ഞാന
പ്പാദപങ്കജങ്ങളിൽ,
നൽകട്ടെ ഞാനെൻ ചുടു
വീർപ്പുകൾ, കണ്ണീർപ്പൂക്കൾ!
എൻ സതീർത്ഥ്യരും ഞാനും
പിൻമുറക്കാരും തുടർ
വൽസരങ്ങളുമെത്ര
പിന്നെയും കടന്നുപോയ്!
ചുളിയുന്നുവോ നെററി
യാർക്കാനും? കലാശാല
ചെളിയിൽ കുളിക്കുന്ന
കാലമായല്ലോ കഷ്ടം!
അ.ല്ലതും കസ്തൂരിയാ
ണെന്നു നേതാവിന്നിഷ്ടം
ചൊല്ലണം, ''രാജാവിന്നു
മുണ്ടില്ലേ''യെന്നാരോതും!
കേരളത്തനിമയും
ഭാരതമഹിമയും
വാരിധി കടന്നേറെ
ദൂരങ്ങൾ താണ്ടിപ്പോരക
ഇക്കലാലയത്തിന്റെ
മക്കളുതയോവഴി—
വക്കുകടം തോറും തണ്ണീർ
പ്പന്തലിട്ടിരുന്നെന്നോ!
എണ്ണിയാലൊടുങ്ങാത്ത
പേരതും തുടർക്കഥ,
വർണ്ണനാതീതം, നിങ്ങൾ
ക്കറിയാം പറയാതെ.
പെരിയാറിന്നും ചിരി
ച്ചാർത്തൊഴുകുന്നു, വയ—
ല്ലൊരുകാലവും പതി
നേഴിനപ്പുറം പോകാ—
തിരിക്കെ, താരുണ്യത്തിൻ
മുന്തിരിച്ചാറും മോന്തി—
യിരിക്കെ, കലാലയം
നിത്യയൗവനയുക്തം
പൂത്തുലയുമ്പോഴാ കള
ഹംസങ്ങൾ വർഷാവർഷം
പേർത്തുമെത്തുന്നു വിദ്യാ
ഗംഗയിൽ വിഹരിക്കാൻ.
ഇനിയും പരശ്ശതം
വർഷമീസരസ്വതീ
നിനദം പുളിനത്തിൽ
വേണുഗാനമായ് തങ്ങും,
ഇതു താനനിക്കിന്നും
മാനസസര, സ്സിതിൽ
നിന്താരം നീരാടിയ
പക്ഷിയാണല്ലോ ഞാനും!



# ഭരതമ്മാഷ് പറഞ്ഞത്

ഭരതൻ ഭരതവാക്യം ചൊല്ലിപ്പോയി-
വിദ്യാർത്ഥിയെ അറിഞ്ഞ അദ്ധ്യാപകർ
ചുരുക്കമാണ്. അതിൽ ഒന്നാം സ്ഥാനം
ഭരതമ്മാഷിന്, വിദ്യാഭ്യാസത്തിന്റെയും
വിദ്യാഭാസത്തിന്റെയും ശരിമയും
പൊരുളും അറിഞ്ഞയാൾ. ഭരതൻ പറയുന്നു-
"വായനയാണ് അദ്ധ്യാപകനും വിദ്യാർത്ഥിക്കും
മുഖ്യം". ഭരതൻമാഷുമായി മാനസിൻ കമ്മററി
നടത്തിയ അഭിമുഖത്തിന്റെ സാരം-

യൂ. സി. കോളേജും മഹാരാജാസ് കോളേജും തമ്മിൽ പ്രകടനാത്മകമായ വ്യത്യാസമുള്ളതായി സാറ് സൂചിപ്പിച്ചല്ലോ ഇതിന്റെ പ്രാഥമിക കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

മഹാരാജാസ് ഇന്ന് കേരളത്തിലുള്ള ഏറ്റവും വലിയ മതനിരപേക്ഷിതമായിട്ടുള്ള കോളേജാണ്. Secular College. ഈ College-ൽ ഏതെങ്കിലും ഒരു പ്രത്യേക മതസംഹിതയേയോ, ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ അഭിപ്രായത്തേയോ പ്രിൻസിപ്പലും, അദ്ധ്യാപകന്മാരും വിദ്യാർത്ഥികളുടെ നേരെ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചിട്ടില്ല. ചില പ്രിൻസിപ്പൽമാർ അതിന് ശ്രമിച്ചിട്ടുണ്ട്. ശ്രമിച്ചവരൊക്കെ അതിഭീകരമായി പരാജയപ്പെട്ടിട്ടുണ്ട്. ഈ ഒരു കാരണംകൊണ്ട് തന്നെ വളരെ Secular ആയ ഒരു കാഴ്ചപ്പാട് അവിടത്തെ പ്രിൻസിപ്പലിനുണ്ടായിരിക്കണം. പക്ഷേ നിങ്ങളുടെ College തികച്ചും മതേതരമായിട്ടുള്ള Outlook. കോളേജു ഭരിക്കുന്നധികാരികൾക്ക് ഉണ്ടായതായിട്ട് ഒരിക്കലും കേട്ടിട്ടില്ല. അതുകൊണ്ട് തന്നെ അടിസ്ഥാനപരമായി മഹാരാജാസ് കോളേജും, യൂ. സി. കോളേജും തമ്മിൽ വലുതായിട്ടുള്ള വ്യത്യാസമുണ്ട്.

റിസൽട്ട് ഉൽപാദിപ്പിക്കുക എന്നതിൽ കവിഞ്ഞ് പ്രാധാന്യമായിട്ടുള്ള പലകാര്യങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്നും, വിദ്യാർത്ഥികളുടെ സർഗ്ഗാത്മകവാസനകളെ പ്രോത്സാഹിപ്പിക്കണമെന്നുള്ള ഒരു അവബോധം കാലാകാലങ്ങളായിട്ട് യൂ. സി. കോളേജിൽ ഉള്ളതായിട്ട് എനിക്കറിയില്ല. 1954–58കളിൽ ഞാൻ യൂ. സി. കോളേജിലെ ഒരു വിദ്യാർത്ഥിയായിരുന്നു. ഞാൻ വളരെ ബഹുമാനിക്കുന്ന അദ്ധ്യാപകരുംഅവിടെ ഉണ്ടായിട്ടുണ്ട്. അന്നത്തെ വിദ്യാർത്ഥികളുടെ പാഠ്യേതരവിഷയങ്ങളിലുള്ള താത്പര്യത്തെ വളർത്താൻ പോന്നതായിരുന്നു അതോറിറ്റിയുടെ ഭാഗത്ത് നിന്നുണ്ടായിരുന്ന തീരുമാനങ്ങൾ. കഴിഞ്ഞ പത്തുമാസം ഞാൻ പ്രിൻസിപ്പലായിരുന്ന കാലഘട്ടത്തിൽ എന്റെ മുന്നിലുണ്ടായിരുന്ന ഒരുപ്രത്യേക സാഹചര്യം ഇതായിരുന്നു. ഞാൻ പ്രിൻസിപ്പലായിട്ട് ചാർജ്ജെടുക്കുന്നതിനു മുമ്പ് കോട്ടയത്ത് വെച്ചുനടത്തിയ യുവജനോത്സവത്തിൽ വെറും ആറു പോയന്റ് വ്യത്യാസത്തിൽ മഹാരാജാസ് പരാജയപ്പെട്ടിരുന്നു. പ്രിൻസിപ്പൽ സഹായിച്ചിരുന്നെങ്കിൽ ഞങ്ങൾ കഴിഞ്ഞവർഷം തന്നെ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയേനേ എന്ന് വിദ്യാർത്ഥികൾ എന്നോട് പറഞ്ഞു. ഈ കാര്യത്തിൽ വിദ്യാർത്ഥികളെ കാര്യമായിതന്നെ സഹായിക്കാൻ ഞാൻ തീരുമാനിച്ചു. വിദ്യാർത്ഥികളിൽനിന്നും എറണാകുളത്തെ പൗരമുഖ്യൻമാരിൽ നിന്നും പൂർവ്വവിദ്യാർത്ഥികളിൽനിന്നും പിരിച്ചെടുത്ത ഒരു വലിയ തുകയുടെ സഹായംകൂടി ഈവർഷം മഹാരാജാസ് ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയപ്പോൾ ഉണ്ടായിരുന്നു. ഇങ്ങനെ പ്രിൻസിപ്പലിന്റെ ഭാഗത്തുനിന്നും അദ്ധ്യാപകരുടെ ഭാഗത്തുനിന്നും വിദ്യാർത്ഥികളുടെ സർഗ്ഗശക്തിവളർത്തികൊണ്ടു വരുന്നതിന് സമൂലമായിട്ടുള്ള ശ്രമം മഹാരാജാസ് കോളേജിൽ കഴിഞ്ഞ പത്തുമാസത്തിൽ ഉണ്ടായിരുന്നു. പക്ഷേ അതിനുമുമ്പുള്ള കാലങ്ങളിലും, നിങ്ങളുടെ കോളേജിൽനിന്നും വ്യത്യസ്തമായിട്ട് അനവധി അദ്ധ്യാപകർ വിദ്യാർത്ഥികളുടെ സർഗ്ഗശക്തികളെ പ്രോത്സാഹിപ്പിക്കുന്നതിൽ അതിനുള്ള ശ്രമം മഹാരാജാസ് കോളേജിൽ നിലനിന്നിരുന്നു. പിന്നെ മഹാരാജാസ് കോളേജിലെ അദ്ധ്യാപകരും പ്രിൻസിപ്പലും ആരുതന്നെ വിദ്യാർത്ഥികളുടെ രാഷ്ട്രീയ അവബോധത്തെ ഒടിച്ചിടാൻ ശ്രമിക്കാറില്ല. വിദ്യാർത്ഥികൾ അവരുടെ വിശ്വാസങ്ങൾ വളർത്തിക്കൊള്ളട്ടെ, അവർ പ്രസംഗിച്ചോട്ടെ. ഒരു വിദ്യാർത്ഥിസംഘടനയും മറ്റൊരു വിദ്യാർത്ഥി സംഘടനയും തമ്മിൽ യാതൊരു വ്യത്യാസവും അദ്ധ്യാപകൻ കല്പിക്കാൻ പാടില്ല. ആ ഒരു സമത്വബോധത്തോടും കൂടി പെരുമാറണം. പറഞ്ഞാൽമാത്രം പോര, അവസരവാദപരമായ പെരുമാറ്റമായിരിക്കരുത്. ആത്മാർത്ഥമായിട്ട് വിദ്യാർത്ഥികളുടെ രാഷ്ട്രീയ ബോധത്തെ വളർത്താൻ ശ്രമിക്കണം.

"വിദ്യാർത്ഥികൾ രാഷ്ട്രീയത്തിൽ പ്രവർത്തിക്കണം. രാഷ്ട്രീയമായിട്ടുള്ള സംഭവങ്ങളോട്

## ഭരതമാഷ് പറഞ്ഞത്

അവർ പ്രതികരിക്കുകയും വേണം. വിദ്യാർത്ഥിയെ വിശ്വാസമുള്ള പ്രിൻസിപ്പൽമാർ ഉണ്ടെങ്കിൽ ആ പ്രിൻസിപ്പൽ പറയുന്നത് പോലെ വിദ്യാർത്ഥികൾ അനുസരിക്കും'' ഇതാണ് എന്റെ പത്തു മാസകാലത്തെ അനുഭവം.

### കാമ്പസ്സുകളിലെ അരാഷ്ട്രീയവത്ക്കരണം

കാമ്പസ്സുകളെ ഒരു കാരണവശാലും അരാഷ്ട്രീയവത്ക്കരിക്കരുത്. കാരണം വിദ്യാർത്ഥികൾക്ക് രാഷ്ട്രീയ കാര്യങ്ങൾ മനസ്സിലാക്കാൻ മാത്രമല്ല അതിൽ പ്രവർത്തിച്ചുള്ള അനുഭവവും വേണം. വിദ്യാർത്ഥികളിൽനിന്നാണ് വരുംകാലത്തെ രാഷ്ട്രീയപ്രവർത്തകർ ഉയർന്നുവരുന്നത്. വിദ്യാർത്ഥികൾ കോളേജിനകത്ത് കലാപം ഉണ്ടാക്കുന്നു. രാഷ്ട്രീയബോധം വിദ്യാർത്ഥികളിൽ കലാപം ഉണ്ടാക്കുന്നു എന്നതൊന്നും, വിദ്യാർത്ഥികളെ രാഷ്ട്രീയത്തിൽനിന്നും മാറ്റിനിർത്താൻ പറ്റിയ കാരണങ്ങളല്ല. വിദ്യാർത്ഥികളെ ചീത്തയാക്കുന്നതിൽ രാഷ്ട്രീയക്കാരേക്കാൾ പുതിയ പുതിയ പുസ്തകങ്ങൾ വായിക്കാത്തവരും മനോഹരമായി വിദ്യാർത്ഥികൾക്ക് അത് പറഞ്ഞുകൊടുക്കാൻ കഴിയാത്തതുമായ അദ്ധ്യാപകരും ഉത്തരവാദികളാണ്. അതാതു കാലത്തുണ്ടാകുന്ന പുതിയ പുസ്തകങ്ങൾ വായിക്കുകയും ആശയങ്ങളെ സ്വാംശീകരിക്കുകയും അത് മനോഹരമായി ക്ലാസ്സുകളിൽ അവതരിപ്പിക്കുകയും ചെയ്യുന്ന അദ്ധ്യാപകരുടെ ക്ലാസ്സിൽ വിദ്യാർത്ഥികൾ കയറും. പക്ഷേ ഈ പഴഞ്ചൻ നോട്ടുകൾമാത്രം വായിച്ച് അവരവരുടെ സബ്ജക്റ്റ് വിട്ട് വേറൊരു വിഷയത്തെപ്പറ്റി രണ്ടക്ഷരം പറയാൻ കഴിയാത്ത അനേകം അദ്ധ്യാപകരുണ്ട്. ഇങ്ങനെവരുമ്പോൾ ഒരു അദ്ധ്യാപകനെ സമീപിച്ച് കഴിഞ്ഞാൽ അല്ലെങ്കിൽ ക്ലാസ്സിൽ കയറിക്കഴിഞ്ഞാൽ പുതുതായി ഒന്നും ലഭിക്കാൻ സാധിക്കുകയില്ല എന്നുള്ളബോധം വിദ്യാർത്ഥികൾക്ക് ഉണ്ടായാൽ അത്തരം അദ്ധ്യാപകരെ വിദ്യാർത്ഥികൾ ബഹുമാനിക്കുകയില്ല. അവർ പറയുന്നത് കേൾക്കുകയുമില്ല നേരെ മറിച്ച് അവനവൻ പഠിപ്പിക്കുന്ന വിഷയങ്ങളിൽ മാത്രമല്ല മറ്റുള്ള വിഷയങ്ങളിൽക്കൂടി വിവരമുള്ളവൻ കൂടിയാകണം അദ്ധ്യാപകൻ. അത് അവന് വളരെ രസകരമായി പറഞ്ഞുകൊടുക്കാൻ കഴിവുണ്ടെന്ന് മനസ്സിലാക്കി കഴിഞ്ഞാൽ ആ അദ്ധ്യാപകനെ വിദ്യാർത്ഥികൾ അനുസരിക്കുകയും അയാളുടെ ക്ലാസ്സിൽ കയറുകയും ചെയ്യും. അപ്പോൾ കഴിവുകുറഞ്ഞ അദ്ധ്യാപകർ വാസ്തവത്തിൽ രാഷ്ട്രീയക്കാരെക്കാൾ കൂടുതൽ ഈ കലാലയങ്ങളെ മലീമസമാക്കുന്നു.

വിദ്യാർത്ഥികൾ രാഷ്ട്രീയം മനസ്സിലാക്കണം രാഷ്ട്രീയത്തിൽ പ്രവർത്തിക്കണം, പ്രശ്നങ്ങളോട് വളരെ സമർത്ഥമായി പ്രതികരിക്കുകയും വേണം. ഇതെല്ലാം അറിഞ്ഞിട്ടുള്ള വിദ്യാർത്ഥികൾ യാതൊരു വിധത്തിലുള്ള പ്രശ്നങ്ങളും കാമ്പസിൽ ഉണ്ടാക്കുകയില്ല.

ചെയ്യേണ്ട അവസരങ്ങളിൽ സമരം ചെയ്യാത്തവൻ ക്രിമിനലാണ്. ഒന്നും പറഞ്ഞാൽ മനസ്സിലാവാത്ത അധികാരികൾക്കുനേരെ വിദ്യാർത്ഥികൾ സമരം ചെയ്യണം. ചിലഅവസരങ്ങളിൽ Silence ഏറ്റവുംവലിയ കുറ്റമാണ്.

വിദ്യാർത്ഥികളുടെ രാഷ്ട്രീയബോധം ഇലക്ഷൻ ജയിക്കാൻ മാത്രമുള്ളതാണെന്നും ഞാൻ വിശ്വസിക്കുന്നില്ല. ഇവരുടെ രാഷ്ട്രീയപ്രവർത്തനം പ്രത്യയശാസ്ത്രപരമായ ഒരു അടിത്തറ ഇവർക്ക് നൽകുന്നുണ്ടെന്നുതന്നെയാണ് എന്റെ അഭിപ്രായം. K. S. U വിൽ പ്രവർത്തിക്കുന്ന ഒരാൾ അതിൽ എന്തുകൊണ്ട് പ്രവർത്തിക്കുന്നുവെന്നും അതിന്റെ അടിസ്ഥാനപരമായ Tendencies എന്തൊക്കെയെന്ന് വായിച്ചു മനസ്സിലാക്കിയിട്ടുണ്ടാവും. അതുപോലെതന്നെ പല S. F. I പ്രവർത്തകർക്കും മാർക്സിസത്തെക്കുറിച്ച് നല്ല അവഗാഹം ഉള്ളവരാണ്. ഇങ്ങനെ ഈ കലാലയരാഷ്ട്രീയപ്രവർത്തനം പല വിദ്യാർത്ഥികളിലും പ്രത്യയശാസ്ത്രപരമായ അടിത്തറ ഉണ്ടാക്കുന്നതിന് സഹായിക്കുന്നുണ്ട്. ഇലക്ഷന് ജയിക്കാനുള്ള കേവലമായ രാഷ്ട്രീയമായി ഞാനിതിനെ കാണുന്നില്ല.

ഭരതമാഷ് പറഞ്ഞത്

## അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം

അദ്ധ്യാപക വിദ്യാർത്ഥി ബന്ധത്തെക്കുറിച്ച് എനിക്കുള്ള കാഴ്ചപ്പാട് വളരെ ഉദാത്തമാണ്. വിദ്യാർത്ഥിയുമായി അദ്ധ്യാപകർ എല്ലാ വിധത്തിലും പൊരുത്തപ്പെടണം. എല്ലാരംഗത്തിലും അദ്ധ്യാപകൻ വിദ്യാർത്ഥിയോടൊപ്പം ജീവിക്കണം. സിഗരറ്റ് വലിക്കുന്ന ഒരു അദ്ധ്യാപകൻ അവൻമുന്നിൽ ഒരു വിദ്യാർത്ഥി സിഗരറ്റ് വലിച്ചാൽ അത് Tolerate ചെയ്യുന്നതിൽ യാതൊരു തെറ്റുമില്ല. പറഞ്ഞാൽപോരാ ഇതു പ്രാവർത്തികമാക്കണം. എല്ലാതലങ്ങളിലും വിദ്യാർത്ഥികളും അദ്ധ്യാപകരും കൂടിച്ചേർന്നാണ് ജീവിക്കേണ്ടത്. ഞാൻ 28 കൊല്ലമായി പല കോളേജിലും വർക്ക് ചെയ്തിട്ടുണ്ട്. ഈ 28 കൊല്ലമായിട്ട് വെറുക്കപ്പെടേണ്ട വിദ്യാർത്ഥികളായി ഒന്നുരണ്ടുപേരെ ഞാൻ കണ്ടിട്ടുള്ളൂ. ഇതല്ലാതെ കോളേജ് വിദ്യാർത്ഥികളെക്കൊണ്ട് യാതൊരു ശല്യവുമില്ല.

കോളേജിൽ ആൺകുട്ടിയും പെൺകുട്ടിയും തമ്മിൽ സംസാരിച്ചെന്നിരിക്കും. ആൺകുട്ടിയും പെൺകുട്ടിയും തമ്മിൽ പ്രേമിച്ചെന്നിരിക്കും. ആ സമയത്ത്ചെന്ന് അവരെ Seperate ചെയ്യാൻ അദ്ധ്യാപകന് അധികാരമില്ല. അദ്ധ്യാപകൻ പോലീസുകാരനല്ല. അവരോടു സംസാരിക്കാൻ പാടില്ല എന്നു പറഞ്ഞാൽ, അവർ രഹസ്യമായി പോയി സംസാരിക്കും. അവരോട് പ്രേമിക്കാൻ പാടില്ല എന്ന് പറഞ്ഞാൽ അവർ വേറെ രീതിയിൽ പ്രേമിക്കും. അതൊക്കെ വിദ്യാർത്ഥി സഹജമായ വാസനകളും നൈസർഗ്ഗികവുമായ വാസനകളുമാണ്. ചില കാലങ്ങളിൽ അതുണ്ടാകും ചില കാലങ്ങളിൽ അതു ഉണ്ടാവില്ല. കോളേജ് എന്ന് പറഞ്ഞാൽ പ്രൈമറി സ്കൂൾ പോലെ ചില അച്ചടക്കങ്ങളും അടിച്ചേല്പിക്കേണ്ട കാലഘട്ടമല്ല. പരമാവധി ഫ്രീഡം എല്ലാ തലങ്ങളിലും കുട്ടികൾക്ക് ലഭിക്കുന്നുണ്ട് അത് കൊണ്ട്തന്നെ വിദ്യാർത്ഥികൾ ആ ഫ്രീഡം നല്കുന്ന അതോറിറ്റിയോടു Co operate ചെയ്യും.

എല്ലാമേഖലയിലും നമുക്കു വായിക്കാൻ സാധിക്കുമോ. ആ മേഖലയിലുള്ള പുസ്തകങ്ങൾ മുഴുവൻ സമ്പാദിക്കുകയും വായിക്കുകയുംവേണം. കഴിയുന്നത്ര അറിവു സമ്പാദിക്കുകയും പ്രയോഗത്തിൽ കൊണ്ടുവരികയും വേണം. എന്റെ പ്രായത്തിലുള്ള നിരവധിആളുകൾ അദ്ധ്യാപകൻമാർ എന്നേ പുസ്തകവായന വലിച്ചെറിഞ്ഞിരിക്കുന്നു. ആ സമയത്ത് ഞാൻ വലിയ പണം കൊടുത്ത് പുസ്തകം വാങ്ങി എന്നും രാത്രിയിൽ വായിക്കുന്ന ഒരു സ്വഭാവക്കാരനാണ്. കയ്യിൽകിട്ടുന്ന പുസ്തകം മുഴുവൻ വായിച്ച്തീർത്ത് ആർജ്ജിക്കുന്ന വിവരം ജീവിതത്തിൽ പ്രയോഗിക്കുന്നവരാണ് യഥാർത്ഥ അദ്ധ്യാപകർ. അങ്ങനെയുള്ളൊരു വിദ്യാഭ്യാസ സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുന്നവനാണ് ഞാൻ.

## ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ദുര്യോഗം

ഞാൻ നേരത്തെ പറഞ്ഞ വിദ്യാഭ്യാസ സമ്പ്രദായത്തെ Encourage ചെയ്യുന്ന അവസ്ഥയല്ല ഇന്നുള്ളത്. ഇന്ന് പ്രീഡിഗ്രിക്ക് ഫസ്റ്റ് ക്ലാസ്സോ, ഫസ്റ്റ് റാങ്കോ കിട്ടുന്ന വിദ്യാർത്ഥിയെ ജീനിയസ്സ് എന്ന് വിളിക്കുന്ന സ്വഭാവം ഞങ്ങളുടെ ഇടയിലുണ്ട്. ഇതുകൊണ്ട് മാത്രം ഒരു വിദ്യാർത്ഥിയും ജീനിയസ്സാകുന്നില്ല. ജീനിയസ്സ് എന്നുള്ളപദം ഉപയോഗിക്കുന്നത് വളരെ സൂക്ഷിച്ച് വേണം. ക്രാന്തദർശിയാണ് ജീനിയസ്സ്. പലകാര്യങ്ങളും പഠിച്ച് നല്ല ഹാൻഡ് റൈറ്റിംഗിൽ എഴുതി നല്ല മാർക്ക് നേടിക്കുന്നവരാണ് ഫസ്റ്റ്ക്ലാസ്സും, റാങ്കും നേടിക്കുന്നവരിൽ ഭൂരിപക്ഷവും. ആ സമയത്ത് പ്രീഡിഗ്രിക്ക് പാസാകാൻ ബുദ്ധിമുട്ടുന്ന ചില വിദ്യാർത്ഥികൾ അവരെക്കാൾ പത്തിരട്ടി കൂടുതൽ വായിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നവരാണ്. നന്നായി പകർത്തിയെഴുതുന്നത്കൊണ്ട് നല്ല മാർക്ക് കൊടുക്കുന്ന വിദ്യാഭ്യാസ സമ്പ്രദായമാണ് ഇന്നു നിലനിൽക്കുന്നത്. അത്കൊണ്ട് വിദ്യാഭ്യാസത്തെക്കുറിച്ച് അത്യുദാത്ത

മായ ആദർശങ്ങളും ആരെങ്കിലും വച്ച്പുലർത്തുകയുണ്ടെങ്കിൽ അതെല്ലാം പാപമായിട്ട് മാത്രമേ ഞാൻ കരുതുകയുള്ളൂ. അത് കൂട്ടിലെ പശു പുല്ല് തിന്നില്ല എന്ന് പറയുന്ന അവസ്ഥയാണ്. അത്കൊണ്ട് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെ കുറിച്ച് വളരെ ശക്തമായിട്ട് പ്രതികരിക്കേണ്ടിയിരിക്കുന്നു. പക്ഷേ അത് മാററിമറിച്ച് പുതിയ വിദ്യാഭ്യാസ സമ്പ്രദായം ഏർപ്പെടുത്താൻ കഴിഞ്ഞേക്കും. അത് ഏർപ്പെടുത്തിക്കഴിഞ്ഞാൽ വിജയകരമായിരിക്കും എന്നകാര്യത്തെക്കുറിച്ച് പറയാൻ ഞാനശക്തനാണ്. കാരണം എന്റെ അഭിപ്രായം എന്താണെന്ന് വെച്ചാൽ ഇവിടത്തെ വിദ്യാഭ്യാസ സമ്പ്രദായം എന്തുമായിക്കൊള്ളട്ടെ. അദ്ധ്യാപനരീതി എന്തുമായിക്കൊള്ളട്ടെ. ഇവിടത്തെ അദ്ധ്യാപകർ നാനാവിഷയങ്ങളെ കുറിച്ചുള്ള പുസ്തകങ്ങൾ വായിക്കുകയും മനസ്സിലാക്കുകയും അത് പ്രയോഗത്തിൽകൊണ്ട് വരികയും ചെയ്താൽ കുറേ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതു ഞാൻ ചെയ്യാറുള്ള സംഗതിയാണ്. അത്കൊണ്ട് ആത്മാർത്ഥമായിട്ട് എനിക്ക് പറയാൻകഴിയും. ഞാൻ വായിച്ചതെല്ലാം വിദ്യാർത്ഥികൾക്ക് പറഞ്ഞുകൊടുക്കാറുണ്ട്. മൂന്നുമണിക്കൂർ തുടർച്ചയായി എടുത്തിരുന്ന എന്റെ ക്ലാസ്സുകളിൽ വിദ്യാർത്ഥികൾ സജീവമായി പങ്കെടുക്കാറുണ്ടായിരുന്നു. പുതിയ വിഷയങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കുകയും അതിനെക്കുറിച്ച് സംവാദത്തിൽ ഏർപ്പെടുകയും ചെയ്തിരുന്നു.

സർവ്വകലാശാല തലത്തിലുള്ള മാററങ്ങൾ വിദ്യാഭ്യാസത്തിന്റെ പുരോഗതിക്ക് ആവശ്യം തന്നെ. വളരെ വിശാല മനോഭാവമുള്ള ആളുകൾ, കണ്ടമാനം വായിച്ച് പാരമ്പര്യമുള്ള ആളുകൾ അധികാര സ്ഥാനങ്ങളിലേക്ക് എത്തണം. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഒരു പൂർവ്വകാല വൈസ് ചാൻസലർ, വല്ല്യ ബുദ്ധിജീവിയായിരുന്നു, മഹാനായിരുന്നു എന്നൊക്കെയാണ് പറയുന്നത്. പക്ഷേ അദ്ദേഹത്തിന്റെ പല പ്രവർത്തികളും അദ്ദേഹം ഇത്ര വലിയ പണ്ഡിതനാണോ എന്ന സംശയം ജനിപ്പിക്കുന്ന രീതിയിലുള്ളതായിരുന്നു. എന്ന് മാത്രമല്ല അദ്ദേഹത്തിന്റെ പ്രവർത്തികൾ പലതും വളരെ വളരെ അവസരവാദപരമായിരുന്നു. വെറുതെ പേരുണ്ടാക്കാൻ വേണ്ടിയുള്ള ശ്രമങ്ങളായിരുന്നു. ഇവരെ Pseudo revolutionary വൈസ്ചാൻസലർ എന്നുപറയാം. ഇവരെകൊണ്ട് ഒന്നും നേടാൻ ആവില്ല. നേരേമറിച്ച് കണ്ടമാനം വായിക്കുകയും മനസിലാക്കുകയും പറയുന്ന കാര്യങ്ങളിൽ ആത്മാർത്ഥതയുള്ളതുമായ വൈസ് ചാൻസലർമാർക്ക് സർവ്വകലാശാല റിപ്പോർട്ടിൽ കുറെ മാററങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന് എനിക്ക് വിശ്വാസമുണ്ട്.

നമ്മുടെ പരിമിതമായ സിലബസ്സുകൾ വിദ്യാഭ്യാസത്തിന് ദോഷം ചെയ്യുന്നുണ്ട് എങ്കിലും അത് വിപുലീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. കാരണം സിലബസ്സിന് ലഘുത്വം ഉണ്ടെങ്കിൽപോലും, ആ ലഘുവായിട്ടുള്ള സിലബസ്സ് അഗാധമായിട്ട് പഠിക്കുക എന്ന ചിന്താഗതി വിദ്യാർത്ഥികൾക്കില്ല. പഠിപ്പിക്കാനുള്ള ധാരണ അദ്ധ്യാപകനുമില്ല. ഇന്ന് നാം കാണുന്നത് സിലബസ്സിന്റെ കുഴപ്പം മാത്രമല്ല. സിലബസ്സിനെ വേണമെങ്കിൽ വിപുലീകരിക്കാം പക്ഷേ സിലബസ്സ് വിപുലീകരിച്ചാലും നമ്മുടെ വിദ്യാഭ്യാസത്തിന് യാതൊരുമാററവും ഉണ്ടാകുകയില്ല. സിലബസ്സ് വിപുലീകരിച്ചത് കൊണ്ട് വിദ്യാർത്ഥിയുടെ ബോധമണ്ഡലത്തിന് ഉയർച്ചയുണ്ടാകും എന്നഭിപ്രായം എനിക്കില്ല. മറിച്ച് കൂടുതൽ വായിക്കാനുള്ള പ്രേരണ അവനുകൊടുക്കുക. വിദ്യാർത്ഥിയെ അവന്റെ വായനയുടെ Internal assesment അടിസ്ഥാനമാക്കി മാർക്കിടുക. അത് പോലെതന്നെ ക്ലാസ്സ്മുറിക്കകത്ത് ചർച്ച നടത്തുക. വായനമാത്രം നോക്കിയാൽ പോരാ വിദ്യാർത്ഥികളെകൊണ്ട് പ്ലാററ്ഫോറത്തിൽ കയറി പ്രസംഗിപ്പിക്കുക. അങ്ങനെ Total perfomance നോക്കി വേണം മൊത്തം മാർക്കിന്റെ പകുതി മാർക്കും കൊടുക്കാൻ.

## എഴുപതുകളിലെ കാമ്പസ്സ് സജീവമായിരുന്നോ?

എഴുപതുകളിൽ ഉള്ള കാമ്പസ്സുകൾ സജീവമായിരുന്നു. കാമ്പസ്സുകളൊക്കെ ആക്റ്റീവ് ആയി

ദേരമമാഷ് പറഞ്ഞത്

രുന്നു എന്നു പറയുന്നതിനോടു ഞാൻ ഭാഗികമായി യോജിക്കുന്നു. അന്നത്തെ കാമ്പസ്സുകളുടെ സജീവതയുടെ പുറകിലുണ്ടായിരുന്നത് Pseudo Intellectuals (പ്രകടനബുദ്ധിപരത) ആയിരുന്നു. അന്ന് അതിവിപ്ലവ പ്രസ്ഥാനങ്ങൾ കേരളത്തിലും ഇന്ത്യയുടെ പല ഭാഗങ്ങളിലും ഉയർന്നുവന്ന അവസരത്തിൽ അതിവിപ്ലവകാരികൾ എന്നു സ്വയം വിശേഷിപ്പിക്കാൻ വേണ്ടി, എന്ന് 'പോസ്' ചെയ്യാൻവേണ്ടി പല കോളേജുകളിലും സമ്പന്നവർഗ്ഗത്തിൽപ്പെട്ട ആളുകൾ അതിവിപ്ലവചിന്താഗതികളിൽ ഏർപ്പെട്ടിരുന്നു. അവര് കോളേജുകളിൽ വലിയ സർഗ്ഗാത്മ ചിന്താഗതികൾ പുലർത്തുന്ന ആളുകളാണെന്ന് ഭാവിച്ചിരുന്നു. കോളേജുകളിൽ കലാപത്തിന്റെ വിത്തുവാരിവിതച്ചിരുന്നു. അങ്ങനെ വളരെ സജീവമാണ് കലാലയ രാഷ്ട്രീയം എന്ന അവബോധം സൃഷ്ടിക്കാൻ അവർക്ക് കഴിഞ്ഞിരുന്നു. പക്ഷേ അതിന്റെ പുറകിലുണ്ടായിരുന്നത് മുഴുവൻ Pseudo Intellectuals ഉം Pseudo Revelutionamiesയും ആയിരുന്നു. മഹാരാജാസ് കോളേജിൽ ഇത്തരത്തിലുണ്ടായിരുന്ന പല നേതാക്കൻമാരും പില്ക്കാലത്ത് I. A S ഓഫീസർമാരായി. Establishrent-ന്റെ ഏറ്റവും വലിയ ശത്രുക്കളാണ് ഞങ്ങളെന്ന് പറയുകയും അതിനെതിരായി സമരം ചെയ്യുകയും ചെയ്തവർ അതിന്റെ തന്നെ ഭാഗമായി മാറുകയാണ് ചെയ്തത്. മഹാരാജാസ് കോളേജിലും മറ്റു കോളേജുകളിലും പഠിച്ചിരുന്ന പട്ടിണിപാവങ്ങൾ അവർ അടിസ്ഥാനവർഗ്ഗത്തിൽപ്പെട്ട ഹരിജൻ വിദ്യാർത്ഥികൾ അവരെ Establishment ന്റെ പേര് പറഞ്ഞ് മുന്നോട്ട് ചാടിച്ച് ഇടികൊള്ളിച്ചു ക്ഷയരോഗികളാക്കിമാറ്റി. അന്നത്തെ കാമ്പസ്സുകളിൽ വിപ്ലവകാരികൾ എന്നുപറയുന്നവർക്ക് വിപ്ലവപ്രതിബദ്ധത ഉണ്ടായിരുന്നില്ല. അവർ പോസ് ചെയ്തിരുന്നത്പോലെ ആശയതലത്തിലുള്ള വളർച്ച ഉണ്ടായിരുന്നില്ല. അവരുടെ Revelutionary Insight എന്ന് പറഞ്ഞാൽ വെറും പേരെടുക്കാൻ വേണ്ടി മാത്രമുള്ള അതിവിപ്ലവകാഴ്ചപ്പാടായിരുന്നു. ഇവർ ചെയ്തിരുന്നത് വ്യക്തികളുടെ പ്രാമാണ്യം സ്ഥാപിക്കാനുള്ള ശ്രമമായിരുന്നു. അവർ ഒരുകാലം കഴിഞ്ഞ് എലിവാണം പോലെ എരിഞ്ഞുവീഴുകയും ചെയ്തു. കലാലയ രാഷ്ട്രീയം സർഗ്ഗാത്മകമായി ഇന്നാണ്.

സജീവമായതെന്നാണ് എന്റെ അഭിപ്രായം, അതായത് മുൻകാലത്തെപോലെ ഈ പ്രകടനവിപ്ലവകാർക്ക് വിദ്യാർത്ഥികളെ സ്വാധീനിക്കുവാനും അവരുടെ മേൽ ആധിപത്യം ചെലുത്താനുമുള്ള ശ്രമം ഇന്ന് വിലപ്പോവില്ല. ഇന്നത്തെ വിദ്യാർത്ഥിസംഘടനകളിൽ Pseudo Revelutionce ആരുമില്ല.

മതിലുകൾ മുഴുവൻ വിപ്ലവ സൂക്തങ്ങൾ എഴുതിവെയ്ക്കുകയും അന്നത്തെ വിപ്ലവ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്ത് വിദ്യാർത്ഥികളുടെ ആരാധനാപാത്രമായ ഒരു മനുഷ്യൻ ഇന്ന് ഒരു കപട സന്യാസിയുടെ ശിഷ്യനായി അധഃപതിച്ചിരിക്കുന്നു. ഇത് ഒരർത്ഥത്തിൽ വ്യക്തിയുടേയും പ്രത്യയ ശാസ്ത്രത്തിന്റേയും പരാജയമാണ്.

## അദ്ധ്യാപനത്തോടുള്ള പ്രിയം

എനിക്ക് ലോകത്തിലേറ്റവും ഇഷ്ടമുള്ള ജോലി ഇതാണ് അദ്ധ്യാപനം, വിദ്യാർത്ഥിയെ പഠിപ്പിക്കുക. മൊത്തത്തിൽ പറയുന്ന കാര്യങ്ങൾ വളരെ രസകരമായിട്ട് എടുക്കാൻ സാധിക്കും., നമ്മൾ എടുക്കുന്ന ക്ലാസ്സിനെകുറിച്ച് ഒരു വിദ്യാർത്ഥി വളരെ രസകരമായ അഭിപ്രായം പറയുക എന്നു വെച്ചാൽ അദ്ധ്യാപകനുള്ള സംതൃപ്തി വേറൊരു സ്ഥലത്തുനിന്നു ഉണ്ടാവില്ല എന്നു വിശ്വസിക്കുന്നവനാണ് ഞാൻ. പൈസ കിട്ടിയിട്ടില്ല അതിനുവേണ്ടിയല്ല എന്റെ സംതൃപ്തിക്കുവേണ്ടി അദ്ധ്യാപനം തുടരുന്നു. അത്രമാത്രം.

## Mysterious memory

എനിക്ക് എന്റെ കുട്ടിക്കാലത്ത് ചെയ്ത ഓരോ സംഭവങ്ങളും നല്ല ഓർമ്മയാണ്. ഇത് വളരെ Mysterious ആയി എനിക്ക് തോന്നിട്ടുണ്ട്. ഞാൻ കണ്ട വ്യക്തികൾ, അവരുമായി ഇടപഴകിയ സന്ദർഭങ്ങളുടെ സൂക്ഷ്മപ്രശ്നങ്ങൾ, കുട്ടിക്കാലത്ത് വരെകണ്ട സിനിമകൾ ഇവയെല്ലാം എനിക്ക് നന്നായി ഓർക്കാൻ കഴിയും. പ്രസംഗവേളയിൽ പറയേണ്ട കാര്യങ്ങൾ എന്റെ മനസ്സിലേക്ക് കടന്നുവരും. പക്ഷേ എന്റെ ശമ്പളനിരക്കിനെക്കുറിച്ച് എനിക്ക് ഒരിക്കലും നല്ല പിടിയില്ലായിരുന്നു.



സമൂഹത്തിന്റെ 'ക്രോസ് സെക്ഷൻ' കഥാപാത്രങ്ങളുടെ മുഖഭാവങ്ങളിലൂടെ മൂർച്ചയോടെ കോറിയിട്ട നാടക പ്രതിഭ. നാടകാചാര്യനായ തോപ്പിൽ ഭാസി.

നോവൽ സാഹിത്യത്തിൽ, ഇന്ത്യയിൽത്തന്നെ ഏറ്റവും വലിയ നോവൽ, 'അവകാശി കളുടെ' ഇതിഹാസകാരൻ, മലയാള ത്തിന്റെ മണവും, തുടിപ്പും മനസ്സിലാ ക്കിയ വിലാസിനി.





നോബൽ സമ്മാനംനേടിയ വിശ്വസാഹിത്യ ത്തിലെ അസ്തമിക്കാത്ത ഒരു പൊൻ പുലരി. ആംഗലേയ സാഹിത്യത്തിലെ വിഖ്യാതനായ വില്യം ഗോൾഡിംഗ്.

ചെറുകഥാ സാഹിത്യത്തിൽ തന്റേതായ പാതവെട്ടിത്തെളിച്ച അക്ഷരാദ്ധ്യാനി. മലയാള സാഹിത്യത്തിലെ അതുല്യ പ്രതി ഭയായിരുന്ന വി. പി. ശിവകുമാർ.



# ഒരു പ്രണയവൃത്താന്തം



എനിയ്ക്കാകെ സ്വന്തമായുണ്ടായിരുന്നത് ഒരു മനസ്സാക്ഷി മാത്രമായിരുന്നു. പക്ഷെ ഇക്കാര്യം പറഞ്ഞു പറഞ്ഞാലുണ്ടാകുന്ന പ്രതികരണങ്ങളോർത്ത് ഞാൻ നിശ്ശബ്ദയായി. അങ്ങനെ അമൂല്യമായ എന്റെ മനസ്സാക്ഷിയുംപേറി നടക്കുമ്പോഴാണ് ഞാൻ ഈ പ്രണയത്തിൽ ചെന്നുചാടിയത്. ഒരു ട്രാൻസ്പോർട്ട് ബസായിരുന്നു ആ ഭാഗ്യവാൻ. ഞങ്ങളുടെ പ്രണയത്തിന്റെ ആത്മാർത്ഥതയെ ആരും തന്നെ മനസ്സിലാക്കിയില്ല. ചുരുക്കത്തിൽ അവൻ തന്നെ മനസ്സിലാക്കിയില്ല. അല്ലെങ്കിൽപ്പിന്നെ എന്തുകൊണ്ടാണ് പലപ്പോഴും എന്നെ കണ്ടിട്ട് നിൽക്കാതെ പാഞ്ഞുപോവുകയും കാണുമ്പോഴൊക്കെ കണക്ക്പറഞ്ഞ് പണം വാങ്ങുകയും ചെയ്തത്. എങ്കിലും എനിയ്ക്ക് പരാതിയില്ലായിരുന്നു. പരാതിപ്പെടുന്നതാരോട്? ഞാൻ ഒരു ചേതനവസ്തു അവൻ ഒരു അചേതനവസ്തു.

ആത്മാവുമാത്രമുള്ള ഞാനും ശരീരം മാത്രമുള്ള അവനും തമ്മിലുള്ള പ്രണയത്തിൽ പരാതിക്ക് സ്ഥാനമേയില്ല. ഞങ്ങളുടെ സ്നേഹം തികച്ചും ന്യായമായതും മാന്യമായതുമായ ഒന്നായിരുന്നു, ഞങ്ങൾ പ്രണയത്തിലായിട്ട് ഇപ്പോൾ ഏതാണ്ട് അഞ്ചുവർഷം കഴിഞ്ഞിരിക്കുന്നു. ഇക്കാലംകൊണ്ട് ഞങ്ങൾ വളരെയടുത്തു. വിജാതീയധ്രുവങ്ങൾ ആകർഷിക്കപ്പെടുന്നു. ഞങ്ങൾ വിപരീതധ്രുവങ്ങളുടെ ഐക്യസ്നേഹ സ്വഭാവം. അങ്ങനെ വൈരുദ്ധ്യാത്മകവാദത്തിന്റെ തന്നെ ഒരു ഭാഗമായി മാറി. ആത്മീയതയും ഭൗതികതയും തമ്മിലുള്ള പ്രണയം, എന്നെ അവനിലേയ്ക്കാകർഷിച്ച ഒരുപാട് കാര്യങ്ങളുണ്ടായിരുന്നു. ഞാൻ പറയാതെ അത് വായനക്കാർക്ക് മനസ്സിലാവില്ല. ഞാൻ പറഞ്ഞിട്ടുതന്നെ എന്റെ സുഹൃത്തുക്കൾക്ക് ഇതുവരെ മനസ്സിലായിട്ടില്ല. അപ്പോൾ അതൊക്കെ പറയാതിരിക്കുന്നതെങ്ങിനെ?.

ഞങ്ങൾ മനസ്സും ശരീരവുമാണ് എന്നതിലുപരി അവന്റെ ശരീരം എനിക്ക് എന്റെ പഴയ തറവാട് പോലെ അനുഭവപ്പെട്ടു. അവൻ ഒരു ഓടിട്ട വീട് പോലെയായിരുന്നു. വിശാലമായ ഇരിപ്പിടങ്ങൾ, അവന്റെ ശബ്ദങ്ങൾ. പഴകി ഇരുമ്പിന്റെ ഗന്ധമുള്ള കമ്പിയഴികൾ. എന്തെല്ലാം ശബ്ദങ്ങളാണ് എന്നെ കിലുക്കി ചിരിപ്പിക്കാനുള്ള ശ്രമങ്ങൾ. മാത്രമോ മഴ പെയ്യുമ്പോൾ അവൻ എന്റെ തലയിൽ മഴത്തുള്ളികൾ വീഴ്ത്തുമായിരുന്നു. എനിക്കതിഷ്ടമാണെന്ന് അവനറിയാം. എത്ര രസകരമാണ് അവന്റെ ഓരോ പ്രവൃത്തികൾ. പിന്നെ എന്നെപ്പോലെതന്നെ അവനും ഒരു സമത്വവാദിയായിരുന്നു. എല്ലാവരും ഒരേ അവസ്ഥാവിശേഷത്തിൽ ജീവിക്കണമെന്ന വാശി. അതുകൊണ്ട്തന്നെ അവനെതിരിച്ചറിയാൻ എനിക്ക് യാതൊരു വിഷമവുമില്ലായിരുന്നു. ഒരു പക്ഷേ അവനോടുള്ള സ്നേഹംകൊണ്ടാണ് ഞാനീ പ്രൈവറ്റ് ബസുകളെ വെറുത്തത്. അവയൊക്കെ ടെറസിട്ട വീടുകളെപ്പോലെ ശ്വാസം മുട്ടിക്കുന്നവയാണെന്നും സ്വാതന്ത്ര്യം ആർമാദവുമെല്ലാം നിറഞ്ഞതവയാണെന്നും ഞാൻ വിശ്വസിച്ചു. അല്ലെ



ങ്കിൽ തികഞ്ഞ ഒരു സമത്വവാദിയെ സ്നേഹിയ്ക്കുന്ന ഞാൻ ഇക്കൂട്ടരെ സ്നേഹിയ്ക്കുന്നതെങ്ങിനെ? ഇങ്ങനെയൊക്കെയാണ് സംഗതികളുടെ കിടപ്പ്. എങ്കിലും എന്റെ സുഹൃത്തുക്കളാരും തന്നെ ഞങ്ങളുടെ നിർമ്മലമായ സ്നേഹത്തെ അംഗീകരിച്ചില്ല. എന്റെ പ്രിയപ്പെട്ട 'അന്ന' പോലും. അവരാകെ നിറയെ പരാതികളായിരുന്നു. അവൻ രോഗിയാണെന്നും വയസ്സനാണെന്നും ഉപദ്രവിയും അനുസരണയില്ലാത്തവനാണെന്നും എല്ലാം.

അവന്റെ സ്നേഹം ഞാൻ മാത്രമേ തിരിച്ചറിഞ്ഞുള്ളൂ. അത് വളരെ തീവ്രമായിരുന്നിരിയ്ക്കണം. പിണങ്ങുമ്പോഴും അവൻ പുകക്കുഴലൂരിയെറിഞ്ഞ് കട്ടപ്പുറത്ത് കയറിയിരിയ്ക്കും. ഇത്തരം വികൃതികളൊക്കെ എനിയ്ക്കറിയാം. മുൻപ് ഒരു യന്ത്രത്തിനുള്ളിൽ അതുണ്ടാക്കിയ മനുഷ്യന്റെ കണ്ണുനീർ വീണ് ഉപ്പുകണികകൾ ഒളിച്ചിരുന്നതുപോലെ അവന്റെയുള്ളിലും എവിടെയോ ഒരു നിഷ്കളങ്കഹൃദയം ഒളിഞ്ഞിരിയ്ക്കുന്നതായി ഞാൻ വെറുതെ വിശ്വസിച്ചു.

പക്ഷെ ഈ അഞ്ചുവർഷത്തിനുശേഷം ഇനിയിപ്പോഴം അവനെ കാണാനുള്ള അവസരങ്ങളും നഷ്ടപ്പെടുമെന്ന് ഞാൻ ഭയപ്പെട്ടു. ഇത്രയുംകാലം കാണുകയും സ്നേഹിയ്ക്കുകയും ചെയ്ത ഞങ്ങൾ മറക്കുന്നതെങ്ങിനെ? മറ്റൊരാളെ വിവാഹം ചെയ്ത് അയാളുടെകൂടെ അവന്റെ കൺമുൻപിലൂടെ പോകാനുള്ള ധൈര്യമോ എനിയ്ക്കില്ല. അടുത്ത കാലത്തെങ്ങും ഈ നാട്ടിൽ എനിയ്ക്കൊരു തൊഴിൽ കിട്ടാനും വഴിയില്ല. ഈ തലതിരിഞ്ഞ പഠനം അവസാനിച്ച സ്ഥിതിയ്ക്ക് ഞാനെന്തു ചെയ്യുവാനാണ്.

ഒടുവിൽ ഞാൻ മരിയ്ക്കാൻ തീരുമാനിച്ചിരിയ്ക്കുന്നു. അങ്ങനെ ഞങ്ങൾ ഒന്നാകുന്നു. അതോടെ എല്ലാപ്രശ്നങ്ങളും അവസാനിയ്ക്കുന്നു. ദൈവം പറയും പോലെയൊന്നുമല്ല എപ്പോഴും വേണമെങ്കിലും മരിയ്ക്കാനുള്ള അവകാശം എനിയ്ക്കുണ്ടെന്നാണെന്റെ വാദം. അങ്ങനെ ഞാൻ അവന്റെ ഇരയായി അവനിലൂടെ അവസാനിയ്ക്കും. എത്ര സന്തോഷകരം.

ആത്മഹത്യാക്കാര്യത്തിൽ ഞാൻ പ്രൈവറ്റ് ബസുകളെ മനഃപൂർവ്വം അവഗണിച്ചു. പ്രിയപ്പെട്ടവനോടൊപ്പം മരിയ്ക്കുക എത്ര സുഖകരമാണ്. സർക്കാർ വിരോധിയായ അവൻ കഴിഞ്ഞുകൂടാൻ ഒരു മാർഗ്ഗമായി മാത്രമാണ് അവരുടെ പ്രതിനിധിയായതെന്നെനിയ്ക്കറിയാം. ഇതൊക്കെയറിഞ്ഞതാണല്ലോ ഞാനവനെ സ്നേഹിച്ചത്. അങ്ങനെ റിസൽട്ട് വന്ന ദിവസം ആ പേരും പറഞ്ഞ് വീട്ടുകാരെപ്പറ്റിയ്ക്കാമെന്ന ധാരണയോടെ ഞാൻ ഒരു കത്തുമെഴുതിവച്ച് തികഞ്ഞ ആശ്വാസത്തോടെയും സമാധാനത്തോടെയും അവനെ കാത്തുനിന്നു. ദൂരെനിന്ന് അവൻ വരുന്നതുകണ്ട് ആ സുന്ദര സമാഗമത്തിന്റെ തീവ്രതയോർത്ത് ഞാൻ നിന്നു. എന്റെ ആഗ്രഹമറിഞ്ഞിട്ടെന്നപോലെ അവൻ വാശിയോടെ വല്ലാത്തൊരു ധൃതിയിൽ പാഞ്ഞുവന്നു. എന്റെ ശരീരത്തിലൂടെ അവന്റെ ശക്തിയേറിയ ചക്രങ്ങൾ കയറിയിറങ്ങി. വിളറിമെലിഞ്ഞ ഞാൻ പല കഷണങ്ങളായി മുറിഞ്ഞുപോയി. എന്നിട്ടെന്തായി?

നിങ്ങൾ പ്രതീക്ഷിയ്ക്കുംപോലെ തന്നെയാണോ സംഭവിച്ചത്? ആ അവസാന നിമിഷങ്ങളിൽ എന്റെ മരണം തീർത്തുമൊരു വിജയമായി മാറി. അവനോ, ഒന്നു നിൽക്കുകയോ തിരിഞ്ഞുനോക്കുകയോ ചെയ്തതില്ല. വന്ന ധൃതിയിൽതന്നെ പറന്നുപോയി. അതിലെന്താണത്ഭുതം? ഒന്നുമില്ല. അവൻ ഒരു ശരീരം മാത്രമായിരുന്നിരിയ്ക്കണം. തികഞ്ഞ ഒരു ഭൗതികവാദി. നേരത്തെ പറഞ്ഞുവല്ലോ. പിന്നെ അവനെങ്ങനെ ദുഃഖിയ്ക്കാൻ കഴിയും? എങ്കിലും ഞങ്ങളുടെ ശരീരങ്ങളുടെ അവസാന നിമിഷങ്ങളിലെ കൂടിച്ചേരൽ എന്റെ മനസ്സാക്ഷിയെ അവനെപ്പോലെ ഒരു അചേതനവസ്തുവാക്കി മാറ്റിയപ്പോൾ അതുവഴി ഒരു സാങ്കല്പിക സമത്വം രൂപമെടുത്തിട്ടുണ്ടാവണം എന്ന് നിങ്ങൾ മനസ്സിലാക്കണം. അത് എത്ര ശ്രേകരമായ ഒരു പരിണാമമായിരുന്നിരിയ്ക്കണം. അല്ലേ?.

SREEREKHA
III B. A. History



# ശബ്ദമറിഞ്ഞവൻ

ഇന്ത്യയിലെ ഏററവും മികച്ച സൗണ്ട് റെക്കോഡിസ്റ്റുകളിൽ ഒരാളായ പി. ദേവദാസ് അന്തരിച്ചു. 1982ൽ 'എലിപ്പത്തായ'ത്തിലെ ശബ്ദലേഖനത്തിനും 1985ൽ 'മുഖാമുഖ'ത്തിലെ ശബ്ദലേഖനത്തിനും ദേശീയ അവാർഡ് ലഭിച്ചിട്ടുള്ള അദ്ദേഹത്തിൻെറ സംഭാവനകൾ മലയാളസിനിമയെ വളരെയേറെ സമ്പന്നമാക്കിയിട്ടുണ്ട്. പൂനാ ഫിലിം ഇൻസ്റ്റിററ്യൂട്ടിൽ നിന്നായിരുന്നു സൗണ്ട് റെക്കോഡിങ്ങിൽ അദ്ദേഹം ബിരുദം നേടിയത്. അദ്ദേഹത്തെക്കുറിച്ച് 'സരോവര' (മാർച്ച് 1990) ത്തിൽ വന്ന അഭിമുഖത്തിൽ നിന്നു ചില ഭാഗങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്.

When the eye catches, the ear follows എന്നൊരു ചൊല്ലുണ്ട്. പഞ്ചേന്ദ്രിയങ്ങളുണ്ടെങ്കിലും നമ്മെ ഒരു പ്രത്യേക ബിന്ദുവിലേക്ക് ഏകാഗ്രമാക്കുക കാഴ്ചയാണ് കാഴ്ചയാണ് പ്രധാനം. ശബ്ദത്തിന് രണ്ടാം സ്ഥാനം മാത്രം. എങ്കിലും മനശ്ശാസ്ത്രപരമായ ഒരു പ്രത്യേകതയുണ്ട്. നിശ്ശബ്ദത ഏറെനേരം നമുക്ക് സഹിക്കാനാവില്ല അപ്പോൾ ശബ്ദം ആവശ്യമായി വരുന്നു നിശ്ശബ്ദത സഹിക്കാതാകുമ്പോൾ തീയറ്ററിൽ കൂക്കിവിളിയും, ചൂളം വിളിയും മറ്റും നിശ്ശബ്ദ തകർക്കാറുണ്ട്.

ശബ്ദപഥത്തിന് ദൃശ്യപഥത്തിൽ പ്രാധാന്യം കിട്ടുന്ന സന്ദർഭങ്ങളുമുണ്ട് .. സിനിമയ്ക്ക് ശബ്ദമില്ലായ്മ ഒരിക്കലും സഹായകരമായിരുന്നില്ല. നിശ്ശബ്ദ സിനിമയുടെ നാളുകളിൽ കാപ്ഷൻസ് ഉപയോഗിക്കണമായിരുന്നു അത് ഡിസ്ട്രാക്ഷനായിരുന്നു. 'പോതെംകിനി'ൽ ശബ്ദം കൂടി ഉണ്ടായിരുന്നുവെങ്കിൽ അതിലെ ഡ്രാമ കൂടുതൽ നന്നാകുമായിരുന്നു. ദൃശ്യങ്ങൾ കണ്ടുകൊണ്ടിരിക്കുമ്പോൾ പ്രേക്ഷകന് നിശ്ശബ്ദ സിനിമയിൽ സ്ട്രെയിൻ കൂടുതലാണ്........

...ആ കാലഘട്ടമാണ് (1927 മുതൽ 33 വരെ) ശബ്ദത്തിന്റെ ഏറ്റവും നല്ല കാലഘട്ടം. പിന്നെ ശബ്ദം പൊല്യൂട്ട് ചെയ്യാൻ തുടങ്ങി. ചലിക്കുന്ന ദൃശ്യങ്ങളാണല്ലോ ആദ്യം വന്നത്. ശബ്ദം വന്നപ്പോൾ ശബ്ദത്തിനും ഇന്നേ ഉയർന്ന ഗുണനിലവാരംതന്നെയുണ്ടായിരുന്നു ശബ്ദത്തെ സർഗ്ഗാത്മകമായി ഉപയോഗിക്കാൻ തുടങ്ങിയ കാലഘട്ടമായിരുന്നു അത്. കൂടുതൽ കൂടുതൽ ശബ്ദം എങ്ങനെ ഉപയോഗിക്കണമെന്ന് ആളുകൾ ചിന്തിച്ചിരുന്ന ഒരു കാലഘട്ടം. ഒരുപക്ഷെ ദൃശ്യങ്ങൾക്ക് പ്രാധാന്യം കുറഞ്ഞ കാലഘട്ടമായിരുന്നു അത് വിഷ്വൽസിൽ ഒന്നുകൂടി റിലാക്സ് ചെയ്തുകൊണ്ട് ശബ്ദത്തിന് പ്രാധാന്യം കൊടുത്ത കാലം. ശബ്ദവും ദൃശ്യവും ചേർന്ന ഒരു സമഗ്രതയ്ക്ക് ശ്രമിച്ചിരുന്ന കാലം. ശബ്ദം വന്നതുകൊണ്ട് ഷോട്ടുകളുടെ എണ്ണം കുറയ്ക്കാനും അതിനെ സന്തുലനം ചെയ്യാനുമായി

സൗണ്ട് ഇഫക്റ്റ്സ് ഉപയോഗിക്കാനും തുടങ്ങി. ഇപ്പോഴും ശബ്ദം ദുരുപയോഗപ്പെടുത്തുന്ന ഒരു കാലമാണ്. ശബ്ദത്തിന്റെ ഘനത്തിനാണ് കൂടുതൽ പ്രാധാന്യം എന്നു വന്നിരിക്കുന്നു…….

(നിശ്ശബ്ദ സിനിമയിലും ശബ്ദ സിനിമയിലും പ്രവർത്തിച്ച) ഹിച്ച്ക്കോക്കിന്റെ 'റിയർ വിൻഡോ' (Rear Window) എന്ന ചിത്രമെടുക്കാം. നായകൻ എങ്ങോട്ടും പോകാനാകാതെ കാലൊടിഞ്ഞു മുറിയിൽ ഇരിക്കുകയാണ്. അതുകൊണ്ട് അയാൾ കേൾക്കുന്ന ശബ്ദങ്ങൾക്ക് ചിത്രത്തിൽ വലിയ പ്രാധാന്യം ഉണ്ട്. ഹിച്ച്ക്കോക്കിന്റെ മിക്ക ചിത്രങ്ങളിലും ശബ്ദവും നിശ്ശബ്ദതയും സമർത്ഥമായി കൂട്ടിച്ചേർത്ത് ശബ്ദത്തിന് മുൻതൂക്കം കൊടുത്തിരുന്നു. ചില സന്ദർഭങ്ങളിൽ ശബ്ദത്തിന്റെ ഘനത്തിന് വലിയ പ്രാധാന്യം നൽകിയിരുന്നു. നാം സാധാരണ കേട്ടുകൊണ്ടിരിക്കുന്നതും എന്നാൽ ശ്രദ്ധിക്കാത്തതുമായ ശബ്ദങ്ങൾക്ക് നാടകീയമായ അന്തരീക്ഷവും പ്രാധാന്യവും സൃഷ്ടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

മുറിയിൽ ഒറ്റയ്ക്കിരിക്കുകയാണെന്നു കരുതുക. അസ്വസ്ഥനായ ഒരാൾ നിശ്ശബ്ദതയുടെ അന്തരീക്ഷത്തിൽ കുറച്ചുനേരം അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതായിട്ടോ മറ്റോ അയാളെ കാണിച്ചശേഷം പുറത്തുനിന്നൊരാൾ നടന്നുവരുന്ന സാധാരണ ശബ്ദം പതുക്കെ പതുക്കെ ഉയർത്തിക്കൊണ്ടുവന്ന് നാടകീയമായ ഉദ്വേഗം സൃഷ്ടിക്കാനാകും. 'റിയർ വിൻഡോ'യിലെ നായകൻ ഒരു ക്യാമറാമാനാണ്. ക്യാമറയുടെ ക്ലിക്ക് ശബ്ദം ഫലപ്രദമായി ആ ചിത്രത്തിൽ ഉപയോഗിച്ചിട്ടുണ്ട്. 'ബ്ലാക്ക് മെയിലി'(Black Mail)നെക്കുറിച്ച് ഇപ്പോളോർമ്മിക്കാനാകുന്നില്ല. ബേഡ്സ് (Birds) സൈക്കോ (Psycho) എന്നീ ചിത്രങ്ങളിലെല്ലാം ഇലക്ട്രോണിക് സംഗീതമാണ് കൂടുതൽ. വിചിത്രമായ ഒരന്തരീക്ഷം സൃഷ്ടിക്കാനതിനു കഴിയും……..

(Atmospheric Sounds—അന്തരീക്ഷ ശബ്ദങ്ങൾ) വളരെയധികം ഇഷ്ടപ്പെടുന്ന ഒരാളാണ് ഞാൻ. ഒരു ലൊക്കേഷൻ തിരഞ്ഞെടുക്കുമ്പോൾ ഓരോ ലൊക്കേഷനുമായും ബന്ധപ്പെട്ട ശബ്ദങ്ങളുണ്ട്. ആ ശബ്ദങ്ങൾ ഉപയോഗിച്ചെങ്കിലേ ആ ലൊക്കേഷനിലെ രംഗങ്ങൾക്ക് പൂർണ്ണതയുണ്ടാകൂ. നമുക്ക് പരിചിതമായ സ്ഥലങ്ങൾ കാണുമ്പോൾ അതുമായി ബന്ധപ്പെട്ട ആശയബന്ധം ഉണ്ടാകാറുണ്ട്. പ്രേക്ഷകൻ അത് മനശ്ശാസ്ത്രപരമായി ആവശ്യപ്പെടുകയും ചെയ്യുന്നു. അതുകൊണ്ട് ആ ശബ്ദങ്ങളില്ലെങ്കിൽ ആ രംഗം അപൂർണ്ണമാണെന്ന തോന്നലുണ്ടാകുന്നു. അല്ലെങ്കിൽ അതില്ലാതിരിക്കുന്നതിനുള്ള നാടകീയ സന്ദർഭങ്ങൾ ഉണ്ടായിരിക്കണം...........

(ശബ്ദം പൂർണ്ണമായും കൈകാര്യം ചെയ്ത ആദ്യ അനുഭവമാണ്) 'സ്വയംവരം'. ലൊക്കേഷനിലായിരുന്നു റെക്കോഡിങ്ങും.......... ....... തീയേറ്ററിൽവന്നിട്ട് ഡബ്ബ് ചെയ്യുകയാണ് പതിവ്............'കാഞ്ചനസീത' ആന്ധ്രയിൽ വെച്ചാണ് ഷൂട്ട് ചെയ്തത്. ലൊക്കേഷൻ റെക്കോഡിങ്ങ് ആയിരുന്നില്ല. ഡബ്ബിങ്ങായിരുന്നു, അതേ സമയം ലൊക്കേഷനിൽ ചെന്ന് ശബ്ദങ്ങൾ ശേഖരിച്ചിരുന്നു ....... .... 'നിർമ്മാല്യ'ത്തിന്റെ ഷൂട്ടിങ്ങ് കുന്നംകുളത്തിനടുത്തായിരുന്നു, പ്രധാന കഥാപാത്രമായ വെളിച്ചപ്പാടുമായി ബന്ധപ്പെട്ട ചിലമ്പിന്റെയും വാളിന്റെയും മറ്റും ശബ്ദങ്ങൾ കൂടാതെ ഷൂട്ടിങ്ങ് സ്ഥലവുമായി ബന്ധപ്പെട്ട ശബ്ദങ്ങളും ഉപയോഗിച്ചിട്ടുണ്ട്........

നല്ല ഒരു സൗണ്ട് റെക്കോഡിസ്റ്റ് ആകണമെങ്കിൽ നല്ല ടെക്നിക്കൽ നോ-ഹൗ (Know how) വേണം. കൂടാതെ ഒരാർട്ടിസ്റ്റിക്ക് മനസ്സും. 'പടയോട്ടത്തി'ന്റെയും 'കുട്ടിച്ചാത്ത'ന്റെയും ഒക്കെ പതിനാറ് ട്രാക്കുകൾ വരെ ഞാൻ കൈകാര്യം ചെയ്തിട്ടുണ്ട്. ട്രാക്കുകളെല്ലാം മിക്സ് ചെയ്യുന്ന സമയത്താണ് അതിന്റെ കലാപരമായ തലം അനുഭവപ്പെടാറ്. സംഗീതത്തിനെന്നപോലെ ശബ്ദത്തിനും പല ഭാവങ്ങളുണ്ട്. സന്ദർഭത്തിനൊത്ത് ആ ഭാവങ്ങൾ ഉപയോഗിക്കുന്നിടത്താണ് കല. ശബ്ദത്തിനും സാമ്യം തുടങ്ങിയ വ്യത്യസ്തഭാവങ്ങളുണ്ട്"

# ഇരുൾ മൂടുന്നു

അമ്മയുടെ പാലിലും വിഷച്ചുവ
തീർക്കുമീ കുന്നിന്റെ
മേലെ ഞാൻ നിൽക്കവേ

താഴെയാറത്തൊടിയിൽ കുരുക്കുന്ന
മുക്കുറ്റിനിറുകയിൽ കാണുന്നതോ
ചോര കിനിയുന്നതും !
ഇതിന്നിന്റെ ഭാരതചിത്രം !

പണ്ടൊക്കെനാം ശുഭതിലകമായ്
വാഴ്ത്തുന്ന ചാന്തുപൊട്ടും
പ്രതികാര ദുർഗ്ഗതൻ പ്രതീകമായ്
മാറുന്ന ശൂലങ്ങളും

ഒരു നവവംശമുടിക്കയാണിവിടെ
അതിലായിരങ്ങൾ വിളിച്ചാളുകൂട്ടുന്നു.

വിശ്വത്തിലൊരു ശാന്തി ദൂതായൊഴുകുന്ന
ചന്ദ്രികേ നിന്നെ, പിന്നെ നിൻ
കളിത്തോഴനാം താരത്തെ
ഒരു കൊടിക്കൂറയിൽ ചാർത്തിയോർ
അപരവർഗ്ഗമായ്; ചേരിയായ്
പോരിനായ് നിലകൊൾകവെ
നാളെ കുരുക്കുന്ന നാമ്പിനോടെന്തു നാം
എന്തുനാമോതേണ്ടൂ ശാസ്ത്രനേട്ടങ്ങളായ് ?
ചോദ്യമുയർത്തുന്ന ഭാവിതൻ
പൂക്കളോടെന്തേ പറയേണ്ടൂ
ചരിത്രസത്യങ്ങളായ് ?

ഇന്നുതൊട്ടേ തേടുക ഉത്തരങ്ങൾ
നാളെയുടെ ചോദ്യവാൾമുനയൊടിക്കാൻ

SEEMA C. R
I. P. D. C.



# പാതായിക്കര നമ്പൂരിമാർ

പാതായിക്കര എന്ന ഇല്ലം അങ്ങാടിപ്പുറം ദേശത്താണ്. ഈ ഇല്ലത്ത് അതിശക്തന്മാരും ജ്യേഷ്ഠാനുജന്മാരുമായി രണ്ടു നമ്പൂരിമാരുണ്ടായിരുന്നു. ഇവർക്ക് പ്രതിദിനം രണ്ടു നേരവും ഭക്ഷണത്തിന് പന്ത്രണ്ടേകാലിടങ്ങഴി അരിയുടെ ചോറുവീതമായിരുന്നു പതിവ്. കൂടാതെ ജ്യേഷ്ഠന്റെ അന്തർജനത്തിന് മുന്നാഴിയരിയുടെ ചോറും. ഇവർ ചോറിനു 'കറി'യായിട്ട് തേങ്ങാപ്പാലാണ് ഉപയോഗിക്കുന്നത് അതും ഓരോരുത്തർക്കും പന്ത്രണ്ടു നാളികേരം വീതം. അത്ഭുതപ്പെടേണ്ട വിശേഷത പിന്നെയുമുണ്ട്. നമ്പൂരിമാർ ഭക്ഷണത്തിന് വന്നിരുന്നാൽ പൊതിക്കാത്ത പന്ത്രണ്ടുതേങ്ങാ അവരുടെ അടുത്ത് വച്ചിട്ടുണ്ടാകും. ഇടത്തു കൈകൊണ്ടു ഓരോ തേങ്ങായെടുത്ത് പിഴിഞ്ഞുകൂട്ടി ഊണു കഴിക്കും. ആ ചോറവസാനിക്കുമ്പോൾ നാളികേരവും തീർന്നിരിക്കും. അന്തർജനത്തിന്റെ കാര്യവും മറിച്ചായിരുന്നില്ല. അവർക്ക് ചോറു കുറവായതിനാൽ നാളികേരവും കുറവായിരിക്കും എന്നു മാത്രം.

ഇങ്ങനെയൊക്കെയാണെങ്കിലും ജ്യേഷ്ഠൻ നമ്പൂതിരിക്ക് ഒരു സംശയം. തന്റെ അന്തർജനം തനിക്കൊത്തവളാണോ എന്ന്. എന്നാൽ ഒന്ന് പരീക്ഷിച്ചുകളയാം എന്ന് മനസ്സിൽ ഉറപ്പിക്കുകയും ചെയ്തു. അങ്ങനെയിരിക്കെ ഒരു ദിവസം നമ്പൂരിമാർക്ക് ഒരിടത്ത് സദ്യയ്ക്ക് പോകുന്നതിന് ക്ഷണം വന്നു. അന്തർജനത്തിന്റെ ബലം പരീക്ഷിക്കാൻ ഇതുതന്നെ തക്കം എന്നു വിചാരിച്ച് സദ്യക്കു പോകുന്നതിനു മുമ്പായി മൂസ്സാമ്പൂരി നാലുകെട്ടിന്റെ നടുമുറ്റത്തു കിടന്നിരുന്ന ആട്ടുകല്ലെടുത്ത് അങ്കണത്തിന്റെ ഉത്തരത്തിന്മേൽ വച്ചു. അന്നു കറുത്തവാവായിരുന്നു. വാവിന്നാരും ആർക്കും അത്താഴം പതിവില്ല. പകരം പലഹാരമാണ് പതിവ്. പലഹാരത്തിനു അരിയുടെ കണക്ക് പഴയതുപോലെതന്നെ മുപ്പത്താറേമുക്കാലിടങ്ങഴിയരി അരയ്ക്കുന്ന ആട്ടുകല്ലിന്റെ വലിപ്പം ഊഹിക്കാമല്ലോ. അരി അരയ്ക്കാനായപ്പോൾ അന്തർജനം പതിവുപോലെ അരിയും കൊണ്ട് നടുമുറ്റത്തെത്തി. അപ്പോൾ ആട്ടു

കല്ല് അവിടെ കാണായ്കയാൽ അവർ 'ഇതാരുകൊണ്ടുപോയി'? എന്നു വിചാരിച്ച് അവിടെയൊക്കെ നോക്കിത്തുടങ്ങി. അപ്പോഴാണ് ഉത്തരത്തിന്മേൽ കല്ല് ഇരിക്കുന്നതായി കണ്ടത്. ജ്യേഷ്ഠനോ അനുജനോ അല്ലാതെ ഈ വേല ചെയ്യില്ല എന്ന് മനസ്സിൽ വിചാരിക്കുകയും ചെയ്തു. 'അരി അരയ്ക്കാതിരിക്കാൻ നിവൃത്തിയില്ലല്ലോ' എന്നു വിചാരിച്ച് ആട്ടുകല്ലെടുത്ത് താഴെവച്ച് അരി അരയ്ക്കുകയും യഥാപൂർവ്വം മുകളിൽത്തന്നെ വയ്ക്കുകയും ചെയ്തു. നമ്പൂരിമാർ സദ്യയും സന്ധ്യാവന്ദനാദികളും കഴിഞ്ഞ് പലഹാരം തയ്യാറായിരിക്കുന്നതു കണ്ട് മൂസ്സാമ്പൂരി 'ഇന്നരിയരച്ചതെങ്ങനെയാണ്?' എന്ന് ചോദിച്ചു. 'ആട്ടുകല്ലെടുത്തു തന്നെയാണ്. അതു് അവിടെത്തന്നെ വച്ചിട്ടുണ്ട്. എന്നാൽ പോരെ'? എന്നു മറുപടിയും കൊടുത്തു. ഇതു കേട്ട് മൂസ്സാമ്പൂരി 'എന്നാൽ മതി' എന്നു പറയുകയും തന്റെ സഹധർമ്മിണി തനിക്കനുരൂപതന്നെ എന്ന് മനസ്സിൽ വിചാരിക്കുകയും ചെയ്തു.

ഒരിക്കൽ പാതായിക്കരയില്ലത്തു കോഴിക്കോട്ടുകാരൻ ഒരു നമ്പൂരി വന്നിരുന്നു. അദ്ദേഹത്തെപ്പോലെ ശക്തിമാനും അഭ്യാസിയും ഭൂലോകത്തൊരുമില്ലാ എന്നായിരുന്നു അദ്ദേഹത്തിന്റെയും ആ നാട്ടുകാരുടേയും വിശ്വാസം. ഈ നമ്പൂരി പാതിയക്കര നമ്പൂരിമാരെക്കുറിച്ച് കേട്ടിട്ട് അവരുടെ ബലമൊന്ന് പരീക്ഷിച്ചറിയാൻ വന്നതായിരുന്നു. അദ്ദേഹം വന്ന സമയം പാതായിക്കര നമ്പൂരിമാർ ഇല്ലത്തുണ്ടായിരുന്നില്ല. അവർ വന്നുകണ്ടല്ലാതെ പോകുന്നില്ലെന്നും തനിക്ക് ഭക്ഷണം കഴിക്കണമെന്നും അതിനായി നാലിടങ്ങഴി അരിയുടെ ചോറാണു പതിവെന്നും വൃഷലി മുഖാന്തരം അകത്തറിയിച്ചു. 'ആട്ടെ അതിനു വിരോധമില്ല. കുളികഴിഞ്ഞു വരുമ്പോഴം ചോറുകൊടുക്കാം' എന്ന് അന്തർജ്ജനത്തിന്റെ മറുപടികേട്ട് നമ്പൂരി കുളിക്കാൻപോയി, കുളികഴിഞ്ഞ് നാലുകെട്ടിൽവന്ന് ഉണ്ണാനിരുന്നു. അവിടെ കൂട്ടാനും മോരും മറ്റും കാണായ്കയാൽ 'കൂട്ടാനും മോരുമൊന്നും ഇല്ലായിരിക്കുമോ? എന്ന് ചോദിച്ചു അതിനു മറുപടിയായി' ഇവിടെ അതൊന്നും പതിവില്ല. ഇവിടെ തേങ്ങാപ്പാൽ ഉപയോഗിച്ചാണ് ഊണ് കഴിക്കുക. അതിനായി നാളികേരം അവിടെയുണ്ട്' എന്നു പറഞ്ഞു അതുകേട്ടു നമ്പൂരി 'നാളികേരം പിഴിയാതെ എങ്ങനെയാണ് പാലു കൂട്ടിയുണ്ണുന്നത്?' എന്ന് ആത്മഗതംപോലെപറഞ്ഞു. ഇതറിഞ്ഞ അന്തർജ്ജനം വാതിൽ സ്വല്പം തുറന്ന് ഒരു പാത്രമെടുത്ത് വച്ച് അതിലേക്ക് ഓരോ നാളികേരം പിഴിഞ്ഞുകൊടുത്തു. മാമ്പഴം പിഴിയുന്നതുപോലുള്ള ഈ കാഴ്ച കണ്ട് വന്ന നമ്പൂരി അത്ഭുതപ്പെട്ടു. അന്തർജ്ജനം പൊളിക്കാത്ത നാളികേരം പിഴിഞ്ഞ് പാലെടുക്കുന്നെങ്കിൽ ആ നമ്പൂരിമാർ എത്രമാത്രം ശക്തന്മാരായിരിക്കും എന്നു വിചാരിച്ച നമ്പൂരി ഒരു വിധത്തിൽ ഉണ്ടു ഉണ്ടില്ല എന്നു വരുത്തി ക്ഷണത്തിൽ അവിടെനിന്ന് രക്ഷപ്പെടുകയും ചെയ്തു.

പാതായിക്കര ഇല്ലത്തിനു സമീപമുള്ള ക്ഷേത്രത്തിൽ നമ്പൂരിമാർ തൊഴാൻ പോവുക പതിവായിരുന്നു. അങ്ങനെ ഒരു ദിവസം മൂസാമ്പൂരി നേരത്തെ കുളിച്ച് തൊഴാൻ പോയി ക്ഷേത്രത്തിലേക്ക് ചെല്ലുന്നതിനിടയ്ക്ക് കുറെയിട ഒരിടവഴിയാണ് ഇളയ നമ്പൂരി ആ ഇടവഴിയിലെത്തിയപ്പോഴം ഒരു ആന വരുന്നുണ്ടായിരുന്നു. എന്നാൽ ആനയുടെ മുൻവശത്ത് അനുജനും പിന്നിലായി ജ്യേഷ്ഠനും ഉണ്ടെന്ന് പരസ്പരം അറിഞ്ഞിരുന്നില്ല ആനയെ തിരിച്ചുകൊണ്ടുപോകുവാൻ തക്കവണ്ണം വഴിക്ക വിസ്താരമില്ലാത്തതിനാൽ 'പിന്നോക്കം നടത്തിക്കൊണ്ടുപോ' എന്ന് ആനക്കാരനോട് പറഞ്ഞുകൊണ്ട് അനുജൻ നമ്പൂരി ആനയുടെ മസ്തിഷ്കത്തിൽ പിടിച്ച് ഒന്നുതള്ളി അപ്പോഴം ആന പുറകോട്ട് മാറി ഇതുകണ്ട ആനപ്പാപ്പാൻ എന്തു ചെയ്യേണ്ടു എന്നറിയാതെ പേടിച്ചുതുടങ്ങി. അപ്പോഴാണ് 'മുമ്പോട്ടു കൊണ്ടു പോ' എന്നു പറഞ്ഞ് പുറകിൽ നിന്നുള്ള തള്ളും. എന്നാൽ അനുജൻ ആനയെ തള്ളിപ്പിടിച്ചതിനാൽ മുന്നോട്ട് മൂസ്സാമ്പൂരി തള്ളിയപ്പോഴം അധികം നീങ്ങിയില്ല. സംശയം തോന്നിയ മൂസ്സാമ്പൂരി:- മുൻവശത്താരാണ്, അനുജനാണോ?' ഇളയ നമ്പൂരി:- 'ഉണ്ട്'' എന്നു പറഞ്ഞു. 'എന്നാൽ പിടിച്ചോളൂ' എന്നു പറഞ്ഞ് അങ്ങോട്ടും ഇങ്ങോട്ടും തള്ളി ഇതിനകം ആനപ്പാപ്പാൻ പേടിച്ച് വിറച്ച് ബോധംകെട്ടു. ഞെരിഞ്ഞമർന്ന ആനയെ മേൽപ്പോട്ടു പൊക്കി ഒരു വശത്തുള്ള കയ്യാലയുടെ മുകളിൽക്കൂടി കയ്യാലപ്പുറത്തേക്ക് മറിച്ചിട്ട് രണ്ടുപേരും അങ്ങോട്ടും മിങ്ങോട്ടും കടന്നുപോവുകയും ചെയ്തു- പാതായിക്കര നമ്പൂരിമാരുടെ കഥ എങ്ങനെയിരിക്കുന്നു!

---

തയാറാക്കൽ; എലിയാമ്മ് എ. ജി.,
B. A III മലയാളം.



# ചിന്താ പ്രാണികൾ

ഒഴുകുന്നില്ലയെൻ കാത്തിരിപ്പിന്റെ ബഞ്ചിൽ_
പലവർണ്ണച്ഛന്ദസ്സിലൊഴുകുമെൻ കവിതകൾ
നിറംമങ്ങി മുഷിഞ്ഞ ശലഭത്തെപ്പോലെ ചിതൽ-
തിന്നു ചെറുകായലിലൊഴുകുന്നതയ്യോ ?
ചുട്ടചോരല്ല സൂചിയിറക്കം നഗരവാത്സല്യ-
പുഞ്ചിരി തൊപ്പിയണിഞ്ഞ യെൻ
ശിഷ്യബന്ധങ്ങൾ.
ചുവടുകൾ മാററിച്ചവിട്ടി ചുരുളുകൾ
വിടർത്തുന്നു_
ചോറിൽ വേരോടിയ പക്ഷത്തുനിന്ന്.
ചെറുകടിലിന്റെ മുക്കല്ലിപ്പാകിയ കമ്പസാര-
കടിലിലെ നാക്കായ് ജനിക്കുന്ന ചുററും
സത്യങ്ങൾ.
ചിലയ്ക്കുന്ന താക്കോൽക്കൂട്ട് ചരിത്രസുവിശേഷ-
രംഗത്തിലാകെ തസ്ക്കര
വിദ്യ നിറയ്ക്കുന്നല്ലോ
പെയ്തൊഴിയാത്ത ഭാഗ്യകെട്ടതിയെപ്പോലെ_
തണലിൽ മുദ്രകൾകാട്ടി വാനംചേക്കേററിടുന്നു.

RAJEESH M.
IInd Pre-Degree



''ഇന്ന്
ഇതൊരു
മരണവീടാണ്

മരിച്ചുപോയ മകനെ അടക്കംചെയ്യാൻ വാങ്ങിയ
ശവപ്പെട്ടിയുടെ കടം
ഇതുവരെ വീട്ടിയിട്ടില്ല
പിന്നെയാണ് ഇന്നത്തെ അത്താഴം''



# സത്രം

GIRISH K. C.
I P. D. C.

പടിഞ്ഞാറുത്തരത്തിൽ
കാലം പിരിച്ച കയറിൽ
വേർപാടിൽ ചുവന്ന
നൊമ്പരമായ് തൂങ്ങിയാടുന്ന സൂര്യൻ

രാത്രി; യക്ഷിക്കണ്ണുകൾ
ചിമ്മിത്തുറക്കുന്നു.
പകലിൻ മിഴികളിൽ
കറുപ്പുകോരിയെറിയുന്നു.
പിന്നെ,
ഒരു കീറത്തുണികൊണ്ട്
പകലിൻജഡം മൂടുന്നു.
തുളകൾക്കിടയിലൂടെ പകലിന്റെ
മരിക്കാത്ത; വെളുത്ത സത്യങ്ങൾ
തെളിയുന്നു.

സത്രക്കാരൻ:—
വരിക, ഞാൻ സത്രക്കാരൻ (ഉച്ചത്തിൽ)
മർത്ത്യമിഴികളിൽ
വിഷംചീറ്റും സൂത്രക്കാരൻ (പതുക്കെ)
മാത്രകൾകൊണ്ടു നെയ്ത
മായാഗോപുരത്തിന്നുടമ.

ഈ രാത്രി; നമുക്ക് ഈ
സത്രത്തിന്റെ ഇരുണ്ട മുറികളിൽ
മുഷിഞ്ഞ സ്വപ്നങ്ങൾകൊണ്ട്
പൊതിഞ്ഞ്
കണ്ണുകളിൽവച്ചു പൂട്ടാം.

ഭൂതകാല സ്മൃതികളിൽ
വർത്തമാനത്തിന്റെ കനലു
കോരിയെറിഞ്ഞൊരു ദുഃഖ–
ഗാനം താരാട്ടിൽ കോർത്തുറങ്ങാം,

കിഴക്കൻമലകൾ ചുവന്ന
കണ്ണുകൾ തുറക്കുമ്പോൾ
രാവിന്റെ ഉറഞ്ഞുകൂടിയ രക്തം
ഒരു നെടുവീർപ്പിലെറിഞ്ഞുണരാം.

കീർത്തി തിന്നുമോര;ല്പൻമാർതൻ
ഇച്ഛയ്ക്കൊത്തു തുള്ളാം, പിന്നെ
തമ്മിൽ തമ്മിൽ നാമ;മറിഞ്ഞ്
കഴുത്തറുക്കാം, ചിരിക്കാം.

വരിക;

ഞാൻ സത്രക്കാരൻ (ഉച്ചത്തിൽ)
മർത്ത്യമിഴികളിൽ
വിഷം ചീററും സൂത്രക്കാരൻ(പതുക്കെ)

മതേതരത്വ ചിന്തകൾ ഇവിടെ–
യൊരാലായ് പടർന്നിരിക്കുന്നു
ഈ തണലിലിരുന്ന് ചിലർ
നാരായത്തിലൂടെ കണ്ണീരൊഴുക്കുന്നു.

ഇവിടെ,

പടിഞ്ഞാറൊരു മുസ്ലീംപള്ളി
കിഴക്കൊരു രാമക്ഷേത്രം
വടക്കൊരു ക്രിസ്ത്യൻ പള്ളി
തെക്കൊരു ശ്മശാനം.
ഇതെല്ലാം പടിപ്പുരയ്ക്കൽ വച്ചിട്ടുള്ള
ബോർഡിൽ.

ആംഗലേയത്തിലും
ഭാരതത്തെ വെട്ടിമുറിച്ചിട്ട
വരകളിൽ, കോർത്ത എല്ലാ
ഭാഷകളിലും
നാരായത്തിന്റെ ചോര
പടർത്തിയിട്ടുണ്ട്.

വരിക;

ഞാൻ സത്രക്കാരൻ (ഉച്ചത്തിൽ)
മർത്ത്യമിഴികളിൽ
വിഷംചീററും സൂത്രക്കാരൻ (പതുക്കെ)

# പരസ്യവിചാരം




**VINOD Y.**
II D.C History


മൃഗങ്ങൾ ഭൂതകാലത്തിന്റെ അനുഭവങ്ങളിലൂടെ വർത്തമാനകാലത്തിൽ ജീവിക്കുന്ന നിർഗുണ ജീവികൾ.

മനുഷ്യൻ ഭാവികാലത്തെക്കുറിച്ച് സ്വപ്നം കാണാൻ കഴിയുന്നവനാണ്.

സ്വപ്നം എന്നത് അവന്റെ ഭൂതകാല പരിചയങ്ങളിലൂടെ അവൻ നേടിയെടുക്കുന്ന ഇമേജുകൾക്കു മുകളിലുള്ള ഉൾക്കാഴ്ചയാണ്.

ഈ ഉൾക്കാഴ്ചയ്ക്ക് അവന്റെ ജീവിതത്തിന്റെ മേൽ നിയന്ത്രണം ഉണ്ട്.

ഈ ഇമേജുകൾ രൂപപ്പെടുന്നതാകട്ടെ അവന്റെ ഗതകാല അനുഭവങ്ങളിലൂടെയും.

തികച്ചും മാധ്യവത്ക്കരിക്കപ്പെട്ട നമ്മെപ്പോലൊരു സമൂഹത്തിലോ, അന്യന്റെ വാക്കിന്റെ സത്തറിയാതെ അതിന്റെ കേവലമായ ആകർഷകത്വത്തിൽ അള്ളിപ്പിടിക്കുന്ന നിർഗുണത്വം നിറഞ്ഞ ഒരു ജന്തുവായ് മനുഷ്യൻ നിലകൊള്ളുന്നു.

മനുഷ്യൻ സമൂഹജീവിയായ് വികസിച്ചതിനോടൊപ്പംതന്നെ അന്യന്റെ ചിന്തയെ കീഴടക്കി ഭരിക്കാനുള്ള മനുഷ്യന്റെ മോഹവും വളർന്നിരിക്കാം.

ആധുനിക സമൂഹമായ് മനുഷ്യൻ ജീവിക്കാൻ തുടങ്ങിയതുമുതൽക്കുതന്നെ അവന്റെ മുന്നിലെ അനേക വസ്തുക്കളിൽനിന്ന് ഉപയോഗപ്രദമായ വസ്തുക്കൾ തിരഞ്ഞെടുക്കുക എന്നത് അവന്റെ സുഖത്തിന്റെ പ്രശ്നമായ് തീർന്നിരിക്കാം.

ഈ തിരഞ്ഞെടുപ്പിന്റെ തോത് കൂടുന്നതോടൊപ്പംതന്നെ അപരന്റെ സുഖലോലുപതയ്ക്കും എന്റെ കണക്കുപുസ്തകങ്ങളിൽ ലാഭം വരുത്താനുള്ള മനുഷ്യന്റെ ചിന്തയും വളർന്ന് ഇന്ന് പരസ്യലോകത്തിൽ നാം എത്തിപ്പെട്ടിരിക്കുന്നു.

എല്ലാത്തരം പരാണാമങ്ങളിലും എന്നപോലെ, ഇതിലും ഒരു പ്രകൃതിപരമായ കേവല നിയമവും, മുതലാളിത്തപരമായ രാഷ്ട്രീയ പ്രയോഗവും ദർശിക്കാനാവും.

പ്രകൃതിയുടെ സ്വതസിദ്ധമായ പരിണാമത്തിന്റെ പാതയിലാണ് നാമെങ്കിൽ ഈ പരസ്യങ്ങൾ നമ്മുടെ ചിന്താമണ്ഡലത്തിനെ ചെളിക്കുണ്ടാക്കി മാററില്ലായിരുന്നു.



മുതലാളിത്തപരമായ വികസന പ്രക്രിയയുടെ ഒരു സങ്കീർണ്ണമായ പ്രശ്നമാണ് ഇതെന്ന് പറയുന്ന ഒരുപാട് തെളിവുകൾ നമുക്ക് മുന്നിലുണ്ട്.

പരസ്യങ്ങളുടെ പരിണാമപരവും ചരിത്രപരവുമായ പ്രശ്നങ്ങൾക്കുപരി നാം പഠിക്കേണ്ടതും വിശകലനം ചെയ്യേണ്ടതും ഈ മുതലാളിത്തപരമായ അധികാരനേട്ടത്തെയാണ്, പ്രയോഗത്തെയാണ്.

അതിലുമുപരി അതിലൂടെ അവർ നേടിയെടുക്കുന്ന ചിന്താപരമായ നമ്മുടെ തലച്ചോറിനുമേലുള്ള അധികാരത്തെയാണ്.

കാരണം ചരിത്രത്തിലൊരിക്കലും കാണാത്തിടത്തോളം മസ്തിഷ്കപരമായ അടിമത്തത്തിലാണ് നാം ജീവിക്കുന്നത്.

ഏതുമേഖലയിലായാലും അന്യന്റെ അഭീഷ്ടത്തിനനുസരിച്ചു ചലിക്കുന്ന യന്ത്രപാവകളായ് നാം മാറിക്കഴിഞ്ഞിരിക്കുന്നു.

നമ്മുടെ സ്വപ്നങ്ങളിലേക്ക് പരസ്യങ്ങളിലെ സുന്ദരൻമാരും സുന്ദരികളും ചേക്കേറിയിരിക്കുന്നു.

ഓരോ പരസ്യങ്ങളും ചതിക്കുഴി കുഴിച്ച് ഉപഭോഗത്തിന്റെ ഏററവും പുതിയ പാഠങ്ങളുമായി നമ്മെ കാത്തിരിക്കുന്നു.

പിടികൊടുക്കാത്തവർ ഭാഗ്യമുള്ളവർ അവർക്ക് സ്വപ്നങ്ങളും നമ്മുടെ
സാംസ്കാരിക ചിഹ്നങ്ങളും നഷ്ടമാവുന്നില്ല.

വൻകിടക്കാർ പരസ്യങ്ങൾ പ്രായോഗികമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നത് ടീവിയിലൂടെയായിരിക്കും.

പരസ്യങ്ങളുടെ മനശ്ശാസ്ത്രം പഠിച്ചവർ പറയുന്നത് ചിത്രീകരിക്കപ്പെട്ട (Picturised) പരസ്യങ്ങൾക്കായിരിക്കും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുന്നത്.

അത് ചലിക്കുന്ന ചിത്രങ്ങളായാൽ അതിന്റെ കേന്ദ്രീകരണശേഷി വർദ്ധിക്കുമെന്നും.

ടെലിവിഷൻ സെററുകൾ പരസ്യപ്പെട്ടികളായി മാറിയതിന്റെ മനശ്ശാസ്ത്ര വിശദീകരണം നീളുന്നു.

മനശ്ശാസ്ത്രത്തിന്റെ അപ്പോസ്തലൻമാർ ചിന്തിക്കുന്നതാകട്ടെ എങ്ങനെ മനുഷ്യന്റെ ചിന്താശേഷിയെ തന്റെ മുതലാളിയുടെ ഉൽപ്പന്നത്തിന്റെ പരിധിയിലാക്കി മാർക്കററ് പിടിച്ചടക്കാം എന്നുമാണ്.




"ശാസ്ത്രകാരാ നിന്റെ
ശസ്ത്രം പണിതേററി
എങ്ങുപോകുന്നു നീ...

അയൽക്കാരന്റെ സ്വത്തിൻമേലുള്ള അസൂയവരെ തന്റെ ഉൽപ്പന്നത്തിന്റെ മാർക്കററിൽ വിററഴിക്കാൻ ഉപയോഗിക്കുന്നു.

ഉടമസ്ഥന് അഭിമാനവും അയൽക്കാരന് അസൂയയുമുണ്ടാക്കുന്നതാണ് തന്റെ ഉൽപ്പന്നം എന്ന് ചെകുത്താന്റെ നാക്ക് നമ്മോട് ദിവസേനയെന്നോണം പറഞ്ഞുകൊണ്ടിരിക്കയാണ്.

സമൂഹത്തിലെ മദ്ധ്യവർഗ്ഗത്തിന്റെ അഭിരുചികൾ, ദൗർബല്യങ്ങൾ നന്നായി അറിയുന്നതും അത് ഉണർത്താൻ പ്രാപ്തവുമാണ് ഈ പരസ്യവാചകങ്ങൾ.

ഒപ്പം താഴേക്കിടക്കാരെ മദ്ധ്യവർഗ്ഗത്തിനൊപ്പം ഉയർത്തിവിട്ട് (സ്വപ്നത്തിലെങ്കിലും) അവന്റെ മാനസീക സംതൃപ്തിക്ക് പാത്രമാകാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു.

ശരിയായി ഭക്ഷണം കഴിച്ചില്ലെങ്കിലും, അയൽക്കാരന്റെ അസൂയ ഉണർത്താൻ പോന്ന

'ഒനിഡ' ടീവിക്ക് ഉടമസ്ഥനാകാൻ ആഗ്രഹിക്കാത്ത അടിത്തട്ടുകാരൻ ഇല്ല.
ഈ രഹസ്യം നന്നായി അറിയുന്നവനാണ് പരസ്യക്കമ്പനിക്കാരന്റെ മനശാസ്ത്രജ്ഞൻ.
താഴേത്തട്ടുകാരന്റെ കലുഷിതമായ ജീവിതാന്തരീക്ഷത്തിൽനിന്ന് മോചനം നൽകി ഒരു
പാതിമയക്കത്തിലെന്നോണം അവനെ ഏററവും സുന്ദരമായ ലോകത്തിലെത്തിക്കുന്ന
കടുത്ത മയക്കുമരുന്നു പ്രയോഗമാണിത്.
തന്റെ ചുററുപാടും ഇരുണ്ടതാണെന്ന് അവൻ മറക്കുന്നു.
എല്ലാ ജീവിത വൈകൃത്യങ്ങളിൽനിന്നും വിട്ടുമാറി അവൻ ഒനിഡക്കാരന്റെ ചെകുത്താന്റെ
വാലിനുപിറകെ നെട്ടോട്ടമോടുന്നു.
പ്രതിഷേധത്തിന്റെ ആരവങ്ങൾ ഒടുക്കാൻപോന്ന ഒരു രാഷ്ട്രീയ പ്രയോഗവും
ഇതിൽ കാണാം.

ഏററവും നല്ല പ്രഷർകുക്കർ വാങ്ങിക്കൊടുക്കുന്ന ഭർത്താവ് ഏററവും നല്ല ഭർത്താവും
ഏററവും നല്ല പ്രഷർകുക്കർ ഉപയോഗിക്കുന്ന ഭാര്യ ഏററവും നല്ല ഭാര്യയുമാണ് ഇന്ന്.



ഇത് നമ്മുടെ സാംസ്കാരികപരമായ ഇമേജുകൾക്കുമേലുള്ള കടന്നാക്രമണമാണ്.
നൂററാണ്ടുകളുടെ സമൂഹജീവിതവുമായി ബന്ധപ്പെട്ട് നമ്മൾ നേടിയെടുത്ത
സമൂഹത്തിന്റെ നല്ല രീതികളെ തച്ചുവാർക്കാനും, നീചമായ ബന്ധങ്ങളെ
നിലനിർത്താനുമാണ് ഈ പരസ്യപ്രയോഗം ഉപകരിക്കുന്നത്.
ദശാബ്ദങ്ങളുടെ കൂട്ടമായിട്ടുള്ള ജീവിതത്തിലൂടെ നമ്മൾ നേടിയെടുത്ത ചില
കൽപ്പനകൾ വരെ ഉപയോഗപ്പെടുത്തിയാണ് ഇന്ന് പരസ്യക്കസർത്ത്.
മാർക്കററിൽ പുതുമയ്ക്കുള്ള ചലനശക്തി നന്നായി അറിയാവുന്ന ഗോദറെജ്
കമ്പനിക്കാരൻ ആയതിനാൽ തന്നെ ആഴ്ചയിലെന്നോണം സോപ്പുകളുടെ ഇനിയും
നിലച്ചിട്ടില്ലാത്ത പ്രവാഹം സൃഷ്ടിക്കയാണ്.
ഏററവും ഒടുവിലത്തെ കണ്ണി 'ഗംഗ'. ശ്രദ്ധിക്കുക ''ഗംഗ''.
ഗംഗ ഇന്ന് മലിനജലം മാത്രമൊഴുകുന്ന കനാലായി മാറിയിരിക്കുന്നെങ്കിലും ഓരോ
ഇന്ത്യക്കാരന്റെയുമുള്ളിലെ, ഗംഗ = പരിശുദ്ധം എന്ന സമവാക്യത്തിന്റെ വേര് അവൻ
തന്റെ വ്യാപാരതന്ത്രമായി ഉപയോഗിക്കുന്നു.
ആ പരസ്യം ശ്രദ്ധിക്കുക.

ഭാരതത്തിന്റെ സംസ്കാരമായി ഗംഗയെ ആദ്യം ഉയർത്തിക്കാട്ടിക്കൊണ്ട് നമ്മുടെ മനസ്സിന്റെ വിധേയത്വം നേടിയെടുക്കാൻ കഴിയുന്നതോടെ, അടുത്തദിവസം നമ്മുടെ കുളിമുറിയിൽ ഗംഗ അവതരിക്കുന്നു;

തിരക്കിട്ട ജീവിതത്തിനിടയിൽ ശുദ്ധമാകാൻ (പാപം കളയാൻ) ഗംഗാനദിയിൽപോയി മുങ്ങാൻ കഴിയില്ലല്ലോ.

പക്ഷെ ഗോദ്റെജുകാരന്റെ വാഗ്ദാനപ്രകാരം ഗംഗ നമ്മുടെ കുളിമുറിയിലേക്ക് ഒഴുകിയെത്തുന്നു.

ഗംഗാനദിയെയും ഗംഗാസോപ്പിനേയും സമീകരിക്കുന്നതിലൂടെ അവർ തന്റെ ഉൽപ്പന്നത്തിനെ ഗംഗാനദിയുടെ സവിശേഷതകളുമായാണ് ബന്ധിപ്പിക്കുന്നത്.

അവസാനം നമ്മളും സമ്മതിക്കുന്നു.

ഗംഗാനദി = പാപനാശിനി = ഗംഗാസോപ്പ്.

ലൈഫ്ബോയ് പ്ലസ് കൊണ്ടുകുളിച്ചയാളാം, ക്ലോസപ്പുകൊണ്ട് പല്ലുതേച്ചയാളാം, എത്ര



പാതിരാത്രിയിലും ലെഹർപെപ്സി കൊടുക്കാൻ കഴിവുള്ളയാളാം, പ്രത്യേകതരം മോട്ടോർസൈക്കിൾ സ്വന്തമായുള്ളവൻ ..........പെണ്ണിന്റെ സ്നേഹം നേടാനുള്ള മാനദണ്ഡങ്ങൾ ഇങ്ങിനെ നീളുന്നു.

നിർവചിക്കാൻ കഴിയാത്ത പ്രേമത്തിന്റെ വികാരപരതയ്ക്ക് തന്റെ ഉൽപ്പന്നത്തിന്റെ മികവ് പകരംവെയ്ക്കുന്ന പരസ്യത്തിന്റെ മനശ്ശാസ്ത്രം സാധാരണ ടി വി പ്രേക്ഷകന്റെ മനക്കണ്ണിന മപ്പുറത്താണ്.

'ഉലകിനായിരം പ്രേമം' ഇന്ന് ബഹുരാഷ്ട്രകമ്പനിക്കാരന്റെ ലാഭക്കൊതിക്ക് പാത്രമായി തകരുന്നു.

ഭാര്യയുടെ സ്നേഹംനേടാൻ, അവൾക്കിഷ്ടപ്പെട്ട ഗൃഹോപകരണങ്ങൾ വാങ്ങികൊടുക്കുക എന്ന, കുറുക്കുവഴി, ദിവസേന വിഡ്ഢിപ്പെട്ടി നമ്മോടുപറയുന്നുണ്ട്.

ഭാര്യയും ഭർത്താവും തമ്മിലുള്ള സ്നേഹത്തിന് കാരണമായി ഭവിക്കുന്ന പല വൈകാരിക ബന്ധങ്ങൾക്കും പകരം ഉപഭോഗവസ്തുവിനെ വയ്ക്കുന്ന ഒരു സബ്സ്റ്റിറ്റ്യൂട്ടിംഗ് പ്രോസസ്സാണ് ഇവിടെ നടക്കുന്നത്.

ഭാര്യയുടെ സ്നേഹത്തെ "പ്രസ്റ്റീജ് പ്രഷർകുക്കർ" കൊണ്ട് നിർവചിക്കയാണ്.

എല്ലാ കാര്യങ്ങൾക്കും പകരംവെയ്ക്കാൻ നമുക്കുമുന്നിൽ ഓരോ ഉൽപ്പന്നങ്ങളുണ്ട്.
അമ്മായിഅമ്മയുടെ സ്നേഹത്തിന് 'ഏരിയൽ' അമ്മയ്ക്കുപകരം 'മാൾട്ടോവ', കാമുകിയുടെ പ്രീതിക്ക് ക്ലോസപ്പിനാൽ തേയ്ക്കപ്പെട്ട പല്ല്. അങ്ങിനെ നമ്മുടെ ചിന്തകളിൽ ഓരോന്നിനും ഓരോന്ന് പകരം വയ്ക്കപ്പെടുന്നു ......
തലച്ചോറിനുപകരം ഏതോ ഒരു ബഹുരാഷ്ട്രക്കമ്പനിക്കാരന്റെ ടെലിവിഷൻ സെറ്റ്.
അങ്ങിനെ വിവേചന ബുദ്ധി കടം പോകുന്നു.
ഇത് ബഹുമുഖമുള്ള ഒരു ചൂഷണമാണ്, അന്യനാട്ടുകാരന്റെ ഉൽപ്പന്നത്തിനുവേണ്ടി നമ്മുടെ കാർഷികവ്യവസ്ഥവരെ തകരാറിലാക്കി അവന് അസംസ്കൃതവസ്തു ഒരുക്കുന്നു.
അവന്റെ ഉൽപ്പന്നം വിറ്റഴിക്കാൻ നമ്മുടെ ചിന്താശേഷി നഷ്ടപ്പെടുത്തുന്നു.
സാമ്പത്തികവും സാംസ്കാരികവും ചിന്താപരവുമായ ഒരു വൻകൊള്ള നമുക്കിടയിൽ നടക്കുന്നു.

സ്ത്രീ വിമോചനത്തിന്റെ മുറവിളികൾ ഈ പരസ്യങ്ങൾക്കുനേരെ തിരിയേണ്ടത് അത്യാവശ്യമാണ്.




സ്ത്രീയെ അടുക്കളക്കാരിയും പുരുഷന്റെ കീഴിൽ, സംരക്ഷണയിൽ കഴിയുന്നതും മാത്രമായ ഒരു ഉപഭോഗവസ്തുവായി പരസ്യങ്ങൾ ചിത്രീകരിക്കുന്നു.
ഈ പ്രവർത്തി പരസ്യങ്ങളുടെ സ്വഭാവംതന്നെ നിലനിൽക്കുന്ന നമ്മുടെ മുഖ്യധാര സിനിമയും നന്നായി ചെയ്തു കൊണ്ടിരിക്കുന്നുണ്ട്.
മാധ്യമപരമായ ഒരടിമത്തം നമ്മുടെ ജീവിതത്തിൽ നിലനിൽക്കുന്നു.
ഇന്ന് വഴിയരികിൽ കളിച്ച് നിൽക്കുന്ന കുട്ടികൾ ഇല്ല.
ഇവർ ആ ഇരുപതിഞ്ച് സ്ക്രീനിന്റെ മുൻപിൽ കണ്ണും കാതും അർപ്പിച്ച് നന്നായി ഉറങ്ങുകയാണ്.
ഈ പരസ്യങ്ങൾ കണ്ട് വളരുന്ന അവരുടെ പ്രേമത്തെക്കുറിച്ചും സ്നേഹത്തെക്കുറിച്ചുമുള്ള ഇമേജുകൾ വികലമായിരിക്കില്ലേ? തിരിച്ചറിവിന്റേയും ലോല്യത്തിന്റേയും ആദ്യാങ്കുരങ്ങൾ കരിഞ്ഞു പോകില്ലേ?

നമ്മുടെ നിത്യജീവിതത്തിന്റെ സമസ്തമേഖലയിലും നിറഞ്ഞു നിൽക്കുന്ന

മത്സരത്തിന്റെ പരിണിതരൂപങ്ങളാണ് ഈ ബഹുവർണ്ണപരസ്യങ്ങൾ.
ക്ലട്ടകാരന്റെ മാർക്ക് നിലവാരത്തിനൊപ്പമെത്താൻ മുയലോട്ടം നടത്തുന്ന വിദ്യാർത്ഥിയുടെ
പ്രകാശമില്ലാത്ത മനസ്സിന് പാരൽകോളേജുകാരന്റെ റാങ്ക് ഫയൽ പരസ്യം.
സ്നേഹത്തിന്റെ തെളിനീരറിയാതെ, അരപ്പാവാടക്കാരിപെണ്ണിനോടൊപ്പം ചുററാൻ
കൊതിക്കുന്നവന് ശീതളപാനീയക്കാരന്റെ പരസ്യം.
പ്രകൃതിയറിയാത്തവന്റെ പ്രകൃതി സ്നേഹത്തിന് ടൂറിസം ഡവലപ്പ്മെന്റുകാരന്റെ
ബഹുവർണ്ണപരസ്യം.. ....
സ്നേഹത്തിനുപോലും കമ്പോളത്തിൽ വിലപറയാവുന്നത്ര ഉപഭോഗവത്ക്കരിക്കപ്പെട്ട
നമ്മെപ്പോലുള്ളവർ. എന്തുതന്നാലും തിന്നും കുടിക്കും.
നമ്മുടേതായി ഒന്നും വളർന്നില്ല.
അന്യന്റെ ഉൽപ്പന്നത്തിനൊപ്പം അവന്റെ സാംസ്കാരിക വിഴുപ്പായ പരസ്യം
നമ്മളലക്കുന്നതെന്തിന്?
ഇപ്പോഴും ടി വിയ്ക്കു മുന്നിൽ തിരക്കാണ്
ഭോപ്പാലിലെ ആയിരങ്ങൾക്ക് മരണം വിതച്ച വിദേശക്കമ്പനിക്കാരന്റെ ഞരമ്പു മുറുക്കുന്ന
പരസ്യവാചകം അറിയാതെ ഏറ്റു പറയുന്നു

Give me Red...........




*Best compliments of:*

SCIENCE CENTRE
LOURDE CENTRE
ALWAYE - 1

# സഡാക്കോവിന്റെ കടലാസുകൊക്കുകൾ



പാശ്ചാത്യന്റെ ഊർജ്ജ നിലവാരത്തിനൊപ്പം എത്തിവലിഞ്ഞെത്താൻ വരും തലമുറയെവരെ വൈകല്യങ്ങളിലേക്ക് തള്ളിവിടാൻ ഒരുങ്ങിയിരിക്കുന്നവരാണ് നമ്മൾ. ഊർജ്ജത്തിന്റെ പുതുരൂപങ്ങളെന്ത് എന്ന അന്വേഷണത്തിനുപകരം ജീനുകളിൽ വിഷം കലർത്താനാണ് നമ്മുടെ ശ്രമം. ജർമ്മൻകാരൻ അവരുടെ നാട്ടുകാരെ ഇന്ത്യയിലേക്കു വരുന്നതിൽനിന്നു തടയുന്നു. അണുബാധയുടെ വിഷബീജങ്ങൾ ഇന്ത്യക്കാരനിൽ കണക്കിന് വളരുന്നുണ്ടത്രെ! കേരളത്തിൽ വടകര മുതലായ സ്ഥലങ്ങളിൽ അണുബാധയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഗർഭസ്ഥശിശുവിന് അറിഞ്ഞുകൊണ്ട് വൈകല്യം പകർന്നുകൊടുക്കാൻ മാത്രം പാപികളല്ല നമ്മൾ. ഒന്നുമറിയാതെ പലതും വിശ്വസിച്ച 'സഡാക്കോ'മാർ നമ്മൾതന്നെയാണ്.

ആയിരത്തിത്തൊള്ളായിരത്തി നാൽപത്തിയഞ്ച് അമേരിക്ക ഹിരോഷിമയിൽ ആറ്റംബോംബിടുമ്പോൾ സഡാക്കോസസാക്കി രണ്ടുവയസ്സുള്ള ഒരു കൊച്ചുകുട്ടിയായിരുന്നു. വലിയ ഓട്ടക്കാരിയാവുകയായിരുന്നു ആ കൊച്ചുകുട്ടിയുടെ ഏറ്റവും വലിയ സ്വപ്നം.

പത്തുവർഷത്തിനുശേഷം തന്റെ ടീമിനെ വിജയത്തിലേക്ക് നയിച്ചതിന്റെ പിറ്റേന്ന്, ഒരു പരിശീലനത്തിനിടയിൽ അവൾ ബോധമറ്റു വീണു. ഹിരോഷിമയിലും നാഗസാക്കിയിലും വീണ അണുബോംബുകൾ വർഷിച്ച വിഷജ്വാലകൾ ആ കുട്ടിയിൽ രക്താർബുദത്തിന്റെ അണുക്കൾ വിതറിയ കാര്യം അന്നാരും അറിഞ്ഞതേയില്ല.

ആശുപത്രിയിൽ മരണത്തോട് യുദ്ധം ചെയ്തുകിടന്ന സഡാക്കോ ചിന്തിച്ചു. താൻ മരിക്കുമോ? മരിക്കുന്നതോർത്തവൾ വാവിട്ടുകരഞ്ഞു. മരിച്ചാൽ പിന്നെ എങ്ങിനെയാ വലിയ ഓട്ടക്കാരിയാവുക? അപ്പോഴാണ് അവളുടെ കൂട്ടുകാരി ചെസുകോ ജപ്പാനിലെ പവിത്ര പക്ഷിയായ കൊക്കിന്റെ കഥ പറഞ്ഞത്. ''ആയിരം കൊക്കുകൾ ആരുണ്ടാക്കുന്നുവോ അയാൾ ആയിരം വർഷം ജീവിച്ചിരിക്കും.'' ജപ്പാനിലെ പഴക്കമേറിയ ഒരു വിശ്വാസമായിരുന്നു അത്.

രക്താർബുദം കാർന്നുതിന്നുമ്പോഴും വേദനയും ക്ഷീണവും വകവെയ്ക്കാതെ അവൾ ആയിരം കടലാസുകൊക്കുകൾ നിർമ്മിച്ചു. മരണം കിടക്കയിലെത്തിയപ്പോഴും സഡാക്കോ ആവേശത്തോടെ രണ്ടാമത്തെ ആയിരം കടലാസുകൊക്കുകൾ നിർമ്മിക്കുകയായിരുന്നു.

ആയിരത്തിത്തൊള്ളായിരത്തി അമ്പത്തിയഞ്ച് ഒക്ടോബർ ഇരുപത്തിയഞ്ച് സഡാക്കോ വേദന കടിച്ചമർത്തി തന്റെ അവസാനത്തെ കടലാസുകൊക്കിനെയുമുണ്ടാക്കി അടുത്തിരുത്തി. പക്ഷേ അവരുടെ പാരമ്പര്യ വിശ്വാസത്തെ അണുബോംബ് തെറ്റിച്ചു.

''ഇതാണു ഞങ്ങളുടെ രോദനം
ഇതത്രെ ഞങ്ങളുടെ പ്രാർത്ഥന
ഈ ഭൂമിയിൽ സമാധാനം നിലനിർത്തുക''

# കൂട്ടില്ലാത്തവർ

ഒരു ഘടികാരം കൂടി നിലയ്ക്കുന്നു.
സപ്തവർണ്ണങ്ങളിൽ പൂത്ത
ഒരു തുണ്ടു രാത്രിയിൽ
വീണ്ടുമൊരു ഘടികാരം കൂടി നിലയ്ക്കുന്നു.

സഹജന്റെ വാക്കിലെ കവിത
തിരിയഴിഞ്ഞുഴറുന്നു.
കവനം.
ഒരു ഘടികാരസൂചിയിൽ ഉറവതേടുന്നു.
അരുവി നേടുന്നു.
നോക്കി നിൽക്കേ ചോരപ്പുഴയായി മാറുന്നു.

അവസാന തുണ്ടു പകുത്തുതിന്നു്
അവസാന തുള്ളി പകുത്തുമോന്തി
കരിന്തിരി മെല്ലെ അണച്ചുപോക

പച്ചയും കത്തിയും മേടിച്ചുതന്നൊരോർമ്മയ്ക്കു്
തമസ്സേററും മുറിവുകളും കാത്തുകൊള്ളാം.
നിനവൊക്കെ പഴമ്പായിൽ തെറുത്തുകെട്ടാം
ഞാനെനിക്കായ് തീർത്തൊരേകാന്ത ദ്വീപിൻ
മണപ്പുറങ്ങളിൽ
ബലിക്കാക്ക വരുംവരെ കാത്തിരിക്കാം.

**SMITHA**
II D. C. Economics

# ഓർമ്മക്കുറിപ്പ്

നീയും ഒരു പക്ഷേ ഓർക്കുന്നുണ്ടാവും. ഇന്ന് റിപ്പബ്ലിക് ദിനമാണ്, റിപ്പബ്ലിക് ദിനവും സ്വാതന്ത്ര്യദിനവും രക്തസാക്ഷിദിനവും മററും ഓരോ വ്രതനാളുകൾപോലെ നമുക്കുചുററും വരികയും പോവുകയും ചെയ്യുന്നു. ഇത്തരം ദിനങ്ങളെല്ലാം പഴയ ഡയറിയിൽ ഞാൻ കുറിച്ചുവച്ചിട്ടുണ്ട്. പക്ഷെ, നീ ഒരിക്കൽ സൂചിപ്പിച്ചതുപോലെ അതിന്റെ യഥാർത്ഥ തിയതികൾ ഞാൻ ഇനിയും കുറിച്ച് വച്ചിട്ടില്ല.

നഗരത്തിൽ എത്തിയ ഉടനേ കത്തെഴുതണമെന്ന് നീ പറഞ്ഞത് ഇപ്പോഴും എന്റെ ഓർമ്മയിൽ നിൽക്കുന്നു. നീ വീണ്ടും വീണ്ടും പറയുകയുണ്ടായി. നേരത്തെ എഴുതണം. എന്നാലേ കിട്ടൂ. അന്ന് റിപ്പബ്ലിക് ദിനമായതുകൊണ്ട് ഒരു പക്ഷേ തപാൽ ഇല്ലെങ്കിലോ?

നീ പറഞ്ഞതും, പാടുപെട്ട് പാടുപെട്ട് എന്നെ ഓർമ്മിപ്പിച്ചതും ശരിയാണ്. നോക്കൂ ഇന്ന് റിപ്പബ്ലിക് ദിനമാണ്.

ഒരു ഇന്ത്യൻ നഗരത്തിൽ ബന്ത് ആചരിക്കാൻ ഇതിലും അർത്ഥവത്തായ മററു ദിനം ഉണ്ടെന്ന് എനിക്കു തോന്നുന്നില്ല. നോക്കൂ ഇന്ന് ബന്താണ്.



നഗരത്തിൽ തപാലില്ല. തപാലെന്നല്ല ഒന്നു മില്ല നഗരം നിറയെ കടൽക്കാറ്റു മാത്രം. അടച്ച പീടികയുമ്മറങ്ങളിലെ പഴകിയ നിലകളിൽ വരാത്ത ബസ്സു കാത്തുനിൽക്കുന്ന യാത്രക്കാർ. നിന്റെയും എന്റെയും മുഖമുള്ള യാത്രക്കാർ.

ഈ നഗരത്തിൽ ഇന്ന് എവിടേയോ പതി നൊന്ന് തീപിടുത്തങ്ങളുണ്ടായി. പഴകി ദ്രവിച്ച എത്രയോ കെട്ടിടങ്ങൾ പെട്ടെന്ന് നിലംപൊത്തി. എത്ര തീവണ്ടികളാണ് റെയിലുകൾമാറി ഓടി യത്. വഴിമദ്ധ്യേ മരിച്ചു വീണവർ ആശുപത്രി കളിലെ മോർച്ചറിയിൽ ശ്മശാനത്തിൽ വൈദ്യുതി വരുന്നതും കാത്ത് മലർന്നു കിടക്കുന്നു.

നീളൻ ഞൊറിവുകൾപോലെ കരയിൽവന്ന് കയറുന്ന തിരമാലകൾ. കടൽ നികത്തിയെടുത്ത ഉയർന്ന കെട്ടിടത്തിന്റെ മുകളിൽനിന്നും താഴേക്കു കൊഴിയുന്നത് പൂവുകളോ. അതോ പിറകിൽ ഓടി യെത്തുന്നവരെ ഭയന്ന് ആത്മഹത്യചെയ്യുന്ന പെൺ കുട്ടികളോ......

ഇന്ത്യ റിപ്പബ്ലിക്കാണ്.

ഈ ദിവസത്തിന്റെ അന്തസ്സിന് ഗവൺമെന്റ് നൽകിയ ആശംസാ സന്ദേശത്തിന്റെ നമ്പർ എന്താണ്, ഇരുപതോ ഇരുപത്തൊന്നോ .....

Wish you a best Republic ! അങ്ങനെയാണോ അതോ ? Republic on your path. Best wishes ! അങ്ങനെയാണോ ?

ഹേ റിക്ഷാക്കാരാ എന്നെ ഒന്ന് ആ തെരുവ് വരെ കൊണ്ടുപോകൂ. മഴിഞ്ഞ നിറത്തിലൂടെ വളവു കൾ വിളമ്പുന്ന അടച്ചിട്ട ജനാലകൾക്കു മുന്നിലൂടെ പതുക്കെ നീങ്ങുന്ന റിക്ഷയിൽ ഇരുന്നുകൊണ്ട് നി ങ്ങൾ പാടാറുള്ള ആ പ്രേമഗാനം ഒന്നുകൂടി പാടൂ .....

ഇന്നലെ ഒരു കുഴൽകിണർപോലെയായിരുന്നു നഗരത്തിലെ ഈ വേശ്യാതെരുവ്. കിണറിന്റെ ആരംഭത്തിലും അടിയിലും ഓരോ പോലീസ് പോസ്റ്റുകൾ. അവിടെ മുറത്തിരുന്ന് ഭംഗിയായി വെററിലമുറുക്കുന്ന പോലീസുകാർ. തെരുവിന്റെ ഇരുവശങ്ങളിലും നിരനിരയായി പെൺകുട്ടികൾ. എന്റെ ഭാഷ പറയുന്നവരും നിന്റെ ഭാഷ പറ യുന്നവരും നിരനിരയായി ദീപാവലി വിളക്കുകൾ

പോലെ. ഏതോ നഗരത്തിൽ ഞാൻകണ്ട പൂക്കാരി സ്ത്രീയുടെ മുന്നിലെ കൊട്ടയിൽ നിറച്ച കദംബ മാലപോലെ പലതരം പൂക്കൾ .....പലതരം കൈവളകൾ ......

വേറെ ജോലിയൊന്നും ഇല്ലാത്തതുകൊണ്ടാവും അയാൾ റിക്ഷ തെരുവിലൂടെ സാവകാശം ചവിട്ടിയത്. എങ്ങോട്ടുപോകണമെന്നൊന്നുമില്ലല്ലോ, എവിടെയെങ്കിലും എത്തണമെന്നൊന്നുമില്ലല്ലോ. ഇന്ന് റിപ്പബ്ളിക്കാണല്ലോ സ്നേഹിതാ.

അപ്പോഴാണത് എൻെറ കണ്ണിൽപെട്ടത്. റിക്ഷക്കാരൻെറ കൈവിരലുകളാണ് അത് ചൂണ്ടിക്കാണിച്ചുതന്നത്.

വേശ്യാതെരുവിലെ കെട്ടിടങ്ങളിലൊന്നിൻെറ മുകളിലെ അഴിള്ളടിൻമേൽ പുറത്തെ കടൽക്കാററിൽ ആടി ഒരു പക്ഷിയെപ്പോലെ തൂങ്ങിനിൽക്കുന്ന നമ്മുടെ രാഷ്ട്രത്തിൻെറ കൊടി ......

എൻെറയും നിൻെറയും ദേശീയപതാക ആരോ ശ്രദ്ധാപൂർവ്വം അതിൻെറ മടക്ക് നിവർത്തിയിരിക്കുന്നു. ഞങ്ങൾ വളരെനേരം ആ കൊടി നോക്കിനിന്നു. പിന്നീട് ഞങ്ങളുടെ ശ്രദ്ധ അതിൻെറ നടുവിലെ അശോകചക്രത്തിൽ മാത്രമായി മാറി.

നീ ആ അശോകചക്രം ഇതുവരെ ശ്രദ്ധിച്ചിട്ടില്ല അല്ലേ .....

നോക്കൂ. ഇപ്പോഴതു ഒരു പെൺകുട്ടിയുടെ നനഞ്ഞ കൃഷ്ണമണിപോലെയുണ്ട്.



ALIAS K M.
I D C Economics

# വിട

കൂട്ടുകാരി

ശ്മശാനത്തിന്റെ നിറവഴിയിലോ
കലാലയത്തിന്റെ ഇടവഴിയിലോ
എവിടെവെച്ചാണ് നാം പരിചയപ്പെട്ടത്....

നീണ്ട കയററങ്ങൾക്കിടയിലെ കടങ്കഥകളിലോ
സൗഹൃദം ഒളിപ്പിച്ചടുക്കുന്ന നിന്റെ കണ്ണുകളിലോ
എവിടെയാണ് നാം പരിചയപ്പെട്ടത്....

സ്മാരകങ്ങളുടെ ഭാരം പേറുന്ന കലാശാലയിലെ
കനമുള്ള പുസ്തകത്താളുകളിൽ
ഉദ്ധാരണശേഷി നഷ്ടപ്പെട്ട സൂത്രവാക്യങ്ങൾ....
നീ മാത്രമില്ലാത്ത ചരിത്രഗ്രന്ഥങ്ങളിലെ
എണ്ണവററിയ നാടുവാഴി ചരിത്രങ്ങൾ
പുഴു തിന്നിരിക്കുന്നു....

വീടുവിട്ടിറങ്ങിയ ഉണ്ണിയുടെ തേങ്ങലുകൾ
വിതുമ്പുന്ന ക്ലാസ്സുമുറികളുടെ നീണ്ട
ഇടനാഴികളിൽ കൂട്ടുകാരി
എന്നാണ് നാം പരിചയപ്പെട്ടത്....

സമരങ്ങളുടേയും കലാപങ്ങളുടേയും
മറപ്പുറമ്പുകളിൽ
ഗാന്ധിമാവിന്റെ ദൈന്യതപോലെ
കൂട്ടുകാരി എന്തിനാണ് നാം പരിചയപ്പെട്ടത്....

പുരമുകളിൽ ജീവനില്ലാത്ത കാററാടികൾ മാത്രം
വാഴുന്ന വേഷങ്ങൾ കാണാതെ എന്തേ
നാം പകലുറക്കങ്ങളിൽ പരിചയം പുതുക്കുന്നു....

ലിയോണിദാസിന്റെ അവസാനത്തെ വരിയും
വെട്ടിക്കളഞ്ഞ്
പ്ലാററുഫോമുകളിൽ കയറി നെടുവീർപ്പിടുന്ന
പ്രേതരൂപങ്ങൾക്കിടയിലൂടെ കൂട്ടുകാരി
എങ്ങോട്ടാണ് നാം പാലായനം ചെയ്തത്....

ഒടുവിൽ
പടിയിറങ്ങുംനേരം നാമറിയുക:
അറിവെന്നൊരുത്തരമൊട്ടൊരു
മൂരരയൊരാറിലൊഴുകുന്നു
അതുനോക്കി നമ്മൾ—
പെരുവഴിയെത്തിയിരിക്കുന്നു....

ഞാൻ പറഞ്ഞ ഒരായിരം കഥകൾ നീ മറക്കുക
ഞാൻ ചൊല്ലിയ ഒരു ചെറിയ കവിതയും
പൊറുക്കുക;
ഖേദപൂർവ്വം കൂട്ടുകാരി വിട !

**GOPAKUMAR M. G.**
First P.D.C



# നർമ്മദയുടെ ധർമ്മസമരം

1993 ജൂലൈ 16 നർമ്മദാനദിയിൽ ജലനിരപ്പ് ഉയർന്നുതുടങ്ങി. അതിനകംതന്നെ മണിബേലിയിലെ വീടുകൾ വെള്ളത്തിനടിയിലായി മുങ്ങിയാലും പിന്മാറില്ലെന്ന് ഞങ്ങൾ തീരുമാനിച്ചു. എല്ലാ മൃഗങ്ങളേയും, നഷ്ടപ്പെടാനനുവദിച്ചുകൊണ്ട് ഞങ്ങൾ, അതായത് അമ്മയും ഭാര്യയും പെൺമക്കളും 21 ദിവസം മാത്രം പ്രായമായ ചെറിയകുട്ടിയും ഞാനും വീട്ടിനുള്ളിൽനിന്നു. സർക്കാറിന്റെ പ്രതിനിധികൾ ഞങ്ങളോട് വീടുവിട്ടുപോകാൻ പലതവണ ആവശ്യപ്പെട്ടു. പക്ഷെ ഞങ്ങൾ പോയില്ല. വെള്ളം ഞങ്ങളുടെ അര

ജ്ജുകളിലേക്ക് കയറിത്തുടങ്ങിയപ്പോൾ അവർ ഞങ്ങളെ വീട്ടിൽനിന്നുവലിച്ചു പുറത്തിട്ടു. വീടിനോടൊത്ത് മുങ്ങാൻ തീരുമാനിച്ചിരുന്നതിനാൽ ഞങ്ങൾക്ക് ഉണ്ടായിരുന്നതെല്ലാം ഞങ്ങൾ ഉപേക്ഷിച്ചിരുന്നു. ഗ്രാമത്തിലുണ്ടായിരുന്ന ഒരേയൊരുകടയും ഒലിച്ചുപോയി. പോലീസുകാർ ഞങ്ങളോട് വളരെ അപമര്യാദയായിട്ടാണ് പെരുമാറിയത്. ഞങ്ങൾ ഗ്രാമം വിട്ടുപോകണമെന്നും; മണിബേലി സർക്കാറിന്റേതാണെന്നും അവർ പറഞ്ഞു. ഞങ്ങളുടേത് ഒരു ഗാന്ധിയൻ സമരരീതിയാണ്. ഇതവസാനിപ്പിക്കാൻ ഞങ്ങൾക്കറിയാവുന്ന ഒരേഒരു രീതിയും ഇതാണ്. മണിബേലിയിലെ ഗ്രാമമുഖ്യനായ നരെയ്ൻ ബായ് (Narainbai) സർദാർ സരോവർ പ്രോജക്ടിനെതിരെയുള്ള നർമ്മദാ ബച്ചാവോ ആന്ദോളന്റെ (N B A) സമരവും. പുനരധിവസിപ്പിക്കലിനെതിരെയുള്ള ആദിവാസികളുടെ ചെറുത്തുനിൽപ്പിനേയും വെളിവാക്കിത്തരുന്നതാണ് മേൽപ്പറഞ്ഞ കാര്യങ്ങൾ.

ഡാമുകൾ മനുഷ്യപുരോഗതിയ്ക്ക് അത്യന്താപേക്ഷിതമാണെന്നുള്ള ധാരണയിൽനിന്നും നാം ഇനിയും മുക്തരായിട്ടില്ല. ലക്ഷകണക്കിനേക്കർ വനഭൂമിയും, കൃഷിയിടങ്ങളും, ഗ്രാമങ്ങളും, വെള്ളത്തിനടിയിലാക്കികൊണ്ട് അണക്കെട്ടുകളുയർന്നപ്പോൾ മനുഷ്യപുരോഗതിയുടെ പേരിൽ ജനങ്ങൾ അത് സഹിച്ചു. എന്നാൽ ഉദ്ദേശിച്ചിരുന്ന കാലാവധിയുടെ പകുതിപോലും എത്തുന്നതിനുമുൻപ് പൂർത്തിയാക്കാൻ കഴിയില്ലെന്നു തെളിയുന്ന ഡാമുകളാണ് ഇന്ന് അധികവും. ഒലിച്ചു വരുന്ന മേൽമണ്ണ് അടിഞ്ഞ് അണക്കെട്ടിന്റെ ജലസംഭരണശേഷി കുറഞ്ഞുവരുന്നത് ഡാമുകളെ വരും കാലങ്ങളിൽ ഒരു വെള്ളച്ചാട്ടത്തിന്റെ അവസ്ഥയിലെത്തിക്കും എന്ന് എല്ലാവരും തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു.



ആദിവാസികളെ സംബന്ധിച്ചിടത്തോളം വനമാണ് അവർക്ക് അമ്മയും, അച്ഛനും. നൂറ്റാണ്ടുകളായി അവരുടെ സംസ്കാരവും ജീവിതവും മറ്റും വനവുമായി അഭേദ്യബന്ധം പുലർത്തുന്നു. അണക്കെട്ടുവന്ന്, കാടുമുഴുവൻ വെള്ളം നിറയുമ്പോൾ ആദിവാസികളെ അവരുടെ വാസസ്ഥലത്തുനിന്ന് പുനരധിവസിപ്പിക്കേണ്ടിവരുന്നു. അങ്ങനെ സ്വന്തം പാരമ്പര്യത്തിൽ നിന്നും അവർ നിർബ്ബന്ധപൂർവ്വം അന്യവല്ക്കരിക്കപ്പെടുന്നു. എങ്കിലും ഇതെല്ലാം സഹിച്ചും, സർക്കാറിന്റെ പ്രലോഭനങ്ങൾക്ക് വഴങ്ങിയും പുനരധിവാസത്തിനു തയ്യാറാകുന്നവരാകട്ടെ വൻതോതിൽ കബളിപ്പിക്കപ്പെടുന്നു എന്നതാണ് സത്യം. ഇതിനുദാഹരണമാണ് ഇപ്പോൾ സമരത്തിലേർപ്പെട്ടിട്ടുള്ള ഗുജറാത്തിലെ ബാർഗി (Bargi) അണക്കെട്ടിന്റെ നിർമ്മാണത്തോടനുബന്ധിച്ച് പുനരധിവസിപ്പിക്കപ്പെട്ട ആദിവാസികൾ. നർമ്മദാ നദിയിൽ പണിയാനുദ്ദേശിച്ചിട്ടുള്ള മുപ്പത് വൻകിട, ചെറുകിട അണക്കെട്ടുകളിൽ, പണിപൂർത്തിയായിട്ടുള്ള ഗുജറാത്തിലെ ഒരു അണക്കെട്ടാണ് ബാർഗി (Bargi). മണ്ഡല (Mandala) സിയോണി (Seoni). ജബൽപ്പൂർ (Jabalpur) എന്നീ ജില്ലകളെ തൊട്ടു കിടക്കുന്ന ഈ അണക്കെട്ട് പ്രവർത്തനമാരംഭിച്ചപ്പോൾ ഒരു ലക്ഷത്തോളം ആദിവാസികളെ പുനരധിവസിപ്പിക്കേണ്ടിവന്നു. പുനരധിവാസത്തിലെ ക്രമക്കേടുകൾ കൊണ്ടുണ്ടായ ബുദ്ധിമുട്ടുകൾക്കെതിരെയാണ് ഇപ്പോൾ സമരം നടക്കുന്നത്. നഷ്ടപ്പെട്ട കൃഷിയിടങ്ങൾക്കും മറ്റും സർക്കാർ നല്കിയ നഷ്ടപരിഹാരം തുച്ഛമായിരുന്നെങ്കിലും കുറെയധികം പണം ഒരുമിച്ച് കൈയ്യിൽ വന്നപ്പോൾ, ആദിവാസികളിൽ ചിലർ ജബൽപ്പൂർ പോലുള്ള പട്ടണങ്ങളിൽച്ചെന്ന് ആർഭാടമായി ജീവിച്ച് ഏതാനും ആഴ്ചകൾക്കുള്ളിൽ തന്നെ മുഴുവനും ധൂർത്തടിച്ചു തീർത്തു. പണ്ട് മുതിയ കർഷകരായിരുന്നവർ ഇന്ന് റിക്ഷ വലിച്ച് അഷ്ടിക്കു വക കണ്ടെത്തുന്നു.

തലമുറകളായി വനഭൂമികളിൽത്തന്നെ താമസിക്കുകയും, തങ്ങളുടെ കന്നുകാലികളും, ആറുകളും അമ്പലങ്ങളും മറ്റുമായി ഒരു വലിയ സംസ്കാരംതന്നെ അവിടെ കെട്ടിപ്പടുക്കുകയും ചെയ്തുവരാണ് ആദിവാസികൾ. നാല് വി[illegible]കളായ മുഖ്യമന്ത്രിമാർ ചില രേഖകൾ ഒപ്പിട്ടുള്ളതു കൊണ്ട് മാത്രം അവർ ഇതൊക്കെ എന്തിനുപേക്ഷിക്കണം? എന്ന് പ്രശസ്ത സാമൂഹ്യപ്രവർത്തകനും, പല ബഹുജന സമരങ്ങൾക്കും മുന്നിൽ നിന്നിട്ടുള്ളയാളുമായ ബാബാ ആംതെ ചോദിക്കുമ്പോൾ പ്രശ്നങ്ങൾക്കു ഗൗരവമേറുന്നു.

നർമ്മദാ നദിയിലെ കൂറ്റൻ അണക്കെട്ടുകളിലൊന്നാണ് ഇപ്പോൾ വിവാദവിഷയമായിത്തീർന്നിട്ടുള്ള സർദാർ സരോവർ പ്രോജക്ട്. ബാർഗി അണക്കെട്ടിന്റെ പണിതുടങ്ങിയപ്പോൾ ഉപയോഗിച്ച പുനരധിവാസ പരിപാടികളുമായി സർക്കാർ സർദാർ സരോവർ പ്രോജക്ടിനേയും സമീപിച്ചപ്പോഴാണ്, ബാബാ ആംതെയുടേയും, മറ്റും നേതൃത്വത്തിൽ പ്രതിഷേധമുയർന്നത് നർമ്മദാ ബച്ചാവോ ആന്ദോളൻ (NBA) എന്ന പേരിൽ ആരംഭിച്ച. സമരസമിതിയുടെ നേതൃത്വത്തിലേക്ക് പിന്നീട് വന്നത് ബോംബെയിലെ ഉയർന്ന ഉദ്യോഗവും വലിച്ചെറിഞ്ഞ്, ആദിവാസിക്ഷേമത്തിനായി ഇറങ്ങിത്തിരിച്ച മേധാപട്കർ ആണ്. ലോകബാങ്കിന്റെ സഹായത്തോടുകൂടി ആരംഭിച്ച, 9000 കോടി രൂപയുടെ ഈ പദ്ധതി മേധയും ആദിവാസികളും ചേർന്നു നടത്തിയ സമരങ്ങളുടേയും, നിവേദനങ്ങളുടേയും അനന്തരഫലമെന്നോണം, ലോകബാങ്ക് ഒരു പഠന സംഘത്തെ നിയോഗിച്ചു. അണക്കെട്ടിനെതിരേയും സർക്കാരിനെതിരേയുമുള്ള പരാമർശങ്ങൾ നിരവധിയുണ്ടായിരുന്നു. 1350 കോടി രൂപ നൽകാമെന്നേറ്റ ലോകബാങ്ക് അതിനകം 850 കോടി നൽകിക്കഴിഞ്ഞിരുന്നു. ബാക്കിയുള്ള 500 കോടി നൽകേണ്ടതില്ലെന്ന് അവർ തീരുമാനിച്ചു. ലോകമാകെയുള്ള പരിസ്ഥിതിപ്രവർത്തകരുടെസമ്മർദ്ദത്തിന്റേയും, മേധയുടേയും, കൂട്ടരുടേയും. 90-91 കാലഘട്ടത്തിൽ ഗുജറാത്ത്-മധ്യപ്രദേശ് അതിർത്തിയിലുള്ള ഫെർക്വ (Ferkwa) യിൽ നടത്തപ്പെട്ട ലോങ് മാർച്ചിന്റേയും പരിണതഫലമായിരുന്നു ഈ വിജയം.



എന്നാൽ കേന്ദ്രവും, ഗുജറാത്തും മറ്റു സ്വന്തം ചെലവിൽ പണിതുടരാൻ തീരുമാനിച്ചു. പ്രക്ഷോഭങ്ങൾക്കിടയിലും പണി നടന്നുകൊണ്ടിരുന്നു. സമരം അടിച്ചമർത്താനും ബലം പ്രയോഗിച്ച് പുനരധിവസിപ്പിക്കാനുമായി എണ്ണൂറോളം പോലീസുകാർ മണിബേലി ഗ്രാമത്തിൽത്തന്നെയുണ്ടായിരുന്നു. ഇതുവരേയും ആദിവാസികളോടൊത്ത്, സമരത്തിന് പരിഹാരം കാണുന്നതിനായി മേധാപട്കർ 16 ദിവസം നീണ്ടുനിന്ന നിരാഹാര സമരം നടത്തുകയും, അതുവഴി ആരെയും ബലം പ്രയോഗിച്ച് പുനരധിവസിപ്പിക്കുകയില്ല എന്ന് ഉറപ്പുവാങ്ങുകയും ചെയ്തു. തനിക്ക ലഭിച്ച റൈറ്റ് ലൈവ്ലി ഹുഡ് അവാർഡും ഗോൾഡ്മാൻപ്രൈസും നർമ്മദാ സംരക്ഷണ സമിതിയ്ക്ക് സമർപ്പിച്ച മേധാപട്കർ, അണക്കെട്ട് നിർമ്മാണം പുനഃപരിശോധിക്കണമെന്ന് സർക്കാറിനോട് അഭ്യർത്ഥിച്ചു. ഇല്ലെങ്കിൽ ആഗസ്റ്റ് ആറിന്, കാലവർഷക്കൊഴുക്കിൽ അണക്കെട്ട് നിറയുന്നതിനൊപ്പം മുങ്ങിപ്പോകുന്ന മണിബേലി എന്ന ഗ്രാമത്തിൽ 'ജലസമാധി' നടപ്പിലാക്കുമെന്ന് മുന്നറിയിപ്പു നൽകി. ഈ ആത്മഹത്യാഭീഷണിയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി പുനരാലോചിക്കാമെന്ന് സർക്കാർ ഉറപ്പു നല്കി. നിലവിലുള്ള അവകാശം തന്നെ അപകടത്തിലാകുമ്പോൾ, ഏതുരീതിയിൽ മരിക്കണമെന്ന തീരുമാനിക്കാൻ ഞങ്ങൾക്കും അവകാശമുണ്ട്

എന്ന് മണിബേലിയിലെ ജനങ്ങൾ പറയുന്നു. ജലസമാധിയുടെ സാമൂഹ്യവശങ്ങൾ ചർച്ച ചെയ്യവേ ബാബാ ആംതെ പറഞ്ഞതനുസരിച്ച്, മനുഷ്യത്വമില്ലാത്ത ഒരു പററം മനുഷ്യരോട് നടത്താൻ കഴിയുന്ന ഏററവും ഉയർന്ന തരത്തിലുള്ള പ്രതിഷേധ സമരമാണ് ജലസമാധി.

സർദാർ സരോവർ പ്രോജക്ടിന്റെ ഏററവും വലിയ ഗുണഭോക്താവെന്നു പ്രതീക്ഷിക്കപ്പെടുന്ന സംസ്ഥാനമാണ് ഗുജറാത്ത്. സൗരാഷ്ട്ര (Saurashtra), കച്ച് (Ran of Kutch) എന്നീ പ്രദേശങ്ങളിലെ രൂക്ഷമായ കുടിവെള്ളക്ഷാമത്തിനും, കൃഷിജലത്തിനും ഇത് പരിഹാരമാവുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. എന്നാൽ അശ്വിൻഷാ (Ashwin shah) തന്റെ മാതൃസംസ്ഥാനമായ ഗുജറാത്തിലെ ജലക്ഷാമത്തെക്കുറിച്ച് നടത്തിയ പഠനം വിരൽചൂണ്ടുന്നത് മററുചില കാര്യങ്ങളിലേക്കാണ്. അണക്കെട്ടുകൾ കൊണ്ട് ജലക്ഷാമം ഒരിക്കലും പരിഹൃതമാവുകയില്ലെന്ന് അദ്ദേഹം തറപ്പിച്ചു പറയുന്നു. മഴയിലൂടെ 105 മില്ല്യൻ അടി വെള്ളം ലഭിക്കുന്ന സംസ്ഥാനമാണ് ഗുജറാത്ത്. ഇതു സർദാർ സരോവർ പ്രോജക്ടിൽനിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നതിനേക്കാൾ 12 മടങ്ങ് അധികമാണ്. 1947-ൽ സംസ്ഥാനത്തെ 18,000ത്തോളം ഗ്രാമങ്ങൾക്ക് അവരുടേതായ ജലസ്രോതസ്സുകളുണ്ടായിരുന്നു. എന്നാൽ 1987-ൽ 12,000ത്തോളം ഗ്രാമങ്ങൾ കുടിവെള്ളക്ഷാമത്തെ നേരിടുന്നു. ഇതിന്റെ മുഖ്യകാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത് വനനശീകരണവും, കുഴൽക്കിണറുകൾ കുഴിച്ച് അതിൽനിന്നും കിട്ടുന്ന ഭൂഗർഭജലം ഉപയോഗിച്ച് മണ്ണിന് അനുയോജ്യമല്ലാത്ത രീതിയിൽനാണ്യവിളകൾ കൃഷിചെയ്യുന്നതും മററുമാണ്. ഇത്തരം അടിസ്ഥാന പ്രശ്നങ്ങൾ നിലവിലിരിക്കെ അണക്കെട്ടുകൾ വഴി പ്രശ്നങ്ങൾ പരിഹരിക്കാനാവില്ലെന്നത് സുനിശ്ചിതമാണ്.



അണക്കെട്ടുകൾവഴി ജലക്ഷാമം പരിഹരിക്കപ്പെടുമെന്ന് പറയുന്നതിൽ യാതൊരു കഴമ്പുമില്ലെന്ന് അശ്വിൻഷാ പറയുന്നു. നാണ്യവിളകൾക്ക് വളരെയധികം ജലം ആവശ്യമുള്ളതിനാൽ അണക്കെട്ടിൽനിന്നും ജലം വരുന്ന കനാലുകളുടെ മുകൾ ഭാഗങ്ങളിലുള്ള സമ്പന്നരായ കർഷകർ ഭൂരിഭാഗം ജലവും ഉപയോഗിക്കുവാനുള്ള സാദ്ധ്യതയുണ്ട്. കുടിവെള്ളത്തിന്റെ പ്രശ്നത്തെക്കുറിച്ചാണെങ്കിൽ, ഇരുപതുവർഷത്തേക്ക് കുടിവെള്ളം കച്ച് പ്രദേശത്തും, സൗരാഷ്ട്രയിലും എത്തില്ല. അത്രയും നാളത്തേയ്ക്ക് കുടിവെള്ളപ്രശ്നം പരിഹരിക്കുവാൻ വേറെ മാർഗങ്ങൾ അന്വേഷിക്കുന്നതാവും ഉത്തമം

അണക്കെട്ടുകളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ അവയുടെ പ്രതീക്ഷിക്കപ്പെടുന്ന കാലാവധിയുടെ കാര്യത്തിൽത്തന്നെ വളരെയധികം കുറവ് സംഭവിച്ചുകൊണ്ടിരിക്കുന്നു. ഉകൈ (Ukai) അണക്കെട്ട് പ്രതീക്ഷിക്കപ്പെടുന്ന കാലാവധിയുടെ 34% മാത്രമേ നിലനിൽക്കുകയുള്ളുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. തുംഗഭദ്ര (Thungabhadra) അണക്കെട്ട് 24 ശതമാനവും, നിസാം സാഗർ (Nisam sagar( 6 ശതമാനവും മാത്രമേ നിലനിൽക്കുകയുള്ളുവെന്നാണ് ഇപ്പോൾ പറയപ്പെടുന്നത്. ഒലിച്ചുവരുന്ന മണ്ണ് അടിഞ്ഞ് അണക്കെട്ടുകളുടെ ജലസംഭരണശേഷിയിൽ ഗണ്യമായ കുറവു വരുന്നതുവഴി, അണക്കെട്ടുകൾ സമീപഭാവിയിൽ വെള്ളച്ചാട്ടങ്ങളായി മാറിക്കൂടായ്കയില്ല.

അണക്കെട്ടുകളിൽനിന്നും പ്രതീക്ഷിക്കപ്പെടുന്നത്രയും ജലസേചന സഹായവും, വൈദ്യുതോല്പാദനവും നടത്താറില്ലെന്നതാണ് മറെറാരു സത്യം. ഈയടുത്തു പ്രവർത്തിച്ചു

തുടങ്ങിയിട്ടുള്ള ബാർഗി (Bargi) അണക്കെട്ട് 4.44 ലക്ഷം ഹെക്ടർ ഭൂമിയിൽ ജലസേചനം നടത്തുമെന്ന് അധികൃതർ അവകാശപ്പെട്ടിരുന്നെങ്കിലും ഇപ്പോഴും 12,100 ഹെക്ടർ മാത്രമേ ജലസേചനം നടക്കുന്നുള്ളു. 105 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുമെന്ന് അവർ അവകാശപ്പെട്ടിരുന്നെങ്കിലും, ഇപ്പോഴും 35.40 മെഗാവാട്ട് വൈദ്യുതി മാത്രമേ അവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നുള്ളൂ. അങ്ങനെ പ്രതീക്ഷകളും വസ്തുതകളും തമ്മിലുള്ള ഭീമമായ അന്തരവും, ദീർഘവീക്ഷണമില്ലാത്ത പദ്ധതികളും മറ്റും നമ്മുടെ നദികളുടെ അന്തകരാവുന്നു.

കച്ച് പ്രദേശത്തേയും, സൗരാഷ്ട്രയിലേയും ജനങ്ങൾ സർദാർ സരോവർ പ്രോജക്ടിനോട് പ്രതിഷേധിച്ചുകൊണ്ട് ഒരു പ്രകടനം നടത്തുകയുണ്ടായി. ഈ പദ്ധതികൊണ്ട് വലിയ പ്രയോജനമുണ്ടാവില്ലെന്ന് അവരും മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ട്. എന്നാൽ രാഷ്ട്രീയ നേതാക്കന്മാർ, ഗുജറാത്തിലെ ജനങ്ങൾക്ക് വമ്പൻപ്രതീക്ഷകൾ നൽകി അവരെ നർമ്മദാ ബച്ചാവോ ആന്ദോളനെതിരെ (N B A) ഇളക്കിവിടാനും ശ്രമിക്കുന്നുണ്ട്.

ദൂരദർശന്റെ നുണപറയുന്ന സീരിയലുകളുടെ വിഷവും നമുക്കുമേൽ ദിവസേനയെന്നോണം പതിച്ചുകൊണ്ടുമിരിക്കുന്നു.

പരിതസ്ഥിതിപ്രശ്നങ്ങൾ കണക്കിലെടുക്കാതെ തുടങ്ങുന്ന പദ്ധതികൾക്കെതിരെ മുൻപും ബഹുജനസമരങ്ങൾ നടന്നിട്ടുണ്ട്. ആ സമരങ്ങളൊക്കെ വിജയം വരിച്ചിട്ടുമുണ്ട്. ഒറീസയിലെ ചിൽകാ (Chilka) തടാകത്തിൽ തുടങ്ങാനിരുന്ന ചെമ്മീൻ കൃഷിയും, ഗന്ധമാദനപർവ്വതത്തിലെ ഖനനവും ബഹുജന സമരങ്ങളിലൂടെ അവസാനിപ്പിച്ച ചരിത്രമാണ് നമ്മുടെ നാട്ടിലെ ജനങ്ങൾക്കുള്ളത്. "വെള്ളം പൊങ്ങും ഞങ്ങൾ ആ വെള്ളത്തിൽ മുങ്ങിച്ചാവുകതന്നെചെയ്യും". മണിബേലിയിലെ ആദിവാസി സ്ത്രീയുടെ പ്രഖ്യാപനം ഇന്ത്യൻ ഗ്രാമങ്ങളിൽ തീമഴയായ് പെയ്തുവീഴുന്നു.

അജയൻ പി.,
III D. C. Psychology

*With best compliments from:-*

# പ്രിയങ്കരി

റെഡിമെയ്ഡ്
മെയിൻ റോഡ്, എൻ. പറവൂർ

With best compliments of:-

**Mahalakshmi Enterprises**

Court Road,
PERUMBAVOOR

*With best compliments of:-*

**ARCHANA TEXTILES**

Potten Street
N. PARUR

With best compliments from:-

**തെക്കിനേടത്ത് ജ്വല്ലറി**

നടുവിലെകട, എൻ. പറവൂർ

*With best compliments from:-*

**HINDUSTAN TRADERS**

Market Junction, ALWAYE
Phone: 24249. Res: 24114, 25248, 24947.
Gram: HINDUSTAN
DEALERS IN PAINTS & HARDWARES

# My Prayers Is My Amulet

While flouncing about the lane
I felt the onset of a disease.
The disease of betrayal
It was flaring like a fire.

Let me pour some water,
The water of harmony
To put out the flame of
Violence and virulence

Somewhere a din of tumult,
Elsewhere a spell of anger,
Reveries turn a fiasco,
Fleeting smiles vanish.

I had a premonition
I heard loud cries
Of agony and distress
From behind curtained windows,

From beyond iron gates,
And from beneath god's towers
Freful days of fever pervaded
Let Saviours of man kind awake

With healing balm of love.
It is hightime we soothed
The broken hearts
Let me wear the amulet

For the sake of mankind.
My Prayers is my amulet

SIMI VARGESE
I B. A. ENGLISH

# കവിത ഭാരതീയം

ഇന്ത്യയിലെ വിവിധ ഭാഷാന്തര കവിതകൾ
നമ്മുടെ മാഗസിൻ താളുകൾക്ക്
കൂട്ടാകുന്നു.
ഇന്ത്യൻ അഖണ്ഡതയുടെ
വാചക കസർത്തുകളല്ല.
വിവിധ സംസ്കാരങ്ങളുടെ
ഇമേജുകളെയാണ്
പ്രതിഫലിപ്പിക്കാൻ ശ്രമിക്കുന്നത്
സ്വന്തം കാലിൽ നിൽക്കുന്ന
എല്ലാ ഭാഷാ സംസ്കാരങ്ങളും
നമുക്കു പ്രിയപ്പെട്ടതുതന്നെ.
മലയാളംപോലെ.

## ദൈവം നിശ്ശബ്ദനാണ്

ഏറെ ചെയ്തുതീർക്കാനുണ്ട്
നമുക്കീഭൂമിയെ നിവർത്തിയിടാം
ഈ മരങ്ങൾക്ക് ഇലകൾ വിടർത്തികൊടുക്കാം.
ചില്ലകൾക്ക് പൂക്കളെ നൽകാം.
പർവതങ്ങളെ ഒരേദിശയിൽ
അണിനിരത്തുകയും
ചന്ദ്രനെ ആ പർവതനിരയിൽ
തൂക്കിയിടുകയും ചെയ്യാം.
നീലാകാശങ്ങൾക്ക് വിശാലമേഖലകൾ നൽകാം.
നക്ഷത്രങ്ങളെ നമുക്ക് പ്രകാശിപ്പിക്കാം.
കാറ്റിന് ഗതിവേഗം നൽകുക
കല്ലുകൾക്ക്, ചിറകുകൾ നൽകുക
ചലനത്തിന് രാഗമാധുര്യവും.
ചുണ്ടുകൾക്ക് പുഞ്ചിരി കൊടുക്കുക
കണ്ണുകൾക്ക് തിളക്കവും.
പാതയോരത്തിലെ
ഇളകുന്ന നിഴലുകൾക്ക്
ജീവൻ കൊടുക്കുകയും വേണം.
ദൈവം നിശ്ശബ്ദനാണ്
പ്രപഞ്ചത്തെ സൃഷ്ടിക്കാനായി
നിങ്ങൾക്ക് എന്തുകൊണ്ടു വന്നുകൂടാ,
എന്തുകൊണ്ട് ഒപ്പം വന്നുസഹായിച്ചുകൂടാ?
ഇതെല്ലാം ചെയ്തുതീർക്കാൻ
എന്നെകൊണ്ടൊറ്റയ്ക്കാവില്ല.

നിദാ ഫാസ്‌ലി

## എന്നെ അടച്ചിടരുത്

ഈ അന്ധകാരത്തിൽ
എന്നെ അടച്ചിടാതിരിക്കൂ
ദുഃഖത്തിന് പ്രത്യേകിച്ചൊരു ദുർഗന്ധമുണ്ട്
മൂലകളിൽ മാറാല തൂങ്ങി നില്ക്കുന്നു
അവനും അവന്റെ കുടുംബവും
അവിടെ തൂങ്ങിക്കിടക്കുന്നു
അവരെ തൊട്ടു പോകുമോ എന്ന ഭയത്താൽ
കൈയനക്കാൻ പോലും ധൈര്യമെനിക്കില്ല
നിഴലുകൾ പരസ്പരം
പകവച്ചു പിന്തുടരുന്ന തെരുവുകളിൽ
ഞാൻഅലഞ്ഞു നടക്കട്ടെ
സ്വയം നഷ്ടപ്പെടട്ടെ
എന്നെ അടച്ചിടരുത്
ഞാനൊരു സ്ത്രീയാണ്
കേവലംആത്മാവല്ല.

പദ്മാ സച്ദേവ്

## ആ കാലം ഓർമ്മയുണ്ടോ

കൂട്ടുകാരി ആ ദിവസങ്ങൾ ഓർമ്മയുണ്ടോ?
ചെറുപ്പത്തിൽ നമ്മൾ
വിനോദിച്ചു നടന്നതും
ദൂരെനിന്നെ നമ്മുടെ മിഴികൾ കൂട്ടിമുട്ടിയതും
ഭാവിയെക്കുറിച്ച് സ്വപ്നം കണ്ടതും
നീയോർക്കുന്നുവോ?
ഞാൻ ദരിദ്രനായിരുന്നു.
ഇന്ന് പലതും മാറിമറിഞ്ഞു.
വേനൽപോയി തണുപ്പുകാലം വരികയായി.
വസന്തത്തിന്റെ നെഞ്ചിൽനിന്ന്
ഇലകൾ പൊഴിയുകയായി....
എന്നാലും ഇരുട്ടിനെ കീറിമുറിച്ചുകൊണ്ട്
സ്നേഹം ജ്വലിക്കുന്നു
എന്റെ എല്ലാ പ്രതീക്ഷകളും
അത്തരം ഒരു ദിവസത്തിൽ
നങ്കൂരമിട്ടിരിക്കയാണ്
നമ്മുടെ പ്രേമത്തിന്റെ യാത്ര തുടരുകയാണ്.
ഇപ്പോൾ പുതിയ പ്രണയം വിടർന്നിരിക്കുന്നു.
മറ്റൊരു വസന്തം!
നീ വിടരുന്ന പൂക്കളെപോലെയാണ്.
നമ്മുടെ വസന്തത്തിന്റെ
ആർദ്ര മൃദുലമായ തെന്നലാണ് നിന്റെ
നെടുവീർപ്പ്.
നിന്റെ പ്രകാശത്തോടുകൂടിയുള്ള
ഈ പുതുനിമിഷങ്ങൾ അനുഗ്രഹീതമാകുന്നു.

ദീനാനാഥ് നാദിം

## എന്റെ കണ്ണുകൾ

ഞാൻ ഈ മരണപത്രം കുറിച്ചു വയ്ക്കുന്നു:
ഞാൻ അവസാന ശ്വാസം വലിക്കുന്ന
നിമിഷത്തിൽ തന്നെ
എന്റെ കണ്ണുകൾ പറിച്ചെടുത്ത്
കാഴ്ചയില്ലാത്ത ആർക്കെങ്കിലും നൽകുക.
ഇതേവരെകാണാത്ത ലോകം
ഈ ലോകത്തിൽ മധുരമായത്—എല്ലാം
അവൻ കാണുമാറാകട്ടെ.
സമുദ്രത്തിലെ നൃത്തം ചെയ്യുന്ന തിരമാലകൾ
മത്സ്യങ്ങളുടെ താളാത്മക ചലനങ്ങൾ
വിവിധ നിറമുള്ള പക്ഷികൾ
നിഷ്കളങ്കരായ ചിത്രശലഭങ്ങൾ
മൃദുലമായ പുഷ്പങ്ങൾ
തിളങ്ങുന്ന തുഷാരമുക്തകങ്ങൾ—
നക്ഷത്രങ്ങളുടെ മിന്നലാട്ടം
മധുര മോഹനമായ നിലാവ്
ഇരുണ്ട് പെയ്യുന്ന മേഘങ്ങൾ
മഴവില്ല്
കുതിച്ചു വീഴുന്ന ജലധാരകൾ
ദിവ്യസൗന്ദര്യം തുളുമ്പുന്ന
മറ്റെല്ലാ അത്ഭുതങ്ങളും
അവൻ കാണുമാറാകട്ടെ,
പിന്നെ അവനും മരണത്തോടടുക്കുമ്പോൾ
ഈ കണ്ണുകൾ, കാഴ്ചയില്ലാത്ത
ആർക്കെങ്കിലും കൊടുക്കട്ടെ
അങ്ങനെ തിരിച്ചറിയുന്ന
എന്റെ കണ്ണുകൾ
തലമുറകളിലൂടെ ജീവിക്കട്ടെ
നിത്യതയുടെ അംശമായി
അങ്ങേ അറ്റംവരെയും
സൃഷ്ടിയുടെ ഉദാത്തകളോടുള്ള
എന്റെ അമിതമായ മമത തുടരട്ടെ

വസ്ദേവ് "നിർമൽ"

## പിച്ചക്കാരൻ

ആകാശത്തിൻ കരിനീലച്ഛായകളാലെ
ആവൃതമാം കാർമേഘക്കൂട്ടമായി—
ട്ടൊരുവനെ നീ കാണാറുണ്ടോ.
മൂത്തുപഴുക്കും ചോളക്കുലപോൽ മണ്ണിൽ
ചാഞ്ഞുനടക്കുമൊരുത്തനെ നീ
കാണാറുണ്ടോ.
ചേറുപുരണ്ടൊരു കൈയാൽ മണ്ണിനു
ജീവൻനല്കുമൊരുത്തനെ
നീ കാണാറുണ്ടോ.
ചോരപുരണ്ടൊരുകാൽപാടുകളാൽ
ചിഹ്നംചാർത്തിട്ടീവഴി പിന്നിട്ടകലും—
മൊരുത്തനെ നീ കാണാറുണ്ടോ.
അവനെൻ പ്രിയകർഷകൻ
ആകാശത്തിൻ പശിമാററാനും
കെല്പുടയോൻ
എന്നാലവനു വിശപ്പാറില
അവന്റെവയറോ ശൂന്യം
അവന്റെ മുഖമോ ദീനം.
ഉഴുതുമറിച്ചവനിളയിൽ വിതയ്ക്കുംവിത്തു
മുളച്ചുയരുന്നതുമവനുടെ കൈയായല്ലോ
ഊണിനുവിഭവമൊരുക്കി—
ട്ടുരുളയുരുട്ടുന്നേരം
ഒഴിഞ്ഞകൈകളുമായൊരുപിച്ചക്കാരനെ
നിഴലായ് നീയതിൽ കാണുന്നുണ്ടോ
സോദരാ നീയറിയണ—
മവനെൻ പ്രിയകർഷകനത്രേ.

എ. വേണുഗോപാൽ

## വ്യസനം

മാനായ്പിറന്നഞാനിപ്പോഴും പുലിയാകാൻ
കൊതിക്കുന്നു
ഇതുതാനെന്റെ സങ്കടം.
പേടിച്ചും കൺചിന്നിയും
വനവേടരെ വെട്ടിച്ചും
ഇന്നോളമുയിർകാത്തു ഞാൻ
ഇപ്പോഴോ ചോരക്കൊതിയാലെന്റെ
കൺകൾ തിളയ്ക്കുന്നു
പൊന്തയിൽ പതുങ്ങും മാനിനെ
ചാടിപ്പിടിക്കുവാൻ
തക്കം പാർത്തിരിപ്പൂ ഞാൻ.
ചുററിലും പുലികൾപച്ചമാംസംകടിച്ചു
തിന്നുമ്പോഴും
പൊട്ടിക്കരയാൻ പാടുപെടുന്നേൻ,
എന്നാൽ
പൊട്ടിച്ചിരിക്കയത്യാവശ്യമെന്നിപ്പോഴും കരുതുന്നു.
മാൻവിളികേട്ടെൻകാതുകൾ
കൂർത്തെഴുന്നേല്പൂ
മൊട്ടിടും പച്ചപ്പടപ്പിലുററുനോക്കുന്നു
പക്ഷെ
ചുററിലുമുണ്ടേ പുലിക്കൂട്ടങ്ങൾ.
ഞാനിപ്പോഴും
മരവിച്ചിരിക്കുന്നു!

ഇ. നീലകണ്ഠസിംഹ്

## പ്രതിഷേധിക്കുന്നവർ

ഞങ്ങൾ പ്രതിഷേധിക്കുന്നവരാണ്
ഞങ്ങൾ നിഷേധികളാണ്
രണ്ടുപേരുടെ പ്രതിഷേധത്തിൽനിന്ന്
ജനിച്ചവർ അനേകം ജനങ്ങളുടെ
പ്രതിഷേധങ്ങളിലൂടെ വളർന്നവർ.
ഞങ്ങളുടെ അച്ഛനമ്മമാരോട്
ചോദിക്കുന്നു, ഞങ്ങൾ ചോദിക്കുന്നു
ഞങ്ങൾ എന്തുകൊണ്ട്
അവരെപ്പോലെയല്ല,
അല്ലെങ്കിൽ
ഞങ്ങൾ എന്തുകൊണ്ട്
മറ്റാരെപ്പോലെയും അല്ല.
പ്രതിഷേധമണിഞ്ഞ്
ഞങ്ങളുടെ മുഖത്തേയ്ക്കുനേരെ ഉറപ്പിച്ച
തുറന്ന കണ്ണും വിരിഞ്ഞവായുമായി
ഞങ്ങൾ ചിരിക്കുന്നു—
മനുഷ്യന്റെയും കൊള്ളരുതാത്ത
പുരാണങ്ങളുടെയും
ധനസമൃദ്ധമായ മണിമന്ദിരത്തിന്റെയും നേരെ
നോക്കുകുത്തികളായ് ഞങ്ങൾ—
നിങ്ങളുടെ കാഴ്ചയ്ക്കെതിരെ
വീക്ഷണത്തിനെതിരെ
ഞങ്ങൾ പ്രതിഷേധിക്കുന്നു
സർ,
ഞങ്ങൾ പ്രതിഷേധികളാണ്.

ചന്ദ്രശേഖര കംബർ

## നേട്ടം

ഞാൻ ജീവിച്ചിട്ടില്ല
ജീവിതത്തിൽ ജീവിച്ചു എന്നുപറയാം
ഓരോതുള്ളിയായി
അതെന്നിൽനിന്നും വാർന്നുപോയി
ഒരൊഴിഞ്ഞപാത്രംപോലെ
അതെന്നെ വഴിയരികിലിട്ടേച്ചുപോയി
ഞാൻ ഉരുകിത്തീർന്നുവോ?
—തീയും എന്നെ കബളിപ്പിച്ചു
—എനിക്ക് മുഴുവനായും ഉരുകാൻ കഴിഞ്ഞില്ല
—ഒരിളം ചൂടോടെ
നേർത്തമെഴുകുതിരിപോലെ
എന്നെ തെളിച്ചെടുത്തിരിക്കുന്നു
എന്നെ നോക്കൂ
ഞാനാകുന്ന സൂര്യൻ
സ്വന്തം പ്രതാപത്തിൽ കഴിയവേ
ഇരുട്ടുവന്നുതകർത്തുകളഞ്ഞ സൂര്യനാണു ഞാൻ.

ധരംവീർ ഭാരതി

## ഗുരുജി

എന്റെ ഒടുക്കത്തെ ശ്വാസം പോയതും
ഒട്ടും വൈകാതെ
എന്റെ തലയിൽനിന്ന് ഇറങ്ങിപ്പോയ
ആ പേനിനെ
ഞാൻ മററൊരു തലയിൽ കണ്ടു.
'നീ വിട്ടുപോയ രീതി
ഒട്ടും ഉചിതമായില്ല'
എന്നു ഞാൻ പറഞ്ഞു.
'കാലാകാലമായി
കല്പാന്ത കാലംതൊട്ട്
ഞാൻ ഇറങ്ങിപ്പോയ
വേളകളും തലയുടെ എണ്ണങ്ങളും
അറിഞ്ഞാൽ ഇങ്ങനെ പറയില്ല'
എന്ന് പേൻ.
'എനിക്കെപ്പോഴാം വിവരമുണ്ടാവും?
എന്നു ഞാൻ ചോദിച്ചു.

സുന്ദരരാമസ്വാമി

## തിരിച്ചറിവ്

ഇവിടെ
ഞാനാരാണെന്ന്
ജനങ്ങൾ തിരിച്ചറിയുന്നു
എന്നിട്ടും
അറിഞ്ഞിട്ടില്ലാത്തവരാരോ ചോദിക്കുന്നു,
നിങ്ങളാരാണ്?
ഞാൻ പറയുന്നു:
എന്റെ തല ശംബൂകന്റേതാണ്,
ഈ കൈ ഏകലവ്യന്റേത്,
ഈ ഹൃദയം കബീറിന്റേത്,
ഞാൻ ജാബാലാ സത്യകാമൻ.
എങ്കിലും
ഈ പാദങ്ങൾ ഇപ്പോഴും ശൂദ്രന്റേതാണ്.
പക്ഷേ
ഇന്നു ഞാനൊരു മനുഷ്യനാണ്;
അതിലെന്താണൊരു കുറവ്?
അതിരിക്കട്ടെ—നിങ്ങളോ?

യശ്വന്ത് പദേല

## ഈ അഗാധത

ഈ അഗാധത തീർച്ചയായും ആകർഷകമാണ്.
നിങ്ങളുടെ പ്രവർത്തനപദ്ധതിയും ഗഹനം തന്നെ
എങ്കിലും, ഈ സമതല ഭൂമിയുടെ
സാധാരണ വിഷയങ്ങളിൽ
തൃപ്തിപ്പെടാൻ ദയവായി ഞങ്ങളെ അനുവദിക്കുക.
നിങ്ങൾ എത്ര അക്രമങ്ങൾ അടിച്ചേല്പിച്ചപ്പോഴും
ഞങ്ങൾ നിശബ്ദരായി, ആദരപൂർവ്വം
അവയെ സഹിച്ചതേയുള്ളു.
നിങ്ങൾ ചെയ്ത ദ്രോഹകൃത്യങ്ങൾക്കു
വിശദീകരണം ആവശ്യപ്പെടാൻ
ഞങ്ങൾക്കു ധൈര്യമില്ലായിരുന്നു.
ഇല്ല, ഈ ലോകഭരണം നിങ്ങൾക്കായി വിട്ടുതന്നിട്ട്
ഞങ്ങളെന്നും സ്വന്തം വഴിയിൽമാത്രം
ഒതുങ്ങിനിന്നു.
ഞങ്ങൾ സസന്തോഷം നിങ്ങളുടെ
കൊടിയേന്തിയേനേ,
ഞങ്ങളുടെ വികൃതികളായ കിടാങ്ങളും
പേരക്കിടാങ്ങളും
പക്വതയില്ലാത്ത പദ്ധതികളാവിഷ്കരിച്ച്,
മടിയിൽക്കയറാനായി
ഒരുനിമിഷം
കൈകൾ ഉയർത്തിയില്ലായിരുന്നുവെങ്കിൽ....
രാമരാജ്യമെന്ന നിങ്ങളുടെ വാഗ്ദാനം വളരെ
ഉദാരം തന്നെ
പക്ഷെ അനുമതികൾക്കായുള്ള
അപേക്ഷകൾക്കായി മെനക്കെടാതെ
സ്വന്തം വീട്ടുമുറ്റത്തു പാട്ടുപാടുവാനും
വിലക്കുകളില്ലാതെ സ്വന്തം കൂട്ടുകാരെയും
അയൽക്കാരെയും സന്ദർശിക്കുവാനും
ഞങ്ങൾക്കു കഴിയുമെന്ന്
രഹസ്യമായെങ്കിലും ഉറപ്പുതരിക.
കാരണവന്മാർക്കു ബലിയർപ്പിക്കാൻ
അനുവാദമില്ലെങ്കിൽ വേണ്ട,
കുട്ടികൾക്കായി പ്രാർത്ഥിക്കാനെങ്കിലും
നിരോധമില്ലാതിരിക്കട്ടെ.
'കവിസൂര്യോദയ'ത്തിന്റെ
എത്ര മഹത്തായരൂപാവിഷ്കരണം
നിങ്ങൾ ആകാശത്തിൽ
ആവാഹിച്ചെടുത്തിരിക്കുന്നു!
ആ സുവർണ്ണദശയിൽ ഞങ്ങൾ
തീർച്ചയായും ഒരു ഭാഗ്യപരീക്ഷണം നടത്തും.
എന്നാലും ഈ പാവം ഭൂമിക്ക്
അതിന്റെ ശോണജ്വാലകളെ
ചെറുത്തുനിൽക്കാൻ കഴിയുമെന്ന്
ഞങ്ങൾക്കുറപ്പു തരിക.
വരാനിരിക്കുന്ന കാലത്ത്,
കൂടുതൽ വിദഗ്ദ്ധമാകുന്ന
ഗൂഢാലോചനയിലൂടെ
അതിന്റെ നിഴലുകൾ
ശരീരത്തിനും ആത്മാവിനുമിടയിൽ
ഒരുകറുത്ത തിരശ്ശീല വീഴ്ത്താതിരിക്കട്ടെ.
ഈ അപകടകാരിയായ വശീകരണങ്ങളാലും
സുന്ദരമായ ദുഃസ്വപ്നങ്ങളാലും....

സദീപ് ബാനർജി

## BEAUTY CARE

(Ladies Beauty Parlour)

**M. O. Road, ALWAYE, Phone: 24112**

Tattooing, Electrolysis, Traditional and Shahnaz Herbal Treatment,
Hair cutting and Beauty Treatment for Women. Tailoring and Dress Designing.

Beautician
**Daisy Puthren**

---

## GENTS BEAUTY CLINIC

Ammancoil Road, Near Shenoye's Theatre, ERNAKULAM

OUR SERVICE ARE

Haircutting, Styling, Curling, Dyeing, Head Massage, Scalp Treatment for Dandruff & Hair Falls
Henna Treatment, Threading, Face Bleaching, Face Steaming, Face Massage,
Black head Removal Tattooing, Facial, Pimples Treatment,
Bridegroom Makeup, Chemical & Shahnaz Herbal Treatments

Car Decoration & Bouquet.

Beautician
Puthren Paul



''ഞങ്ങളുടെ അഴുകിയ വായിൽനിന്നു വരുന്ന ഒരു കല്പനയും നിങ്ങൾ അനുസരിക്കരുത്. ഇത്ര ദയനീയമായി തോററുപോയവരുടെ ഒരുപദേശവും സ്വീകരിക്കരുത്. പകരം നിങ്ങൾക്ക് നല്ലതെന്തെന്ന് നിങ്ങളെ സഹായിക്കുന്നതെന്തെന്ന് ഞങ്ങൾ പാഴാക്കി തരിശിട്ട നിലം കൃഷിചെയ്യണം. ഞങ്ങൾ വിഷം കലർത്തിയ നഗരങ്ങൾ ജനങ്ങൾക്കു ജീവിക്കാൻ കൊള്ളുന്ന സ്ഥലങ്ങളാക്കി മാററണം.''

*With Best Compliments From:*

**THE**

**FEDERAL BANK**

LIMITED

Regd. Office: **ALWAYE**

***Best Compliments of:***

# JANATHA BOOKS

LOURDE CENTRE, SUBJAIL ROAD

**ALWAYE-1**

**Phone: 22264**

SCHOOL & COLLEGE BOOKS, GUIDES
REFERENCE BOOKS, Govt. PUBLICATIONS
NOTE BOOKS, ACCOUNT BOOKS
SCHOOL & OFFICE STATIONERY
PAPER ITEMS, MAPS & GLOBES
ENGINEERING EQUIPMENTS & CALCULATORS
ETC & ETC
**From NURSERY TO IAS ENTRANCE BOOKS**

## STUDENTS BOOK STALL

SCHOOL & COLLEGE
BOOK HOUSE
SUB JAIL ROAD
**ALUVA**
Phone: 23165

# നാഷണൽ സർവ്വീസ് സ്ക്കീം പ്രവർത്തന റിപ്പോർട്ട്
# 1992 – 93

പ്രോഗ്രാം ഓഫീസേഴ്സ്
പ്രൊഫ. കെ. കെ. അബ്രഹാം
പ്രൊഫ. മാത്യു കോശി
എൻ. എസ്. വി. പ്രീതി ജോസഫ്

വോളണ്ടിയർ സെക്രട്ടറിമാർ
സാജു പോൾ കെ.
തോമസ് പോൾ ഈരാളിൽ
ജോസ്മോൻ എം. ഐ.
കവിത കെ. എൻ.

നാഷണൽ സർവ്വീസ് സ്കീം യു. സി. കോളേജ് യൂണിററിന്റെ വളർച്ചയുടെയും വിജയത്തിന്റെയും ചരിത്രത്തിലേക്ക് ഒരു പൊൻതൂവൽകൂടി സമ്മാനിച്ചുകൊണ്ട് ഒരു വർഷം കൂടി 1992-93. വൈവിധ്യമാർന്ന പ്രവർത്തനങ്ങളുടെ ആവിഷ്ക്കരണത്തിനും നിർവ്വഹണത്തിനും 1992-93 അദ്ധ്യയനവർഷം സാക്ഷ്യം വഹിച്ചു.

നാലു യൂണിററുകളിലായി 475 അംഗങ്ങളും രണ്ട് പ്രോഗ്രാം ഓഫീസേഴ്സും നാലു വോളണ്ടിയർ-സെക്രട്ടറിമാരും, എൻ. എസ്. വി.യുമുള്ള ഈ യൂണിററ് പുരോഗതിയുടെ, സേവനത്തിന്റെ മാഹാത്മ്യങ്ങൾ എഴുതിച്ചേർത്തുകൊണ്ടിരിക്കുന്നു. അംഗത്വ മാസങ്ങളിലെ തീവ്രമായ പ്രവർത്തനവും വിദ്യാർത്ഥികളുടെ സേവന മനോഭാവവും പ്രബുദ്ധതയുമാണ് ഈ വിജയത്തിനു പിന്നിൽ.

## പ്രവർത്തനോദ്ഘാടനം

പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം ബഹു. M. L. A. കെ. മുഹമ്മദാലി നിർവ്വഹിച്ചു. ബഹു. പ്രിൻസിപ്പൽ സി. ജെ. തോമസും പ്രോഗ്രാം ഓഫീസേഴ്സും മററു വിശിഷ്ട വ്യക്തികളും തദവസരത്തിൽ സന്നിഹിതരായിരുന്നു.

## എൻ. എസ്. എസ്. വാരം

ആഗസ്റ്റ് 14-ാം തീയതി മുതൽ 19-ാം തീയതി വരെയായിരുന്നു ഈ വർഷത്തെ എൻ. എസ്. എസ്. വാരം. ഗവൺമെൻറ് ആശുപത്രി ശുചീകരണം ലഹരി വിരുദ്ധ ബോധവൽക്കരണം വ്യക്തിത്വ വികസന ചർച്ചാ ക്ലാസ്സുകൾ, രക്തഗ്രൂപ്പ് നിർണ്ണയം തുടങ്ങിയവയായിരുന്നു പ്രധാന പരിപാടികൾ.

## ദ്വിദിനക്യാമ്പ്

തദ്ദേശവാസികളുടെ ഏക ആശ്രയമായിരുന്ന കരുമാല്ലൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെയും ആരോഗ്യ കേന്ദ്ര പരിസരത്തിന്റെയും ശുചീകരണം സെപ്റ്റംബർ 5 6 തീയതികളിൽ നടത്തപ്പെട്ടു

## നിയമബോധവൽക്കരണ സെമിനാർ

തെരഞ്ഞെടുത്ത കോളനികളിലെ നിവാസികൾക്കായി സെപ്റ്റംബർ 20-ാം തീയതി ബഹു. ജില്ലാ സെഷൻസ് ജഡ്ജി സതീഷ്ചന്ദ്രയുടെ നേതൃത്വത്തിൽ നിയമ ബോധവൽക്കരണ സെമിനാർ നടത്തി.

## സർവ്വേ

ആലുവ കരുണാലയം എന്ന മന്ദബുദ്ധികളുടെ പുനരധിവാസ പരിശീലന കേന്ദ്രത്തിന്റെ ആവശ്യപ്രകാരം നിർദ്ദിഷ്ട പ്രദേശങ്ങളിലെ മന്ദബുദ്ധികളായ കുട്ടികളെ കണ്ടുപിടിച്ച് പരിശീലിപ്പിക്കുന്നതിനായിട്ടുള്ള സർവ്വേ നടത്തി.

## അന്ധവിദ്യാലയ സന്ദർശനം

ഒക്ടോബർ 2-ാം തീയതി എൻ എസ്. എസ്. അംഗങ്ങൾ കീഴ്മാട് അന്ധവിദ്യാലയം സന്ദർശിക്കുകയും അവിടത്തെ അന്തേവാസികളോടൊപ്പം ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

## ഓറിയന്റേഷൻ ഡേ

നാഷണൽ സർവ്വീസ് സ്കീമിന്റെ ഉദ്ദേശത്തെയും പ്രവർത്തന രീതിയെയും മേഖലയെയും പററി പുതിയ അംഗങ്ങൾക്കായി ഒക്ടോബർ 10-ാം തീയതി ഓറിയന്റേഷൻ ഡേ ആയി ആചരിച്ചു.

## പോസ്റ്റർ പ്രദർശനവും ശിൽപ്പശാലയും

കൊച്ചിൻ P. N. N. M. ഹോസ്പിറ്റലിലെ സൈക്യാട്രി ആൻഡ് ഡി അഡിക്ഷൻ യൂണിറ്റ് മേധാവി ഡോ. എസ്. ഡി. സിംഗിന്റെ നേതൃത്വത്തിൽ കോളേജിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ഒരു പോസ്റ്റർ പ്രദർശനവും ശില്പശാലയും സംഘടിപ്പിച്ചു.

## ദശദിന ക്യാമ്പ്

ഈ വർഷത്തെ ദശദിന ക്യാമ്പ് ഡിസംബർ 18-ാം തീയതി മുതൽ 27-ാം തീയതി വരെ കോടനാട് മാർ ഔഗേൻ ഹൈസ്കൂളിൽവച്ച് നടത്തി. ക്യാമ്പിന്റെ ഔപചാരികമായ ഉദ്ഘാടനം ബഹു. നിയമസഭാ സ്പീക്കർ പി. പി. തങ്കച്ചൻ നിർവ്വഹിച്ചു. കനാൽ റോഡ് നിർമ്മാണമായിരുന്നു മുഖ്യലക്ഷ്യം. മെഡിക്കൽ ക്യാമ്പ്, വ്യക്തിത്വ വികസന ക്ലാസ്സുകൾ തുടങ്ങിയവ ക്യാമ്പിന്റെ ഭാഗമായി നടത്തി.

## ഇന്റർ കോളേജിയേറ്റ് ക്വിസ് മൽസരം

കെ. സി. വി. കെ. രാജാ എവർറോളിംഗ് ട്രോഫിയ്ക്കുവേണ്ടിയുള്ള ക്വിസ് മൽസരം ജനുവരി 23-ാം തീയതി നടന്നു. എം. ജി. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള 21 കോളേജുകൾ ഈ മൽസരത്തിൽ പങ്കെടുത്തു.

## എൻ. എസ്. എസ്. ദിനം

ജനുവരി 15-ാം തീയതി വിവിധ പരിപാടികളോടെ ഈ വർഷത്തെ എൻ. എസ്. എസ്. ദിനം ആചരിച്ചു.

## പ്രകൃതി പഠന ക്യാമ്പ്

ഫെബ്രുവരി 12-ാം തീയതി മുതൽ 14-ാം തീയതി വരെ വാഴച്ചാൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ പ്രകൃതി പഠന ക്യാമ്പ് നടത്തപ്പെട്ടു.

## യൂണിവേഴ്സിറ്റി ക്യാമ്പുകൾ

യൂണിവേഴ്സിറ്റി സംഘടിപ്പിച്ച പല ക്യാമ്പുകളിലും ഈ യൂണിറ്റിൽ നിന്നുള്ള വിദ്യാർത്ഥികൾ ശ്രദ്ധേയമായ പങ്കു വഹിച്ചു. മിസ്സോറാമിൽവച്ചു നടന്ന ദേശീയോദ്ഗ്രഥന ക്യാമ്പിൽ ഈ യൂണിറ്റിൽനിന്നും 3 വിദ്യാർത്ഥിനികൾ പങ്കെടുത്തു.

## മറ്റു പരിപാടികൾ

ക്യാമ്പസിനകത്തും പുറത്തും സംഘടിപ്പിച്ച ശുചീകരണ പരിപാടികൾ, രക്തദാന ക്യാമ്പുകൾ, വിനോദയാത്ര, മതസൗഹാർദ്ദ റാലികൾ ചർച്ചാ ക്ലാസ്സുകൾ, ഗ്രാമ സന്ദർശനം തുടങ്ങിയവയായിരുന്നു മറ്റു പരിപാടികൾ.

മാർച്ച് 6-ാം തീയതി കൂടിയ വാർഷിക ചേരലോടെ N. S. S. വിജയകരമായ ഒരു വർഷംകൂടി പിന്നിട്ടു.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ ഈ വർഷത്തെ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവച്ച അഞ്ചു കോളേജുകളിൽ ഒന്നായി ആലുവാ യൂ. സി. കോളേജ് N. S. S. യൂണിറ്റ് തിരഞ്ഞെടുക്കപ്പെട്ടു എന്നത് ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് നല്ല ഒരു അംഗീകാരമാണ്.



SAJU PAUL K.



THOMAS PAUL E.



KAVITHA K. N.

# SPORTS REPORT

It gives me great pleasure to put before you a smiling face to relate the yester year of the college activities in the field of sports and games.

The year 1992-93 came into swing with the conduct of the University summer camp in Basketball on our ground. The Manorama Trophy Basketball Tournament was held from 15th Sept. to 19th Sept. Deva Matha College Kuravilangadu and St. Xaviers Aluva were the winners in men and women sections respectively. This was followed by First Dr. A. K. Baby Memorial Hockey Tournament which was held on 27th Jan. to 30th Jan. Maharajas College Ernakulam and St. Alberts College Ernakulam came winners and runners up respectively.

The students of our college who had the honour of representing the various inter-University Tournaments are Raja Tomy and Jacob Koshy (Basketball), Baiju, K. S. (Football), Sabu M V. (Hockey), Vinoj K. V. (Cricket) Teny Varghese (Athletics), Benny Paul (Chess)

Jacob Koshy was the member of the Junior State Basketball team. Teny Varghese represented Kerala State in the National Athletic Meet held in Delhi.

Among Girls Suritha Paul, Urmila P. (Cricket) Represented the University. Regi Joseph represented the Indian University (Hockey) Bindhu C. K. Usha Jose, Beena P. V., Jeeva N. Madhavan, Rani Latha, P. Joseph represented Kerala State in the Senior National Hockey Championship held in CHANDIGARTH and Prasanna P. Mary Mathew, Ranilatha P. Joseph. Mini K. Suja Mary George, Aji C. Kurian, represented Kerala in Junior National Hockey held in Ranchi. Two of our Players represented the University team in women Hockey and Urmila P. and Seema S. represented the state in Juniour National Cricket Championship. Interhouse Tournaments were held from December onwards and came to a final with the college annual Sports which was held on Feb 16th and 17th Blue House captained by George M. Kurian and Beena P. V. won the overall Championship. Sabu M. V. and Shinu M. A. were judged Individual Champions in the men and women Section respectively. Teny Varghese (III D. C. Eco.) Aji. C. Kurian II PDC were declared. Best Athlets based on the performance in the accadamic year 1992-93 Raja Tomy was awarded the T. B. Thomas Prize for the best Basketballer. The Annual Validitry day conducted on 23rd March 1993. Prizes and Trophies were given by the chief guest Sri. Jayaram (Cine Artist). Prof C. G Varghese the retiring head of the Department of Physical Education was accorded a warm send off by the Sports Club,

I would like to soliciet everyone's co operation, inspiration and dedication to boost us to be more Active in the coming years.

SHAJI THOMAS
Sports Secretary.



# ENVIRONMENT AN ENIGMA

RAJESH R.
III B.Sc. Botany

*As long as there is the earth*
*You have the land of your dreams*

"It is not that I have never existed before, nor thou, nor all these things, nor is it that all shall cease to exist here after", preaches Bhagavad Gita.

Over the years man was dreaming about tomorrow without any concern about his surroundings. He is building 'castle in the air' by the ignominious exploitation of nature. Man is forgetting the fact he is only one among millions of species on the face of earth. His trival nature and avariace for luxury is not only destroying environment but also questioning the existence of life on earth.

Environment-modern man's favourite subject

to talk about, debate, discuss and denounce but forgotten to implement them. Conclusion was almost same after leaders of 178 nations sat around negotiating table for marathon 12 days at Rio de janerio for 'Earth Summit'. We are failing to analyse the causes and recommend remedial measures. Let us try to glance at the reasons for the nearing catastrophe.

Atmospheric pollution is the main culprit. Atmosphere has got a delicate balance between the amount of gases present there. It is very much necessary to keep this ratio constant. How can this happen when man pumps 177 million tonnes of Sulphur oxides to air. Major amount of these pollutants are contributed by developed countries like U. S. A. U. K., Germany, Italy etc. Larger concentration of carbondioxide in atmosphere can prevent infra-red heat rediations from escaping into outer space thereby increasing temperature on earth's surface. This phenomenon is known as green-house effect. However western nations are not ready to transfer environmental technology to the third world. The market oriented people consider money above the value of life on earth.

Environmental pollution is distorting the climate of the world. Each part of the earth has got its own climatic patterns which repeat in a cyclic form annually. Now pollution virtually forced to break this cycle. The best but worst example for it is in India itself, Chirapunjee is no longer the area which has got highest annual rainfall. The phenomenon of global warming is only one among many other challenges man faces on earth. Due to global warming ice in poles are melting and sea level is rising. We will be drowning by 6cm. per decade over next century as the sea level is rising.

*The germs of life can never grow*
*In a missail — torn earth.*



Ozone depletion got into the sevious thoughts of the environmentalists only last decade. The protective ozone layer or umbrella of stratosphere over the earth protects life forms from Ultraviolet radiations. Certain chemicals like chlorofluro carbon or CFCs release chlorine atoms from them due to certain radiations. Each chlorine atom is capable of converting one lakh ozone molecules to oxygen rendering them useless. with the absence of ozone

shield Ultraviolet radiation can cause suppression of body's immune system. Plants like tomato, cotton etc. are very sensitive to Ultraviolet radiation. It can affect the marine food-web also which is supposed as the food for future generations.

Loss of biological diversity will be the biggest disaster environmental pollution can cause. Nature is so perfect that a single life form cannot exist in earth without cause. Earth's genes, species and ecosystems are products of hundreds of millions of years of evolution. So it is necessary to keep alive every diverse flora and fauna.

Oceans cover about 70% of earth's surface. So marine pollution affects not only living organisms in ocean but also has its impact on land. Sewages and dreading results in marine pollution. It is believed that oceans will be able to meet the food demand of growing population over the next century But if pollution continues in this rate it will scuttle the balanced marine ecosystem. Marine pollution has already resulted in decrease by 25% of productivity of oceanic organisms.

Man is forgetting the fact he is adding poison to drinking water. Quality of pure water for all living forms is retrograding Pesticides and insecticides used in agricultural fields can be cited as the entry point of toxic chemicals to the water cycle which later on find its way to every cell of every live form. Ground water is one of the common sources for fresh water but its excessive use have resulted in the towering of water table. Near coastal areas it has been found that fresh water has been replaced by saline water.

The capitalistic world had made their own version of earth's geography. They turned millions of hectares of green world into deserts just for the sake of their industries. Marshy lands were drained to drylands. Here we are altering the structure of a biotic community. Modern man haven't taken his hands off the 'Lungs of the earth' -Forests. Of all the forests, Tropical forests constitute 54%. Boreal forests 25% and temperate forests 21% Developed countries have already used up most of their forest resources for money. These same people are appealing to the third world not tooch their forest resources. How can this happen if the poorer world dave no other option to feed its own children.

*Nothing is so fair as the earth*
*Blessed are those who love the earth*



Toxic chemicals and hazardous wastes do their part in environmental damage. we can't forget the sufferings of thousands in Bhopal after the leakage of methyl 15C cynate from Union carbide in 1984. India in unable to convict the culprits as the owners of this multinationals company are residing in the western world Even the central government tried to settle the case by accepting some amount in its begging bowl for short term benefits. Some European and North American countries are dumping their nuclear and radioactive wastes in the coastal areas of Africa. These radioactive elements may enter the food chain and accumulate in organisms. Radioactivity can cause genetic damage. In this unipolar world nobody dares to question these occidental villans. Oil spills are quiet common now a days as millions of tonnes of oil is transported through the sea. In 1976 near Tobago area about 2, 76, 000 tonnes of crude oil was spilled.

After all man is not the only one to be blamed. Nature has got its own way which sometimes we may be able to answer how it happens but not why. Earthquakes can raze everthing to ground. Most of the earthquake prone areas are in Latin America, Eastern Asia etc An earthquake of 1976 left 2.5 lakh people dead in China. Floods and droughts are very common since last century. Volcanoes spill molten lava which char everything on its way. Forest fires are very common during summer season. Hurricanes and Typhoons reaching up to a speed above 200 km. per hour are regular unwelcomed visitors in Bangladesh, Philippines and Central America. These may be nature's own way of containing human beings before we take on nature.

While analysing the reason for this crisis notable causes for this nearing catastrophe are Agriculture and food production, Energy production and use, Transport, Tourism without any regard for nature, Unplanned urbanization, Profit oriented industrial economy without environmental safeguards. This is our last chance to save our planet. We have to swear to keep our environment alive and at the same time the development sustained. Let us not forget "Destiny is not a matter of chance; It is a matter of choice; It is not a thing to be waited for, it is a thing to be achieved".

*The seeds of the earth can only sprout If mother earth is preserved*



ഒരിക്കൽ കൂടി
ഒരിക്കൽ കൂടി

ഒരിക്കൽ കൂടി
ഒരിക്കൽ കൂടി

ഒരിക്കൽ കൂടി
ഒരിക്കൽ കൂടി

ഒരിക്കൽ കൂടി
ഒരിക്കൽ കൂടി

ഒരിക്കൽ കൂടി
ഒരിക്കൽ കൂടി

# ഒരിക്കൽ കൂടി

ഒരിക്കൽ കൂടി
ഒരിക്കൽ കൂടി

ഒരിക്കൽ കൂടി
ഒരിക്കൽ കൂടി

ടാറിട്ട വഴിയിലൂടെ കാറിൽ സഞ്ചരിക്കുമ്പോഴും ജീവിതത്തിന്റെ കളികളെ കുറിച്ചോർക്കാതിരിക്കാനായില്ല. രണ്ടുവർഷം മുമ്പ് ഈ വഴിയിലൂടെതന്നെ സ്കൂൾബസ്സിൽ ഒരു യാത്ര .. ........പിരിയുന്നതിനു മുൻപ് കൂട്ടുകാരുമൊന്നിച്ച് ഭാഗ്യത്തിനു വീണുകിട്ടിയ ഒരു പിക്നിക്. അതിൽകവിഞ്ഞ് യാതൊന്നും അന്ന് തോന്നിയിരുന്നില്ല എന്തിന്! ഒരിക്കൽകൂടി ഈ വഴിവരേണ്ടിവരുമെന്ന് സ്വപ്നത്തിൽപോലും പ്രതീക്ഷിച്ചതല്ലല്ലോ!

വൃദ്ധരും നിരാലംബരും സസന്തോഷം വാഴുന്ന സ്നേഹാലയം! ആശയം കൊള്ളാം. വർഷാവസാനപരീക്ഷക്ക് അനുഗ്രഹാശിസ്സുകൾ കന്യാസ്ത്രീകൾ കണ്ടുപിടിച്ച വ്യക്തികൾ ആരോരുമില്ലാത്തവർ! മധുരപലഹാരങ്ങളുമായി കടന്നുചെല്ലുന്ന ഞങ്ങൾക്ക വേണ്ടിയല്ലാതെ അവർ ആർക്കുവേണ്ടി പ്രാർത്ഥിക്കാനാണ്. കന്യാസ്ത്രീകളുടെ ബുദ്ധിയെ ഒരു നിമിഷമെങ്കിലും അഭിനന്ദിക്കാതിരിക്കാനായില്ല.

എല്ലാത്തിലും തമാശമാത്രം കാണുന്ന പ്രായം. ഇപ്പോൾ ആരുടേയും അനുഗ്രഹവും മററും വേണ്ടെന്നമട്ടായിരുന്നു എല്ലാവർക്കും. ആ ദിവസം വെറുതെ കളയണോ? വീട്ടിലിരിക്കുകയാണെങ്കിൽ ഉപകാരപ്രദമായ എന്തെങ്കിലും പഠിച്ചുകൂടെന്നില്ല. എല്ലാവർക്കും സംശയമായിരുന്നു വെറുതേ എന്തിനീ യാത്ര? പക്ഷേ, സുഹൃത്തുക്കളുമായി ചെലവഴിക്കാൻ കിട്ടുന്ന അവസാനത്തെ അവസരമായിരിക്കും ഇത്. പാട്ടും കൂത്തുമായി വീണ്ടുമൊരു ഉല്ലാസയാത്ര. പൊയ്ക്കോളൂ, മനസ്സുപദേശിച്ചു.

യാത്രയുടെ അന്ത്യത്തിൽ ചുട്ടുപൊള്ളുന്ന മരുഭൂമിയിൽ ഒരു പൂങ്കാവനമെന്നപോലെ ചെറുതല്ലാത്ത ഒരു കെട്ടിടം. ആദ്ധ്യാത്മികതയുടെ പ്രതീകമായ നീലയും വെള്ളയും ചായമടിച്ച ആ കെട്ടിടത്തോട് മടുപ്പാണ് തോന്നിയത്. ഇത്തരം തടവറകളിൽ നിന്നും മോചനമില്ലെന്നോ? മനസ്സിൽ തോന്നാതിരുന്നില്ല. രണ്ടുമൂന്നു മാസങ്ങൾകൂടി കഴിഞ്ഞാൽ

ഒരിക്കൽ കൂടി
ഒരിക്കൽ കൂടി
ഒരിക്കൽ കൂടി
ഒരിക്കൽ കൂടി
ഒരിക്കൽ കൂടി
ഒരിക്കൽ കൂടി
ഒരിക്കൽ കൂടി
ഒരിക്കൽ കൂടി

……ഉല്ലാസവുമായി ഞങ്ങളെ കാത്തിരിക്കുന്ന കോളേജിലേക്ക്. എന്നിട്ടുവേണം ജീവിതമൊന്നാസ്വദിക്കാൻ!

മടുപ്പിക്കുന്ന ഇടവഴിയിലൂടെ നിശബ്ദതയെ കൂട്ടുപിടിച്ചു നടക്കുമ്പോഴാണ് ഒരു വശത്തെ മുറിയിൽനിന്നും ഒരു ശബ്ദംകേട്ടു. ആശ്ചര്യത്തോടെ തിരിഞ്ഞുനോക്കി. പാൽപുഞ്ചിരിയുമായി നല്ല വെളുത്ത താടിയുള്ളൊരപ്പൂപ്പൻ. എന്തൊരു സന്തോഷമാണാ മുഖത്ത്! ചിരിക്കാതിരിക്കാനായില്ല. “ഇങ്ങോട്ടുവാ, ഒരു കൂട്ടം കാണിച്ചുതരാം. കൂട്ടുകാരിയുടെ കൈയിൽ പിടിച്ചുവലിച്ചുകൊണ്ട് കട്ടിലിന്നടുത്തേക്ക് ചെന്നു. വീണ്ടും ആ ചിരി. ചിരിയുടെ അവസാനത്തിൽ നീളമുള്ള കുപ്പായത്തിന്റെ കൈപൊക്കി ഒരു നീലനിറത്തിലുള്ള അടയാളം ഞങ്ങളെ കാണിച്ചു. ചിറകുയർത്തി പറക്കാനൊരുങ്ങി നിൽക്കുന്ന ഒരു ഗരുഡന്റെ ചിത്രം. അത്ഭുതത്തോടെ അതു നോക്കിനിന്ന ഞങ്ങളുടെ കൈകളിൽനിന്നും ഒരു നിമിഷത്തിനുള്ളിൽ മധുരപലഹാരങ്ങളടങ്ങിയ പൊതി തട്ടിയെടുത്തു. എന്താണു സംഭവിക്കുന്നതെന്നു മനസ്സിലാകുന്നതിനുമുമ്പുതന്നെ അദ്ദേഹം അതിൽനിന്നൊരു ലഡു എടുത്തുതിന്നു തുടങ്ങി. ഞങ്ങളും അതു കൊടുക്കാൻ നിശ്ചയിക്കപ്പെട്ടിരുന്നവരോട് എന്ത് പറയുമെന്നോർത്ത് മിണ്ടാതെ പുറത്തുകടന്നു.

ഒരു പാട്ടയിൽ ഓരോരുത്തരുടേയും പേരെഴുതിയ കടലാസ്സുതുണ്ടുകളുമായി ഓരോ കിടക്കരികിലും ചെന്നു ഓരോരുത്തർക്കും വേണ്ടി പ്രാർത്ഥിക്കാൻ നിയോഗിക്കപ്പെട്ടവർ. കുററബോധം തോന്നാതിരുന്നില്ല. അവരുടെ നിസ്സഹായതയെ ഞങ്ങളും ചൂഷണം ചെയ്യുകയല്ലേ ?

“സുനിതേ, ഇതാ നിന്റെ പേരു”

ഒരു വൃദ്ധയുടെ അടുത്തുനിന്ന് രമ വിളിക്കുന്നു. അടുത്തേക്കുചെന്ന തന്റെ ചുമലിൽ പിടിച്ചുകൊണ്ട് ആ വൃദ്ധ പറഞ്ഞു. “നമുക്ക് അപ്പുറത്തേക്കു പോകാം. ഇവരൊക്കെ നോക്കുന്നതു കണ്ടില്ലേ മഹാ അസൂയക്കാരാ. എന്റെ മോളെ കണ്ണുവെക്കും”.

തന്നെ നയിച്ചുകൊണ്ട് കുറച്ചകലെ കിടന്നിരുന്ന ഒരു കട്ടിലിന്നടുത്തേക്ക്. ആ ശുഷ്ക്കിച്ച കൈകളുടെ ബലത്തെ കുറിച്ചോർത്ത് അത്ഭുതപ്പെടാതിരിക്കാനായില്ല. എന്ത് ശക്തിയിലാണ് തന്റെ കൈ പിടിച്ചിരിക്കുന്നത്!

കട്ടിലിന്നടുത്തെത്തിയപ്പോഴും അവർ സ്നേഹത്തോടെ പറഞ്ഞു “ഇരിക്കു, മോളെ” പെട്ടെന്ന് അവർ കിടക്കവിരി എടുത്ത് തട്ടിക്കുടഞ്ഞു. വൃത്തിയായി വിരിച്ചിട്ട് ഒരിക്കൽ കൂടി പറഞ്ഞു. “ഇരിക്കു, ഒരു പാട് യാത്ര ചെയ്ത് അമ്മയെ കാണാൻ വന്നതല്ലേ?” മടിച്ചുമടിച്ച് കട്ടിലിന്റെ ഒററത്തിരുന്നു. “നല്ലവണ്ണം കയറിയിരിക്കു മോളെ. ശരിക്കിരിക്ക് അമ്മ ഒന്നു കാണട്ടെ ”

ഏതോ വിചിത്ര ലോകത്തിലകപ്പെട്ട പ്രതീതിയായിരുന്നു തനിക്ക്. ആരോരുമല്ലാത്ത തന്നോട് എന്തുമാത്രം സ്നേഹമാണവർ കാണിക്കുന്നത് ദൈവമേ! …….

തന്റെ അടുത്തിരുന്നു കൊണ്ട് അവർ തന്റെ കൈ അവരുടെ കൈയിലെടുത്തു. “നല്ല ഐശ്വര്യമുള്ള കൈ. തീർച്ചയായും

ഒരിക്കൽ കൂടി
ഒരിക്കൽ കൂടി
ഒരിക്കൽ കൂടി
ഒരിക്കൽ കൂടി
ഒരിക്കൽ കൂടി
ഒരിക്കൽ കൂടി
ഒരിക്കൽ കൂടി
ഒരിക്കൽ കൂടി

എന്റെ കുട്ടിക്ക് ഒരു നല്ല ഭർത്താവിനെ കിട്ടാതിരിക്കില്ല. ഒരു വലിയ ഉദ്യോഗസ്ഥൻ തന്നെ മോളെ കല്യാണം കഴിക്കും. മോളെ അയാൾ സ്നേഹിച്ചു കൊല്ലും. നോക്കിക്കോ. "തന്റെ കണ്ണുകൾ ഇടയ്ക്കിടെ അടുത്ത കട്ടിലിന്നരികെ ഇരുന്നിരുന്ന സുനിലിനു നേരെ പോകുന്നതു് അവർ ശ്രദ്ധിച്ചോ. ആവോ!

പെട്ടെന്ന്, വിഷയം മാററാനായി താൻ പറഞ്ഞു "ഞങ്ങൾക്ക് പരീക്ഷയാണ്". അമ്മ പ്രാർത്ഥിക്കണം."

"എനിക്കെല്ലാം അറിയാം മോളെ എനിക്കു തരാവുന്ന എല്ലാ അനുഗ്രഹങ്ങളും മോൾക്കുണ്ടാവും. മോൾ പഠിച്ച് വലിയ മിടുക്കിയാവും എല്ലാ ഐശ്വര്യവും മോൾക്കുണ്ടാവും"

ഇതുവരെ താനവരെപ്പററി ഒന്നും ചോദിച്ചില്ലല്ലോ എന്നോർത്തതപ്പോഴാണ്. ഈ വൃദ്ധാവസ്ഥയിൽ ഒററയ്ക്കാവാൻ ...... "മക്കളൊക്കെയില്ലേ?" മടിച്ചു മടിച്ചു ചോദിച്ചു. നിസ്സാരഭാവത്തിൽ മറുപടി "അഞ്ചാറെണ്ണത്തിനെ പെററു. മൂന്നെണ്ണത്തിനെ ദൈവം അങ്ങോട്ടു തന്നെ വിളിച്ചു. നല്ല പിള്ളേരായിരുന്നു "ആ കണ്ണുകൾ തുടയ്ക്കുവാൻ താൻ ആഗ്രഹിച്ചു. മററുള്ളവർ കാണുമെന്നു ഭയന്ന് നിയന്ത്രിച്ചു. പക്ഷെ ആ ചുളിഞ്ഞ മുഖത്തിലൂടെ കണ്ണീരൊഴുകുന്നതു കണ്ടിട്ട് തനിക്കെന്തോ സഹിക്കാനാവാത്തതു പോലെ. അത്ഭുതം തോന്നി. താനെന്തേ ഇങ്ങനെയാകാൻ? ആരുമായിട്ടും അധികം അടുപ്പം സൂക്ഷിക്കാത്ത താൻ ഇപ്പോൾ എന്തേ ഇങ്ങനെ ദുർബലയാകാൻ!

ഇനിയും നേരമുണ്ട്. എല്ലാവരും തന്റെ പ്പെട്ടുള്ള വൃദ്ധരോട് അനുമതിയൊക്കെ പറയുന്നു. എന്തെങ്കിലും ചോദിക്കാൻ വേണ്ടി ചോദിച്ചു. "ഭർത്താവോ?"

"അങ്ങേര് പോയി. അതൊന്നും മോളോടു പറയാൻ കൊള്ളത്തില്ല. എന്റെ സഹായത്തിന് ഒരു കുട്ടിയുണ്ടായിരുന്നു. മരിച്ചു പോയ എന്റെ അനിയത്തീടെ മകളാ. അവൾടെ ഒപ്പം ഒരു വീടു വച്ചു കഴിയുന്നു. എന്റെ ഭർത്താവ് മരിച്ചെന്നേ ഞാൻ കണക്കാക്കീട്ടുള്ളൂ " ഒന്നു നിറുത്തി പിന്നെയും തുടർന്നു "മോളോടിതൊന്നും ഞാൻ പറയാൻ പാടില്ലാത്തതാ. മോളതൊന്നും അറിയേണ്ട. മോൾ അമ്മേടെ അടുത്ത് വരണം എപ്പോഴും വരണം. അമ്മയ്ക്ക് മോളല്ലാതെ മററാരുമില്ല." തന്റെ കൈയെടുത്ത് കണ്ണിൽവച്ചു കരയുന്ന അവരെ ആശ്വസിപ്പിക്കാനറിയാതെ കുഴങ്ങി. "വരാം, അമ്മേ, ഞാൻ ഇടയ്ക്കൊക്കെ വരാം." തന്റെ ശബ്ദം തീരെ ദുർബ്ബലമായിരുന്നോ? ഇനിയും ഇവിടെ വരുമെന്ന് എന്താണുറപ്പ്? എങ്ങിനെ വരാൻ? സാരമില്ല. അവർ ആശ്വസിക്കട്ടെ.

തന്നോട് ഇത്ര സ്നേഹം തോന്നാൻ ഇവർ തന്റെ ആരാണ്? ഒരു നിമിഷം അങ്ങു ദൂരെ മണലാരണ്യത്തിൽ കിടന്ന് തനിക്കുവേണ്ടി കഷ്ടപ്പെട്ടധ്വാനിക്കുന്ന അച്ഛനമ്മമാരെ കുറിച്ചോർത്തു. അറിയാതെ പൊട്ടിക്കരഞ്ഞു പോയി. തന്റെ അസാധാരണമായ ഭാവമാററംകണ്ട് അവർ പകച്ചു പോയെന്നു തോന്നുന്നു. തന്നെ ആശ്വസിപ്പിച്ചു കൊണ്ട് അവർ പറഞ്ഞു. "വാ. മോൾടെ കൂട്ടുകാരെയൊക്കെ അമ്മക്ക് പരിചയപ്പെടുത്തിതാ".

ഒരിക്കൽ കൂടി
ഒരിക്കൽ കൂടി

ഒരിക്കൽ കൂടി
ഒരിക്കൽ കൂടി

ഒരിക്കൽ കൂടി
ഒരിക്കൽ കൂടി

ഒരിക്കൽ കൂടി
ഒരിക്കൽ കൂടി

---

എന്തോ, മനസ്സു വഴങ്ങാത്തതു പോലെ. വേണ്ട, തന്റെയല്ലാത്ത ആരെയും അവർ അറിയണ്ട. ആ കൈപിടിച്ചുകൊണ്ട് ആ കെട്ടിടത്തിനു ചുറ്റും നടന്നു. വഴിയേ പോയ ഒരു ആയ അവരെ കളിയാക്കുന്നതു കേട്ടു. ''ഓ, അമ്മയ്ക്ക് പുതിയ കൂട്ടുകാരിയെയൊക്കെ കിട്ടിയല്ലോ''.

പെട്ടെന്നാണ് കണ്ടത്. വരിവരിയായി ബസ്സിനു നേരെ പോകുന്ന കുട്ടികൾ. ഞങ്ങൾക്ക് അനുവദിക്കപ്പെട്ടിരുന്ന സമയം കഴിഞ്ഞു. ഇനി പോയെ മതിയാകൂ. ഒരിക്കൽ കൂടി വരാമെന്ന് വാക്ക് പറഞ്ഞ് ആ കൈകൾ വിട്ടുവിച്ചു. നേരെ നടന്നു. തിരിഞ്ഞു നോക്കാൻ തോന്നിയില്ല.

ഇന്നും വീണ്ടും ഞാൻ അങ്ങോട്ടു പോവുകയാണ്. തന്നെ മറന്നു കാണുമോ? അതോ തന്റെ കട്ടിലിന്നരുകിൽ താൻ നൽകിയ ഓർമ്മക്കുറിപ്പുമായി അവർ ഇരിക്കുന്നുണ്ടാവുമോ………''?

സെർമിന കെ. ബി.
II PDC Group II

---

*With best compliments from:*

**SIMILIA**
*HOMOEO LABORATORY*
MANUFACTURERS OF HOMOEOPATHIC
BIOCHEMIC AND PATENT MEDICINES

Phones off: 26481 Res: 24651
P. O. Box 614
U. C. College P. O. 683102
Alwaye Ernakulam Kerala

---

**With best compliments from:**

**RADO TYRES**
The First Semi - Radial Tyre for
Three and Two Wheelers in India

Phone : 360010
363321
Telex: 0885-6880 Rado in

Regd Office
RADO TYRES LTD
Kerala Times Building
P. B. No. 1921 Banerji Road
COCHIN - 682 018



# THE TWO SEGREGATIONS OF CASTE AND SEX

The Indian people are the saddest on earth. They are so because they are also the poorest and the most diseased. Another equally important reason, however, consists in the peculiar bend their spirit has received particularly during their recent history. They profess a philosophy of non-attachment, immaculate in its reasoning and more so in its insight, but practise the coarsest kind of attachment. They so cling to life that they prefer to live it on the lowest levels of misery rather than risk it in some great effort, and of greed of money and power, no people on earth gives a greater exhibition.

I am convinced that two segregations

of caste and woman are primarily responsible for this decline of the spirit. These segregations have enough power to kill all capacity for adventure and joy.

All those who think that, with the removal of poverty through a modern economy, these segregations will automatically disappear make a big mistake. Poverty and these two segregations thrive on earth other's worms.

All war on poverty is a sham, unless it is, at the same time, a conscious and sustained war on these two segregations.

The President of the Indian Republic publicly bathed the feet of two hundred Brahmins in the holy city of Banaras. To bathe another's feet publicly is vulgar, to restrict this vulgar privilege to the caste of Brahmins should be a punishable offence, to include among this privileged caste a majority of no learning nor character is complete loss of discrimination, an inevitable accompaniment of the caste system and lunacy.

That the president could have indulged in this vulgar display is a merciless indictment of people like me who can only chafe and fume in impotent wrath.

I will not highlight the two accomplices in this crime, who adorn places of power in Uttar Pradesh. One of them is childishly anxious to have Banaras recognise him as a Brahmin and the other has probably admitted defeat and is now confusing the lowest depths of Hinduism for its sublime peaks of contemplation and culture.

Banaras has, in recent years, bred a vice, which strives to accord other groups of the twice-born the status of the Brahmin, which derides the 'Brahmin by birth' for the advantage of what it has chosen to call the 'Brahmin by deed.' The addicts of this vice have a funny complex towards Brahmins, whom they either insult or worship. Such Banias and Kayasthas are totally unable to have a normal human relationship of equality with those who are born Brahmins.

I must record that I got the full story of this evil act from a Brahmin. He had been included among the two hundred. He was the only one to have shrunk away in horror at the minute, before he could become guilty of this fell act of having his feet bathed by the president of his Republic. His place was rapidly filled up by a substitute

But I shall ever cherish this poor teacher of Sanskrit, the only man in this ghastly devils' play. It is only such men and women, who although they are born as Brahmins, are preventing the engulfment of the whole country by the perverted anti-Brahminism of the south.

I warn such Brahmins of Banaras and elsewhere as are gloating over this debasement of the human spirit and of the Indian Republic. Evil acts and pleasure in them recoil.

To bathe another's feet on the ground that he is a Brahmin is to guarantee the continuance of the caste system, of poverty and sadness. From this to Nepal Baba and a pledged vote under the spell of Ganga water is a chain.

The spirit, of which such evil acts are born, can never plan the country's welfare nor adventure with joy. It will every keep

[redacted]

the vast millions lowly and submerged. It will deny them social and economic equality, just as much as it denies them spiritual equality.

It cannot improve the country's agriculture or industry, for it is the kin of the dungheap and the cesspool, which breed bugs and mosquitoes, although it may well use the D.D.T. around the precincts of the highcaste rich. Bugs, mosquitoes, famine and public bathing of Brahmins' feet sustain one another. They also sustain an incest of the mind, an inbreeding in the realm of ideas, for the adventure of conversation among minds, engaged in varying occupation and born in different strata, dies out

A black sadness prevails, for there is no novelty, no possibility of free conversation between the priestess and the shoemaker, the teacher and the laundress in a land, whose president bathes Brahmins' feet.

One may disagree with one's president or consider his ways queer, but one would like to respect him. To deserve such respect, the president must not violate the elementary rules of civil conduct.

I had once before had occasion to write an unpublished comment on the president's view of social relations between man and woman, but he had not then completely lost my respect. He has done so now with this irrevocable act of brother killing brother, for the hands that publicly wash Brahmins' feet belong to legs that may kick the Sudra and the Harijan.

Dr. Rajendra Prasad may not worry yet whether he had the respect of my likes, for, if socialism and even democracy were not as impotent as they are today in India, the youth of Branares would have been hurt to the core of its being and would have demonstrated in such mass as to make the display of this vulgarity impossible.

There must be yet some means to bring to the president and his U. P. accomplices the enormity of their offence. For the moment, I must repeat that he has lost my respect and of many millions like me.

I will not accuse the Prime minister and his government of weakness in permitting the President of the Republic to so debase himself publicly. My charge against him is profounder. The man, who can cleverly cover up his traces on his issue of the caste system, is by far the more mischievous.

Pandit Nehru is on record for having extolled what he chose to call the "Brahminic spirit of service." What Dr. Rajendra Prasad seeks to do by commission, Pandit Nehru achieves by omission.

Aside from general and airy fulminations against the caste system, it would be interesting to know what the Prime minister has done to smash caste and to encourage fellowship among all.

One may apply a very small test On the day that marriage between Sudra and Dvija is designated as a qualification, among others, for recruitment to the administration and the armed forces and refusal to interdine as a positive disqualification, the war on caste will begin in earnest. That day is yet to dawn.

I must make quite clear that marriage between Sudra and Dvija is not to be mixed up with marriages between Bania and Brahmin

and so forth for they are fairly easy and within the fold.

A false cry of holy horror at such infringement of civil rights may be expected, as if civil rights are not infringed by this fell custom of restricting a human choice to hereditary groups. One may also expect derision at such a qualification of inter-marriage for government service. Every state has the right to strive for its security and cohesion and the dispelling of that black sadness from which all novelty has fled.

That has already brought me on to the segregation of woman from man. These two segregations of caste and sex are interrelated and sustain each other. All spark goes out of conversation and life and vital juices do not flow freely.

I was part of a coffee-house group of talkers one day, when someone suggested that it was such coffee-talk that bred the French revolution. I boiled with rage There was not one Sudra among us. There was not one woman among us A dull, effete and insipid lot we were, cattle ever cudding yesterday's feed.

All politics in the country, Congress, Communist or Socialist, has one big area of national agreement, whether by design or through custom, and that is to keep down and disenfranchise the Sudra and the woman who constitute over three-fourths of our entire population.

The woman's problem is undoubtedly difficult. Her slavery to the kitchen is an abomination, and the stove that smokes horribly. She must be given a reasonable time-table for food and also a chimney that spirals the smoke away. She must indeed take part in the agitations against under-feeding and unemployment. But her problem also reaches beyond that.

Mrs. Shakuntala Srivastava has been writing a series of charming articles on the position of Indian women and I am glad to note that she has overcome the usual feminist passion of piling it on men and is now willing to recognise that both men and women are guilty in varying measure. But she will have to travel further.

I remember the day when the platform wished to have her at an important conference and she refused to move from the gallery, but I knew her remedy. I had only to threaten to hold her by the arm and she moved docilely from the gallery to the platform.

The issue of what is virtue and what is sin can no longer be shirked. I believe that spirituality is absolute but morality is relative, and each age and even individual must discover a specific morality.

Of two women, one who has given birth to just one child in all her life, although an illegitimate one, and another who has produced half a dozen legitimate brats and more, who is the more decent and the more moral? Of two persons, a woman who is thrice divorced and has married a fourth time, and a man who marries a fourth time, because his earlier wives have died one after another who is the more decent and the more moral?

I do not deny that divorces and illegitimacy and the like are somewhat of a failure and monogamous but spontaneous loyalty is probably the standard to attain in man-woman relationships. But the standard is often missed

[redacted]

in this as in other human spheres, when man or woman strives for perfection.

What then? I have no doubt that just one illegitimate child is heaps more decent than half a dozen legitimate brats. There is equally no doubt that the death of three wives or husbands cannot all be due to accident, and an amount of neglect and penury must have obtained and such neglect which may have occasioned three or more separations.

The judgements are no longer of marginal value. They have acquired a universal significance because conditions relating to marriage and after are today sinful, if anything can be called a sin. A girl without a dowry is a person of no consequence, like a cow without her calf.

Parents have told me with tear-sodden eyes how their daughters are maltreated and sometime put to death if there is difficulty in paying out the arranged dowry in full. Just as there are agricultural situations in which a person earns more by leasing than by labouring, a less educated girl is superior to a better educated one, for her dowry is smaller.

India is perverted today; with all their talk of sex purity, the people are by and large dirty in their ideas of marriage and sex.

The giving and taking of dowry must, of course, be penalised, but a change has also to take place in the mind and its values. To arrange marriages on the sight of a photograph or in the nervous atmosphere of a cup of tea brought by a shrinking phantom is any day more ridiculous than the earlier marriages through the barber or the Brahmin. It is like buying a horse who is indeed brought before the buyer, but whose hoofs one may not touch nor closely examine the teeth.

There is no half way house. India will have to recover her ancient virility, which is another way of saying that she must become modern.

It is no responsibility of a parent to marry his or her daughter; the responsibility ends at providing a good education and good health. If a girl knocks around and elopes and mischances into illegitimacy, that is all part ofthe bargainto achievenormal relationships between man and woman and no stain at all

But society is cruel. And women can be exceedingly cruel. It is annoying to see how married women behave and gossip about females, particularly if they are unmarried who go about with different males. With such cruel minds, the segregation of man from woman will not end.

Sri Vinoba Bhave has been tempted to corrupt his estimable Bhoodan movement with unholy notions on birth-control and on the caste system or at least its surcharged allusions. I believe that every couple who have produced three children should be sterilised and that facilities of sterilisation, or at least birth control, should be made available to every man or woman, married or unmarried, who does not wish to risk pregnancy.

Celibacy is generally a prison-house. Who has not met such imprisoned souls, whose virginity shackles them and who eagerly await a liberator?

Has not that imprisoned virgin, Mr. J. C. Kumarappa, given a public exhibition of his condition by praising Russian boys and girls for going about in separate packs, they were probably mass coquetting or mas courting without his knowledge, and has already expressed his yearning for a liberator of his soul?

It is time that young men and woman revolted against such puerilities. They should ever remember that there are only two unpardonable crimes in code of sexual conduct rape and the telling of lies or breach of promise. There is also a third offence of causing pain or hurt to another, which they should avoid as far as possible.

How coarse life has become? Leaders of society are known to spend as much as fifty thousand rupees on the printing of wedding cards. The magnificence of their weddings consists not in the amities of soul, which the marrying couple may have been able to explore, but in necklaces which are priced at twenty lakhs and saris at fifty thousand and more.

I ran into one such multi-millionaire at a tea party, who had the added impertinence to tell me that such saris did not exist and I felt like sending him to the school of mink coats. Only once before years ago had I met this man, when he called on me and tried to flatter me for a whole two hours, for some naughty person had telephoned him to say that his factory would be blown up by my men for his wicked deals. He was coarse enough to suggest that he could be of some use to my Party and, as I was not coarse enough to accept his offer in ransom for his misdeeds, he has never again repeated his generous impulses.

It is at moments like these when one is temporarily blinded into the evil temptation for the bomb and the acid bulb.

Religion, politics, publicity are all conspiring to preserve the slime that goes by the name of culture. This conspiracy of the status-quo is terrific in its power to spell infamy and death. I am perfectly certain that I am in for a still more horrible retaliation for whatever I have written, not necessarily directly or immediately.

When young men and women suffer infamy for their honesty, let them remember that this is the price they have to pay for clearing away the slime so that the waters may flow freely again.

There is no greater virtue today than to smash these abominable segregations of caste and sex. Let them only remember not to cause hurt or pain or be coarse, for the relationship between man and woman is of delicate texture. They may not always be able to avoid it. But the striving should never cease. Above all, dispel this black sadness, and adventure into joy.

[redacted]

RAM MANOHAR LOHIA

## ANNUAL REPORT OF No. I Coy 22 (K) Bn NCC, ALWAYE

### Cadet appointments :

| | | | | |
|---|---|---|---|---|
| 1. | Sajith Kumar S. | III B.Sc | Physics | Cadet Senior Under Officer |
| 2. | Sunil Kumar C. K. | III B. A. | Economics | ,, |
| 3. | Anil Kumar K. H. | III B.Sc. | Chemistry | Cadet Under Officer |
| 5. | Vikraman V. B. | III B. A | Malayalam | ,, |
| 4. | Babu M K. | III B. A. | Psychology | ,, |
| 6 | Abdul Salam P. A. | III B. A. | Economics | Company Sergeant Major |
| 7. | Alias P. A. | III B. A. | Malayalam | Company Quarter Master Sergeant |

### Activities and Celebrations

Independence Day was celebrated in the College when Principal, Prof. C. J. Thomas hoisted the flag and addressed the Cadets. Prof. C. G. Varghese took the salute on the Republic Day. NCC day was celebrated in the college by conducting competitions in cultural events.

**Camps & Courses :** 25 cadets attended the Annual Training Camp at G. P. T. Kalamassery in August, 1992. Cadets of the sub unit attended the National Integration Camp at Bareity, Army attachment Camp at Trichur, Kannur, Quilon and Trivandrum. Cpl. Gimmy Kallidukkil attended the Advanced Leadership Camp for Rock climbing at Neyyar Dam and * organized tracking camp at Trivandrum. All fhe cadets of the sub unit participated in nature studies and tracking expedition from Malayattoor to Bhoothathankettu.

Sgt. Jimmy Kallidukkil attended the Rock climbing camp at Neyyar Dam. The cadets participated in nature activities also trekking expeditions from Malayattoor to Bhoothathan kettu was organized jointly by NAG and NCC. A large number of teak saplings were planted inside the college campus as a part of its nature activities.

Firing and obstacle course

Range classification Training was given to all the cadets. Probable best fires were selected. The obstacle course established for the Ernakulam Group NCC in the college was used by the unit to train the cadets.

Achievements

Sgt. Shery Paul of II B. A. Psychology was selected to the K & L contingent to the Republic Day Camp at Delhi and took part in the Janpath March and wore two gold medals Sgt. Jimmy Kallidukkil of II PDC won a gold medal in the obstacle course competition at BLC in New Delhi. Sgt Kevin D. Couto of II PDC represented the State in the National Level Shooting Competition.

'B' & 'C' Certificates

35 cadets appeared for the 'B' certificate exams and 6 for the 'C' certificate exams this year. The College sub unit came at flying colours in 'B' and 'C' examinations conducted in 1992.

NCC day celebrations

The college sub unit celebrated the NCC day on Nov. 1992. The national flag was hoisted on the day. The day was marked by cultural programmes by the cadets.

Republic day celebrations

Prof. C. G. Varghese hoisted the national flag and addressed the cadets on Republic Day. The cadets indulged in social service activities on that day.

The college unit had a social gathering on Feb. 22. The Commanding Officer 22(K) $B_n$ was the chief guest.

As we present this report, we express our gratitude to the Principal for all the help he has rendered to the Sub Unit. Wishing another year of success and good going for the Sub Unit we submit this report.

CSUO Sajith Kumar. S　　　　　　Capt. Rajan Varughese


SUNIL KUMAR.C.K
CSUO


ABDUL SALAM
CSM


VIKRAMAN
CUO


ANIL KUMAR
CUO


SHERRY PAUL.
REP. RD PARADE


ALIAS
CQMS


SAJITH KUMAR.
CSUO

MISS .U. C.
SAJANA



MR. U. C.
MADHU



ആശംസകളോടെ!

**കൂരൻസ് മെഡിക്കൽസ്**
അങ്കമാലി

*Best Compliments Of:-*

RAJU MOTOR SCHOOL
**N. PARUR**

**C. A. FOUNDATION COURSE**
**AT U. C. COLLEGE ALUVA**

Institute of Chatered Accoundants of India is arranging Foundation course for C. A at the accredited institute U. C college, Aluva; Classes conducted at every Saturday's, Sundays, and Holiday's, Minimum qualification for admission is Pre-degree pass.

Co-ordinator - C. A. Foundation Course, U. C. College, Aluva

**COMPUTER DIVISION**
**FARADAY ELECTRONICS**
**ENGINEERING INSTITUTE.** ALUVA. 1
**COMPUTER COURSES**

[Computer concepts, Computer concepts & programming in Basic,
Database management, Computer programming, Graphics and data analysis,
Diploma in computer programming, Applications in FORTRAN,
Data structure and programming in 'C'.
2m, 3m, 6m, 1years course.

# ഒരു പുഷ്പത്തിന്റെ ആത്മഗതം



പട്ടണ പ്രാസാദങ്ങൾക്കിടയിലായ് അങ്ങിങ്ങൊരോ കണ്ട പുഷ്പം. തേങ്ങാൻ കഴിയാതെ അപാരദുഃഖത്താൽ ഉഴലുന്നു. ദയനീയമായ ആ ആർത്തനാദം കേൾക്കുന്നില്ല മററാരും.

മരണവേദനയോടെ പായുന്ന ഭ്രാന്തൻ അശ്വമെന്നോണം, പട്ടണവീഥിയിലൂടെ വണ്ടിച്ചക്രങ്ങളുടെ നിലയ്ക്കാത്ത പ്രവാഹം. ഈ യാന്ത്രികചലനം പുറംതള്ളുന്നത് വിഷധൂമം. അവശേഷിച്ച ജൈവവായു അശുദ്ധമായി മാറിക്കൊണ്ടേയിരുന്നു. ഈ ദുസ്ഥിതിയിൽ ജീവൻ നിലനിർത്തുവാൻ ബദ്ധപ്പെടുന്ന നിസ്സാരനായ സൃഷ്ടി കഷ്ടം! ഉപകാരം ചെയ്യുന്നവനും വിനാശത്തി വയ്ക്കുന്നവൻ മനുഷ്യൻ. ദുഃഖത്തിന്റെ കനത്തകെട്ട നെഞ്ചിൽ പേറിക്കൊണ്ടിരിക്കവേ ....., അതാ, മുകളിൽ ഇരമ്പുന്ന ശബ്ദം. ശ്യാമവർണ്ണനായ മുകിൽ തുള്ളികളായ് മാറി ഭൂമിയെ തഴുകവേ — ഹതാശനാ ആ ചെറുപുഷ്പത്തിന് ജീവാമൃതമായി മാറിയ മഴത്തുള്ളികൾ.

കൊടുങ്കാററിലെ തിരിനാളംപോലെ പഴുപ്പിച്ച ലോഹത്തിൽ പതിക്കുന്ന ജലതുള്ളി ക്ഷണത്തിലില്ലാതാകുന്നപോലെ ആശയുടെ പുതിയ നാളം പുഷ്പത്തിൻ മനസ്സിൽ അണഞ്ഞുപോയ്.

സംഭവിച്ചത്. ആര്യൻ നിലത്തെറിഞ്ഞ പവിഴം ലക്ഷ്യം കാണാതെ മഞ്ചാടിയായ് പരിണമിച്ച വിഷധൂപങ്ങളാൽ മലിനമായ അന്തരീക്ഷത്തിലൂടെ കടന്നുവന്ന ശുദ്ധജലം 'ആസിഡ്' മഴയായി മാറി. പ്രാസാദങ്ങൾക്കുള്ളിൽ കൃത്രിമമായ് സൃഷ്ടിച്ച ശൈത്യ കാലത്തിൽ മതിമറന്നിരിക്കുകയായിരുന്നു അദൃഷ്ടൻമാർ.

ഒരു നിമിഷം, തൻെറ ഗതകാലം അയവിറക്കിക്കൊണ്ട് പുഷ്പം ഇങ്ങനെ പാടി.

"ഇടതൂർന്നു വിഹരിച്ചു പോന്നിരുന്നു. വൃക്ഷഗണം എൻ ചുറ്റും കൺവെട്ടത്തെങ്ങും ഇലഞ്ഞിയും കവുങ്ങും മാവും പ്ലാവും സമകാലീനർ പാടി രസിച്ചിരുന്നു കയ്യിലും കമ്പിയും ശാഖകൾ തോറുംഎൻ കൂട്ടുകാർ ഏതോ അദൃശ്യലോകത്തിൽ സന്തോഷത്തോടെ കഴിയുന്നുണ്ടവർ!"

ആത്മഗതം "പ്രത്യുപകാരം പ്രതീക്ഷിക്കാതെ, മനുഷ്യനുവേണ്ടി സർവ്വവും ത്യജിക്കുന്നു ഞങ്ങൾ. കായ്കനികൾ, ഇലകൾ, വേരുകൾ, തണ്ടുകൾ ശാഖകൾ—എല്ലാം മനുഷ്യന് ആവശ്യമുള്ളവയാണ് എന്നാൽ സ്വാർത്ഥലാഭത്തിനായ് അവൻ ഞങ്ങളെ ഉപദ്രവിക്കുന്നു." ഒന്ന് പൊട്ടിക്കരയാനാകാതെ ഖിന്നയായ് പുഷ്പം നിശബ്ദമായ് തേങ്ങുമ്പോൾ . തെല്ലുമാറി തീരങ്ങളുമായ് കിന്നാരം പറയുവാൻ ഓടിയെത്തുന്ന കായലോളങ്ങൾ.

വീണ്ടും ആത്മഗതം: "ഒരിക്കൽ ഈ കായൽ എൻെറ പ്രതീക്ഷയായിരുന്നു. എന്നാൽ ഇന്ന് ജീവൻെറ മൂർച്ഛയാർജ്ജിച്ചതും ബീഭത്സവുമായ മുഖം ഞാൻ അവിടെ കണ്ട് ചത്തുപൊങ്ങി കരയ്ക്കടുക്കുന്ന മത്സ്യങ്ങൾ എൻെറ സഹോദരന്മാർ ഒരിക്കൽപ്പറഞ്ഞത് ഞാൻ ഓർക്കുന്നു. എത്ര സന്തോഷത്തോടെയായിരുന്നു മത്സ്യങ്ങൾ പാടിയാടി സ്വച്ഛന്ദം ഇടതടവില്ലാതെ ഈ ജലനിരപ്പിലൂടെ വിഹരിച്ചത്. അന്ന് ഞങ്ങൾക്കു സുവർണ്ണ കാലമായിരുന്നു. എൻെറ സമകാലീനരായ തരുലതാദികൾ മനുഷ്യൻെറ ക്ഷേമത്തിനായി എത്ര ത്യാഗം സഹിച്ചു. എന്നിട്ടും ഞങ്ങളെ ഭൂമീദേവിയുടെ മാറിൽനിന്നും ഉന്മൂലനം ചെയ്യുവാൻ അവൻ യത്നിച്ചു. ഓ! പക്ഷെ മിണ്ടാപ്രാണികൾക്ക് സർവ്വേശ്വരൻ തുണയുണ്ട്. അവൻെറ ജീവൻ നിലനിൽക്കണമെങ്കിൽ ഞങ്ങളുടെ സാന്നിധ്യം അത്യന്താപേക്ഷിതമാണ്."

ഇന്ന് ആധുനിക മനുഷ്യൻ ഈ വസ്തുത മാനിക്കുവാൻ തുടങ്ങിയിരിക്കുന്നു. ഭൂമിയുടെ ഉപരിതലത്തിൽ ചെടികളുടെ അഭാവം കൊണ്ട് സംഭവിക്കാനിരിക്കുന്നതും, സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ ഭയാനകമായ ദോഷഫലങ്ങൾ മനസ്സിലാക്കിയതോടെ സസ്യജീവനു

വിലങ്ങുതടി അവന്റെ കരങ്ങളും തന്നെയെന്ന് മനുഷ്യൻ മനസ്സിലാക്കി.

ഉരുൾപൊട്ടൽ വെള്ളപ്പൊക്കം, വരൾച്ച, ഫലസമൃദ്ധിയുള്ള മേൽമണ്ണ് അശേഷം ഇല്ലാതാവുക. പ്രകൃതിയുടെ അസന്തുലിതാവസ്ഥ അനുക്രമമായ് സംഭവിക്കുന്ന ഋതുക്കൾക്കുപോലും മാറ്റം വരുന്നു. ഇവയെല്ലാം ആധുനിക ലോകത്തിൽ നിത്യവും കണ്ടുവരുന്ന വിപത്തുകളിൽ ചിലതു മാത്രം.

ഗ്രാമത്തിലേതിൽനിന്നും ഭിന്നമായ് പട്ടണപുഷ്പങ്ങൾ ഹതഭാഗ്യരായ് നിലകൊള്ളുന്നു. വളർച്ചയുടെ പടവുകൾ താണ്ടി അതിവിദൂരം, അതിവേഗം സഞ്ചരിക്കുന്ന മനുഷ്യൻ ഈ നിസ്സഹായനായ മിണ്ടാപ്രാണിയെ സഹായിക്കുവാൻ പ്രാപ്തനാണ്. പക്ഷെ ദ്രവ്യാത്മകമായ ഭൗതികനേട്ടങ്ങൾക്കായ് പരിഭ്രാന്തിയോടെ ഒന്നിൽനിന്നും മറ്റൊന്നിലേക്ക് പാലായനം ചെയ്യുന്ന മനുഷ്യന് പ്രകൃതിയുടെ നിശബ്ദമധുരമായ ഗാനം കേൾക്കുവാൻ കഴിയുന്നില്ല. എന്നാൽ പ്രകൃതിയെ സ്നേഹിച്ച പ്രകൃതിയോടടുത്ത ധന്യാത്മാക്കൾ അതിലോലമായ ഈ ഗാനം കേട്ടിരുന്നു. തൽസമയം ആ മഹാത്മാക്കൾ സമകാലങ്ങളിൽ പ്രകൃതിയുടെ അതിസുന്ദരമായ ഗാനാലാപത്തിന് ഭംഗം സംഭവിച്ചപ്പോൾ ഞെട്ടി!

അനുക്രമമായ് പാടികൊണ്ടിരുന്ന പ്രകൃതി. ആ ഗാനത്തിന്റെ താളലയങ്ങൾക്ക് മാറ്റം സംഭവിച്ചപ്പോൾ ... പ്രകൃതിസ്നേഹികൾ കേട്ടത് ശോകമൂകമായ ആർത്തനാദമായിരുന്നു. ആ വിലാപഗാനത്തിന്റെ ആഴം മനസ്സിലാക്കിയ മനുഷ്യൻ 'പൊട്ടിത്തെറിച്ചു'! ഈ ദുരവസ്ഥ നിലനിന്നാൽ അന്ധകാരമായ ഭാവിയിലേക്ക് അവനെ വലിച്ചെറിയുമെന്ന് അശരീരി കേട്ടു.

ആത്മഗതം: 'ഗ്രാമപുഷ്പങ്ങളെപ്പോലെ അന്തരീക്ഷത്തിൽ സുഗന്ധം പരത്തുവാൻ ഞാനും ആഗ്രഹിക്കുന്നു. പക്ഷെ, ഇന്നെന്റെ ഇതളുകൾക്ക് സൗരഭ്യമില്ല ഉണ്ടായിരുന്നത് എന്നേ നഷ്ടപ്പെട്ടുപോയി. എന്റെ ജീവിതത്തിന്റെ അവസാനനാളുകൾ വന്നിരിക്കുന്നു. ജീവിച്ചു മതിവന്നവനല്ല ഞാൻ. ചെറുപ്പത്തിന്റെ തിളപ്പ് കെട്ടടങ്ങിയ ഒരു ഹതഭാഗ്യൻ. നാമമാത്രമായ എന്റെ സഹോദരന്മാരും ദുർമരണത്തിന്റെ കരിനിഴലിൽ ജീവിതം തള്ളിനീക്കുന്നു. ഞങ്ങളുടെ കൃത്രിമ സുഗന്ധം നിർമ്മിക്കുന്ന മനുഷ്യന് നിസ്സാരനായ എന്റെ ആവശ്യമെന്തിരിക്കുന്നു. ആഗ്രഹങ്ങളുടെ നിരയിൽ ഒന്നു മാത്രം അവശേഷിക്കുന്നു. എത്രയും വേഗം മരിക്കുക.' അതാ സ്നേഹമയിയായ ഭൂമിദേവി എന്നെ വിളിക്കുന്നു .....ഒരുപക്ഷ എനിക്കാശ്വാസമായി ..... നരകത്തിൽ വന്നു പിറക്കാതിരിക്കട്ടെ ..... ഹാ! ദേവീ.

ASHIQUE BIN
I D C English

കല്യാണസാരികൾക്ക്

## ത്രിവേണി

ടെക്സ്റ്റയിൽസ്

കച്ചേരിപ്പടി. N. പറവൂർ

പട്ടു സാരികളും റെഡിമെയ്ഡ് ഡ്രസ്സുകളും പ്രത്യേക A/c വിഭാഗം

N. B. ബോംബെ ഡൈയിംഗിന്റെ അംഗീകൃത വ്യാപാരി

Phone : 2773



*With best compliments of*

## APOLLO TYRES LTD.

**P. O. PERAMBRA - 680 689**

Dist. Trichur, Kerala.



*With Best Compliments from:*

## AUTO LINKS

**Thottakkattukara, ALUVA**

Phone : 26053

A Bajaj Showroom for Two Wheelers, Spare parts and Service.

Three wheeler Spares also available.



# പഥികൻ

ഇനിയൊരു ഭൂതകാലം ഓർക്കാനിടവരുതേ എന്ന് പ്രാർത്ഥിച്ച് കൊണ്ടാണ് പടിയിറങ്ങിയത് എന്നാലും ഒന്നിനെ തുടർന്ന് ഒന്ന് എന്നിങ്ങനെ ഓരോ ചിത്രങ്ങൾ മനസ്സിൽ ഓടിയെത്തി. അധികാരത്തിന്റെ...... തറവാടിത്വത്തിന്റെ ......ഉള്ളായ്മയുടെ, ഇല്ലായ്മയുടെ......ഒരുതരം അൽപ്പത്തരത്തിന്റെ......താഴ്ത്തികെട്ടലിന്റെ,....

എല്ലാം.......... എല്ലാം അനുഭവിച്ചു. കുറെ ജൻമങ്ങൾകൊണ്ട് അനുഭവിച്ച് തീർക്കേണ്ടവ! എല്ലാം ഇന്നലെയുടെ തലവരകളായിരുന്നുവോ? അതെ എന്നോ അല്ലാ എന്നോ മനസ്സുത്തരം പറഞ്ഞില്ല. തനിക്ക് ഒന്നും ആലോചിക്കുവാനോ, വേണ്ടവിധത്തിൽ പ്രവർത്തിക്കുവാനോ സമയമുണ്ടായിരുന്നില്ലേ?

വണ്ടിയിറങ്ങി തെക്കോട്ട് നടന്നപ്പോൾ എല്ലാവരോടും ഒരുതരം അകൽച്ചയാണ് മനസ്സിൽ തോന്നിയത്. കണ്ണിൽനിന്ന് പച്ചക്കൊടിയും കാതിൽനിന്ന് ചൂളം വിളിയും അകന്നകന്ന് പോയി. വരാനിരിക്കുന്ന എന്തിന്റെയോ സൂചനപോലെ......പ്ളാററ്ഫോമിലെ സിമന്റ് ബഞ്ചിൽ ചാരിയിരുന്നപ്പോൾ പാളത്തിൽ എന്തോ തീററ സാധനം കണ്ടപോലെയുള്ള കാക്കകളുടെ ആഹ്ളാദ സ്വനം. നിസ്തുല സേവനക്കാർ.....എല്ലാത്തിനും പിറകെ തന്റെ കണ്ണുകൾ പായുന്നതെന്തിന്. താനും 'ശാന്ത'യിലെ ആധുനികതയുടെ കാഠിന്യം അനുഭവിക്കുന്നവനാണോ? ''ശബ്ദങ്ങൾക്ക് പിറകെ പാഞ്ഞ് ചെല്ലുന്ന വരുതികെട്ട കാതുകൾ......കാഴ്ചകൾക്ക്മേലെ ചാടിവീഴുന്ന പിഴച്ച കണ്ണുകൾ .....വേണ്ടതും വേണ്ടാത്തതും മനസ്സിലാക്കുന്ന മനസ്സ് .... എന്തോന്ന് കാണാൻ, എന്തോന്ന് കേൾക്കാൻ.'' എല്ലാവർക്കും തിരക്ക് പ്രത്യേകിച്ച് ഒന്നുമില്ലെങ്കിലും തിരക്ക്.

തന്റെ മനസ്സ് എവിടെയാണ്. വേണ്ടാത്ത വികാരത്തിന്റെ വേലിയേററമാണോ താനനുഭവിക്കുന്നത്. എവിടെയാണ് പിശക്..... ഒന്നും ആലോചിക്കാൻകൂടി കഴിയുന്നില്ല. സന്ധ്യ വന്നതോടെ തങ്ങളുടെ ആൽമരത്തിൽ ചേക്കേറിയ കാക്കകൾക്ക് ആധിപത്യത്തിനുള്ള ശ്രമമായിരുന്നു. ശരിയ്ക്കും ആധികാരികതയുടെ മുഖം അവകളിൽപോലും എത്ര വ്യക്തം.........എത്ര ക്രൂരം.........താനിരുന്ന ഉറച്ച കൊമ്പിൽ തൃപ്തി തോന്നിക്കാതെ അടുത്ത കൊമ്പിൽ ഇരിക്കുന്നവരെ കൊത്തിപ്പുറത്താക്കി. അവിടെയിരിക്കുന്നു. ചിലതിനാകട്ടെ കൂട്ടത്തിനിടയിൽ സ്ഥലം വേണം. ചിലതിനാകട്ടെ തടിമരം തന്നെ വേണം. എന്നാൽ ചിലതിനോ എവിടെകിട്ടിയാലും മതി...... കോരന് കുമ്പിളിൽ തന്നെമതി കഞ്ഞി എന്നമട്ട്. ഇരുൾ പരന്നതോടെ ആ ആധിപത്യശ്രമങ്ങളെല്ലാം അവസാനിച്ചു. പിന്നെ രാത്രിയെ നേരിടാനുള്ള തയ്യാറെടുപ്പിലാകും അവർ.

വടക്കോട്ടുള്ള വണ്ടിയെപ്പോഴാണ് എന്നുള്ള ആ വൃദ്ധന്റെ ചോദ്യമാണ് ചിന്തകളിൽ നിന്നുണർത്തിയത്. അറിയില്ല. എന്ന ഒററ മറുപടിക്കാണ് തുനിഞ്ഞതെങ്കിലും വീണ്ടുവിചാരം, മാററി പറയിപ്പിച്ചു. ഇനിയും അരമണിക്കൂറുണ്ട്. ആ വൃദ്ധ മുഖം ഉണങ്ങി വരണ്ടാണ് ഇരുന്നതെങ്കിലും അത് എന്തിന്റെയോക്കെ പര്യായമായിരുന്നു. തന്റെ ആത്മവ്യഥയിലുരുത്തിരിഞ്ഞ ദേഷ്യം എന്തിന് ആ പാവത്തിനോട് എടുക്കണം. വീണ്ടും മാറു കാത്തിരിപ്പിനായി ആ വൃദ്ധൻ തന്റെ ഭാണ്ഡക്കെട്ടിനരികിലേയ്ക്ക് നടന്നപ്പോൾ തന്റെ മനസ്സും കാതങ്ങൾക്ക് പിറകോട്ട് ഓടുകയായിരുന്നു. ചന്ദ്രശേഖർ. അതെ സാക്ഷാൽ ചന്ദ്രശേഖരൻനായർ. ആദർശാധിഷ്ഠിതമായ ജീവിതം കെട്ടിയുയർത്തിയ വ്യക്തി. നന്ദിനിയുടെ കൈയ്യും പിടിച്ച് താൻ വീടിന്റെ പടിയിറങ്ങിയപ്പോൾ ഭാവി ശൂന്യതമാത്രം നിറഞ്ഞതായിരുന്നു. മനസ്സിൽ ഒന്നുമാത്രം കരുതി. തന്നെ വിശ്വസിച്ച് തന്റെകൂടെ ഇറങ്ങി തിരിച്ച ഇവൾക്ക് ഒരു ജീവിതം കൊടുക്കണം. എന്നാൽ ഒന്നിനും പര്യാപ്തമായിരുന്നില്ല തന്റെ അപ്പോഴത്തെ അവസ്ഥ. ആത്മാർത്ഥതയെ വഞ്ചിക്കേണ്ടി വരുമെന്ന ഘട്ടം വന്നപ്പോൾ ഒന്നും ആലോചിക്കാൻ നോക്കിയില്ല. അവളെക്കൂട്ടി പടിയിറങ്ങി. അമ്മയുടെ ആശീർവാദം മാത്രം കിട്ടി. പിന്നീട് തനിക്ക് താങ്ങും തണലുമേകിയത് അദ്ദേഹമായി

ന്നു. പൂജ്യത്തിൽ നിന്ന് തുടങ്ങി അക്കങ്ങൾ കൂടെ കൂട്ടി. അവിടെയും കാലം അതിന്റെ ക്രൂരത കാട്ടി. അദ്ദേഹം ഉത്തരധ്രുവവും ഞാൻ ദക്ഷിണധ്രുവവും ആയി. ഒരിക്കലും അടുക്കാത്ത ഒന്നായി മാറി. ഒത്തിരി പ്രതീക്ഷകളോടെയുള്ള ആ പ്രയാണം ഒന്നുമില്ലായ്മയുടെ പര്യായമായി മാറി. ഒരു പക്ഷെ ആ മാനസിക ആഘാതമായിരിക്കാം കഴിഞ്ഞ എത്തിപിടിക്കലുകളുടെ പതനം. കുറെ നേടി...... നേടിയതിൽ കൂടുതൽ നഷ്ടപ്പെടുത്തി. ഇനിയെല്ലാം തുടങ്ങണം. എങ്ങനെ തുടങ്ങണം...... ഒന്നുമറിയില്ല എവിടെയെങ്കിലും തുടങ്ങണം. കുറെ കണക്ക കൂട്ടലുകളുണ്ടായിരുന്നു. എന്നാൽ വേണ്ടപ്പെട്ടവരുടെ ആ വേർപാട് സഹിക്കുന്നതിൽ അപ്പുറമായിരുന്നു. ആ യാഥാർത്ഥ്യങ്ങൾക്കിടയ്ക്ക് കൂടെ കൂടെ കൂട്ടലുകളും കിഴിക്കലുകളും വന്നപ്പോൾ കിട്ടിയ ശിഷ്ടം ആശങ്ക മാത്രം നൽകുന്ന ഒന്നായിരുന്നു. പിന്നെ യാഥാർത്ഥ്യങ്ങളോട് താൻ മുഖം തിരിച്ചു. തന്നോട് വിധി എന്തിന് ഇത്ര ക്രൂരത കാണിച്ചു



തന്റെ ചിന്തകളെ കീഴ്പ്പെടുത്തും വിധം കണ്ണൂർ എക്സിക്യൂട്ടീവിന്റെ ചൂളം വിളി കാതിലെത്തി. പേരിനെ അന്വർത്ഥമാക്കും പോലെ തന്റെ പതിവ് ഹുങ്കാരത്തോടെ പാളങ്ങളെ ഞെരിച്ച് വണ്ടി നിന്നു. തന്നോട് സമയം ചോദിച്ച വൃദ്ധനെ വെറുതെ അവിടെ പരതിയെങ്കിലും കണ്ടില്ല. പാവം കയറി കാണുമോ? ഉണ്ടാകുമെന്നോർത്ത് സമാധാനിച്ചു. ആളുകൾ തിരക്കിട്ട് കയറുകയും ഇറങ്ങുകയും ചെയ്യുന്നു. ഉണ്ണാത്തവർക്ക് ഇല കിട്ടാഞ്ഞിട്ടും ഉണ്ടവർക്ക് ഇടം കിട്ടാഞ്ഞിട്ടും പോലെ ..... നീണ്ട വിസിലടി മുഴങ്ങി...... പച്ചക്കൊടി പുറത്ത് വീശി .... യാത്രികമായി ചക്രങ്ങൾക്ക് ജീവൻവച്ചു. കണ്ണിൽ നിന്ന് അകന്നകന്ന് പോയി, വീണ്ടും തിരക്കൊഴിഞ്ഞ ഒരു പ്ലാറ്റ്ഫോം. ശേഷിക്കുന്നത് അവിടവിടെയായിട്ട് കുറെ ലഗ്ഗേജുകളും ചാക്ക് കെട്ടുകളും മാത്രം. എപ്പോഴാണ് തങ്ങൾക്ക് ശാപമോക്ഷം കിട്ടുക എന്ന് ആ ചാക്ക് കെട്ടുകൾ മന്ത്രിക്കും പോലെ . വീണ്ടും കാക്കകൾക്ക് പ്രഭാത ഭക്ഷണം. ഇന്നലെ വരെ ഭാവി പ്രതീക്ഷകൾ നിറഞ്ഞതായിരുന്നു എന്നാൽ ഇന്നോ, ഇന്നുകൾ മാത്രം തരണം ചെയ്യാൻ മാത്രം. തന്റെ ആ തടിച്ച ആൽമരം ഇന്നിളകി മോഹപക്ഷികൾ വേറെ താവളങ്ങൾ തേടി പറന്നു. കുറെയെണ്ണം തനിക്കുവേണ്ടി അവിടെ ചുറ്റി പറ്റി നിന്നു. അവയും താമസിയാതെ തന്നെ വിട്ട് അകലും. താനെന്തൊക്കെയാണ് ഈ ചിന്തിക്കുന്നത്. എല്ലാം മറന്ന് നടക്കാൻ തനിക്ക് എന്ന് കഴിയും...... ഇല്ല. തനിക്കത് ഒരിക്കലും സാധിക്കുമെന്ന് തോന്നുന്നില്ല. ആശ്രയിക്കുന്ന ജീവിതങ്ങളെ വലിച്ചെറിഞ്ഞിട്ട് വേണം തനിക്കത് നേടാൻ . ... അതിന് തനിക്ക് സാധിക്കുമോ? വർഷങ്ങൾക്കപ്പുറം എല്ലാത്തിനും പരിഹാരം തന്നിരുന്നത് അദ്ദേഹമായിരുന്നു. അന്ന് താൻ എല്ലാവർക്കും എത്ര പ്രിയപ്പെട്ടവനായിരുന്നു. എല്ലാം വരാനിരിക്കുന്ന ദുരന്തത്തിന്റെ മുന്നോടിയായിരുന്നു. വെന്ന് കരുതിയില്ല. ഇന്നാകട്ടെ എല്ലാം അനുഭവിച്ചു. കുറെ മോക്ഷം കിട്ടാത്ത ഓർമ്മകൾ മാത്രം. വാച്ചിൽ നോക്കി സമയം 7.45

പ്ലാററ് ഫോമിലെ മൈക്കിൽ കൂടി ബാംഗ്ലൂർ എക്‌സ്പ്രസിന്റെ അനൗൺസ്‌മെന്റ് മുഴങ്ങി.

വീണ്ടും ഒരു തിരക്കിനുള്ള വിളിച്ചറിവായിരുന്നു. ഒന്നിനും ഒരു താൽപര്യമില്ലാത്തവനെ പോലെ .....എല്ലാവരിൽനിന്നും ഒററപ്പെട്ടവരെപോലെ. തിരക്ക് കൂടി കൂടി വരുന്നതിനുമുമ്പ് അവിടെനിന്ന് ഇറങ്ങി. അപരിചിതത്വം നിറഞ്ഞ മുഖങ്ങളും മാത്രം മുന്നിൽ. അവിടെനിന്നും നിരത്തിലിറങ്ങി എങ്ങോട്ടോ നടന്നപ്പോഴും താനും എങ്ങുമെത്താത്ത മനസ്സുമായി നടക്കുന്ന ലക്ഷങ്ങളിൽ ഒരുവനായി മാറുകയായിരുന്നു.

DINESH. T. K.
II D. C. History

---


# SCIENTIFICA N. PARAVUR

CENTRE FOR COLLEGE
&
COMPUTER STUDIES

OFFERING CLASSES FOR-

PRE-DEGREE FIRST & SECOND YEAR SCIENCE GROUPS
DEGREE MAIN & SUBSIDIARIES
ENGG/M B B S ENTRANCE CLASSES
COMPUTER COURSES OF DURATION
3 MONTHS to 2 YEARS

# ഈ കഴിഞ്ഞവർഷം, ഇത്രയും.....

ജന. സെക്രട്ടറി ജയരാജ് പി.

പ്രിയപ്പെട്ട കൂട്ടുകാരെ,

ഇത് പോയവർഷത്തിന്റെ ബാക്കിപത്രമാണ്. ഒരു അദ്ധ്യയന വർഷത്തിലെ പ്രവർത്തനങ്ങളെ വസ്തുനിഷ്ഠമായി നോക്കികാണാനുള്ള ശ്രമവും കൂടിയാണിത്. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും കഴിയാവുന്നത്ര പ്രവർത്തനങ്ങൾ നടത്താൻ ശ്രമിച്ച ഒരു കോളേജ് യൂണിയന്റെ കഥകൂടിയാണ് ഇത്.

നിങ്ങൾക്കെല്ലാം അറിയാവുന്നതുപോലെ 1992 ഒക്ട്: 9-ാം തീയതി നടന്ന കലാലയ യൂണിയൻ തിരഞ്ഞെടുപ്പിലൂടെ താഴെപ്പറയുന്നവർ കോളേജുയൂണിയൻ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടു.

ഈ അദ്ധ്യയന വർഷത്തിലെ സ്റ്റാഫ് അഡ്വൈസറായി ഇക്കണോമിക്സ് വിഭാഗത്തിലെ അദ്ധ്യാപകൻ Prof: James Jayaraj അവർകളെ നിയമിച്ചു. തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ ഒക്ട്: 14-ാം തീയതി ബഹു: പ്രിൻസിപ്പാളിന്റെയും മുൻവർഷ ആർട്ട്സ് ക്ലബ് അഡ്വൈസർ ഡോ: ഗോപിനാഥന്റെയും സമക്ഷം എല്ലാ വിദ്യാർത്ഥി വിദ്യാർത്ഥിനികളെയും സാക്ഷിനിർത്തി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്തു.

Staff advisor prof: James Jayarajന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രഥമയോഗത്തിൽ ജനറൽ സ്പോർട്സ് ക്യാപ്റ്റനായി രണ്ടാം വർഷ മലയാളം വിദ്യാർത്ഥി ഷാജി തോമസിനെയും, Planning forum Secretary ആയി

| | | |
|---|---|---|
| Chairman | — | Martin M. P. |
| Vice Chairman | — | Mary Emil Joseph |
| Gen: Secretary | — | Ajayan P. |
| U U C | — | Dileep Kumar M. |
| | — | Joly Varghese |
| Mag: Editor | — | Sanjith M. N. |
| Arts club secretary | — | Sinilal O. Sankar |
| Lady representative | — | Sara Babu |
| | | Sheela Mathew |

ക്ലാസ്സ് പ്രതിനിധികൾ

| | | |
|---|---|---|
| I P D C | — | Shibu Mathew |
| II P D C | — | Sunil Kose |
| I D C | — | Jiss Joseph Panakal |
| II D C | — | Rajesh V. Peter |
| III D C | — | Hemanth K. |
| I P G | — | Jiby M. Isaac |
| II P G | — | Eldhos Mathew |



T. A. Joyയെയും Debating club Secretary ആയി Mathews Jacobനെയും, Cine club Secretaryആയി Biju Dominicനെയും Quiz club Secretaryആയി Biji Pouloseനെയും Social service legue ലീഡറായി ആയി Shabeer Aliയെയും, Canteen Secretary ആയി മനോജ്കുമാറിനെയും, മാഗസിൻ എഡിറ്റോറിയൽ ബോർഡംഗങ്ങളായി Dinesh T. K., Philp Jayakumar, Toly Varghese എന്നിവരെയും നാമനിർദ്ദേശം ചെയ്തു.

യൂണിയന്റെ ഔപചാരികമായ ഉദ്ഘാടനം 1992 Oct: 27ന് നിർവഹിക്കപ്പെട്ടു. മുൻകേന്ദ്രമന്ത്രി ശ്രീ. A M Thomas അവർകൾ വിളക്ക്കൊളുത്തി ഉദ്ഘാടനം നിർവ്വഹിച്ചു. പ്രസ്തുത യോഗത്തിലെ മുഖ്യാതിഥി, രാജീവ്ഗാന്ധി ഫൗണ്ടേഷൻ കേരളചാപ്റ്ററിന്റെ ചെയർമാൻ ശ്രീ. ജി. കാർത്തികേയൻ M L A ആയിരുന്നു. അന്നേ ദിവസംതന്നെ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ മുൻകലാപ്രതിഭയും, പ്രസിദ്ധ വാഗ്മിയും ആയ സുനിൽ. പി. ഇളയിടം ആർട്സ് ക്ലബ്ബിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീ. ശങ്കരാ കോളേജ് പ്രിൻസിപ്പൽ Prof: N. കല്യാണസുന്ദരം യൂണിയന്റെ പ്രവർത്തനങ്ങൾക്ക് ആശംസ നേർന്നു. അന്ന് നമ്മുടെ വിദ്യാർത്ഥികൾ അവതരിപ്പിച്ച ഗാനമേള ഉദ്ഘാടനചടങ്ങിന് നിറം പകർന്നു.

അങ്കമാലി Little flower hospitalലെ ഒരു ക്യാൻസർ രോഗിക്ക് സാമ്പത്തികസഹായം ചെയ്തുകൊണ്ടാണ് യൂണിയൻ പ്രവർത്തനങ്ങൾക്ക് നാന്ദി കുറിച്ചത്. നമുക്കേവർക്കും പ്രിയങ്കരനായിരുന്ന ബോബിയുടെ മരണത്തിനുശേഷം പറവൂർ കവലയിൽനിന്ന് യു. സി. കോളേജിലേക്കുള്ള റോഡിന്റെ പരിതാപകരമായ അവസ്ഥയിൽ പ്രതിഷേധിച്ചുകൊണ്ട് നമ്മുടെ കോളേജിലെ ഭൂരിഭാഗം വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ പിന്തുണയോടെ നടത്തപ്പെട്ട വഴിതടയൽ സമരം Chairman Martin M. P. ഉദ്ഘാടനം ചെയ്തു. ഗതാഗതം തടസപ്പെട്ടതിനെത്തുടർന്ന് പോലീസ് വിദ്യാർത്ഥികളെ അറസ്റ്റുചെയ്തു നീക്കുകയും, അതിനുശേഷം വിദ്യാർത്ഥികൾ നഗരത്തിൽ പ്രകടനം നടത്തുകയും ചെയ്തു. യു. സി. കോളേജിലെ വിദ്യാർത്ഥികളുടെ പ്രബുദ്ധത വിളിച്ചോതുന്ന ഒരു സമരമായിരുന്നു അത്. എങ്കിലും പ്രബുദ്ധരാവാൻ നമുക്ക് ഒരു വിദ്യാർത്ഥിയെ നഷ്ടപ്പെടുത്തേണ്ടിവന്നു എന്നുള്ളതാണ് സത്യം.

Nov: 20ന് N C C obstacle Courseന് സംസ്ഥാനതലത്തിൽ ഒന്നാംസ്ഥാനം ലഭിച്ചു. ജിമ്മി കല്ലിടുക്കിലിനെയും, ഷെവിനെയും യൂണിയൻ അനുമോദിക്കുകയുണ്ടായി. Nov 30 ഉച്ചതിരിഞ്ഞ് നടത്തപ്പെട്ട നാടകോത്സവത്തിൽ ശ്രീ. ഡാർവിൻ C V. മികച്ച നടനായും Joby Varghese മികച്ച രണ്ടാമത്തെ നടനായും തിരഞ്ഞെടുക്കപ്പെട്ടു. 'ആരാണ് അവകാശികൾ' എന്ന നാടകത്തിനായിരുന്നു ഒന്നാം സ്ഥാനം ലഭിച്ചത്. നാടകോത്സവത്തിനിടയ്ക്ക് ഇവിടെയെത്തിച്ചേർന്ന വിവേകാനന്ദ പത്രിക ജാഥയ്ക്ക് കോളേജ് യൂണിയൻ സ്വീകരണം നൽകി. ഇന്ന് നമ്മളെല്ലാം അറിയുന്നതുപോലെ, ഏതെങ്കിലും, മതത്തിന്റെയോ, രാഷ്ട്രീയ സംഘടനകളുടെയോ അല്ല സ്വാമി വിവേകാനന്ദൻ എന്ന് നമ്മെ ഉദ്ബോധിപ്പിക്കാൻ. ശ്രമിച്ച ജാഥാ ക്യാപ്റ്റൻ ലക്ഷ്മികുമാരിയുടെ പ്രസംഗവും എടുത്തുപറയേണ്ടതാണ്.

മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷത്തെ Arts fetival എന്തുകൊണ്ടും പുതുമനിറഞ്ഞതായിരുന്നു. മത്സരങ്ങൾ house അടിസ്ഥാനത്തിൽ നടത്തപ്പെട്ടതുകൊണ്ട് വ്യക്തിപരമായ ഇനങ്ങളെക്കാൾ കൂടുതൽ വിദ്യാർത്ഥി ശ്രദ്ധ ആകർഷിച്ചത് group ഇനങ്ങളാണ്. മാത്രമല്ല പോയവർഷങ്ങളെ അപേക്ഷിച്ച് കലാ പരിപാടികളുടെ നിലവാരവും ഉയർന്നിട്ടുണ്ടെന്ന് പറയാതെ വയ്യ. Dec: 3, 4 തീയതികളിൽ നടന്ന ആർട്സ് ഫെസ്റ്റിവൽ Prof: James Jayaraj അവർകൾ ഉദ്ഘാടനം ചെയ്തു. കലാപ്രതിഭയായി ജോബി വർഗീസിനെയും, കലാതിലകമായി രജനി ഗോപിനാഥിനെയും തെരഞ്ഞെടുത്തു. Best performansന്



Biju G. Nairഉം അർഹനായി. പുതുവർഷ ദിനാഘോഷം സംഘടിപ്പിക്കുകയും എല്ലാ വിദ്യാർത്ഥികളും അതിൽ പങ്കുചേരുകയും ചെയ്തു. ഈ വർഷം യൂണിയൻ എല്ലാ വിദ്യാർത്ഥികൾക്കും പോക്കറ്റ് Bookകൾ വിതരണം ചെയ്യുകയുണ്ടായി.

കോളേജു യൂണിയന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡിബേറ്റിങ്ങ് ക്ലബിന്റെയും, ക്വിസ് ക്ലബിന്റെയും സംയുക്ത ഉദ്ഘാടനം Nov 24-ാം തീയതി ശ്രീ. K. മുഹമ്മദാലി M.L.A നിർവ്വഹിച്ചു. തദവസരത്തിൽ പ്രസിദ്ധ സിനിമാതാരം ശ്രീ. ജെയനുദ്ദീൻ മുഖ്യാതിഥിയായിരുന്നു. ഉദ്ഘാടനത്തെ തുടർന്ന് നടത്തപ്പെട്ട ഡിബേറ്റിങ്ങിലും ക്വിസിലുംനിന്ന് കോളേജ് ടീമിനെ തിരഞ്ഞെടുത്തു. ഡോ: എ. ഗോപിനാഥന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ച ഡിബേറ്റിംങ്ങ് ക്ലബ്ബിൽനിന്നും അംഗങ്ങൾ വിവിധ മത്സരങ്ങളിൽ പങ്കെടുത്തു. നമ്മുടെ കോളേജിൽ സംഘടിപ്പിക്കപ്പെട്ട ആറാം കോളേജ് ഡിബേറ്റിംങ്ങ് മത്സരത്തിൽ മഹാരാജാസ് കോളേജ് ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും അതിലെതന്നെ തോമസ് പീറ്റർ ബെസ്റ്റ് ഡിബേറ്ററായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. Prof. Varghese Johnന്റെ മേൽനോട്ടത്തിൽ ക്വിസ് ക്ലബ് നല്ലരീതിൽ പ്രവർത്തിച്ചു. All India Radio തൃശൂരിൽ സംഘടിപ്പിച്ച ക്വിസ് മത്സരത്തിൽ ഇവിടെ നിന്നുള്ള Jinson K. Joseph, Anil K. എന്നിവരുടെ ടീം മൂന്നാം സ്ഥാനം കരസ്ഥമാക്കി. Planning forumന്റെ ഉദ്ഘാടനം Dr. K C ശ്രീ. ശങ്കരനാരായണൻ Dec: 2-ാം തീയതി നിർവ്വഹിച്ചു. തുടർന്ന് ഇന്ത്യയുടെ പുത്തൻ സാമ്പത്തിക നയത്തെക്കുറിച്ച് അദ്ദേഹം പ്രഭാഷണം നടത്തി.

Alwaye Clubന്റെ ആഭിമുഖ്യത്തിൽ നടന്ന കലാമത്സരങ്ങളിൽ Sinilal. O, Sanker, Biju nair, രശ്മി R. എന്നിവർ സമ്മാനങ്ങൾ കരസ്ഥമാക്കി. Februvary 2, 3, 4 എന്നീ തീയതികളിൽ Cine Clubന്റെ ആഭിമുഖ്യത്തിൽ സിനിമാപ്രദർശനം സംഘടിപ്പിക്കപ്പെട്ടു. മുഖ്യധാരാവിഭാഗത്തിൽപ്പെട്ട സിനിമകളായിരുന്നു പ്രദർശനത്തിനുണ്ടായിരുന്നത്. Februvary 16ന് നമ്മുടെ കോളേജിലെ കായികമത്സരങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ചില ഇനങ്ങളിൽ വിദ്യാർത്ഥി പങ്കാളിത്തം കുറവായിരുന്നു എന്നതൊഴിച്ചാൽ പൊതുവെ കായികമത്സരങ്ങൾ നല്ല നിലവാരം പുലർത്തി.

Februvary 23-ാം തീയതി വിദ്യാർത്ഥി രാഷ്ട്രീയം കലാലയത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി കേരളത്തിലെ സാംസ്കാരിക നായകൻമാരും രാഷ്ട്രീയ പ്രവർത്തകരും സന്നിഹിതരായിരുന്ന ഒരു സിമ്പോസിയം സംഘടിപ്പിക്കപ്പെട്ടിരുന്നു. N. K. ദേശം, P. K ഗോപാലൻ, K. P. Vijayakumar എന്നിവർ പങ്കെടുത്ത സിമ്പോസിയം പ്രൗഢഗംഭീരമായ പ്രഭാഷണങ്ങളാൽ സമ്പുഷ്ടമായിരുന്നു. അതിനുശേഷം പ്രശസ്ത സിനിമാതാരം ജയറാം കായികതാരങ്ങൾക്കുള്ള സമ്മാനദാനം നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം നടന്ന മാജിക്ഷോയും, മിമിക്സ് പരേഡും വിദ്യാർത്ഥികളെ രസിപ്പിച്ചു എന്നതിൽ തർക്കമില്ല.

Februvary 24 കോളേജ് ഡേയായി ആഘോഷിച്ചു. സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ച ബഹു: എറണാകുളം ജില്ലാ കളക്ടർ ശ്രീ. വി. ജെ. കുര്യൻ സമകാലീന സംഭവങ്ങളെ പ്രൗഢഗംഭീരമായി വിലയിരുത്തി. ചെയർമാൻ മാർട്ടിൻ M. P. യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജന: സെക്രട്ടറി അജയൻ പി. കോളേജ് യൂണിയൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തേക്കടി വന്യമൃഗ സർവ്വേയിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റുകൾ ബഹു: പ്രിൻസിപ്പൽ ശ്രീ. ഒ. ജെ. തോമസ് വിതരണം ചെയ്തു. അന്നേ ദിവസംതന്നെ പ്രശസ്ത സിനിമാതാരം രോഹിണി ആർട്സ് ഫെസ്റ്റിവെലിൽ സമ്മാനാർഹരായവർക്കുള്ള സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുകയുണ്ടായി. ഉച്ചതിരിഞ്ഞ് നടത്തപ്പെട്ട കൊച്ചിൻ സാഗയുടെ ഗാനമേള കോളേജ് ദിനാഘോഷത്തിന്റെ ഉൽസവപരിപാടിക്ക് മാറ്റുകൂട്ടി.

കോളേജ് യൂണിയന്റെ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന്റെ ഭാഗമായി വിതരണം ചെയ്ത സംഭാവന കൂപ്പണുകൾ വാങ്ങി. കോളേജ് യൂണിയനോട് സഹകരിച്ച മുഴുവൻ വിദ്യാർത്ഥികളോടും കോളേജ് യൂണിയന്റെ പേരിൽ നന്ദിരേഖപ്പെടുത്തട്ടെ. കോളേജ് യൂണിയൻ പ്രവർത്തനങ്ങൾക്ക് നിർലോഭമായ സഹകരണം നൽകിയ അദ്ധ്യാപിക അദ്ധ്യാപകരോടും, പ്രിൻസിപ്പാളിനോടും, സ്റ്റാഫ് അഡ്വൈസർ ശ്രീ. Prof: James Jayarajനോടും കലാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളോടും, രാഷ്ട്രീയഭേദമന്യേ സഹകരിച്ച എല്ലാ കോളേജ് യൂണിയൻ ഭാരവാഹികളോടുമുള്ള കടപ്പാട് നിസ്സീമമാണ് അവരോട് എന്റെ ഹൃദയംഗമമായ നന്ദിരേഖപ്പെടുത്തിക്കൊണ്ട് നിറുത്തട്ടെ.



**The Most Economical 100 c. c. MOTORCYCLE for Price below Rs. 28000/-**



# SUZUKI MAX 100

*Authorised Dealers:*

**CENTRAL MOTORS**

Thottakkattukara

ALUVA - 8. Ph: 25420



VICE CHAIRMAN
MARYSMIL JOSEPH



GEN.SECRETARY
AJAYAN.P



MAGAZINE EDITOR
SANJITH M.N



ARTS CLUB SECRETARY
SINILAL.O.SHANKAR

## UNION MEMBERS.





UNIUNI. COUNCILLORS

DILEEP KUMAR.M.

JORY VARGHESE



CHAIRMAN
MARTIN.M.P.





LADY REPRESENTATIVES

SARA BABU.

SHEELA MATHEW

## CLASS REPRESENTATIVES.



I P.D.C
SHIBU MATHEW



II P.D.C
SUNIL KOSE



I D.C
JISS JOSEPH PANACKAL



II D.C
RAJESH.V.PETER



III D.C
HEMANTH.G



I P.G
JIBY.M.ISAAC



II P.G
ELDOS MATHEW.

## NOMINEES



QUIZ CLUB
BIJI POULOSE



S.S.LEAGUE
SHABEER ALI



CINE CLUB
BIJU DOMINIC ALAPPAT



PLANNING FORUM
JOY.T.A



CANTEEN
MANOJ KUMAR.P.A



SPORTS
SHAJI THOMAS



DEBATING CLUB
MATHEWS JACOB.

# UNION INAUGURATION.



| | | |
|---|---|---|
| INAUGURATION | - | SRI.A.M.THOMAS |
| PRESIDENTIAL ADDRESS | - | MARTIN.M.P |
| INAUGURAL ADDRESS | - | EX.UNION MINISTER A.M.THOMAS. |
| CHIEF GUEST | - | G.KARTHIKEYAN M.L.A |
| VOTE OF THANKS | - | AJAYAN.P. |









## ARTS CLUB INAUGURATION.



INAUGURATION-SUNIL P.ILAYIDAM, FELICITATION-PROF.N.KALYANASUNDHARAM.

## DEBATING CLUB INAUGURATION.



INAUGURATION-SRI.K.MOHAMMAD ALI M.L.A, CHIEF GUEST-CINE STAR SAINUDEEN.

## *COLLEGE DAY*



*INAUGURATION - SRI V.J.KURIAN, FELICITATION PROF.C.J.THOMAS, PROF.JAMES JAYARAJ.*
*PRIZE DISTRIBUTION-CINE ARTIST ROHINI, VOTE OF THANKS-SHEELA MATHEW*



# SYMPOSIUM



INAUGURATION-SRI.R.K.DAMODHARAN
SPEECH-N.K.DESOM AND R.K.DAMODHARAN



STAFF ADVISOR
PROF.JAMES JAYARAJ



REJANI
KADHAPRASANGAM
UNIVERSITY FIRST



RESHMI.C.R.
KAVYAKELI
UNIVERSITY FIRST



ELDHO ALIAS
I RANK HISTORY



DARWIN
BEST ACTOR



BASKET BALL



CRICKET



HOCKEY (WOMEN)



FOOT BALL



CRICKET (WOMEN)



VOLLEY BALL



BALL BADMINTON



SHUTTLE



CHESS



CAPTAINS OF ALL TEAMS



JUNION STATE WOMEN HOCKEY TEAM PARTICIPANTS.



M.G.UNIVERSITY HOCKEY TEAM MEMBERS



ATHLETICS



HAND BALL (WOMEN)



PRIZE DISTRIBUTION-CINE ARTIST JAYARAM

# IND. CHAMPS



REJI JOSEPH
REPRESENTED
INDIAN UNIVERSITY HOCKEY



RAJA TOMY
UNI.PLAYER
BASKET BALL



JACOB KOSHY
UNI.PLAYER & JUNIOR STATE
BASKET BALL



SANGEETH LAL
JUNIOR STATE
BASKET BALL



BAIJU K.S
UNI.FOOTBALL PLAYER



VINOJ K.V
UNI.PLAYER
CRICKET



URMILA P.
UNI.CRICKET PLAYER



SUNITHA PAUL
UNI.CRICKET PLAYER



TENNY VARGHESE
BEST ATHLET & REPRESENTED
SENIOR NATIONAL ATHLETIC MEET



SABU.M.V
UNI.HOCKEY PLAYER & IND.CHAMP.



AJI C.KURIAN
BEST ATHLET



SHINU M.A
INDIVIDUAL CHAMP



# വിദ്യാഭ്യാസം അനുഭവജ്ഞാനം എന്ന നിലയിൽ

**പൗലോ ഫ്രെയർ**

അവബോധമുള്ള ജീവിയാണു മനുഷ്യൻ. അവന്റെ അവബോധം, ലോകത്തെക്കുറിച്ചുള്ള അവന്റെ ലക്ഷ്യബോധത്തോടൊപ്പം എപ്പോഴും എന്തിനെയോ കുറിച്ചുള്ള അവബോധമാണ്. അതെപ്പോഴും യാഥാർത്ഥ്യത്തിലേയ്ക്ക് സ്ഥിരമായി സഞ്ചരിച്ചുകൊണ്ടിരിക്കയാണ്. അതുകൊണ്ട് അവനെപ്പോഴും ലോകത്തോട് ബന്ധം പുലർത്തേണ്ടതായ സാഹചര്യമാണുള്ളത്. ഈ ബന്ധത്തിൽ വ്യക്തിനിഷ്ഠത വസ്തുനിഷ്ഠതയുടെ രൂപമെടുത്ത് അതുമായിച്ചേർന്ന് ഒരു യുക്തിഭദ്രമായ ഘടകമായിത്തീരുന്നു. ആ ഘടകത്തിൽ നിന്നാണ് പ്രവർത്തനപരമായി ഗാഢമായി ബന്ധമുള്ള ജ്ഞാനം പുറത്തുവരുന്നത്. അതുകൊണ്ടാണ് ഈ ഘടകത്തെ പിളർക്കുന്ന വ്യക്തിനിഷ്ഠമോ വസ്തുനിഷ്ഠമോ ആയ വിശദീകരണങ്ങൾക്ക് യാഥാർത്ഥ്യത്തെ ഗ്രഹിക്കാൻ കഴിയാത്തത്. 'ഈഗോ' (അഹം) മാത്രമേ നിലനില്ക്കുന്നുള്ളുവെന്നും അതിന്റെ അവബോധമാണ് എല്ലാററിനെയും ചുററിയിരിക്കുന്നതെന്നും അഹംഭാവത്തിന്റെ പ്രത്യയശാസ്ത്രം വെറുതെ അവകാശ

പ്പെട്ടാൽ, വിമർശനാത്മകമല്ലാത്ത, യാന്ത്രികമായ, തികച്ചും ഭൗതികമായ വസ്തുനിഷ്ഠത സ്ത്രീ_പുരുഷൻമാരുടെ ഭാഗത്തുനിന്നും യാതൊരു പ്രവർത്തനവും ഉണ്ടാകാത്തതുകൊണ്ട് അതും തെററിൽ തന്നെയാണെന്ന് പറയാവുന്നതാണ്. (സ്ത്രീ_പുരുഷൻമാർ പരിവർത്തനത്തിന്റെ വെറും പാത്രങ്ങൾ മാത്രമാകുന്നു).

മനുഷ്യരെ തെററായ ഈ രണ്ടു രീതികളിൽ പരിഗണിക്കുന്നതും ലോകത്തിൽ അവർക്കുള്ള സ്ഥാനവും ചരിത്രത്തിൽ അവർക്കുള്ള പങ്കും വിശദീകരിക്കുന്നതും വിദ്യാഭ്യാസത്തെക്കുറിച്ചു് തെററുധാരണകൾ ജനിപ്പിക്കാൻ പര്യാപ്തമാണ്. ഒരാൾ സമൂർത്തവും വസ്തുനിഷ്ഠവുമായ യാഥാർത്ഥ്യത്തെ നിരാകരിക്കുകയും യാഥാർത്ഥ്യത്തിന്റെ സ്രഷ്ടാവ് അവബോധമാണെന്നു പ്രഖ്യാപിക്കുകയും ചെയ്യുമ്പോൾ വേറൊരാൾ പറയുന്നത്, ലോകത്തെ രൂപാന്തരപ്പെടുത്തുന്നതു മനുഷ്യരുടെ സാന്നിദ്ധ്യമല്ലെന്നും അവരുടെ പങ്കാളിത്തമില്ലാതെതന്നെ യാഥാർത്ഥ്യം രൂപാന്തരപ്പെടുമെന്നും അവരെ അതിനു കീഴ്പ്പെടുത്തുമെന്നുമാണ്. യാഥാർത്ഥ്യത്തിൽ നിന്നകന്ന ആശയങ്ങൾ ചരിത്രത്തിന്റെ പ്രക്രിയയെ നിയന്ത്രിക്കുമെന്ന് പ്രഖ്യാപിക്കുന്ന വാദഗതികൾ അബദ്ധമാണ്. മനുഷ്യരെ വെറും അമൂർത്തജീവികളാക്കി മാററുകയും, ചരിത്രപരമായി ലോകത്തെ രൂപാന്തരപ്പെടുത്തുന്നതിൽ അവർക്ക് യാതൊരു പങ്കുമില്ലെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്ന യാന്ത്രികമായ വസ്തുനിഷ്ഠതയും അബദ്ധംതന്നെയാണ്.

മനുഷ്യനെ അവഗണിക്കുകയും നിരാകരിക്കുകയും ചെയ്യുന്ന ഈ തരത്തിലുള്ള വിദ്യാഭ്യാസം നമ്മെ എങ്ങും എത്തിക്കുകയില്ല. മനുഷ്യജീവികളെ കാണേണ്ടത് യാഥാർത്ഥ്യവുമായുള്ള അവരുടെ ഏററുമുട്ടലുകളിലാണ്. അവിടെയാണവർ ജീവിക്കുന്നതും വസ്തുതകൾ ഗ്രഹിക്കുന്നതും പരിവർത്തനത്തിന്റെ പ്രക്രിയ പരിശീലിക്കുന്നതും. യാഥാർത്ഥ്യവുമായുള്ള യുക്തിഭദ്രമായ ബന്ധത്തിലാണ് വിദ്യാഭ്യാസത്തെ നിരന്തരമായ ഒരു വിമോചനപ്രക്രിയയായി ഞാൻ ചർച്ചചെയ്യാൻ പോകുന്നത്. സ്വന്തം അവബോധത്തിൽ ഒരു ലോകം സൃഷ്ടിച്ച് ലോകത്തിൽ നിന്നൊററപ്പെട്ടവരായി സ്ത്രീ പുരുഷൻമാരെ കാണാനോ, ലോകത്തെ രൂപാന്തരപ്പെടുത്താൻ കഴിവുള്ള സ്ത്രീ_പുരുഷൻമാരാരുമില്ലാത്ത ലോകത്തെ ദർശിക്കാനോ വിദ്യാഭ്യാസത്തിനു് സാദ്ധ്യമല്ല. കാരണം അപ്പോൾ വിദ്യാഭ്യാസം ചരിത്രവുമായി ബന്ധമില്ലാത്തതായി തീരും. ആദ്യം പറഞ്ഞതിൽ ലോകമില്ല; രണ്ടാമതു പറഞ്ഞതിൽ സ്ത്രീ പുരുഷൻമാരില്ല. രണ്ടുംകൂടി ഒത്തെങ്കിലേ വിദ്യാഭ്യാസം ചരിത്രാത്മകമാവൂ എന്നർത്ഥം. രണ്ടുംകൂടാതെ ചരിത്രത്തിനു നിലനില്പില്ല. യാന്ത്രികമായി സംഭവിക്കുന്ന പ്രക്രിയകളിൽ മനുഷ്യർ അപ്രസക്തരാണ് എന്നുള്ള ചിന്ത ശരിയല്ല. അതുപോലെ തന്നെ ഏതാനും ചില ആളുകളുടെ അവബോധത്തിലുളവാകുന്ന ആശയങ്ങളുടെ ഫലമല്ല നാം ഉണ്ടാകുന്നതെല്ലാം. ചരിത്രം മനുഷ്യസംഭവങ്ങളുടെ കാലമെന്ന നിലയിൽ മനുഷ്യർ നിർമ്മിക്കുന്നതാണ്. മററെല്ലാ മാനുഷിക പ്രവർത്തനങ്ങളുംപോലെ വിദ്യാഭ്യാസവും ലോകത്തിനുള്ളിൽ തന്നെ നടത്താൻ കഴിയണം (ലോകം ചരിത്ര സാംസ്കാരിക ലോകമാണ്). മനുഷ്യരും ലോകവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ചിന്തകളായിരിക്കണം ഈ വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ തുടക്കം. ഈ ബന്ധങ്ങൾ വെറും ഒരു പ്രസ്താവനയായി ഒരു ലളിതവാക്യത്തിൽ ഒതുങ്ങിനിന്നാൽപ്പോരാ. അവയിൽ യുക്തിഭദ്രമായ ഒരു സാഹചര്യമുണ്ടാകുകയാണ്. അതിന്റെ ഒരററത്ത് ഒരു വ്യക്തിയും മറേറ അററത്ത് വസ്തുനിഷ്ഠമായ, സൃഷ്ടി തുടർന്നുകൊണ്ടിരിക്കുന്ന ഒരു ലോകവും. ഈ ചരിത്ര സാംസ്കാരിക ലോകം പണി തീർന്ന ഒരു ലോകമായിരുന്നെങ്കിൽ പരിവർത്തനത്തിന്റെ ആവശ്യമില്ലായിരുന്നു.

മനുഷ്യൻ ജീവിക്കുന്നു. ഈ ലോകം ചരിത്ര സാംസ്കാരിക ലോകമായി തുടരുന്നു. പണി തീരാത്ത ഉല്പന്നങ്ങളായ ഇവർ രണ്ടും സ്ഥിരമായ ബന്ധത്തിൽ ഒന്നിക്കുന്നു. മനുഷ്യർ ഈ ലോകത്തെ രൂപാന്തരപ്പെടുത്തുന്നു. രൂപാന്തരപ്പെടുത്തലിന്റെ ഫലങ്ങളും അനുഭവിക്കുന്നു. ഈ ചലനാത്മകമായ ചരിത്ര സാംസ്കാരിക പ്രക്രിയയിൽ ഒരു തലമുറ മറ്റൊരു തലമുറ വരച്ചുകാട്ടിയ വസ്തുനിഷ്ഠമായ യാഥാർത്ഥ്യം അരിതുവീകരിക്കുകയും അതിലൂടെ യാഥാർത്ഥ്യത്തിന്റെ പാരമ്പര്യകം സ്വീകരിക്കുകയും ചെയ്യുന്നു.

ഈ യാഥാർത്ഥ്യത്തോട് ഇണങ്ങിച്ചേരാൻ ജനങ്ങളെ വളച്ചെടുക്കുന്ന എന്തെങ്കിലും ശ്രമം ഉണ്ടാകുക എന്നുപറഞ്ഞാൽ ലോകത്തെ രൂപാന്തരപ്പെടുത്താനുള്ള അവരുടെ അവകാശത്തെയും അവസരത്തെയും അവർക്കു നിഷേധിക്കുക എന്നുതന്നെയാണർത്ഥം. (ഇണങ്ങിച്ചേരാൻ ആവശ്യപ്പെടുന്നതിൽ ശാസ്ത്രീയമായ വിഡ്ഢിത്തം മാത്രമല്ല ഉള്ളത്. ഈ ലോകം പണിതീർന്നതും നിശ്ചലം സൃഷ്ടിക്കപ്പെടേണ്ട ആവശ്യമില്ലാത്തതുമാണെന്നുള്ള അർത്ഥവും അതുദ്യോതിപ്പിക്കുന്നുണ്ട്.) വിദ്യാഭ്യാസത്തിന് ഈ മാർഗം തെരഞ്ഞെടുക്കാൻ സാദ്ധ്യമല്ല. ആധികാരികമാണെങ്കിൽ അത് വിമോചിപ്പിക്കുന്നതിനായിരിക്കണം. ധ്യാനിക്കുമ്പോഴും പ്രവർത്തിക്കുമ്പോഴും മനുഷ്യന്റെ ഉള്ളിൽ പ്രവർത്തിക്കുന്ന മനസ്സാക്ഷിയുടെ മൂല്യത്തിന്റെ ഉള്ളിലേക്ക് കടന്നുചെല്ലുന്നതിന് ഈ വിദ്യാഭ്യാസം മുൻതൂക്കം കൊടുക്കണം. ബോധവൽക്കരണത്തിലൂടെ ഈ മനസ്സാക്ഷി മൂല്യത്തെ അഗാധമാക്കാം. അത് ബുദ്ധിപരമായോ വ്യക്തിഗതമായോ ഉള്ള ശ്രമംകൊണ്ടു സാദ്ധ്യമല്ല. ഞാൻ നേരത്തെ സൂചിപ്പിച്ച കാരണങ്ങൾകൊണ്ട് ബോധവൽക്കരണം മനശ്ശാസ്ത്രത്തിന്റെയോ, വ്യക്തിനിഷ്ഠതയുടെയോ വസ്തുനിഷ്ഠതയുടെയോ മാർഗത്തിലൂടെ എത്തിച്ചേരാനാവില്ല. മനസ്സാക്ഷി മൂല്യം ഒറ്റപ്പെട്ട വ്യക്തികളിൽ പ്രവർത്തിക്കാതെ വ്യക്തികൾ തമ്മിലും ലോകത്തോടുള്ള ബന്ധത്തിലുംകൂടി പരിവർത്തനത്തിന്റെ മേഖലയിൽ പ്രവർത്തിക്കുന്നതുപോലെയാണ് ബോധവൽക്കരണത്തിന്റെയും പ്രവർത്തനശൈലി. വസ്തുനിഷ്ഠമായി അവതരിപ്പിക്കപ്പെടുന്ന സമൂർത്ത യാഥാർത്ഥ്യങ്ങളുമായും ലോകവുമായും ഒരു വ്യക്തി മുഖാമുഖം കാണുമ്പോഴാണ്, മനുഷ്യന്റെമാത്രം പ്രത്യേകതയായ മനസ്സാക്ഷിമൂല്യം ഉണരുന്നത്. വസ്തുനിഷ്ഠമായി ഒരു കാര്യം ഗ്രഹിക്കണമെന്നുണ്ടെങ്കിൽ യാഥാർത്ഥ്യത്തിന്റെ ഘടകങ്ങൾ എന്തെന്ന് മനസ്സിലാക്കണം. മനസ്സാക്ഷിമൂല്യം പല തലങ്ങളിൽ നിലനിൽക്കുന്നുണ്ട്. ഒന്ന് മാന്ത്രികതലമാണ്. മറ്റൊന്ന് വളരെ സങ്കീർണ്ണമായ ഒരു തലമാണ്. വസ്തുനിഷ്ഠമായ വസ്തുതകൾ ഗ്രഹിക്കാൻതന്നെ പ്രയാസം.

ഒരു വസ്തുതയെ വെറുതെ ഗ്രഹിക്കുക മാത്രം ചെയ്യാതെ, ലോകത്തോടും പൂർണ്ണതയോടുമുള്ള ബന്ധത്തിൽ വിമർശനാത്മകമായി ഗ്രഹിക്കാൻ ശ്രമിക്കുമ്പോൾ അവബോധം ഗഹനമാകുന്നു. ബോധവൽക്കരണമായിമാറുന്നു. അങ്ങനെ ബോധവൽക്കരണമായി മാറാനുള്ള ഈ ശ്രമം ഒരു വ്യക്തിയുടെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള വിമർശനാത്മക വീക്ഷണത്താൽ സാദ്ധ്യമല്ല. ഒരു സമൂഹത്തിന്റെ ശ്രമം ഇതിനാവശ്യമാണ്. ബോധവൽക്കരണം സമൂർത്ത ജീവികളിൽ അന്തരീക്ഷത്തിലല്ല നടക്കുന്നത്. ജീവനുള്ള സ്ത്രീപുരുഷൻമാരിൽ സാമൂഹ്യഘടനയിലാണ് നടക്കുന്നത്. അത്രയെങ്കിലും മനസ്സിലാക്കുക. അതിനു വ്യക്തിയുടെ തലത്തിൽമാത്രം ഒതുങ്ങിനിൽക്കാനുമാവില്ല. പ്രായോഗികതയിൽ മാത്രം വെളിപ്പെടുത്താൻ പറ്റുന്ന ബോധവൽക്കരണം, (അവബോധത്തിന്റെ വെറും പ്രവർത്തനം മാത്രമായി ഇതിനെ പരിമിതപ്പെടുത്താനാവില്ല) ഒരിക്കലും നിഷ്പക്ഷമല്ല. അതേ രീതിയിൽ വിദ്യാഭ്യാസത്തിനും ഒരിക്കലും നിഷ്പക്ഷമായിരിക്കാൻ കഴിയുകയില്ല.

നിഷ്പക്ഷതയെക്കുറിച്ച് സംസാരിക്കുന്നവർ,

നിഷ്പക്ഷതയെ സ്വന്തം സൗകര്യത്തിന് ഉപയോഗിക്കാനുള്ള അവകാശം നഷ്ടപ്പെടുമോയെന്ന് ഭയപ്പെടുന്നവർ മാത്രമാണ്. ബോധവൽക്കരണ പ്രക്രിയയിൽ അദ്ധ്യാപകന് ഒരു വ്യക്തി എന്ന നിലയിൽ തെരഞ്ഞെടുക്കലിനുള്ള അവകാശമുണ്ട്. അത് അടിച്ചേൽപ്പിക്കാനുള്ള അവകാശമാണില്ലാത്തത്. ഈ തെരഞ്ഞെടുക്കലുകൾ മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുന്നതും അടിച്ചേൽപ്പിക്കലാണ്, അല്ലെങ്കിൽ വളച്ചൊടുക്കലാണ് എന്നു പറയാം. നിരുപദ്രവമെന്നു പുറമെ തോന്നിക്കാത്ത ഒരു തരത്തിലുള്ള മെരുക്കിയെടുക്കലിലേക്കാണ് ഇതു നയിക്കുന്നത്. അങ്ങനെയുള്ളിടത്ത് ബോധവൽക്കരണത്തെക്കുറിച്ച് സംസാരിക്കാൻ പ്രയാസമാണ്. വ്യാജ അദ്ധ്യാപകന് 'മെരുക്കിയെടുക്കാനേ' കഴിയൂ. കാരണം യാഥാർത്ഥ്യത്തെ വിമർശനാത്മകമായി വിലയിരുത്തേണ്ടതിനുപകരം അതിനെ കൂടെക്കൂടി നിഗൂഢമാക്കി മാറ്റുകയാണയാൾ ചെയ്യുന്നത്. ആശയവിനിമയം നടത്തുകയും ആശയങ്ങൾ സ്വീകരിക്കുകയും ചെയ്യേണ്ടതിനുപകരം അത്തരം അദ്ധ്യാപകർ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കയേ ഉള്ളൂ. അതേ അവർക്കറിയാവൂ. ഒരിക്കലും യഥാർത്ഥത്തിലുള്ള അനുഭവജ്ഞാനത്തിന്റെ ബന്ധം സ്ഥാപിക്കാൻ അവർക്കു കഴിയുകയില്ല. കാരണം അപ്പോൾ വളച്ചൊടുക്കൽ അസാദ്ധ്യമായിപ്പോകുമല്ലോ.

ഇതുകൊണ്ടാണ് ഞാൻ പറയുന്നത്, 'വിദ്യാഭ്യാസം സ്വാതന്ത്ര്യ പരിശീലന'മെന്ന നിലയിൽ അറിവിന്റെയോ സംസ്കാരത്തിന്റെയോ പകർച്ചയോ പ്രക്ഷേപണമോ അല്ല എന്നുള്ള സത്യം. സാങ്കേതിക ജ്ഞാനത്തിന്റെ പകർന്നുകൊടുക്കലുമല്ല. വിദ്യാർത്ഥിയിൽ കുറെ വസ്തുക്കളോ കുറിപ്പുകളോ നിക്ഷേപിക്കുന്നതുമല്ല. 'ഏതെങ്കിലുമൊരു സംസ്കാരത്തിന്റെ മൂല്യങ്ങൾ നിലനിർത്തുന്നതുമല്ല.' തന്റെ സാഹചര്യങ്ങളുമായി വിദ്യാർത്ഥിയെ ഇണക്കിച്ചേർക്കുന്നതിനുള്ള ശ്രമവുമല്ല.

വിദ്യാഭ്യാസത്തെ സ്വാതന്ത്ര്യപരിശീലനമായി ഞാൻ കാണുന്നത് അനുഭവ ജ്ഞാനത്തിന്റെ സാഹചര്യത്തിലാണ്. അറിയുക എന്ന പ്രവർത്തനത്തിൽ അറിയാവുന്ന വിഷയം എന്താണ് അദ്ധ്യാപകന്റെ കൈവശമില്ല. കാരണം അറിയാൻ കഴിവുള്ള മറ്റു വ്യക്തികളുമായി ആശയവിനിമയം ചെയ്യുകയാണ് അദ്ധ്യാപകൻ. വിമോചനത്തിനായുള്ള വിദ്യാഭ്യാസത്തിൽ അദ്ധ്യാപകനും വിദ്യാർത്ഥിയും അറിവുനേടാൻ പ്രാപ്തിയുള്ളവരാണ്. അറിയേണ്ടതായ വിഷയത്തിന്റെ ബന്ധത്തിൽ അവർ വന്നിരിക്കയാണ്.

അപ്പോൾ ഒരുവന് ഇങ്ങനെ പറയാം; (ഇങ്ങനെ പറയുന്നത് അനേകതവണ ഞാൻ കേട്ടിട്ടുണ്ട്) 'അദ്ധ്യാപകൻ നേരത്തെതന്നെ അറിയാവുന്ന ആളല്ലേ അപ്പോൾ എങ്ങനെയാണ് അദ്ധ്യാപകനും വിദ്യാർത്ഥിയും അറിവുനേടാൻ തുല്യതയോടെ വന്നിരിക്കുന്നത്! അദ്ധ്യാപകരിൽനിന്നും പഠിക്കുക എന്ന ധർമ്മം നിർവഹിക്കേണ്ട വിദ്യാർത്ഥിക്ക് അറിയാനുള്ള പ്രാപ്തി ഉണ്ടെന്നെങ്ങനെ പറയാം? 'ഈ നിരീക്ഷണങ്ങൾ അടിസ്ഥാനപരമായി അസത്യങ്ങളാണ്. അവ പറഞ്ഞ വ്യക്തിയുടെ മുൻവിധികളാണ് ഈ ചോദ്യങ്ങളിലൂടെ വെളിപ്പെടുന്നത്. ഈ മുൻവിധികൾ തുടങ്ങുന്നത്, വിദ്യാർത്ഥികൾക്കൊന്നും അറിയാൻ പാടില്ലെന്ന് അവരുടെ മുഖത്തുനോക്കിപ്പറയുന്നവരും അങ്ങനെ അറിവിന്റെ ഉടമസ്ഥരാണെന്നു ഭാവിക്കുന്നവരുമായ ആളുകളിൽനിന്നുതന്നെയാണ്. സംവാദത്തിലൂടെയും ആശയവിനിമയത്തിലൂടെയുമുള്ള വിദ്യാഭ്യാസം അവർ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒരു ഭീഷണിയായിട്ടാണ്. (ദുർവ്യാഖ്യാനത്തിന്റെ കാരണം അബദ്ധമാണോ ആദർശമാണോ എന്നറിയില്ല.) ഇത്തരം വിദ്യാഭ്യാസം അവരുടെ വ്യാജജ്ഞാനത്തിന് വാസ്തവത്തിൽ ഒരു ഭീഷണിതന്നെയാണ്.

ആശയ വിനിമയത്തെ നിരാകരിക്കുകയും അറിവിന്റെ യഥാർത്ഥ അവസ്ഥയായ പങ്കാളി

അതിനെ ഒഴിവാക്കാനാഗ്രഹിക്കുകയും ചെയ്യുന്നവർ അങ്ങനെ ചെയ്യുന്നതിന്റെ കാരണം, അറിയേണ്ടതായ വിഷയങ്ങളിൽ അവർക്കറിവില്ലെന്നുള്ളതാണ്. അടിസ്ഥാനമില്ലാത്ത അഭിപ്രായം തട്ടിമൂളിക്കുന്നതിനപ്പുറം പുസ്തകത്തിലുള്ളതു ആവർത്തിച്ചു പറയാൻ മാത്രമേ അവർക്കറിയാവൂ. അനുഭവജ്ഞാനത്തിന്റെ വെളിച്ചത്തിലുള്ള വിദ്യാഭ്യാസത്തിൽ, ലൈബ്രറിയിലായിരുന്നാലും പരീക്ഷണശാലയിലായിരുന്നാലും ഒരിക്കലും അദ്ധ്യാപകൻ ഒരു നിമിഷത്തിൽപ്പോലും അറിവ് മൊത്ത പൊതിഞ്ഞുകൊടുക്കുകയോ വിതരണം ചെയ്യുകയോ ഇല്ല. അദ്ധ്യാപകർ പരീക്ഷണം നടത്തുമ്പോഴും അറിയേണ്ട വിഷയം അറിയാനായി അന്വേഷണം നിൽക്കുമ്പോഴും അവർ തീർച്ചയായും മുന്നിലാണ്. അതിനാൽ ഇതേ അറിവിന്റെ പ്രവർത്തനം നടത്തിയ ആളുകളുമായി അവർ അടുപ്പമായ സംവാദം നടത്തുകയും നിഗൂഢമായ ബന്ധം സ്ഥാപിക്കുകയും മാത്രമല്ല, അങ്ങനെതന്നെ അവർ സംവാദത്തിലേർപ്പെടുക കൂടി ചെയ്യുന്നു. അവർ അവരെത്തന്നെ മുമ്പിൽ നിർത്തി ഗവേഷണം നടത്തുന്നു; സ്വയം ചോദ്യം ചെയ്യുന്നു. സ്വയം ചോദ്യം ചെയ്യുമ്പോഴും അറിയേണ്ട വിഷയത്തെക്കുറിച്ചുള്ള അവരുടെ ജിജ്ഞാസ വർദ്ധിച്ചു വരുന്നതായി അവർക്കനുഭവപ്പെടുന്നു. മനുഷ്യരിൽനിന്നും ലോകത്തിൽനിന്നും വിഷയത്തെ അകറ്റുമ്പോഴാണ് ജിജ്ഞാസ കുറയുന്നത്."

അതുകൊണ്ടാണ് അറിവിന്റെ അടിസ്ഥാനഘടകമെന്ന നിലയിൽ സംവാദം. അറിവുണ്ടാകുന്ന പ്രക്രിയയിൽ ഒരു വ്യക്തിയല്ലെങ്കിൽ പങ്കുചേരുന്നത്. അപ്പോഴും മറ്റ് എന്നുപറയുന്നത് പഴയ അർത്ഥത്തിലുള്ള മറ്റല്ല. ഒരു പൊതു സമൂഹം സ്വയം അവിടെ അറിവു തേടുകയാണ്. പ്രസരിപ്പിക്കുകയല്ല. അദ്ധ്യാപകന്റെ ജോലി ഒരു വസ്തുതയുടെ നിമിഷങ്ങളിലേക്ക് ചേർത്തിരിക്കപ്പെടുത്തിലാത്തതുകൊണ്ട് ('എന്നെക്കുറിച്ച്' എന്ന രീതിയിലും ആ 'അറിവിനെക്കുറിച്ച്' പറയുന്ന

മറ്റൊരു നിമിഷവും) വിദ്യാഭ്യാസം അറിവിന്റെ ഒരു അനുസ്യൂത പ്രവർത്തനമായിത്തീരുന്നു. ബോധപൂർവം നിരന്തരം ചർവ്വിത ചർവ്വണവും യാന്ത്രികവുമായ വിശദീകരണങ്ങളുടെ ആധിപത്യത്തിൽനിന്ന് അദ്ധ്യാപകർ മോചനം നേടുന്നു. ഒരു വിദ്യാർത്ഥി എന്നതിലും ഒരു ചോദ്യം ചോദിക്കുമ്പോഴും അദ്ധ്യാപകർ അറിവിന്റെ മേഖലയുമായുള്ള ബന്ധത്തിലെ എല്ലാ പ്രശ്നങ്ങളും ഒരിക്കൽക്കൂടി അവതരിപ്പിച്ച് വിശദീകരണം നടത്തുന്നു. പഴയതെല്ലാം ആവർത്തിക്കുക എന്ന അർത്ഥത്തിലല്ല. ഒരു പുതിയ സാഹചര്യത്തിൽ പുതിയ ഘടകങ്ങൾ (ഇതിനുമുമ്പ് വ്യക്തമാക്കപ്പെട്ടിരിക്കുന്ന) വ്യക്തമായി വിദ്യാർത്ഥിക്കു മുമ്പിൽ അവതരിപ്പിക്കപ്പെടുന്നു. വിഷയത്തിലേക്കിപ്പോൾ പുതിയ പാതകൾ തുറന്നുകൊടുക്കുന്നു.

ഈ പ്രക്രിയ നടത്താത്ത അദ്ധ്യാപകർ തങ്ങളുടെ പാഠങ്ങൾ ഉരുവിടുകമാത്രം ചെയ്യുന്നതുകൊണ്ട് അനുഭവജ്ഞാനത്തിന്റെ രീതിയിൽ വിദ്യാഭ്യാസത്തെ കാണുകയില്ല; സംവാദത്തെയും ആശയവിനിമയത്തെയും സ്നേഹം കാണുകയില്ല. അവരെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസമെന്നു പറയുന്നത് അറിവു പകരുന്നതാണ്. നിഷ്ക്രിയരായ വിദ്യാർത്ഥികൾക്ക് യാതൊരു പങ്കാളിത്തവും നൽകാതെ അറിവുള്ളവനായ അദ്ധ്യാപകൻ അറിവ് പകർന്നുകൊടുക്കുന്നു. വിദ്യാർത്ഥികളിൽ അറിവു നിക്ഷേപിക്കുന്നതിന്റെ അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഈ ധാരണയാണ് പരിശീലനത്തിനുള്ള അടിസ്ഥാന തത്ത്വം. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പരി [illegible]. ഈ ആശയത്തിന്മേൽ അടിസ്ഥാനപ്പെട്ടിരിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം ക്രിയാത്മകതയെ തടയുന്ന ഒരു ശൈലി മാത്രം നടപ്പിലാക്കുന്നതാണ്. മനുഷ്യരാശി ലോകവുമായി ഇടപെടുന്നതിൽനിന്ന് ക്രിയാത്മകത ഉണ്ടാകുകയില്ല. മനുഷ്യർ ലോകത്തോടും മറ്റു മനുഷ്യരോടും ചേർന്നു ജീവിക്കുമ്പോഴാണ് ക്രിയാത്മകത

ഉണ്ടാകുന്നത്. ഈ പ്രായോഗികതയിൽ പ്രവർത്തനവും പ്രതികരണവും സ്ഥിരമായി പരസ്പരം പ്രോജ്ജ്വലിപ്പിക്കുന്നു. ഈ പ്രായോഗികതയ്ക്ക് ഒരു സിദ്ധാന്തമുണ്ട്. അവ തമ്മിൽ വേർപിരിക്കാനാവാത്തതാണ്. അതിൽ നിഷ്ക്രിയമായി അറിവു സ്വീകരിക്കുക എന്നതല്ല, അറിവു തേടുക എന്നതാണ് വ്യക്തികളെക്കുറിച്ച് ഉദ്ദേശിച്ചിരിക്കുന്നത്. അങ്ങനെ വിദ്യാഭ്യാസം യഥാർത്ഥ അനുഭവജ്ഞാനമില്ലാത്തതാകുമ്പോൾ വെറും വാചകക്കസർത്തായി അതു ചുരുങ്ങുന്നു. അതു നിരാശക്കിടവരുത്തുന്നു.

കാണാതെ പഠിച്ചുവച്ചിരിക്കുന്ന അറിവ് പ്രസംഗിക്കുന്ന വാചാലരായ അദ്ധ്യാപകരും (ഈ അറിവ് പരീക്ഷിച്ചുനോക്കുകയോ ഗവേഷണം നടത്തുകയോ ചെയ്തിട്ടില്ലാത്തതാണ്) അവരുടെ വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധം വിദ്യാഭ്യാസപരമായ സാങ്കേതിക സഹായത്തിന്റെ ബന്ധമാണ്. ഇത്തരത്തിലുള്ള സാങ്കേതിക സഹായത്തിൽ, സാമൂഹ്യബന്ധങ്ങളിൽ നൽകപ്പെടാറുള്ള 'സമ്മാനം' പോലെയാണ് അർത്ഥരഹിതമായ വാക്കുകൾ പ്രയോഗിക്കപ്പെടുന്നത്. രണ്ടു തരത്തിലുള്ള സാങ്കേതിക സഹായവും—ഭൗതികമോ ബുദ്ധിപരമോ—യാഥാർത്ഥ്യത്തെ വിമർശനാത്മകമായി കാണുന്നതിൽനിന്ന് 'സഹായം ലഭിച്ച'വരെ തടയുന്നു. യാഥാർത്ഥ്യത്തിന്റെ തനിനിറം കാണുകയും ഗ്രഹിക്കുകയും ചെയ്യുന്നതിൽനിന്ന് ഇത്തരം സഹായങ്ങൾ അവരെ തടയുന്നു. തങ്ങൾ 'സഹായം ലഭിക്കുന്നവ'രാണെന്നുള്ളതു കാണാൻ പോലും ഇവർക്കു കഴിയുന്നില്ല. അനുഭവജ്ഞാനത്തിന്റെ യഥാർത്ഥ അവസ്ഥ വിദ്യാഭ്യാസം ഉപേക്ഷിക്കുകയും വെറും വാചകക്കസർത്തുകളായി മാറുകയും ചെയ്യുമ്പോൾ വെറുതെ അഭിപ്രായം പ്രകടിപ്പിക്കുന്ന അവസ്ഥയിൽനിന്ന് യുക്തിസഹമായി ചിന്തിക്കുന്ന അവസ്ഥയിലെത്താൻ വിദ്യാർത്ഥികൾക്ക് അവസരം നിഷേധിക്കയാണ്. അഥവാ അതിൽ അവർ വിജയിച്ചാൽതന്നെ അതു വിദ്യാഭ്യാസത്തിന്റെ സാമർത്ഥ്യംകൊണ്ടല്ല.

വിദ്യാഭ്യാസത്തിലെ 'സാങ്കേതിക സഹായ'ത്തിന്റെ ആശയം വിദ്യാർത്ഥികളെ 'ബോധംകെടുത്തു'കയും ലോകത്തിനുമുമ്പിൽ വിമർശിക്കാൻ കഴിവില്ലാത്തവരും വിധേയരുമാക്കി മാറ്റുകയും ചെയ്യും. എന്നാൽ വിദ്യാഭ്യാസത്തെ അനുഭവജ്ഞാനമായി അംഗീകരിക്കുന്ന ആശയം (ഈ അംഗീകാരത്തിലാണ് വിദ്യാഭ്യാസം ജീവിക്കുന്നത്) കാണാതെ പഠിക്കാനല്ല, ചിന്തിക്കാൻ അവരെ വെല്ലുവിളിക്കുന്നു. ആദ്യത്തെ രീതി കർശനമാണ്, ചോദ്യം ചെയ്യാനാവാത്തതാണ്, ഏകാധിപത്യപരമാണ്. എന്നാൽ രണ്ടാമത്തെ രീതി ചലനാത്മകമാണ്. അധികാരത്തെയോ സ്വാതന്ത്ര്യത്തെയോ ഏതെങ്കിലും തത്വത്തിന്റെ പേരിൽ അതു തടയുന്നില്ല. സംഭവങ്ങളുടെ ചെറുഘടകങ്ങൾ തമ്മിലുള്ള ബന്ധത്തെ സമ്പർക്കപരിധിക്കുള്ളിൽ നിന്നുകൊണ്ട് അതംഗീകരിക്കുന്നു. ഈ സംഭവങ്ങൾ പലതുചേർന്ന് 'നിശ്ചിത ഘടന നിർമ്മിക്കുകയും സാംസ്കാരിക 'കാലഘട്ട'ത്തെ വിശദീകരിക്കുകയും ചെയ്യുന്നു. 'കാലഘട്ടം' സ്ഥിരതയെ സൂചിപ്പിക്കുന്നില്ല. എങ്കിലും സ്ഥിരതയുടെയും പരിവർത്തനത്തിന്റെയും ഇടയിലുള്ള സമയത്തെ അതു സൂചിപ്പിക്കുന്നു. ആദ്യത്തെ ആശയത്തിൽ വിദ്യാഭ്യാസം അടിച്ചമർത്തലിനുള്ള ഒരു ഉപകരണമാണ്. രണ്ടാമത്തേതിൽ വിമോചനത്തിനു വേണ്ടിയുള്ള നിരന്തരാന്വേഷണമാണത്.

അറിയേണ്ട വിഷയത്തിന്റെ മദ്ധ്യസ്ഥതയിൽ അറിയാൻ ശ്രമിക്കുന്ന കുറെ വ്യക്തികൾ തമ്മിലുള്ള ബന്ധമാണ് വിദ്യാഭ്യാസമെങ്കിൽ അതിൽ അദ്ധ്യാപകൻ സ്ഥിരമായി അറിയുക എന്ന പ്രവർത്തി പുനർ സൃഷ്ടിക്കുന്നുണ്ടെങ്കിൽ, അത് പ്രശ്നങ്ങൾ പുറത്തുകൊണ്ടുവരുന്ന തരത്തിലുള്ളതായിരിക്കണം. വിഷയത്തിന്റെ ഉള്ളടക്കം ഒരു പ്രശ്നമായി വിദ്യാർത്ഥികൾക്കുമുമ്പിൽ അവതരിപ്പിക്കുകയാണ് അദ്ധ്യാപകന്റെ

കടമ. അല്ലാതെ അതിനെക്കുറിച്ച് പ്രസംഗിക്കുകയോ, നേരത്തെ പണിതു പൂർത്തിയാക്കിവച്ചിരുന്ന ഏതോ ഒരു വസ്തു എടുത്തുകൊടുക്കുകയോ ചെയ്യുക്. വിദ്യാർത്ഥികൾ പ്രശ്നങ്ങൾ നൽകുന്നതിലൂടെ അദ്ധ്യാപകനും പ്രശ്നങ്ങൾ നേരിടുകയാണ്. പ്രശ്നങ്ങളുന്നയിക്കുന്നതു വളരെ യുക്തിസഹമാണ്, കാരണം ആരായാലും അതു തുടങ്ങിക്കഴിഞ്ഞാൽ അതിൽ മുഴുകാതിരിക്കില്ല. വേറൊരാൾക്കൊരു പ്രശ്നം നൽകിയിട്ട് വെറും പ്രേക്ഷകനായിരിപ്പാൻ ഒരു വ്യക്തിക്കും കഴിയുകയില്ല. വിദ്യാർത്ഥികൾ പ്രശ്നം പിടിച്ചെടുത്ത്, അപഗ്രഥനം ചെയ്ത് ഗ്രഹിക്കുമ്പോഴൊക്കെ അദ്ധ്യാപകൻ നിഷ്ക്രിയനായി ഇരിക്കുകയാണെങ്കിൽക്കൂടി ശരിയായി പറഞ്ഞാൽ അദ്ദേഹം പ്രശ്നത്തിൽപ്പെട്ടിരിക്കയാണ്.

പ്രശ്നങ്ങൾ നൽകുന്ന ഈ പ്രക്രിയയിൽ, അതു പരിഹരിക്കാൻ ആരെങ്കിലും ഒരാൾ നൽകുന്ന നിർദ്ദേശം വിഷയം അപഗ്രഥിക്കുന്നതിൽ പുതിയ പാതകൾ വെട്ടിത്തുറക്കും. ഇത്തരം പ്രശ്നങ്ങളിൽ മുഴുകുന്ന അദ്ധ്യാപകർ വിദ്യാർത്ഥികൾ ഇതിനു പരിഹാരം കണ്ടെത്തുന്ന രീതി കണ്ടു മനസ്സിലാക്കി പ്രശ്നത്തെ വീണ്ടും സമീപിക്കുന്നു. അപ്രകാരമാണ് അദ്ധ്യാപകർ നിരന്തരമായി പഠിച്ചുകൊണ്ടിരിക്കുന്നത്. കൂടുതൽ എളിമയുള്ളവരാണെങ്കിൽ അവർ പഠിക്കും. ആശയവിനിമയത്തിന്റെ മണ്ഡലത്തിൽ, ഈ പ്രശ്നാവതരണം നടക്കുന്നുണ്ട്. സമ്പൂർണ്ണമായ യഥാർത്ഥ ജീവിതസാഹചര്യങ്ങളുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു.

അല്ലെങ്കിൽ യാഥാർത്ഥ്യവുമായി ബന്ധപ്പെട്ട ബുദ്ധിപരമായ കാര്യങ്ങളുമായി ഇതു അടുപ്പവും പുലർത്തുന്നു. സംവാദത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്ക് ബോധപരവും അല്ലാത്തവയുമായ സംജ്ഞകളുടെ അർത്ഥം ആശയവിനിമയം നടത്തുമ്പോൾ മനസ്സിലാക്കണമെന്ന് ഇത് ആവശ്യപ്പെടുന്നു. സംജ്ഞകളുടെ അർത്ഥം മനസ്സിലാക്കുന്നതു സംവാദത്തിലൂടെയാണ്. തങ്ങൾ ഏർപ്പെട്ടിരിക്കുന്ന പ്രശ്നത്തിന്റെ വിമർശനാത്മക വിശകലനം അവതരിപ്പിക്കുന്ന വ്യക്തികളുടെ പദങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്നത് സംവാദമാണ്. ഒരിക്കൽക്കൂടി ഞാൻ ഊന്നിപ്പറയട്ടെ. പ്രശ്നാവതരണം ബുദ്ധിപരമായ കാടുകയറലല്ല, ഒറ്റപ്പെടലുമല്ല. പ്രവർത്തനത്തിൽനിന്നുള്ള പലായനവുമല്ല. യാഥാർത്ഥ്യം നിഷേധിക്കപ്പെടുന്നതിന്റെ പേരിൽ സത്യം മറച്ചുവെക്കലുമല്ല. പ്രശ്നാവതരണം അറിയുക എന്ന പ്രക്രിയയിൽനിന്നു മാത്രമല്ല സമ്പൂർണ്ണമായ ജീവിതസാഹചര്യങ്ങളിൽനിന്നും വേർപിരിക്കാനാവാത്തതാണ്.

ഈ ഒടുവിൽപ്പറഞ്ഞ വിഷയത്തെ വിശദീകരിച്ചുകൊണ്ട്, ജീവിത സാഹചര്യങ്ങളെ ഓരോ വ്യക്തികളും നേരിടുന്നതിനെക്കുറിച്ചു ചിന്തിക്കാം. പ്രശ്നാവതരണം പ്രവർത്തിയിലേക്കുള്ള ഒരു വിമർശനാത്മകമായ മടങ്ങിവരവായി മാറുകയാണിവിടെ. പ്രവർത്തിയിൽനിന്നു തുടങ്ങി, അവിടേക്കുതന്നെ മടങ്ങുന്നു. പ്രശ്നാവതരണത്തിന്റെ പ്രക്രിയ, വിഷയത്തെക്കുറിച്ചുള്ള പ്രതികരണത്തിൽനിന്നാണാരംഭിക്കുന്നത്. യാഥാർത്ഥ്യത്തിന്റെ ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊണ്ട് മറ്റുള്ളവരോടൊത്തു കുറെക്കൂടി മെച്ചമായി പ്രവർത്തിക്കാനുള്ള ആഗ്രഹത്തോടെ ചെയ്യുന്ന പ്രവർത്തനവും പ്രശ്നാവതരണ പ്രക്രിയയുടെ അടിസ്ഥാനഘടകമാണ്. യാഥാർത്ഥ്യം കൂടാതെ യാതൊരു പ്രശ്നാവതരണവും സാദ്ധ്യമല്ല. ഇപ്പോഴും ഇവിടെക്കാണുന്നതാണ് മനുഷ്യരെ സംബന്ധിച്ച് യാഥാർത്ഥ്യം. അതുകൊണ്ട് കാലാതീതമായ ഒന്നിനെക്കുറിച്ചുള്ള ചർച്ചകൾക്ക് ഇവിടെ പ്രസക്തി കുറയുന്നു.

വിദ്യാഭ്യാസത്തെക്കുറിച്ചുള്ള എന്റെ ആശയങ്ങൾ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി സംക്ഷിപ്തമായി ഈ പ്രബന്ധത്തിന്റെ വായനക്കാർ

കമായി ഞാൻ അവതരിപ്പിക്കുമ്പോൾ അത് മനുഷ്യനെയും ലോകത്തെയും ബന്ധപ്പെടുത്തിയുള്ള പ്രശ്നാവതരണമാണെന്നും ലോകത്തിൽ നിന്നൊറ്റപ്പെട്ട മനുഷ്യന്റെയോ മനുഷ്യനില്ലാത്ത ലോകത്തിന്റെയോ പ്രശ്നാവതരണമല്ലെന്നും മനസ്സിലാക്കണമെന്നും ഞാനാഗ്രഹിക്കുന്നു. മനുഷ്യനും ലോകവും തമ്മിലുള്ള ബന്ധം വേർപ്പെടുത്താനാവാത്തതാണ്. എങ്കിലും ഈ വസ്തുത പ്രധാനമായതുകൊണ്ട് അതിന് വിശദീകരണമാവശ്യമുണ്ട്. മനുഷ്യന്റെയും ലോകത്തിന്റെയും പ്രശ്നാവതരണമെന്താണ്? വേർപിരിക്കാനാവാത്ത അവരുടെ ബന്ധത്തിന്റെ പ്രശ്നാവതരണമെന്താണ്? ബന്ധം എന്ന പദത്തിന്റെ പ്രശ്നാവതരണമല്ലിത്. ബന്ധം എന്ന പദം സൂചിപ്പിക്കുന്നത് ലോകത്തിൽ ജീവിക്കുകയും പ്രവർത്തിക്കുകയും അതിനെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന മനുഷ്യന് അതിലുള്ള സ്ഥാനമെന്താണെന്ന്. 'ബന്ധം' എന്ന ആശയത്തെ തികച്ചും മനുഷ്യന്റേതായ തലത്തിൽ വിലയിരുത്തുന്നതും മൃഗങ്ങളുടേതായ തലത്തിലുള്ള 'സംസർഗ'വുമായി അതിനുള്ള വൈരുദ്ധ്യത്തെക്കുറിച്ചു ചർച്ച ചെയ്യുന്നതും യുക്തിസഹമാണ്. അതുപോലെ തന്നെ ഭാഷാപരമായും തത്വദർശനപരമായും സാമൂഹ്യപരമായും നരവംശശാസ്ത്രപരമായും ഉള്ള കാഴ്ചപ്പാടിൽ നിന്നുകൊണ്ടും ഇതിനെക്കുറിച്ച് ചർച്ച ചെയ്യാം.

അദ്ധ്യാപനം, ഉല്പന്നങ്ങൾ, ആശയങ്ങൾ, മൂല്യവിശ്വാസങ്ങൾ, ആഗ്രഹങ്ങൾ, പഴംപുരാണങ്ങൾ, കഥകൾ, ശാസ്ത്രം എന്നിവയുടെ ലോകത്തിന്റെ—ചുരുക്കിപ്പറഞ്ഞാൽ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും ലോകത്തിന്റെയും പ്രശ്നാവതരണമാണ് അനുഭവജ്ഞാനത്തിന്റെ അടിസ്ഥാനത്തിലുള്ള ആധികാരിക വിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രധാനമായ വശം. ചരിത്രവും സംസ്കാരവും ഉണ്ടാക്കുന്നത് മനുഷ്യരും ലോകവും തമ്മിലുള്ള ബന്ധത്തിന്റെ ഫലമായി ഉണ്ടാകുന്നു. ഈ മാനുഷിക ലോകത്തെ മനുഷ്യരുടെ മുമ്പിൽ ഒരു പ്രശ്നമായി അവതരിപ്പിക്കുക എന്നുപറഞ്ഞാൽ വിമർശനാത്മകമായി 'അതിനുള്ളിലേക്കു കടക്കുക'യും ലോകത്തിലെ മനുഷ്യരുടെ പ്രവർത്തനങ്ങളെ മൊത്തമായി പരിഗണിക്കുകയും ചെയ്യുക എന്നാണർത്ഥം. യാഥാർത്ഥ്യത്തെ മൊത്തമായി പരിശോധിക്കാതെ നേരത്തെ ഈ പ്രശ്നത്തിലേക്ക് 'കടന്നിട്ടുണ്ടെങ്കിൽ' 'ഒരിക്കൽക്കൂടി കടക്കുക' എന്നുകൂടിയാണിതിന്റെ അർത്ഥം. സ്വന്തം ലോകത്തിലേക്കു പ്രവേശിക്കുന്നതിലൂടെ അറിവു നേടേണ്ട രീതിയെക്കുറിച്ചും അതിന്റെ ആവശ്യകതയെക്കുറിച്ചും ഞങ്ങൾ ബോധവാൻമാരായിത്തീരുന്നു. അനുഭവജ്ഞാനപരമായ അവസ്ഥയിലുള്ള വിദ്യാഭ്യാസത്തിന്റെ ശക്തി മുഴുവൻ ഇവിടെയാണ് കിടക്കുന്നത്.

അറിയുക എന്ന പ്രക്രിയയിലെ പ്രധാന വ്യക്തികളായി, യാഥാർത്ഥ്യത്തിന്റെ പിന്നിലുള്ള കാരണങ്ങൾ കണ്ടെത്താൻ സ്ത്രീകളും പുരുഷൻമാരും മുന്നിട്ടിറങ്ങുന്നു (മറ്റുള്ളവർ 'സംഭാവനയായി നൽകുന്ന "അറിവ്"' സ്വീകരിക്കുന്നവരായിട്ടല്ല ഇവരുടെ നിലപാട്). യാഥാർത്ഥ്യം അവരെ കാണിച്ചുകൊടുക്കുന്ന ലോകം വെല്ലുവിളികളുടെയും സാദ്ധ്യതകളുടെയുമാണ്. നിരുമാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയുമാണ്. തങ്ങളുടെ മാനവികതയുടെ അംഗീകാരത്തിന്റെ നിരാകരണത്തിന്റെയുമാണ് സ്ഥിരതയുടെയും രൂപാന്തരത്തിന്റെയുമാണ്. മൂല്യങ്ങളുടെയും മൂല്യരാഹിത്യത്തിന്റെയുമാണ്. പ്രതീക്ഷയോടെയുള്ള അന്വേഷണമാണ്. പ്രതീക്ഷാരഹിതമായ വിധിവിശ്വാസത്തിന്റെയും നിഷ്ക്രിയത്വത്തിന്റെയുമാണ്. ലോകത്തോടുള്ള ബന്ധത്തിൽ തങ്ങളുടെ ഭൂതകാലവും വർത്തമാനകാലവും വിമർശനാത്മകമായി വിലയിരുത്തുമ്പോൾ ഞങ്ങൾക്ക് കൂടുതൽ മനസ്സിലാവുന്നത് ലോകം ഒരു വശത്തുകൂടി മാത്രം പ്രവേശിക്കാവുന്ന ഒരു തെരുവുപോലെയല്ലെന്നും തങ്ങളെ ഞെരിച്ചമർത്തുന്ന

ചുററുമാണ് അവർ തങ്ങളുടെ ചർച്ചകേന്ദ്രീകരിക്കുന്നതെന്നു സമ്മതിച്ചാൽ സംവാദം തീരുന്നിടത്തുനിന്നാണ് ഒരു വിദ്യാഭ്യാസ പദ്ധതിക്കുള്ള അന്വേഷണം ആരംഭിക്കുന്നത്. അങ്ങനെ അനുഭവജ്ഞാനത്തിന്റെ വെളിച്ചത്തിൽ പ്രവർത്തിക്കുന്നവരും സംവാദത്തിൽ പങ്കെടുക്കുന്നവരുമായവർക്ക് വിദ്യാഭ്യാസപദ്ധതിയുടെ കാതലായ പ്രശ്നാവതരണം മററുപ്പെട്ട വ്യക്തികളുമായി ബന്ധപ്പെട്ടതായി അനുഭവപ്പെടുകയില്ല. അങ്ങനെ ആയിരുന്നെങ്കിൽ (മിക്കപ്പോഴും നിർഭാഗ്യവശാൽ അതങ്ങനെയാണു കാണുന്നത് വിഷയം തെരഞ്ഞെടുക്കേണ്ട ചുമതല അധ്യാപകൻ തന്നെ ഏറെറടുക്കേണ്ടിവരുന്നു.) വിദ്യാഭ്യാസത്തിന്റെ ചുമതല 'സഹായിക്കുന്ന' തരത്തിലുള്ളതായിത്തീരുമായിരുന്നു.

കർഷകർക്കു യാഥാർത്ഥ്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് മനസ്സിലാക്കാതെയാണ് കാർഷികവിദഗ്ധൻ തന്റെ സഹായികളുമൊത്ത് സാങ്കേതികജ്ഞാനം പകരുക എന്ന തന്റെ മാത്രമായ കർത്തവ്യവുമായി മുന്നോട്ടുപോകുന്നതെങ്കിൽ, അയാൾ പ്രവർത്തിക്കാൻപോകുന്ന പ്രദേശത്തിന്റെ ഏററവും ഗുരുതരമായ പ്രശ്നങ്ങളെക്കുറിച്ച് അയാൾ തികച്ചും ബോധവാനാണെങ്കിലും അയാൾ, സാംസ്കാരികാക്രമണത്തിന് തുനിയാനുള്ള ഒരു സാദ്ധ്യതയുണ്ട്. ഈ പ്രബന്ധത്തിന്റെ മററുഭാഗങ്ങളിൽ ഞാൻ ഇതു നേരത്തെ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഒരിക്കൽക്കൂടി ആവർത്തിച്ചു പറയട്ടെ: നമുക്ക് ഒരു യഥാർത്ഥ പ്രശ്നമായി തോന്നുന്നത് കർഷകർക്ക് ഒരു പ്രശ്നമേ അല്ലായിരിക്കാം. അതുപോലെതന്നെ തിരിച്ചും. കർഷകരുടെ സംസ്കാരത്തിന് മാന്ത്രികപശ്ചാത്തലമുണ്ടെങ്കിലും, മിക്കപ്പോഴും കാർഷികവിദ്യയുടെ അടിസ്ഥാനപ്രശ്നങ്ങളെപ്പററിയുള്ള അവരുടെ അറിവ് അനുഭവത്തിന്റെ അടിസ്ഥാനത്തിലുള്ളവയാണ്. ഏതായാലും വിദ്യാഭ്യാസത്തിന്റെ അനുഭവജ്ഞാനപരമായ സ്വഭാവവും യുക്തിസഹമായ രീതിയും കണക്കിലെടുക്കണമെന്നുണ്ടെങ്കിൽ വിദ്യാർത്ഥികളുടെ (ഇവിടെ കർഷകർ) മോഹങ്ങളും, ഗ്രഹണനിലവാരവും ലോകത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും എന്താണെന്നതിനെക്കുറിച്ചും പ്രാഥമികമായ അറിവെങ്കിലും തീർച്ചയായും ഉണ്ടായിരിക്കണം. ഈ അറിവിനെ അടിസ്ഥാനമാക്കിക്കൊണ്ട് ഒരു വിദ്യാഭ്യാസപദ്ധതി ആവിഷ്കരിക്കാം. അതിൽ അധ്യാപകരും വിദ്യാർത്ഥിയും അറിയേണ്ടതായ ഒരു കൂട്ടം വിഷയങ്ങൾ—അവരുടെ കഴിവുപയോഗിച്ച് അറിയാൻ പററുന്ന വിഷയങ്ങൾ ഉൾപ്പെടുത്തണം.

കർഷകരിൽനിന്ന് 'ഉത്ഭവിക്കുന്ന' വിഷയങ്ങൾ (എടുത്തുപറിച്ച് ശാസ്ത്രീയരീതിയിൽ ഉറപ്പിച്ച് പ്രശ്നവിഷയങ്ങളായി കർഷകർക്ക് തന്നെ തിരിച്ചു നൽകുന്നു) ഉൾക്കൊള്ളുന്ന ലോകത്തെ കാണുന്ന കർഷകന്റെ രീതികൾ അറിയുന്നതിന് അന്വേഷണം വളരെ അത്യാവശ്യമാണ്. ഇതിന് സംവാദപരവും പ്രശ്നാവതരണയോഗ്യവുമായ ഒരു ബോധവൽക്കരണശൈലി ആവശ്യമാണ്. ഉത്ഭവിക്കുന്ന വിഷയങ്ങളെക്കുറിച്ചുള്ള ഗവേഷണവും വിദ്യാഭ്യാസത്തെ അനുഭവജ്ഞാനത്തിന്റെ ദൃഷ്ടിയിൽ കാണുന്നതും ഒരേ പ്രക്രിയയുടെ രണ്ടു ഘട്ടങ്ങളാണ്. കർഷകർക്ക് അവരുടെ വിഷയങ്ങൾ തന്നെ നൽകുകയാണെങ്കിൽ (തൻമൂലം അധ്യാപകനുമായി അവർക്ക് അറിവിന്റെ പ്രക്രിയയിൽ സംവാദത്തിനു കഴിയും) യാഥാർത്ഥ്യത്തെക്കുറിച്ചുള്ള അറിവിന്റെ രൂപാന്തരത്തിലൂടെ, മററു വിഷയങ്ങൾ ഉൽഭവിച്ചുവരികയും മററു വിഷയങ്ങളുമായും ബന്ധത്തിൽ അവയെ ഗ്രഹിക്കുകയും ചെയ്യുന്നു. അങ്ങനെ ഉൽഭവവിഷയങ്ങളുടെ അന്വേഷണത്തിൽനിന്ന് അനുഭവജ്ഞാനപരമായ വിദ്യാഭ്യാസ മണ്ഡലത്തിലേയ്ക്ക് അവർ മാറുന്നു. അതേ സമയം അറിവുനേടുന്നതിലൂടെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള അറിവ് വർദ്ധിക്കുന്നു.' അതേ പുതിയ വിഷയങ്ങൾ തേടുകയും ചെയ്യുന്നു.

അങ്ങനെ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം കർഷകരിൽനിന്നും ലോകത്തോടുള്ള അവരുടെ ബന്ധത്തിൽനിന്നും ലോകം അവർക്കു മുമ്പിൽ വെളിപ്പെടുന്നതിലൂടെ രൂപാന്തരപ്പെടുന്നു. വിശാലമായിത്തീരുന്നു. 'അന്വേഷണസംഘങ്ങൾ' 'സാംസ്കാരിക ചർച്ചാസംഘങ്ങളായി മാറുന്നു. അവർ വീണ്ടും അന്വേഷണം ആവശ്യപ്പെടുന്നു. വ്യത്യസ്തതലത്തിൽപ്പെട്ട പുതിയ വിദ്യാഭ്യാസ വിഷയങ്ങൾ സംഘത്തിന് ആവശ്യമായിവരുന്നു. ഈ യുക്തിസഹമായ അവസ്ഥ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അലളിതമായി ആശയത്തെ അതിലംഘിക്കുന്ന ചലനാത്മകതയെ സൃഷ്ടിക്കുന്നു. (അറിവുപകരുന്നതു മാത്രമാണ് വിദ്യാഭ്യാസം എന്നതാണ് അതിലളിതമായ ആശയം.) അതുകൊണ്ട് സംവാദത്തിൽ പങ്കെടുക്കുന്നവരിൽ ഒരാൾ തെരഞ്ഞെടുത്ത കുറെ വിഷയങ്ങൾ മറ്റുള്ളവർക്കു പകർന്നുകൊടുക്കുക മാത്രം ചെയ്യുന്ന വിദ്യാഭ്യാസ രീതിക്ക് എതിരായിട്ടുള്ള പ്രവർത്തന ശൈലിയും പ്രവർത്തനങ്ങളുമാണിവിടെ അഭികാമ്യം.

സാങ്കേതിക സഹായം ഏതുമണ്ഡലത്തിലും അനിവാര്യമാണ്. ഉത്ഭവിക്കുന്ന വിഷയങ്ങൾക്കുവേണ്ടിയുള്ള അന്വേഷണത്തിൽ വെറും സാങ്കേതിക ഉപദേശത്തിനപ്പുറത്തേക്കു നീളുമ്പോഴാണ് സാങ്കേതിക സഹായത്തിന് അർത്ഥമുണ്ടാകുന്നത്. സാങ്കേതിക പ്രതിഭ എന്നത് വെറും ശിക്ഷണം മാത്രമല്ല. അത് ഉചിതമായ നടപടിക്രമങ്ങളെക്കുറിച്ചുള്ള അറിവിന്റെ അന്വേഷണമാണ്. അതിനെ പരിശീലനത്തിന്റെ തലത്തിലേക്കു കൊണ്ടുവരിക സാദ്ധ്യമല്ല (മൃഗങ്ങൾക്കാണ് പരിശീലനം ആവശ്യം.) കാരണം സാങ്കേതിക പ്രതിഭ മനുഷ്യമണ്ഡലത്തിൽ മാത്രമേ ഉള്ളൂ. മൃഗങ്ങളുടെ പ്രവർത്തന ലക്ഷ്യം അവർമാത്രമാണ്. എന്നാൽ മനുഷ്യർ തങ്ങളെക്കുറിച്ചും തങ്ങളുടെ പ്രവർത്തനത്തെക്കുറിച്ചും ചിന്തിക്കാൻ കഴിവുള്ളവരാണ്. പ്രവർത്തനത്തിന്റെ ഫലം വ്യത്യസ്തമായിരിക്കുന്നതുപോലെ ഈ ചിന്തയും അവരെ വ്യത്യസ്തരാക്കുന്നു. സാങ്കേതിക സഹായം യഥാർത്ഥമാകണമെങ്കിൽ പ്രായോഗികതയുടെ മണ്ഡലത്തിൽ മാത്രമേ അതിനു നിലനിൽപ്പുള്ളൂ. പ്രവർത്തനത്തിലും ചിന്തയിലും പ്രവർത്തനശൈലികളുടെ വിമർശനാത്മകമായ ഗ്രഹണത്തിലുമാണിത് നിലനിൽക്കുന്നത്. മൃഗങ്ങൾക്കു നൽകുന്ന പരിശീലനത്തിൽനിന്നും വ്യത്യസ്തമായ സാങ്കേതിക പരിജ്ഞാന പരിശീലനം കർഷകരുടെ ജീവിതസാഹചര്യങ്ങളിൽനിന്നും സാംസ്കാരിക വീക്ഷണത്തിൽനിന്നും മാന്ത്രിക വിശ്വാസങ്ങളിൽനിന്നും വേർപിരിക്കാനാവാത്തതാണ്. അവർ ആയിരിക്കുന്ന അവസ്ഥയിൽനിന്നുവേണം അതാരംഭിക്കാൻ. അവർ ഏതവസ്ഥയിലായിത്തീരണം എന്നു കാർഷികവിദഗ്ദ്ധൻ അവരെക്കുറിച്ചാഗ്രഹിക്കുന്നുവോ ആ അവസ്ഥയിൽ നിന്നാകരുത് എന്നർത്ഥം. തങ്ങളുടെ ജീവിതം ഇങ്ങനെയായിരിക്കുന്നതെന്തുകൊണ്ടാണെന്നും തങ്ങളുടെ സാങ്കേതിക വിദ്യകൾ ഇങ്ങനെയായിരിക്കുന്നതെന്തുകൊണ്ടാണെന്നും ചിന്തിക്കാൻ അവർ വെല്ലുവിളിക്കപ്പെടുകയും വിവിധതരത്തിലുള്ള വിദ്യകൾ എങ്ങനെയാണ് പ്രയോഗിക്കേണ്ടതെന്നു ചിന്തിക്കുകയും ചെയ്യുമ്പോഴാണ് യഥാർത്ഥമായി, അവർ കഴിവുള്ളവരായിത്തീരുന്നത്.

ഞാൻ വ്യക്തമാക്കേണ്ടതായ മറ്റൊരു ഘടകവും കൂടിയുണ്ട്. സാങ്കേതികപരിജ്ഞാന പരിശീലനത്തിൽ പങ്കെടുക്കാൻ തയ്യാറുള്ളവരും അവരുടെ ആശയങ്ങൾ നമുക്കു നേരത്തെതന്നെ അറിയാവുന്നവരുമായ ഒരു പ്രത്യേക സ്ഥലത്തെ ഒരു കൂട്ടം കർഷകർ നമ്മുടെ അടുത്തെത്തിയാൽ നാം എന്തുചെയ്യും? നാം എങ്ങനെ പ്രതികരിക്കും? ഒരേ കാര്യം ചെയ്യേണ്ട വിഷയത്തെ 'ലഘൂകരിക്കുക', കോഡീകരിക്കുക ('കോഡിഫിക്കേഷൻ') എന്നീ പ്രവർത്തനങ്ങളിലൂടെയാണ് നാം പ്രതികരിക്കേണ്ടത്. അതായത് ഒരു വിഷയം അറിയാത്തതെന്ന മറ്റൊരു വിഷയത്തിലേയ്ക്കു മുഴുകിച്ചെല്ലുന്നതരത്തിൽ എല്ലാം പരസ്പരം ചെറുഘടകങ്ങളായി ബന്ധിക്കപ്പെടണം.

സ്ഥിതിവിശേഷങ്ങളും മാററാൻ പാടില്ലാത്തവയല്ലെന്നുമാണ്. വിദ്യാഭ്യാസമെന്നു പറയുന്നത് എന്തെങ്കിലും കാര്യം അസ്ഥിരമായിരിക്കുന്നതോ അല്ലെങ്കിൽ പരിവർത്തനങ്ങളും വരുന്നതോ മാത്രമല്ലെന്ന് അവർ കണ്ടെത്തുന്നു—അല്ലെങ്കിൽ കണ്ടെത്തുമെന്ന് നേരത്തെതന്നെ തീരുമാനിക്കുന്നു. വിദ്യാഭ്യാസമെന്നു പറയുന്നത് 'കാലാവധി'യാണ്. കാരണം, സംവാദത്തിലെ ഈ രണ്ടു വൈരുദ്ധ്യങ്ങളും തമ്മിലുള്ള പ്രതിപ്രവർത്തനത്തിൽനിന്നാണ് ഇത് രൂപമെടുക്കുന്നത്. അതുകൊണ്ട് വിദ്യാഭ്യാസം സ്ഥിരമാണെന്ന് പറയാവുന്നതു കാലാവധിയെ സംബന്ധിച്ചു മാത്രമാണ്. ഇവിടെയും 'സ്ഥിര'മെന്നു പറയുന്നത് മൂല്യങ്ങളുടെ സ്ഥിരതയെയല്ല, സാംസ്കാരിക സ്ഥിരതയും സാംസ്കാരിക പരിവർത്തനവും തമ്മിലുള്ള ഏററുമുട്ടലിന്റെ ഫലമായുണ്ടാകുന്ന 'വിദ്യാഭ്യാസ പ്രക്രിയ'യുടെ സ്ഥിരതയെക്കുറിച്ചാണ്;

വിദ്യാഭ്യാസ പ്രക്രിയയെ നിലനിർത്തുന്നത് മേൽപറഞ്ഞ യുക്തിസഹജമായ സ്ഥിരതയോ പരിവർത്തനമോ ആണ്. ഇതാണ് വിദ്യാഭ്യാസത്തെ ചലനാത്മക ശക്തിയുള്ള ഒന്നായി വ്യാഖ്യാനിക്കുന്നത്. അതുകൊണ്ടാണ് വിദ്യാഭ്യാസത്തിന്റെ ചരിത്രപരവും സാമൂഹ്യപരവുമായ ഘടകങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനങ്ങളും ഉണ്ടാവുന്നത്. വിദ്യാഭ്യാസം യാഥാർത്ഥ്യത്തിന്റെ താളവുമായി ഇണങ്ങിച്ചേരുന്നില്ലെങ്കിൽ അത് അല്പായുസ്സായിപ്പോകും. കാരണം അത് ചലനാവസ്ഥയിലല്ലാ എന്നതുതന്നെ. അങ്ങനെ നിലനിൽക്കുന്നിടത്തോളം കാലം അതു സ്വയം രൂപാന്തരപ്പെടുത്തിക്കൊണ്ടിരുന്നാൽ അത് പരിവർത്തനത്തിനുള്ള ഒരു ശക്തിയായിത്തീരും. എന്നാൽ അതിന്റെ രൂപാന്തരം എന്നുപറയുന്നത് അതുമായി ബന്ധപ്പെട്ട യാഥാർത്ഥ്യത്തിൽ, സംഭവിച്ച പരിവർത്തനങ്ങളുടെ ഫലമായിരിക്കണം. അതായത്, ഒരു സമൂഹത്തിലെ വിദ്യാഭ്യാസത്തെ ആ സമൂഹം ആശ്രയിച്ചു നിൽക്കുന്ന മററൊരു സമൂഹത്തിലുണ്ടായ പരിവർത്തനങ്ങളാണ് നിയന്ത്രിക്കുന്നതെങ്കിൽ ആ വിദ്യാഭ്യാസം ചലനാവസ്ഥയിലല്ല എന്നു പറയേണ്ടിയിരിക്കുന്നു. ജനതയുടെ സ്വാധീനം പ്രകടിപ്പിക്കുകയോ ജനങ്ങളുടെമേൽ സ്വാധീനം പ്രകടിപ്പിക്കുകയോ ചെയ്യുന്ന തരത്തിലുള്ള സമൂർത്ത സാഹചര്യങ്ങളിൽ നിലനിൽക്കാത്ത വിദ്യാഭ്യാസത്തിന് ആ സമൂഹത്തിലെ യാഥാർത്ഥ്യങ്ങളുടെ പരിവർത്തനത്തെ മുന്നോട്ട് കൊണ്ടുപോകുവാൻ സാദ്ധ്യമല്ല. ഇറക്കുമതി ചെയ്യപ്പെടുന്ന വിദ്യാഭ്യാസം, ഒരു വിദേശ സംസ്കാരത്തിന്റെ പ്രകടിത രൂപമായതുകൊണ്ട്, ഇറക്കുമതി ചെയ്യുന്ന രാജ്യത്തിന്റെ യാഥാർത്ഥ്യത്തിൻമേൽ അത് അടിച്ചേൽപ്പിക്കുകയേ ഉള്ളൂ. അതുകൊണ്ട് ഈ വിദ്യാഭ്യാസം സാഹചര്യമായുള്ള യുക്തിസഹജമായ ബന്ധത്തിൽ ചലനാത്മകമല്ലാത്തതുകൊണ്ട് യാഥാർത്ഥ്യത്തിന്റെ പരിവർത്തനത്തിനുള്ള ശക്തി ഉൾക്കൊള്ളുന്നില്ല. അനുഭവജ്ഞാനപരമായ വിദ്യാഭ്യാസം അദ്ധ്യാപകനെയും വിദ്യാർത്ഥിയെയും അറിവിന്റെ പ്രക്രിയയിൽ പ്രാധാന്യമുള്ള വ്യക്തികളായി തമ്മിൽ ബന്ധിപ്പിക്കുകയും പ്രായോഗികതയുടെ ജീവികളാണ് തങ്ങളും എന്ന് ഉറപ്പ് സ്വയം നൽകുന്ന അസംഖ്യം അനിവാര്യമായ പാതകളിലേയ്ക്ക് അവർക്ക് തുറന്നുകൊടുക്കുകയും ചെയ്യുന്നു.

ഇങ്ങനെയാണ് കാർഷിക വിദഗ്ദ്ധാദ്ധ്യാപകരുടെ പ്രവർത്തനത്തെ നാം കാണുന്നത്, ഫലപ്രദമായ രീതിയിൽ കർഷകരോടൊത്ത് യാഥാർത്ഥ്യത്തെ രൂപാന്തരപ്പെടുത്തുന്നതിന് കർഷകരുമായുള്ള സംവാദത്തിലൂടെ യാഥാർത്ഥ്യമെന്താണെന്ന് അറിയാൻ ശ്രമിക്കണം. അറിവിന്റെ പ്രക്രിയയിൽ അദ്ധ്യാപകരും വിദ്യാർത്ഥിയും വിഷയത്തിന്റെ ഉള്ളടക്കത്തെ പ്രശ്നവൽക്കരിക്കുന്നതാണ് അനുഭവജ്ഞാനപരമായ വിദ്യാഭ്യാസമെന്ന് ഞാൻ പറഞ്ഞു. അറിവിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വ്യക്തികൾ ഒരേ ഉദ്ദേശ്യത്തോടെ വിഷയത്തിലേക്ക് കടക്കുന്നതിനാൽ അതിന്റെ

കാരണം കണ്ടെത്താൻ അതിലേക്ക് തുളച്ചിറങ്ങുന്നു. വിഷയമാകട്ടെ, പ്രത്യക്ഷമായോ പരോക്ഷമായോ മറ്റൊരു വിഷയവുമായി ബന്ധപ്പെട്ടതായി അവർക്കനുഭവപ്പെടുന്നു. വിഷയം (ഒരു പ്രശ്നസന്ദർഭം ആയിരിക്കാം) ഒറ്റപ്പെട്ടതാണെന്നു കരുതി അതിനുള്ളിലേയ്ക്ക് 'കടന്ന്'. അപ്പോഴാണ് അതൊരു വലിയ വിഷയത്തിന്റെ ഒരു ചെറിയ ഭാഗമാണെന്നുള്ളതു സംവാദത്തിൽ പങ്കെടുക്കുന്ന വ്യക്തികൾക്ക് മനസ്സിലാകുന്നത്. ക്രമേണ ഈ വിഷയത്തിന്റെ മറ്റു ഭാഗങ്ങൾ ഏതൊക്കെയാണെന്ന് അറിവിന്റെ പ്രക്രിയയിൽ മുഴുകിയിരിക്കുന്ന വ്യക്തികൾ കണ്ടെടുക്കാൻ മുന്നേറുന്നു. ഉദാഹരണത്തിന് വിത്തുവിതയ്ക്കുന്നതിനെ വിമർശനാത്മകമായി എടുക്കുമ്പോൾ ഒരു നീണ്ട യഥാർത്ഥ പ്രക്രിയയുടെ ഒരു ഭാഗമായി അതിനെ കാണാം. ഈ പ്രക്രിയയുടെ മറ്റു ഘടകങ്ങളുമായി മാത്രമല്ല പ്രകൃതിയുടെയും സംസ്കാരത്തിന്റെയും പ്രതിഭാസവുമായും ഇതു നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെ മണ്ണിന്റെ സ്വഭാവം, ഗ്രഹങ്ങളുടെ നില, സമയത്തിന്റെ പ്രത്യേകത, വിത്തുകളുടെ തരം, ഉപയോഗിക്കുന്ന രീതികൾ, കർഷകരുടെ മാന്ത്രിക വിശ്വാസങ്ങൾ, കൃത്തികപ്പാട്ടം എന്നീ കാര്യങ്ങളുമായി വിത്തുവിതയ്ക്കൽ ബന്ധപ്പെട്ടിരിക്കുന്നു. ഒരു രീതിയിൽപ്പറഞ്ഞാൽ ശ്രമം എന്നു പറഞ്ഞാൽ സമ്പൂർണ്ണവൽക്കരണത്തിലേക്കുള്ള ശ്രമമാണ്.

ഈ രീതികൾ എല്ലാം ഉപയോഗിക്കാൻ പോകുന്ന വ്യവസ്ഥിതിയെ മുഴുവൻ പ്രശ്നവൽക്കരിക്കാതെ കർഷകരെ പഠിപ്പിക്കുക പ്രയാസമാണ്. മനുഷ്യന്റെ ജോലി, സാങ്കേതിക പ്രാപ്തി, ലോകത്തെക്കുറിച്ചുള്ള വീക്ഷണം എന്നിവയോടു ബന്ധപ്പെടാത്ത ഒരു സാക്ഷരതാ പരിശീലന പദ്ധതിക്കും നിലനിൽപ്പില്ല. അദ്ധ്യാപകൻ കാർഷിക വിദഗ്ധനാണെങ്കിലും ശരി അല്ലെങ്കിലും ശരി. വിദ്യാഭ്യാസപ്രവർത്തനം എന്തിനെക്കുറിച്ചുള്ളതായാലും വെറും പ്രസംഗമായും സംസാരമായും മാറിയാൽ (വിദ്യാർത്ഥികൾക്ക് അതിനെക്കുറിച്ചുള്ള അറിവും പ്രതികരണശേഷിയും വെല്ലുവിളിക്കേണ്ടതിനുപകരം) അറിയാനുള്ള അവരുടെ പ്രാപ്തിയെ നിർവ്വീര്യമാക്കുന്നു എന്നുമാത്രമല്ല പ്രശ്നങ്ങളെ ഒഴിവാക്കുകകൂടിച്ചെയ്യുകയാണ്. വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനേക്കാൾ കൂടുതലായി അവരുടെ നിഷ്കളങ്കമായ ജിജ്ഞാസയെ പ്രോത്സാഹിപ്പിക്കുകയാണ് അദ്ധ്യാപകന്റെ ജോലി. അങ്ങനെ സാങ്കേതിക സഹായം, 'സഹായതാ പ്രസ്ഥാന'ത്തിന്റെ മേഖലകളൊക്കെ കടന്ന് വിദ്യാഭ്യാസ പ്രവർത്തനമായിത്തീരുന്നതിനെ ആശ്രയിച്ചാണ് അതിന്റെ ആധികാരികത നിർണ്ണയിക്കപ്പെടുന്നത്.

ഞാൻ അവതരിപ്പിക്കുന്ന വിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിലൊന്നിനെപ്പറ്റി ഈ അദ്ധ്യായത്തിൽ ഞാൻ സൂചിപ്പിച്ചുകഴിഞ്ഞു. അറിവിന്റെ പ്രക്രിയയിൽ മുഴുകിയിരിക്കുന്ന വ്യക്തികളിൽ ആരാണ് അറിവിന്റെ വിഷയത്തെക്കുറിച്ചുള്ള അടിസ്ഥാന ചിന്തകൾ നിർദ്ദേശിക്കുന്നത്? അനുഭവജ്ഞാനപരമായ വിദ്യാഭ്യാസത്തിൽ സംവാദബന്ധം കാതലായിരിക്കുകയും അറിയേണ്ട വിഷയത്തെക്കുറിച്ച് പങ്കെടുക്കുന്ന എല്ലാവരുടെയും ആശയങ്ങൾക്ക് സമൂഹചിന്താഗതിയുമുണ്ടായിരിക്കേണ്ട ഘട്ടത്തിൽ എപ്പോഴാണ് ബന്ധം ആരംഭിക്കുന്നത്? ഇത്തരം വിദ്യാഭ്യാസ പദ്ധതി എങ്ങനെയാണ് ആവിഷ്കരിക്കുന്നത്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ഈ അദ്ധ്യായത്തിൽ മാത്രമല്ല, ഈ പ്രബന്ധത്തിന്റെ പ്രധാന ഭാഗങ്ങളിലെല്ലാം സൂചിപ്പിച്ചിട്ടുണ്ട്. അവിടെ സൂചിപ്പിക്കുകമാത്രം ചെയ്തിട്ടുള്ളതുകൊണ്ട് അവ വിശദീകരിക്കേണ്ടത് എന്റെ കടമയായി ഞാൻ കരുതുകയാണ്.

വിദ്യാഭ്യാസം അനുഭവജ്ഞാനപരമായ ഒന്നാണെന്നും സംവാദാത്മകമാണെന്നും അതിൽ അദ്ധ്യാപകനും വിദ്യാർത്ഥിയും പ്രശ്നവൽക്കരിക്കപ്പെടുന്നുണ്ടെന്നും അറിയാവുന്ന ഒരു വിഷയത്തിനു

വിഷയങ്ങളെ കോഡീകരിക്കുക എന്നു പറഞ്ഞാൽ നിലവിലുള്ള ജീവിത സാഹചര്യങ്ങളുടെ— അത്ര ഫലപ്രദമല്ലാത്ത കൃഷിരീതികൾ ഉപയോഗിക്കുന്നു. കർഷകരുടെ പാടങ്ങൾ, സാങ്കേതിക പ്രക്രിയയിൽനിന്നു വേറിട്ടു നിൽക്കുന്നുവെന്നു തോന്നിക്കുന്ന സാഹചര്യങ്ങൾ എന്നിവയുടെ—അവതരണം തന്നെയാണ്. സംവാദത്തിൽ പങ്കെടുക്കുന്ന അദ്ധ്യാപകരും കർഷകരും ബോധനശാസ്ത്രപരമായ കോഡീകരണത്തിൽ (പ്രശ്നസാഹചര്യം) ഞാൻ നേരത്തെ പറഞ്ഞ തരത്തിലുള്ള ഒരു ജീവിത സാഹചര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു, അതിന്റെ അർത്ഥം സംവാദത്തിലൂടെ ഗ്രഹിക്കാൻ ശ്രമിക്കുന്നു. അറിയേണ്ടതായ വിഷയം ജീവിത സാഹചര്യമായി മാറുന്ന അനുഭവജ്ഞാനപരമായ ഈ വിദ്യാഭ്യാസ പദ്ധതിയിൽ, കർഷകരുടെ യാഥാർത്ഥ്യത്തെക്കുറിച്ചോ സാങ്കേതികമായ മാനങ്ങളെക്കുറിച്ചോ പറഞ്ഞുകൊടുക്കേണ്ട ചുമതലയല്ല അദ്ധ്യാപകനുള്ളത്. നേരെമറിച്ച് അവർ നേരിടുന്ന ജീവിതസാഹചര്യങ്ങളുടെ അർത്ഥവും സാംഗത്യവും ആഴത്തിലേക്കിറങ്ങിച്ചെന്നു ഗ്രഹിക്കാൻ അവരെ വെല്ലുവിളിക്കുകയാണ് അദ്ധ്യാപകർ ചെയ്യേണ്ടത്.

കർഷകർ 'ജീവിക്കുന്ന' (വെറുതെ ജീവിക്കുക എന്ന പ്രക്രിയയിൽ 'പ്രവേശിക്കുക' മാത്രമല്ല) സാഹചര്യങ്ങളെയാണ് കോഡീകരണം പ്രതിനിധീകരിക്കുന്നത്. അറിവിന്റെ പ്രവൃത്തി ആയതുകൊണ്ട് കോഡീകരണം, യാഥാർത്ഥ്യത്തെക്കുറിച്ചുള്ള തങ്ങളുടെ പൂർവജ്ഞാനത്തിനുള്ളിലേയ്ക്ക് 'കടക്കാൻ' അവരെ പ്രേരിപ്പിക്കുന്നു. അങ്ങനെ കോഡീകരണം യുക്തിസഹമായ ഒരു പ്രവർത്തിയാകുന്നു. അതിൽ അവബോധം കോഡീകരണത്തിന്റെ വെല്ലുവിളികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ ഒരു പുതിയ ധാരണയിലേയ്ക്ക് ഇപ്പോഴത്തെ ധാരണയെ പുരോഗമിപ്പിക്കുന്നതിന് അതു ചിന്തയെ കൂടുതൽ ശക്തമാക്കുന്നു. ഈ പ്രക്രിയയിലൂടെ, തങ്ങളാണു ലോകത്തെ രൂപാന്തരപ്പെടുത്തുന്നതെന്നുള്ള ബോദ്ധ്യം കർഷകർക്കുണ്ടാവുന്നു. മരം മുറിച്ച് കഷണങ്ങളാക്കി പലകകളാക്കി മേശയോ കസേരയോ ഉണ്ടാക്കുന്നത് ഒരു വെറും ശാരീരിക അദ്ധ്വാനം മാത്രമായിരുന്നെങ്കിൽ ചിന്തയുടെ സഹായത്തോടെ ഈ പ്രവൃത്തികളെ പ്രായോഗികതയുടെ പ്രശ്നങ്ങളായി കർഷകർ കാണുന്നു. മേശയും കസേരയും ഇനി വെറും മേശയും കസേരയുമല്ല. അവ മറ്റു ചിലതുകൂടിയാണ്. ഒരാളുടെ അദ്ധ്വാനത്തിന്റെ ഫലങ്ങളാണവ. ഇതു ഗ്രഹിച്ചാൽ മാത്രമേ അതു നന്നായി ചെയ്യേണ്ടതെങ്ങനെയാണെന്ന് അവർ പഠിക്കൂ.

കോഡീകരണത്തിന്റെ ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിവരിക്കുന്നതിലൂടെയാണ് 'കോഡീകരണ' പ്രക്രിയ എങ്ങനെയെന്നു മനസ്സിലാക്കാൻ തുടങ്ങുന്നത്. എന്നാൽ വാസ്തവത്തിൽ ഇതിനു മുൻപിലൊരു നിമിഷമുണ്ട്. കോഡീകരണത്തെ മുഴുവനായി അവബോധം ഗ്രഹിക്കുന്ന നിമിഷമാണത്. ഇതു മിക്കപ്പോഴും വ്യക്തി നിശ്ശബ്ദനായിരിക്കുമ്പോഴാണ് സംഭവിക്കുന്നത്. ഏതു വസ്തുവിനെക്കുറിച്ചാണോ ചിന്തിക്കുന്നത് ആ വസ്തുവുമായി ബന്ധം സ്ഥാപിക്കുമ്പോഴാണ് 'അവബോധം' അതിനുള്ളിലേയ്ക്കു കടന്നു ചെല്ലുന്നത്. രണ്ടാം നിമിഷത്തിൽ ഈ പ്രവേശനം പിളരുന്നു. കോഡീകരണം മുഴുവനായി ഗ്രഹിക്കുന്ന പ്രവൃത്തിയിൽ ഈ പിളർപ്പ് അവസാനിക്കുന്നില്ല. ഇതൊരു പ്രസ്ഥാനമാവുകയാണ് ഈ പ്രസ്ഥാനത്തിൽ വ്യക്തികൾ യാഥാർത്ഥ്യത്തെ ഉള്ളിൽ നിന്നുകൊണ്ടുതന്നെ കാണുകയാണ്. മൂന്നാം നിമിഷത്തിൽ കോഡീകരിക്കപ്പെട്ട സാഹചര്യത്തെ പൂർണ്ണമായി ഉൾക്കൊള്ളാൻവേണ്ടി ആദ്യത്തെ അവസ്ഥയിലേയ്ക്കുള്ള മടങ്ങിവരവാണ്. അങ്ങനെ വിവിധ ഘടകങ്ങൾ പരസ്പരം ഗാഢമായി ബന്ധപ്പെട്ടു കിടക്കുന്ന ഒരു ഘടനയായി ജീവിത സാഹചര്യത്തെ വ്യക്തി കാണുകയാണ്. വിമർശനാത്മക വിലയിരുത്തൽ ഉച്ചസ്ഥായിയിലെത്തുകയും യാഥാർത്ഥ്യത്തെ ഒരു ബിന്ദുവിൽമാത്രം കേന്ദ്രീകരിക്കുന്ന 'കേന്ദ്രബിന്ദു' വിശദീകരണങ്ങൾ

സ്വീകരിക്കാൻ അസാദ്ധ്യമായിത്തീരുകയും ചെയ്യുമ്പോഴും നാലാമത്തെ നിമിഷത്തിൽ ഡീ കോഡീകരണ പ്രക്രിയ സംഭവിക്കുന്നു. ഈ നാലാമത്തെ നിമിഷത്തിൽ കോഡീകരണം പ്രതിനിധീകരിക്കുന്ന സാഹചര്യത്തിന്റെ വിമർശനാത്മകമായ അപഗ്രഥനം വ്യക്തി നേടുന്നു. ഇത് ആ വ്യക്തിയുടെ സ്വന്തം യാഥാർത്ഥ്യത്തിന്റെ വിമർശനാത്മകമായ അപഗ്രഥനമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

മേൽപ്പറഞ്ഞ പ്രക്രിയകളെല്ലാം, വിവരിച്ച തരത്തിൽ അത്ര കർശനമായി വേർതിരിക്കപ്പെട്ടിട്ടില്ലെങ്കിലും, ജനങ്ങളെ വിമർശനാത്മകമായി ബോധവൽക്കരിക്കാനുള്ള പ്രക്രിയയുടെ ഭാഗങ്ങളാണ്. ഈ ബോധവൽക്കരണ ശ്രമം നടത്താതെ വിജ്ഞാപനക്കുറിപ്പുകൾ പകരുകമാത്രം ചെയ്യുന്ന, സാങ്കേതികജ്ഞാനം കൈമാറ്റം ചെയ്യുന്ന വിദ്യാഭ്യാസം മനുഷ്യത്വത്തെ അപമാനവീകരിക്കുകയത്രെ ചെയ്യുന്നത്. കർഷകർക്കു സാങ്കേതിക പരിജ്ഞാന പ്രാപ്തി ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് കാർഷിക വിദഗ്ദ്ധാദ്ധ്യാപകന്റെ ജോലി എന്നു ഞാൻ നേരത്തെ പറഞ്ഞത് വീണ്ടും ആവർത്തിക്കട്ടെ. എന്നാൽ അതും യഥാർത്ഥമായ അറിവിന്റെ ഒരു പ്രക്രിയ ആണെന്നുള്ളത് മറക്കാൻ പാടില്ല. സാങ്കേതിക പരിജ്ഞാന പ്രാപ്തിയുടെ ഉദ്ദേശ്യം അതുമാത്രമായിരിക്കരുത്. അല്ലെങ്കിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നതു മാത്രമായിരിക്കരുത്. (രണ്ടും വേണ്ടതുതന്നെ, സംശയമില്ല). ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള ഒരു മാർഗ്ഗം എന്നതിനോടൊപ്പം (അതൊരു സാമൂഹ്യപ്രതിഭാസമാണല്ലോ) കർഷകർക്കു ചിന്തിക്കാനുള്ള വിഷയവും കൂടിയായിത്തീരണം സാങ്കേതിക പരിജ്ഞാന പ്രാപ്തി. ഈ പരിജ്ഞാന പ്രാപ്തിയുമായി ബന്ധപ്പെട്ടിട്ടുള്ള സങ്കീർണ്ണമായ എല്ലാ ബന്ധങ്ങളെയും കണ്ടെത്തുവാൻ ഈ ചിന്ത കർഷകരെ സഹായിക്കുകയും വേണം.

കുറെക്കൂടി വിമർശനാത്മകവും ചരിത്രപരവുമായ കാഴ്ചപ്പാടിലൂടെ നോക്കിയാൽ, ഇതേ കാരണംകൊണ്ടുതന്നെയാണ് സാങ്കേതിക പരിജ്ഞാനപ്രാപ്തിയുടെ മണ്ഡലത്തിൽ മാത്രമല്ല, കാർഷിക മണ്ഡലത്തിലും മററു മണ്ഡലങ്ങളിലുമുള്ള എല്ലാ ജനകീയ വിദ്യാഭ്യാസ പ്രവർത്തനങ്ങളും, ലാററിൻ അമേരിക്കയിലും മൂന്നാം ലോകത്തിൽ പൊതുവെയും വെറും സാധാരണക്കാരെ മനുഷ്യജീവികളായി സ്വയം തിരിച്ചറിയുന്നതിന് അവരെ സഹായിക്കുന്നു. പ്രസ്ഥാനങ്ങളുമായി ബന്ധപ്പെടണം എന്നു പറയുന്നത്. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഈ ആശയം കർഷകർക്കിടയിൽ നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ചിലിയിലെ വിദ്യാഭ്യാസ പ്രവർത്തകർ നൽകുന്ന റിപ്പോർട്ടുകളിൽ കർഷകരുടെ ചില അഭിപ്രായങ്ങൾ രേഖപ്പെടുത്താറുണ്ട്. ചില അഭിപ്രായങ്ങൾ ഇങ്ങനെയാണ്: 'മനുഷ്യരും മൃഗങ്ങളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. അങ്ങനെയുണ്ടെങ്കിൽ തന്നെ മൃഗങ്ങളാണ് ഭാഗ്യവാൻമാർ, കാരണം അവർ ഞങ്ങളെക്കാൾ സ്വാതന്ത്ര്യമുള്ളവരാണ്....'. ഒരു വിഷയത്തിന്റെ കോഡീകരണത്തെക്കുറിച്ചു ഞാൻ പലതവണ സൂചിപ്പിച്ചല്ലോ. എന്റെ നേരത്തെയുള്ള ഒരു ഗ്രന്ഥത്തിൽനിന്ന് ഞാൻ പല അവസരങ്ങളിലും ഉദ്ധരിക്കുകയും ചെയ്തല്ലോ. (ഗ്രന്ഥം: മർദ്ദിതരുടെ ബോധശാസ്ത്രം). ഈ കോഡീകരണം പ്രതിനിധീകരിക്കുന്നത് അപഗ്രഥിക്കപ്പെടേണ്ടതായ പ്രധാന വിഷയങ്ങളിലേക്ക് നയിക്കുന്ന ജീവിതസാഹചര്യങ്ങളെയാണ്. ഒരു ഫോട്ടോയിലൂടെയോ വരച്ചുവെച്ച ചിത്രത്തിലൂടെയോ അല്ലെങ്കിൽ ഒരു പോസ്റ്ററിലൂടെയോ ഈ സാഹചര്യത്തെ അവതരിപ്പിക്കാം. കോഡീകരണത്തെ പ്രതിനിധീകരിക്കുന്ന വസ്തു—ഫോട്ടോയോ, ചിത്രമോ—പോസ്റ്ററോ—ഒരു വെറും സൂചനാവസ്തു മാത്രമാണ്. ദൃശ്യമായ ഒരു സൂചന, അത്രമാത്രം. എന്നാൽ അത് 'കീഴടക്കലിനുവേണ്ടിയും, വിമോചനത്തിനുവേണ്ടി എന്നതുപോലെ തന്നെ, ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന ഒന്നാണ്.

സ്വാതന്ത്ര്യത്തെ പരിശീലിപ്പിക്കുന്ന ഒരു വിദ്യാഭ്യാസത്തിന്റെ ആദർശങ്ങളും അടിസ്ഥാനഘടകങ്ങളും വിശദീകരിക്കുക എന്നതായിരുന്നു ഈ പ്രബന്ധത്തിൽ എന്റെ പ്രധാന ചിന്താവിഷയം. പ്രധാനമായ കാര്യം എന്താണെന്നുവച്ചാൽ, സ്വന്തമാന തന്റെ ധാരണകളും മററും അപ്രധാനമാണെന്നും വിമോചനത്തെ ലക്ഷ്യമാക്കുന്ന ഒരു പ്രസ്ഥാനത്തിൽ ഉപയോഗിക്കുമ്പോഴും മാത്രമാണ് അവ ന്യായീകരിക്കത്തക്കതാവുന്നതെന്നും കാർഷിക വിദഗ്ദ്ധാദ്ധ്യാപകർ മനസ്സിലാക്കണമെന്നുള്ളതാണ്. ഈ പ്രസ്ഥാനത്തിന്റെ പങ്കാളികളാകുന്നവർ അടിസ്ഥാനപരമായി ഈ ചോദ്യങ്ങൾ സ്വയം ചോദിക്കണം: ജനങ്ങളിൽ സാധാരണക്കാരിൽ, കർഷകരിൽ ഞാൻ യാഥാർത്ഥ്യത്തിൽ വിശ്വസിക്കുന്നുണ്ടോ അവരുമായി യാഥാർത്ഥ്യത്തിൽ ആശയവിനിമയം നടത്താൻ കഴിയുമെങ്കിൽ, അവരോടൊപ്പം ലോകത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയാണവർ. കർഷകരെ വിശ്വസിക്കാനും അവരുമായി ആശയവിനിമയം നടത്താനും കഴിയുന്നില്ലെങ്കിൽ അവർ നിർവ്വികാരരായ സാങ്കേതിക വിദഗ്ധൻമാർ മാത്രമാണ്. അവർ സാങ്കേതിക പ്രതികളും നല്ല പരിഷ്കർത്താക്കളുമായിരിക്കാം. പക്ഷെ അവരൊരിക്കലും തീവ്രമായ പരിവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിവുള്ള അദ്ധ്യാപകരായിരിക്കയില്ല.


*With best compliments from:-*

**RAJAMONY'S COLLEGE**

**C. S. J. SHOPPING CENTRE**
**PUMP JN. ALUVA**

Phone: 26100 (Off.)
26237 (Res.)

**Classes for P. D. C. (I, II & IV groups) B. Sc.,**
**B. Com. and - Engineering Subjects.**
**C. A./Medicine/Engg Entrance Coaching**

# യാത്രാമൊഴി

ഇത് നിന്നിൽനിന്നും കടമെടുത്ത ഒരു രാത്രി
നിന്റെ കറുത്ത തലമുടിയിൽ
നക്ഷത്രങ്ങൾ വാടിച്ചിതറിക്കിടക്കുന്നു
എന്റെ നെഞ്ചിലെ എല്ലുകൾക്കിടയിലൂടെ
ഊർന്നിറങ്ങുന്ന കണ്ണുനീർത്തുള്ളികൾ
ഒരു ജന്മം മുഴുവൻ നിനക്കു നൽകി
ഞാൻ തിരിച്ചു പോകുകയാണ്.

യാത്ര പറയാൻ ഞാൻ
പടിവാതിൽക്കലോളം വന്നു
നിന്റെ കണ്ണുകളിലെ നിഷ്കളങ്കത
കണ്ട് മടങ്ങിപ്പോന്നു.
ഇനിയും ഒരപേക്ഷ മാത്രം
നിനക്കുമാത്രം മനസ്സിലാകുന്ന
നിന്റെ യാത്രാമൊഴിയിൽ
കണ്ണീർ വീഴരുത്
നിന്റെ ഗദ്ഗദങ്ങൾ എന്റെ വഴിയിൽ
മുള്ളുകൾ തീർക്കരുത്
ഞാൻ തിരിച്ചു പോകുകയാണ്

നിലാവു കൂടുകൂട്ടിയ മരച്ചില്ലകളിൽ
എന്റെ പക്ഷികൾ ഉറങ്ങുകയാണ്
നക്ഷത്ര രശ്മികളുടെ സാന്ത്വനമേറ്റ്
എന്റെ കിനാക്കൾ മയങ്ങുകയാണ്
വറ്റാത്ത നദിയെ കുറിച്ചും
കൊഴിയാത്ത വസന്തത്തെ കുറിച്ചും
നീ പറഞ്ഞുതന്ന കഥകളുമായി
ഞാൻ തിരിച്ചുപോകുകയാണ്

എന്റെ പ്രിയസഖീ
നീയൊന്നറിയുക
നിന്റെ കണ്ണുകളിൽ അലിഞ്ഞുതീർന്ന സന്ധ്യ
അതെന്റെ ഹൃദയമായിരുന്നു
നക്ഷത്രങ്ങൾപോലെ പൂത്തുലഞ്ഞ മുല്ല
അതെന്റെ സ്നേഹമായിരുന്നു
നിന്റെ ഏകാന്ത ജാലകത്തിനരികിൽ
കൂടുകൂട്ടിയിരുന്ന ദേശാടനപ്പക്ഷികൾ
എന്റെ ചിന്തകളായിരുന്നു
അവ ചിറകടിച്ചു പറന്നുപോയതും
നീ ഗൗനിച്ചില്ല
ഞാൻ തിരിച്ചുപോകുകയാണ്
നിന്നെക്കുറിച്ചുള്ള
ഉറവ വറ്റാത്ത ഓർമ്മകളുമായി
വരും തിരികെ നീ ഇനിയും
വരാതിരിക്കില്ല വൈകിയാലും
എന്ന ഒരേ ഒരു പ്രതീക്ഷയുമായി
സ്നേഹിക്കാൻ മാത്രമറിയാവുന്ന
നിനക്കായി സമർപ്പിച്ച
ഒരു കുഞ്ഞുഹൃദയവുമായ്........

**JIJO MATHAI**
II DC Physics



# പാഴ്ക്കിനാവുകൾ

SAJEEV, C. T.
I B. A. Malayalam

സൂര്യനെ കാമിച്ച സൂര്യകാന്തിപ്പൂ പോലെ ........ ആനന്ദും അവന്റെ മരവിച്ച പ്രതീക്ഷകളും, സ്വപ്നങ്ങളും............ ... കൂട്ടുകാരായ സഹപാഠികൾ, അവരുടെ കുസൃതി നിറഞ്ഞ പെരുമാറ്റങ്ങൾ, മാധുര്യമൂറുന്ന കലാലയ ജീവിതത്തിന്റെ നിറംപിടിപ്പിച്ച കഥകൾ ആനന്ദിൽ ഒരു മഴവിൽക്കാവടിയായി പീലി നിവർത്തിയപ്പോൾ വഴിമുട്ടി നിന്ന അവന്റെ കലാലയ ജീവിതത്തിന് വീണ്ടും ഒരു തുടക്കം കുറിക്കുന്നതിനുള്ള പ്രചോദനമായി.

പിന്നെ എങ്ങനെയും ഒരു അഡ്മിഷനുവേണ്ടിയുള്ള പരക്കം പാച്ചിലായിരുന്നു. ഈ ഓട്ടവും പ്രതീക്ഷയും വ്യർത്ഥമാകുമോ എന്ന് മനസ്സ് ഇടയ്ക്കിടെ ശങ്കിച്ചിരുന്നു. പക്ഷേ അവിചാരിതമായി കിട്ടിയ പ്രവേശനം അകക്കാമ്പിൽ എന്തിന്റെയൊക്കെയോ ആന്ദോളനങ്ങളെ ഇളക്കിവിട്ടു.

വെയിലും മഴയും കൊണ്ടിട്ടും ഒരു വിജിഗീഷുവിനെപ്പോലെ കലാലയത്തിന്റെ നനുത്ത സ്പന്ദനങ്ങൾക്കൊപ്പം ഉണർന്നാടിയ മഹാഗണി മരങ്ങൾ, ആനന്ദ് വരുമ്പോൾ അവയുടെ മാറിൽ തുരുമ്പിച്ച ആണിയിൽ കൊരുത്ത വർണ്ണപോസ്റ്ററുകളിൽ പുതിയ കൂട്ടുകാർക്ക് വർണ്ണത്തിന്റെയും, വർഗ്ഗത്തിന്റെയും അപ്പുറത്തേക്കുള്ള സമാഗമത്തിന് 'സ്വാഗതം' എഴുതപ്പെട്ടിരുന്നു. മുനയൊടിഞ്ഞ സൂക്തങ്ങൾപോലെ.........

ഋതുഭേദങ്ങളുടെ മർമ്മരങ്ങളേറ്റ മഹാഗണി മരങ്ങൾ തളിരിട്ടു. ആനന്ദിന്റെ പ്രതീക്ഷകളും, സ്വപ്നങ്ങളും. ചെമ്പട്ടുടുത്ത്, കിഴക്കേ ചക്രവാളത്തിൽ നിന്നുയർന്ന

അർക്കാന്റെ രശ്മികൾ മഹാഗണി മരങ്ങളുടെ തളിരിലകളിൽ നാത്രി പകർന്നിട്ടുപോയ കുളിരിന്റെ കുഞ്ഞുങ്ങളെ നോക്കി ചിരിച്ചു.

ഓരോ ദിവസത്തിന്റെയും ആദ്യാന്ത്യ നിമിഷങ്ങളിൽ, കുസൃതി നിറഞ്ഞ കൂട്ടുകാർ, അവരുടെ ചിരിക്കുന്ന മുഖങ്ങൾ, അവരോടൊന്നിച്ചുള്ള ഒത്തുചേരൽ നിർവൃതികരമായിരുന്ന ആനന്ദിന്റെ മനസ്സിന്റെ അകത്തളങ്ങളിൽ ഒരു പുതിയ ഉണർവ്വിന്റെയും നിറവിന്റെയും കനപ്പ്.

നാലുപാടും തണൽ നൽകി തളിരിട്ടു നിൽക്കുന്ന മഹാഗണി മരത്തിന്റെ വളരെ താഴെയല്ലാത്ത ചില്ലയിൽ ഒരു നാരായണ കിളിയുടെ കൂട് ആനന്ദ് കണ്ടിരുന്നു. മുട്ടയിട്ട് അടയിരിക്കുന്ന പെൺകിളിയും, ഇടയ്ക്കിടെ തീറ്റയുമായി പാറനെത്തുന്ന ആൺകിളിയും ആനന്ദിന് ഒരു കൗതുകമായിരുന്നു. അതോടൊപ്പം......?

ആനന്ദിന്റെ മനസ്സും കൂടുകൂട്ടുകയായിരുന്നു. ഓരോ ദിവസത്തേയും മധുരിക്കുന്ന, കുസൃതിയുടെ കൂരമ്പുകളാൽ നിറയുന്ന ഓർമ്മകളാൽ ആ നീഡം ഉയരുകയായിരുന്നു. അതിൽ പരിമിതങ്ങളായ മുഖങ്ങൾ, ചിരികൾ, ക്ലാസിലേയും ഉയർന്ന ക്ലാസിലേയും, അവരോടൊന്നിച്ചുള്ള ഇടവേളകളിലെ ഒത്തുചേരൽ ഒരു കുളിർനിലാത്തോണിയിലുള്ള യാത്ര പോലായിരുന്നു. സ്വച്ഛമായി ഒഴുകിപ്പരക്കുന്ന ചിന്തനങ്ങൾ, അനുഭവങ്ങൾ, നേരമ്പോക്കുകൾ, ഈറനുടുത്ത സന്ധ്യയുടെ മൃദുത്വമുള്ള കവിതയും, പാട്ടുകളും സോല്ലാസമായി അരങ്ങേറിയിരുന്നു. ഓരോരുത്തർക്കും വായ്നിറയെ പറയുവാനും കാതുനിറയെ കേൾക്കുവാനും ഉണ്ടായിരുന്നു. ഇതൊന്നും പെട്ടന്നവസാനിക്കുകയില്ലെന്നും നീണ്ടുനിവർന്നു കിടക്കുന്ന വർഷങ്ങളുടെ ചാരുതയും, കാന്തിയും മുഴുവനും ഒപ്പിയെടുത്തിട്ടേ ഒരു വിടപറച്ചിലുള്ളുവെന്നും കരുതിയിരുന്ന നിമിഷങ്ങളും, ദിനങ്ങളും.

പക്ഷേ കാലം, അതിന്റെ പണിപ്പുരയിൽ വേദനിപ്പിക്കുന്ന അസ്ത്രങ്ങളെ രാകി മുനപ്പെടുത്തുകയായിരുന്നു. ഒരവസരത്തിനുവേണ്ടി അതിന്റെ മായാജാലങ്ങൾ തൊടുത്തിരിക്കുകയായിരുന്നു.

തൊട്ടടുത്തെത്തിയിരിക്കുന്ന വേർപാടിന്റെ മുന്നോടിയായിരുന്നുവോ ഇടയ്ക്കിടെ അവരുടെ ഇടയിലേയ്ക്കുള്ള മൗനത്തിന്റെ ചേക്കേറൽ. പലപ്പോഴും പലരും അതിനെ പുനർന്നിരിക്കലും. ഇല്ലായെന്ന് മനസ്സ് ആവർത്തിച്ചിരുന്നു. അപ്പോഴൊക്കെ ഒരു പഴംപാട്ടിന്റെ നോവൂറുന്ന തന്ത്രികളിൽ താളം മുറുകി ആടിപ്പാടിതളർന്ന ഒരു ശാരീരത്തിന്റെ അന്തമില്ലായ്മയും, ഏകാന്തതയുടെ നീലിമയും നിലാത്തിരിയായി കത്തിയമരുന്ന വേദനയും ഒരു അരുംപോലെ പതയുകയായിരുന്നു.

കൂട്ടുകാരുടെ വിളിയൊച്ചയും, പൊട്ടിച്ചിരികളും ഒഴിഞ്ഞ കാമ്പസിൽ ഒന്നും ചെയ്യാനില്ലാതെ വൈകി വരുന്ന വണ്ടിക്ക് ആനന്ദ് കാത്തിരുന്നു. മഹാഗണി മരത്തിന്റെ താഴെ സിമന്റടർന്ന പടവുകളിൽ ഇരിക്കുമ്പോഴായിരുന്നു മേലെ തൂങ്ങുന്ന കൂട്ടിൽ നിന്നും ചെറുകുറുങ്ങലുകൾ കേട്ടത്. ചുവന്ന ചുണ്ടുകൾ പൊളിച്ച്, അമ്മക്കിളി കൊടുക്കുന്ന ഇരകളെ വാങ്ങി വിഴുങ്ങാൻ കാത്തിരിക്കുന്ന നാരായണകിളികുഞ്ഞുങ്ങളുടെ കുറുങ്ങലും. ദിവസങ്ങൾ കഴിയുമ്പോൾ അവയ്ക്ക് വർണ്ണചിറകുകൾ മുളയ്ക്കും, ചുണ്ടുകൾക്ക് നീളം വർദ്ധിയ്ക്കും. അനേകം പൂക്കളിൽ നിന്ന് തേൻ നുകരേണ്ടുന്ന ചുണ്ടുകൾ. അവയുടെ വളർച്ചയും ചിറകിട്ടടിച്ചാർക്കുന്ന സ്വരവും ആനന്ദിൽ ഒരു വേദനയുടെ നിഴൽപാട് വീശി. ഇല്ല അവൻ വിചാരിക്കുംപോലെ ആ കിളിക്കുഞ്ഞുങ്ങളുടെ അമ്മക്കിളിയും അച്ഛൻകിളിയുമായുള്ള ബന്ധം നാലുദിക്കിലേയ്ക്കും പറന്നകലാനുള്ള ബന്ധനത്തിന്റെ ക്ഷണികതയാണെന്ന് ......... ഇല്ലത്തിനെ' വരില്ല. അങ്ങിനെ സംഭവിച്ചാൽ ഈ ലോകത്തിന് ഏത് അസ്തിത്വമുണ്ടാവും?

വളവ് തിരിഞ്ഞ് കേറ്റം കേറി ആനന്ദിനുള്ള വണ്ടി വരുന്നുണ്ട്. ഇനി നാളെയുടെ ഉൽപ്പലേച്ഛയിൽ ഈ കാമ്പസ് ശബ്ദ

മുഖരിതമാവും. അതിൽ ഒരു വളപ്പൊട്ടുടയുന്ന ശബ്ദമായി ആനന്ദിന്റെ നൊമ്പരമാർന്ന ചിരിയും ഉടപ്പെടും. അവരുടെ ..........? ഇല്ല അങ്ങിനെ വരില്ല. ഇത്രയുമായില്ലേ.....? ഒരൽപ്പം കൂടിയവർ കാത്തിരിക്കും. അങ്ങനെയാവാതെ തരമില്ല........?

മഞ്ഞൂറുന്ന നിറഞ്ഞ പ്രഭാതങ്ങൾ എന്നും ആനന്ദിന് ഒരു മുതൽകൂട്ടായിരുന്നു. അത്തരമൊരു പ്രഭാതത്തിലായിരുന്നല്ലോ. മകനത്ത, ഈറൻ കാറ്റുകൾ മേലാകെ പൊതിപ്പറക്കുന്ന ഒരു വെളുപ്പിനായിരുന്നല്ലോ. ആനന്ദിന്, അമ്മയുടെ ചൂടുകിട്ടി. ആ നെഞ്ചിലെ അമ്മിഞ്ഞ നുകർന്നത്. 'ഉള്ള, ഉള്ള' കരച്ചിലിനൊപ്പം അവന്റെ കൂടെ കൂടാൻ പലരുമുണ്ടായിരുന്നു. അവരിൽ ആരെങ്കിലുമൊക്കെയായിരിക്കും നിങ്ങളിൽ ആരെങ്കിലും?

പക്ഷേ ഉച്ചയോടുകൂടി മഞ്ഞാന്തയേറിയ പ്രഭാതത്തിന്റെ മുഖമായിരുന്നു ആനന്ദിന്. ആനന്ദിനെന്നല്ല മറ്റെല്ലാവർക്കും. സുജയുടെയും, മിനിയുടെയും, സാനിയുടെയും പ്രസരിപ്പുകൾ എന്തോ നഷ്ടമായതുപോലെ. അവരായിരിക്കും ഏറ്റവും കൂടുതൽ വേദനിക്കുന്നത്. അപ്പോൾ ആനന്ദും അമ്പുവോ? അമ്പുവിനത് നേരത്തെ അറിയാമായിരുന്നെന്നു തോന്നുന്നു. എല്ലാവരും അവളുടെ വൈകിയ വരവും കാത്ത് ഇലഞ്ഞിമരച്ചുവട്ടിൽ ചേർന്നിരുന്നു. സുജയുടെ പാദസ്വരത്തിന്റെ മുത്തുകളിൽ തട്ടുകയായിരുന്ന മിനി, കറുത്ത മേഘങ്ങൾ ഒഴുകിവന്ന് വെളുത്ത മേഘങ്ങളെ ഇല്ലാതാക്കി യാത്ര തുടർന്ന.

ഒരു നിമിഷത്തിന്റെ പൊഴിഞ്ഞുവീണ യിടർച്ചയിൽ കാലത്തിന്റെ കണ്ണേറ്റിറ അവളുടെ വരവ് ആദ്യം കണ്ടത് സാനിയായിരുന്നു. എല്ലാവരും ഒട്ടും പ്രതീക്ഷയില്ലാതെ അവളുടെ അടുത്തേക്ക് ചെന്നു ചിരിയാൻ മടിക്കുന്ന മനസ്സിന്റെ വിങ്ങൽ മറയ്ക്കാൻ ശ്രമിച്ച അവളുടെ ചിരി വിടരാത്തതും ഉടഞ്ഞതുമായിരുന്നു. ആരും ഒന്നും മിണ്ടാതെ പറഞ്ഞു. പറഞ്ഞു ഇടറുന്ന കാലുകളോടെ അവളോടൊപ്പം കൂടി.

“എന്താ ആരും ഒന്നും മിണ്ടാത്തെ”

“—”

ആർക്കും ഒന്നും പറയാനുണ്ടായിരുന്നില്ലേ?

“എനിക്കിത് സഹിക്കാൻ പറ്റണില്ല്യാട്ടോ, എല്ലാർക്കും എന്താ പറ്റ്യേ”

അവസാനം അമ്പുതന്നെ തുടക്കമിട്ടു.

“അപ്പോ, പോകും, പോകാൻതന്നെ തീരുമാനിച്ചു. അല്ലേ?

“ഞാനെന്താ പറയേണ്ടേ?”

“ഞാൻ പോകാതിരുന്നാൽ”

“ഇല്ല്യ പോയേ പറ്റു”

“പോണോന്ന് പറയാൻ ഞങ്ങൾക്കാവില്ല്യ. എങ്കിലും ........?”

അന്നാരുംതന്നെ ക്ലാസ്സിൽ കയറിയില്ല. ഇനി ശേഷിച്ച നിമിഷങ്ങൾ കൂടി സ്വന്തമാക്കാൻ എല്ലാവരും ചലനമററിരുന്നു. ഉണ്ണിക്കുട്ടന്റെ സംശയങ്ങൾ തീർത്ത്. ഉണ്ണിക്കുട്ടനു് എല്ലാമായിത്തീർന്ന കണ്ണൊട്ടത്തിയുടെ കവിത ചൊല്ലി കണ്ണീരിൽ കതിർന്ന പൂമ്പാലികയുമായി ആയിരം ഉണ്ണിക്കുട്ടൻമാർക്ക് പൂവിറുക്കാനും. ആദ്യാക്ഷരങ്ങൾ ചൊല്ലിക്കൊടുക്കാനും അവരുടെ കണ്ണോട്ടത്തിയും, അമ്മയുമായി അവൾ പോയി. കണ്ണീരപ്പ കലർന്ന വാക്കുകൾ പലപ്പോഴും ഒരവസാനത്തിനായി നെട്ടവീർപ്പിട്ടു.

“ഇടകിട്ടുമ്പോഴൊക്കെ വരാം”

“——”



"ഒരിക്കൽ നിങ്ങളൊക്കെ കൂടി അങ്ങോട്ട് വരണം"

"____"

"ഒഴിവു കിട്ടുമ്പോൾ ഞാനും വരാം" എന്ന പഴംവാക്കുകളിൽ യാത്രാമൊഴിയുടെ ധ്വനി. ആനന്ദനൊഴികെ മറ്റെല്ലാവരും പോയിരുന്നു. കൂടെ ജിഷ്ണുവും. വാക്കുകളിലൂടെ പരിചയപ്പെട്ട സുഹൃത്ത്. ആനന്ദിന് ഓർക്കുവാൻ ഒത്തിരിയുണ്ടായിരുന്നു. അതിൽ അവൻ തൃപ്തനായി.

ഇപ്പോൾ ഇണക്കിളികളും തീറ്റതേടി പോകാറുണ്ട്. കുഞ്ഞുങ്ങൾ പറക്കമുറ്റാറായി. പക്ഷേ ഇന്നലെ, ഇരതേടി തളർന്ന പെൺകിളി പുതിയ മേച്ചിൽപുറങ്ങൾ തേടി യാത്രയായി പിന്നെയത് തിരികെ വന്നില്ല, അവൾക്കറിയാം ഇനി താൻ വന്നില്ലെങ്കിലും അവ വളരുമെന്നും ഇരതേടുമെന്നും. ഒട്ടൊക്കെ ഒരു വ്യസനത്തോടെയാണെങ്കിലും ആ കുഞ്ഞുങ്ങളുടെ സ്വരവും, തൂവൽ മിനുക്കി കൊക്കി കൊക്കിയുള്ള കരച്ചിലും ആനന്ദ് കേൾക്കാറുണ്ട്.

നഷ്ട സ്വർഗ്ഗങ്ങളെ ദുഃഖ സിംഹാസനത്തിലിരുത്തി ഒരു ഒറ്റപ്പെടുത്തലായി അമ്പുവും വലിയ നഗരത്തിന്റെ പാഠശാലയിലേക്ക് ചേക്കേറി. അവിടേയ്ക്ക് ചേക്കേറുക എന്നതിലുപരി ഇവിടെ നിന്ന് രക്ഷപ്പെടുകയായിരുന്നില്ലേ അവന്റെ ലക്ഷ്യം? ആ വലിയ കാമ്പസ്സിന്റെ ഉൾത്തുടിപ്പുകളിൽ ഒരു നാദബ്രഹ്മത്തിന്റെ ഓംകാരമായി അവൻ മാറും. ആ ചുറ്റുവട്ടങ്ങളിൽ ഒരു കടലാസ്സിൽ കുറിക്കുന്ന ഏതാനും വരി 'സുഖവിവരങ്ങളിൽ' അല്ലെങ്കിൽ ഒരു മേൽവിലാസം കുറിക്കുമ്പോൾ ഓർക്കുന്ന പേരിന്റെ ഓർമ്മയിൽ മാത്രമാവും ആനന്ദ് അമ്പുവിന്? പക്ഷേ ആനന്ദിന് അങ്ങിനെ കഴിയുമോ?

ഇന്നാനന്ദിന് കാണാൻ കഴിഞ്ഞതു കൂടിന് പുറത്തിരിക്കുന്ന മൂന്ന് കുഞ്ഞുങ്ങളെയാണ്. ആൺകിളിയെ നോക്കിയിട്ട് എങ്ങും കണ്ടില്ല. ഇന്നലെ പെയ്ത മഴക്കൊപ്പം, ആടിത്തിമിർത്ത കാറ്റിനൊപ്പം ആൺകിളി ആ കൂട്ടിന് ചുറ്റും മൂന്നുവട്ടം തത്തിപ്പറന്നതിനുശേഷം ഉയർന്നുനില്ക്കുന്ന മറ്റ് വൃക്ഷ തലപ്പുകൾക്കുമീതെ ചെമ്മാനച്ചോപ്പിലേക്ക് ഊളിയിട്ടിരിക്കും, ആ മൂന്നു കുഞ്ഞുങ്ങളേയും തനിച്ചാക്കി. ഇനിയാകുഞ്ഞുങ്ങൾക്ക് ഒരാശ്രയം ആ കൂടും മരവും ആയിരിക്കും.

ഇപ്പോൾ മിനിയും, സുജയും, സാനിയും ഒരു ഉൾവലിയലിന്റെ തുടക്കമായിരിക്കുന്നു. പണ്ടത്തെപോലെ ഒത്തുചേരാൻ അവർക്കൊരു മടി. കണ്ടുമുട്ടലുകൾതന്നെ വല്ലപ്പോഴുമായിരിക്കുന്നു. ഇനിയും അതു ചുരുങ്ങിയാൽ ആനന്ദിന്..... ഒരൽപ്പം സൗമനസ്യമെങ്കിലും അവർക്ക് കാട്ടിക്കൂടെ. അവർ അങ്ങോട്ടോ ഇങ്ങോട്ടോ പോയാൽ, ആരെയെങ്കിലും അന്വേഷിക്കുന്ന ഭാവത്തിൽ ആനന്ദും അവർക്ക് പിന്നാലെ പോകും. കണ്ടുമുട്ടിയാൽ ഒന്നും പറയാൻ വയ്യാത്തവസ്ഥ. രണ്ട് മൂന്ന് ചാലുകൾ അവരുടെ മുന്നിലൂടെ വെറുതെ നടക്കും അവർ എന്തെങ്കിലും ചോദിക്കുമെന്ന പ്രതീക്ഷയിൽ. പക്ഷേ.........

നാളെയവർക്ക് പരീക്ഷണത്തിന് മുമ്പുള്ള അവധി തുടങ്ങുകയായി. ഇന്ന് വൈകിട്ട് അവരും ആനന്ദിനോട് വിടവാക്ക് പറയും.

"നന്നായിട്ട് പഠിക്കണം" ഉഴപ്പരുത്. ഇടയ്ക്കിടെ ഞങ്ങൾ ഇങ്ങോട്ട് വരാം "നീയും അങ്ങോട്ട് വരണം".

മറ്റെല്ലാവരേക്കാളും ഒരൽപ്പം നീണ്ട കണ്ടുമുട്ടലിനുശേഷമുള്ള വിടപറയൽ. അവരുടെ കൂടെ നിന്ന് യാത്രയാക്കാൻ മാത്രം അവർ ആനന്ദിനെ ക്ഷണിക്കുമായിരിക്കും?

അങ്ങനെ അവരും ജീവിതത്തിന്റെ .....!

ഊഷ്മളതയില്ലാത്ത ഒരുച്ചവെയിൽ. മഹാഗണി മരത്തിന്റെ ചില്ലയിൽ ആ കിളി കുഞ്ഞുങ്ങളോ കൂടോയില്ല. നിലത്ത് വീണു കിടക്കുന്ന കൂടിനെ ഉറുമ്പുകൾ പൊതിഞ്ഞിരിക്കുന്നു. ആനന്ദിനോട് ശിഖരങ്ങളാട്ടി മരം എന്തോ മന്ത്രിക്കും പോലെ. ആനന്ദിന് അതു മനസ്സിലായാവോ? ഒരു ചെറു കാറ്റിനൊപ്പം കുറെ പഴുത്തിലകൾ അവന്റെ മുന്നിൽ വന്നു വീണു. ആനന്ദ് ഒരു നിമിഷം അവയിലേക്ക് നോക്കി നിന്നു. ഒരിക്കൽ അവ ഈ മരത്തിന്റെ തളിരുകളായിരുന്നു പൂർണ്ണതയായിരുന്നു. ഇന്നോ?

എല്ലാം ഒരു പുകച്ചുരുൾപോലെ........

# പുഷ്കരൂപങ്ങൾ



ശില്പങ്ങളും നമ്മോട് ഒരുപാട് സംസാരിക്കുന്നു. ശില്പി പറഞ്ഞതും പറയാത്തതുമായി പലതും. ഉൽപ്പത്തി മുതൽ ഇന്നേവരെ ഏററവും വലിയ ദുരന്തം ഈ നൂററാണ്ടാണെന്ന്. നമ്മളിൽ കുടികൊള്ളുന്ന പ്രാകൃതത്വത്തിന് ഇരട്ടവശമുണ്ടെന്ന്. കാടത്തത്തിന്റെ ഇരുണ്ട വശവും സ്വാതന്ത്ര്യത്തിന്റെ വെളുത്ത വശവും അങ്ങനെ .......... ഇതിൽ കണ്ടതു് നമ്മളും പലയിടത്തും കണ്ടിരിക്കാം. പക്ഷെ ഇതിൽ ഇല്ലാത്തതു് നമ്മളും ഒരിടത്തും കാണില്ല.

ഉണ്ണികൃഷ്ണന് കർമ്മം ശില്പരചന. മററൊന്നും അറിയില്ലെന്നല്ല. മററു പലതും അറിയാവുന്നതുകൊണ്ടുതന്നെ ശില്പരചന ഉണ്ണിക്ക് കർമ്മമാകുന്നു. ശില്പരചനയുടെ അക്കാദമിക് ക്ലാസ് മുറികൾക്ക് ഉണ്ണികൃഷ്ണൻ കാതുകൊടുത്തില്ല. തടിച്ച പുസ്തകങ്ങളിൽ തന്റെ കർമ്മത്തിന്റെ അടിവേര് തേടിയില്ല. വമ്പൻ

ശില്പമാതൃകകൾ അനുകരിച്ചില്ല. അത്രയൊന്നും സ്വച്ഛന്ദമല്ലാതിരുന്ന ഉണ്ണിയുടെ ബാല്യകാലത്തിൽതന്നെ ഉണ്ണി വരച്ചു തുടങ്ങി. കുട്ടിക്കാലത്തിന്റെ കുസൃതികൾക്കപ്പുറം ഒരു ചിത്രകാരന്റെ അടിസ്ഥാന സ്വഭാവം അന്നേ തന്നെ ഉണ്ണി സ്വായത്തമാക്കിയിരിക്കണം. അനുഭവത്തിന്റെ ആഴം മനസ്സിൽ കുറിച്ചിട്ട ഉണ്ണി ശില്പത്തിന്റെ ഗഹനതയിലേക്ക് വളർന്നു എന്നതു് പ്രകൃതി നിയമം മാത്രം. ചിത്രത്തിന്റെ സാമാന്യതയിൽനിന്നു് കളിമണ്ണിലേക്കും സിമന്റിലേക്കും തന്റെ ശില്പരചന വികസിക്കുന്നതു് പ്രായത്തിന്റെയും അനുഭവത്തിന്റെയും ജീവിത സ്വാംശീകരണത്തിന്റെയും തുടർച്ചയായി ശില്പി കാണുന്നു. നീണ്ടസഞ്ചാരത്തിൽ. ആൾക്കൂട്ടത്തിന്റെ കലമ്പലിൽ നിറംകിട്ടുന്ന സംഭവങ്ങൾക്കുനേരെ കണ്ണും കാതും തുറന്നുവെയ്ക്കുന്ന ഉണ്ണികൃഷ്ണൻ. തന്റെ ശില്പകർമ്മത്തിന്റെ കാതൽ താൻ നേരിട്ട സംഭവങ്ങളുടെ പൊരുളാണെന്നു് ശില്പി പറയുമ്പോൾ ഉണ്ണികൃഷ്ണനു് ശില്പകർമ്മം, ജീവിതവുമായി നേരിട്ട ബന്ധപ്പെട്ട നിൽക്കുന്നതായി നമ്മൾ മനസ്സിലാക്കുന്നു. ഈ നൂറ്റാണ്ടിനെ പേ പിടിച്ച നായയായി, പകുതി മനുഷ്യനും പകുതി, നീണ്ട നാക്കുള്ള പട്ടിയായും ചിത്രീകരിക്കുന്ന ഉണ്ണികൃഷ്ണന്റെ കലാദർശനം നില നിൽക്ക തന്നെ ചെയ്യും. "റാബിഡ് സെഞ്ചുറി " എന്ന ഈ ശില്പത്തിന്റെ വിവിധ വീക്ഷണ കോണുകളിൽ നിന്നുള്ള കാഴ്ച നമുക്ക് ഈ നൂറ്റാണ്ടിന്റെ തന്നെ പേപിടിച്ച നിറഭേദങ്ങളായി കാണാൻ കഴിയും. കുട്ടകാരന്റെ ചങ്കിനു മുകളിൽ ഏന്റെ കാറപ്പിടി കൊണ്ടു് ആധിപത്യം സ്ഥാപിക്കുന്ന നൂററാണ്ടിന്റെ യാഥാർത്ഥ്യവും ഉണ്ണികൃഷ്ണന്റെ "റാബിഡ് സെഞ്ചുറി " യും ചൂണ്ടിക്കാണിക്കുന്നതു് ഇരുണ്ടിരുണ്ട പോകുന്ന കാലഗതിയാണ്. ഈ ഇരുണ്ട കാലത്തിന്റെ പ്രതിബിംബം പോലെ കാടത്തം നിറഞ്ഞ മനുഷ്യന്റെ ഉടലും. പട്ടിയുടെ മുഖവും ഒരേ പേപിടിച്ച കരച്ചിലോടെ ചാടി വീഴുന്നു. ഉണ്ണികൃഷ്ണനു് അക്കാദമി അവാർഡ് നേടിക്കൊടുത്ത ശില്പമായിരുന്നു അതു്.

"കരങ്ങളിൽ പുളഞ്ഞിഴയും പാശവും



ഇരുണ്ടുകല്പിച്ച വെളുത്ത
ജീർണ്ണമാം മൃതിഗന്ധം തേടും മിഴികളിൽ
കള്ളച്ചിരിയുമായ്…………"

കക്കാടിന്റെ മൃത്യു ദർശനത്തിന്, അതിലെ വമ്പൻ കോമാളിത്തത്തിന്, മണ്ണിനടിയിൽ വീടുതേടിപ്പോയ വേരുകളിൽ ജന്മം നൽകുന്ന ഉണ്ണികൃഷ്ണന്റെ ശിൽപ്പത്തിന് കവിതയോളം ചാരുത. കിട്ടുന്ന വേരിൽ ചേരുന്ന ശിൽപ്പങ്ങളല്ല – മനസ്സിൽ ഉദിക്കുന്ന പ്രാകൃതരൂപങ്ങൾക്ക് അനുയോജ്യമായ വേരുകൾ തേടുന്നു ഉണ്ണികൃഷ്ണൻ. വെറുമൊരു വേരിനെ ചെത്തിമിനുക്കി പോളിഷ് ചെയ്യുന്ന ക്രാഫ്റ്റ് വർക്കിനപ്പുറം തന്റെ തന്നെ അനുഭവങ്ങളുടെ വ്യാഖ്യാനരൂപങ്ങൾ തീർക്കാനാണ് ഈ ശില്പിക്കിഷ്ടം.

ദൈവത്തിന്റെ കഥയിലെ പ്രതിനായകൻ 'ലൂസിഫർ' – ഭാവംകൊണ്ടുമാത്രം നമ്മൾ തിരിച്ചറിഞ്ഞ കഥാപാത്രം. നമ്മുടെ അറിവിനും ഭാവപരിചയത്തിനും സമാന്തരമായി ചലിക്കുന്നതാണ് ലൂസിഫറിനെക്കുറിച്ചുള്ള ഉണ്ണികൃഷ്ണന്റെ ഭാവന. ഈ ലോകത്തിന്റെ മുകളിൽ ഇടിത്തീയായ് ഭവിക്കാനുള്ള ലൂസിഫറിന്റെ നോട്ടമുണ്ടല്ലോ – അതിലെ ഭാവമുണ്ടല്ലോ – അതാണ് ശില്പരചനയിൽ ശില്പിയുടെ നേട്ടം. പിശാചിനെക്കുറിച്ചുള്ള നമ്മുടെ ബിംബസങ്കല്പങ്ങൾക്കൊപ്പം സഞ്ചരിക്കുന്നില്ല ഈ ചെറിയ കൃതി എങ്കിലും ആ കനൽ നോട്ടത്തിന്റെ ഭാവം ചെകുത്താന്റെ നോട്ടത്തെ അനുഭവിപ്പിക്കുന്നതാണ്.

രതിഭാവത്തിന്റെ പരമ കാഷ്ഠയിൽ സ്ത്രീപുരുഷ സംയോഗത്തിന്റെ നിർവൃതിയെക്കുറിക്കുന്നതാണ് "സായൂജ്യം". രതി കാണ്ഡത്തിന്റെ ഈ ശില്പത്തിൽ സ്ത്രീക്കും പുരുഷനും ഉടലിന്റെ ഗജഭാഗവും മനപ്പൂർവ്വം നഷ്ടപ്പെടുത്തുന്നു ശിൽപി. ശിൽപരചനയുടെ പരിമിതിയ്ക്ക് അകത്തുനിന്ന് രതിയുടെ പൂർണ്ണതയെ ദർശിപ്പിക്കുന്നു ഉണ്ണികൃഷ്ണൻ



ഉണ്ണികൃഷ്ണന്റെ ശിൽപങ്ങളിൽ പലതിലും പ്രാകൃതത്തിന്റെ ഭാവഭേദങ്ങൾ നിലനിൽക്കുന്നു. 'റാബിഡ് സെഞ്ചുറി', ഹിരോഷിമ

എന്നിവയിൽ ആധുനിക മനുഷ്യന്റെ കാടത്തം, അവന്റെ പ്രാകൃതത്വമായി ശിൽപി വിവരിക്കുന്നു. പക്ഷെ പ്രാകൃത മനുഷ്യന്റെ ഘനമുള്ള മുഖങ്ങളിൽ നമ്മുടെ തന്നെ, നമ്മളിലോരോരുത്തരിലും ഉണരാനിരിക്കുന്ന പ്രാകൃതത്വം ദർശിക്കുന്നു. ഈ പ്രാകൃത ദർശനം നമ്മുടെ ഹൈഡൽബർഗ്ഗിക്കു മുകളിൽ വെളിച്ചം തരുന്നതാണ്. മനുഷ്യന്റെ പരിണാമ വികാസങ്ങളിലെ ഓരോ കണ്ണിയേയും ക്രമാപൂർവ്വം പഠന വിധേയമാക്കി ഓരോ കണ്ണികളും ത്രിമാനത്തിലേക്ക് പകർത്തുന്ന ശിൽപിക്ക് 'അനാട്ടമി' യെക്കുറിച്ച് വളരെ നല്ല പരിജ്ഞാനം ആവശ്യമുണ്ട്. ഇത് ഉണ്ണികൃഷ്ണന് വേണ്ടുവോളമുണ്ടെന്ന്. മനുഷ്യ പരിണാമത്തിന്റെ കണ്ണികളെക്കുറിക്കുന്ന ഓരോ ശിൽപങ്ങളും നമ്മോട് പറയുന്നു. പുസ്തകങ്ങളുടെ ദ്വിമാനതലത്തിലൂടെ മാത്രം നാമറിഞ്ഞ ദിനോസറുകളുടെ ഭീമാകാരത്വത്തിന് മരക്കുറ്റിയിൽ ജന്മം കൊടുക്കുന്നു ഉണ്ണികൃഷ്ണൻ.

യവന പുരാണത്തിലെ താളുകളിൽ ഉറങ്ങുന്ന സർപ്പസുന്ദരി 'മെഡൂസ' അവളുടെ മുടിയിഴകളും നാഗങ്ങളായിരുന്നു. കാന്തിക ശക്തിയുള്ള അവളുടെ കണ്ണുകളുടെ കടാക്ഷമേറ്റ് മനുഷ്യൻ ശിലയായി മാറിയിരുന്നു. ഭയാനക സൗന്ദര്യ രൂപത്തിന് തേക്കിൻ വേരിൽ ശില്പ രൂപം നൽകുമ്പോഴും വേരുകളിൽ നാഗങ്ങളുടെ ഇണ ചേർന്ന രൂപങ്ങളും പിറക്കുന്നു. മെഡൂസയുടെ മുഖസൗന്ദര്യം രാക്ഷസീയവും ശാപമുക്തിക്കായി വന്ന സേവ്യൂസ് ദേവൻ ശില്പത്തിന്റെ മറുഭാഗത്ത് ഉണ്ട്. പുരാണ ഇതിഹാസ കഥാപാത്രങ്ങൾക്ക് നിയതമായി രൂപ സൗന്ദര്യം ഇല്ല. കൽപിച്ചു കൊടുക്കുന്ന രൂപത്തിലൂടെ അവർ ഉൾക്കൊണ്ടിരുന്ന ഭാവത്തെ ജനിക്കാൻ കഴിഞ്ഞാൽ കലാകാരൻ വിജയിക്കുന്നു. മെഡൂസയുടെ രാക്ഷസസൗന്ദര്യത്തിലൂടെ ഉണ്ണികൃഷ്ണൻ അതു നേടുന്നു. ഇന്ത്യൻ ജനതയുടെ രക്ഷകന്റെ പ്രതീകമായ 'ബുദ്ധ'ന്റെ മുഖത്തെ ശാന്തത ഈ ലോകത്തെ മുഴുവൻ ഉൾക്കൊള്ളുന്ന ശാന്തത. എല്ലാം ദർശിപ്പിക്കുന്നതാണ് ഉണ്ണികൃഷ്ണന്റെ ബുദ്ധ പ്രതിമ.





സ്ത്രീ സമത്വ ദർശനം ഉദ്ദീപ്പിക്കുന്നതാണ് 'സതി' എന്ന ശില്പം. ഏതു കാലത്തും നിലനിന്നിരുന്ന സ്ത്രീ മർദനത്തിന്റെ പ്രാകൃത രൂപമായിരുന്ന സതി പുരുഷന്റെ ബലിഷ്ഠമായ കയ്യിലെ സ്ത്രീയുടെ ദൈന്യത, അതിലുപരി അധമമായ ഒരു രാഷ്ട്രീയ ചിന്ത ഉയർത്തുന്ന ഈ ശില്പം. പുരുഷന്റെ കൈ ബലിഷ്ഠമായും. കൈക്കുള്ളിലെ സ്ത്രീയെ ആപേക്ഷികമായി ചെറുതും, ദൈന്യവുമായാണ് സതി ശില്പീകരിക്കുന്നത്.

ചിതറിത്തെറിക്കുന്ന മനുഷ്യശരീരങ്ങളും (Eternal dance) അവസാന ശ്വാസമെടുക്കുന്ന ഗാന്ധിയും (Last breath) എന്നിവ എക്സ്പ്രഷനിസ്റ്റ് രീതിയിലുള്ള ശില്പങ്ങളാണ്.

ചോദ്യങ്ങൾക്ക് തർക്കുത്തരങ്ങളുടെ ആവശ്യമുണ്ടെങ്കിൽ കൊലക്കത്തികൊണ്ട് ഉത്തരം പറയുന്ന നാട്ടിൽ. സർഗ്ഗാത്മകത ഹൈഹീൽഡ് ചെരുപ്പിനടിയിലാകുന്ന കാലത്തിൽ. പ്രണയം കൂട്ടാണെന്നും, കൂട്ട് സ്നേഹത്തിന് മഴനിലാവാണെന്നും, ഇവയെല്ലാം ഒന്നാണെന്നും അറിയാത്തവരുടേയും കാലത്തിൽ ഉണ്ണികൃഷ്ണന്റെ ശില്പങ്ങൾ ചോദ്യം ചോദിക്കുന്നവയാണ്. കാലത്തിന്റെ ചലന സ്വഭാവമുള്ളവയാണ്. സ്വന്തം കൈ കൊണ്ട് പാടുപെട്ട് ഉയർത്തിപ്പിടിച്ച തല വായ തുറന്നെങ്കിലും നാക്കുണ്ടായിരുന്നില്ലത്രേ- ഉണ്ണികൃഷ്ണന്റെ ഒരു ശില്പം. എനിക്കു തോന്നുന്നു നമ്മെക്കുറിച്ചാണെന്ന്, നമ്മുടെ നാവില്ലാത്ത വായെക്കുറിച്ചാണെന്ന്, നമ്മുടെ ചോദ്യം ചോദിക്കാത്ത തലച്ചോറിനെക്കുറിച്ചാണെന്ന്.



SURESH KUMAR
II D. C Economics

# DEBATING CLUB 1992 - '93

ആലുവ യു. സി. കോളേജ് ഡിബേററിംഗ് ക്ലബ്ബിന്റെ 1992–'93ലെ പ്രവർത്തന റിപ്പോർട്ട്.

മുൻകാലങ്ങളിലെ കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിനു ശേഷം, പുതിയ കോളേജ് യൂണിയൻ, മലയാളം വിഭാഗത്തിലെ Dr. A ഗോപിനാഥനെ പ്രസിഡണ്ടായും, Ist B.Sc. Botany വിദ്യാർത്ഥി മാത്യൂസ് ജേക്കബ് സി. യെ സെക്രട്ടറിയായും നോമിനേററ് ചെയ്തു.

വിദ്യാർത്ഥികളിൽ അന്തർലീനമായിരിക്കുന്ന പ്രസംഗവാസനയെ കണ്ടെത്തി അവയെ പരിപോഷിപ്പിക്കുകയും വളർത്തുകയും ചെയ്യുകയാണ് ഡിബേററിംഗ് ക്ലബ്ബിന്റെ പ്രധാന ലക്ഷ്യം. കഴിഞ്ഞ പല വർഷങ്ങളിൽ പ്രവർത്തനരഹിതമായ് ഉറങ്ങി കിടന്നിരുന്ന ക്ലബ്ബിനെ പുതുജീവൻ നൽകുവാനും ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ അവതരിപ്പിക്കുവാനും സാധിച്ചു.

ക്ലബ്ബിന്റെ ഔപചാരികമായ ഉത്ഘാടനം 26–11–'92 12–30 p. m. ന് V. H. ഹാളിൽ ബഹുഭൂരിപക്ഷം വിദ്യാർത്ഥികൾ പങ്കെടുത്ത യോഗത്തിൽവച്ച് നടത്തപ്പെട്ടു. ഉത്ഘാടന സമ്മേളനത്തിൽ വൈസ് ചെയർമാൻ കുമാരി മേരി എമിൽ ജോസഫ് അദ്ധ്യക്ഷയും പ്രമുഖ സിനിമാനടനും നമ്മുടെ കോളേജിന്റെ പൂർവ്വ വിദ്യാർത്ഥിയുമായ സൈനുദ്ദീൻ മുഖ്യാതിഥിയുമായിരുന്നു. ക്ലബ്ബിന്റെ പ്രവർത്തനോത്ഘാടനം ബഹുമാനപ്പെട്ട ആലുവ M. L. A. ശ്രീ. കെ. മുഹമ്മദാലി നിർവ്വഹിച്ചു. അതിഥികൾക്ക് മാത്യൂസ് ജേക്കബ് സി സ്വാഗതവും ബിജി പൗലോസ് നന്ദിയും പ്രകാശിപ്പിച്ചു.

26–11–92ൽ തന്നെ ഉച്ചയ്ക്ക് 2–30 കോളേജ് ഡിബേററിംഗ് ടീം സെലക്ഷൻ നടന്നു. ''ഇന്ത്യയുടെ പുതിയ സാമ്പത്തികനയം'' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന പ്രസംഗ മത്സരത്തിന്റെ അടിസ്ഥാനത്തിൽ ടീമിലേക്ക് താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

മലയാളം

| BOYS | GIRLS |
|---|---|
| 1st Mahesh G. II M A Eco. | 1 Simi Varghese I B A Eng. |
| 2nd Roy K. Sebastian II B A Mal. | 2 Jayasree Paul III B A Eco. |

ഇംഗ്ലീഷ്

| | |
|---|---|
| 1 Regi T. Varghese III B A Eco | 1 Lakshmi R. I B A Eng. |
| 2 Aji Divakar I B. Sc. Bot. | 2 Deepthi D. Nair I B A Eco. |

ക്ലബ്ബിന്റെ നേതൃത്വത്തിൽ പുതുമയാർന്ന പരിപാടിയായ് ക്രിസ്തുമസ് നവവത്സര ആശംസ കാർഡുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു.

ക്ലബ്ബിന്റെയും കോളേജ് യൂണിയന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 1993 ജനുവരി 29 വെള്ളിയാഴ്ച V. H. ഹാളിൽവച്ച് യു. സി. കോളേജ് അഖില കേരള ഇന്റർ കോളീജിയേറ്റ് ഡിബേറ്റ് മത്സരം നടന്നു. ഇതിനു പ്രാരംഭമായ് നടന്ന സമ്മേളനത്തിൽ പ്രമുഖ സാഹിത്യകാരി Dr. M. ലീലാവതി ഡിബേറ്റിംഗ് ക്ലബ്ബുകളുടേയും, ഇതുപോലെ പരിപാടികൾ അവതരിപ്പിക്കേണ്ടതിന്റെയും ആവശ്യത്തെകുറിച്ച് ഊന്നി പറഞ്ഞു. മത്സര വിഷയം ''ഇന്നത്തെ ഭാരതത്തിൽ മതേതരത്വത്തിന്റെ പ്രസക്തി'' എന്നതായിരുന്നു. മത്സരത്തിൽ കേരളത്തിലെ വിവിധ കോളേജുകളെ പ്രതിനിധീകരിച്ച് 10 ഓളം ടീമുകൾ പങ്കെടുത്തു. ഒന്നും രണ്ടും സ്ഥാനങ്ങൾക്ക് മഹാരാജാസ് കോളേജ് എറണാകുളവും, സെന്റ് ആൽബർട്ട്സ് കോളേജ് എറണാകുളവും അർഹരായി. ഈ വർഷത്തെ ബെസ്റ്റ് ഡിബേറ്ററായ് മഹാരാജാസ് കോളേജിലെ തോമസ് പീറ്റർ തിരഞ്ഞെടുക്കപ്പെട്ടു. വിജയികൾക്ക് ബഹുമാനപ്പെട്ട കോളേജ് പ്രിൻസിപ്പാൾ Prof. C. J. തോമസ് ട്രോഫിയും ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും വിതരണം ചെയ്തു.

വർഷങ്ങൾ കഴിഞ്ഞാലും കലാലയ ജീവിതത്തിന്റെ മധുരിമയും സന്തോഷവും അനുസ്മരിക്കുവാൻ ഉതകുന്ന ഓട്ടോഗ്രാഫുകൾ വിദ്യാർത്ഥികൾക്ക് ക്ലബ്ബ് നൽകി.

ക്ലബ്ബിന്റെ നേതൃത്വത്തിൽ, വിവിധ കോളേജുകളിൽ നടന്ന ഡിബേറ്റ് മത്സരങ്ങളിൽ നമ്മുടെ കോളേജിനെ പ്രതിനിധീകരിച്ച് ക്ലബ്ബ് അംഗങ്ങൾ പങ്കെടുക്കുകയും വിവിധ സമ്മാനങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്.

ക്ലബ്ബിന്റെ പ്രവർത്തനം ഡിസംബറിൽ മാത്രം ആരംഭിച്ചതുകൊണ്ട് വളരെ ചുരുങ്ങിയ സമയം മാത്രമെ പ്രവർത്തിക്കുവാൻ ലഭ്യമായുള്ളു. സമയദൗർലഭ്യം മൂലം പല പരിപാടികളും അവതരിപ്പിക്കുവാൻ സാധിച്ചിട്ടില്ല. എങ്കിലും ലഭ്യമായ ചുരുങ്ങിയ സമയത്തിനുള്ളിൽ മൂന്നുനാലു പരിപാടികൾ അവതരിപ്പിച്ച് ക്ലബ്ബിനെ നിർജീവാവസ്ഥയിൽനിന്നു സജീവമാക്കി മാറ്റുവാൻ സാധിച്ചു എന്ന ചാരിതാർത്ഥ്യം ഞങ്ങൾക്കുണ്ട്.

സഹകരിച്ച് സഹായിച്ച എല്ലാവർക്കും ഡിബേറ്റിംഗ് ക്ലബ്ബിന്റെ പേരിലുള്ള നന്ദി പ്രകാശിപ്പിക്കുന്നു.

എന്ന്, സെക്രട്ടറി

മാത്യൂസ് ജേക്കബ്. സി.

# GOVT. OF INDIA

**(Dept. of Electronics)**

# COMPUTER COURSE

*Course Highlights*

1. Govt. of India 'O' level
2. Post Graduate Diploma in Computer Applications (PGDCA)
3. Diploma in Computerised Accounting
4. Personal Computing Software

ACE

**Academy of Computer Education**

## Diligent Systems & Technology

Acel Estate, Opp. Divya Automobiles,
Iyyattil Junction, Cochin - 682 016. Tel. 351649

# ദംശനം

''കാവിലെ ദൈവത്തറയിലിരിക്കുന്ന
നാഗദൈവങ്ങളെത്തീണ്ടരുതേ
ശുദ്ധിയശുദ്ധിയ്ക്കായ് മാറിക്കൊടുത്തുള്ള
കന്യാമനങ്ങളേ ദൂരെപ്പോകൂ!''

ഒരുൾവിളിപോലിതുകൂടെയുണ്ടെന്നാകിലും
പേടിപ്പോടൊരു നീക്കത്തെ മനസ്സാൽ പ്രാർത്ഥിച്ചു.
ഞാനലസം നിന്നീടവേ, അരികിലനക്കമോ!
ഞെട്ടുന്നൂ പതറുന്നൂ പിൻവലിയുന്നൂ
ഞാനെന്നുമീ ഭയത്തിന്നടിമയോ?
മൊട്ടായിരുന്നപ്പോഴുള്ളിലൂറിയ സുഗന്ധത്തെ—
തൊട്ടു നീ വിഷലിപ്ത മന്ത്രണങ്ങളാൽ മാത്രം.
വിരിയും ദലങ്ങളെയോരോന്നും തലോടി
ഒരവധൂതൻ നെറ്റിയിൽ മുകർന്നെന്റെ
പിടയും നെഞ്ചിൻകൂട്ടിലെറിഞ്ഞ സത്യത്തിന്റെ
കൂർത്തൊരഗ്രത്തെപ്പോലും ഒടിച്ചു മടക്കിയാ—
തീഷ്ണ ദൃഷ്ടിയാ, ലതും നിയോഗമെന്നേ കേൾപ്പൂ.

എന്നോർക്കാപ്പുറങ്ങളിൽ, പത്തി
വിരിച്ചുനിന്നാടി നീ, യെനിക്കു സമ്മാനിച്ച
പേടികൾ! വഴുക്കുന്ന ബീഭത്സ നഖചിത്രം.
കാൽകളിൽ മുത്തുന്നൊരക്കറുകപ്പുൽ നാമ്പുകൾ,
കാതിനെയുഷ്ണിപ്പിച്ച കാറ്റിന്റെ സീൽക്കാരങ്ങൾ
ചെറിയ ചലനങ്ങൾ, ചാരത്തെയനക്കങ്ങൾ
കൈയും പേടിപ്പിച്ചൂ, നിന്നോർമതൻ വിഷം തീണ്ടി.
മാരിയെ സ്വയമേറ്റ മുകുന്ദ സ്നേഹത്തേയും
ഓർമയിലൊളിപ്പിച്ച മാണിക്യ പ്രഭയേയും
വിസ്മരിക്കാതെ നിന്നെ വെറുത്തു മോഹിക്കുന്നു
ഞാനെന്നുമീ ദൈന്യത്തിനടിമയോ?

അവധൂതനൊരുപാമ്പാട്ടിയായ് വിളങ്ങുന്നു
മകുടിയൂതി മെല്ലെയുണർത്തിടുന്നൂ ജ്ഞാനി.
പൊന്തയിലിഴയുന്ന രൂപവും, വിഷത്തിന്റെ
ഗന്ധവും തലതാഴ്ത്തിയടങ്ങിക്കിടക്കുന്നു.
ഉള്ളിലെയജ്ഞാനമാം വിഷത്തെയിറക്കുവാൻ
നീയെന്നെയറിയണം, ദന്തക്ഷതങ്ങൾ ശേഷിക്കണം.

കാവുതീണ്ടി ഞാനിതാ ദൈവത്തറയിലിരിക്കുന്നൂ
ഉടലോ വിറകൊൾവൂ പൂക്കുലപോൽ ചലിക്കുന്നൂ
കറുത്ത രജനിപോലെൻ മുടി ചിതറുന്നൂ
മകുടിയൂതായ് നിന്നെയുണർത്താനെനിക്കാവുന്നൂ
തളർന്ന സിരയിലൂടെന്നിൽ നീ പടരുന്നു
ഉതിരും സീൽക്കാരങ്ങൾ വെളിച്ചം വിതറുന്നു.

INDULEKHA M. N.
III B. A. Malayalam

# ലോകാവസാനം

''എടാ, ഇബ്‌ലീസിന്റെ പൊത്തകോം വെച്ചോണ്ടിരിക്കാണ്ട വല്ല്യേം രണ്ട് ദിക്റ് ചൊല്ലടാ. ഇനി ഇതൊക്കെയെന്തിനാടാ വായിക്കണെ? ഖിയാമം നാളാ അടുത്ത റമളാൻ 12ന്. അന്നെല്ലാരും മയ്യത്താവും''.

ഖുറാൻ ഓതിക്കൊണ്ടിരുന്ന മമ്മുക്കാക്കയുടെ പ്രസ്താവം റാഫിയേയും, ഫൗസിയേയും തെല്ലൊന്നു ഞെട്ടിച്ചു. ഖിയാമം നാളിന്റെ ലക്ഷണങ്ങളും അപ്പോൾ സംഭവിക്കുന്നതുമെല്ലാം അവരുടെ മനസ്സിലൂടെ പെട്ടെന്ന് മിന്നിമറഞ്ഞു. പടച്ചവന്റെ അവതാരമാണെന്നു പറഞ്ഞ് ദജ്ജാല് വരണതും വല്യൊരു മലക്ക് ഒരു പ്രാവശ്യം കാഹളമൂതുമ്പോൾ ലോകം മുഴുവൻ ഇടിഞ്ഞുപൊളിഞ്ഞു വീഴുന്നതും, അതിൽപ്പെട്ട് ജീവനുള്ളതെല്ലാം ചത്തൊടുങ്ങുന്നതും രണ്ടാമതും ഊതുമ്പോൾ എല്ലാവരും മഹ്ശറയിൽ പടച്ചവന്റെ മുമ്പിൽ ഒന്നിച്ചു കൂടുന്നതും, പാപം ചെയ്തവരെ നരകത്തീയിലിട്ട് ചുട്ടുകരിക്കുന്നതും.........എന്റള്ളോ! ഫൗസി അറിയാതെ നിലവിളിച്ചുപോയി.

''എന്തൊന്നാ മോങ്ങണെ? എഴുന്നേറ്റു പോയേ പഹച്ചീ''!

''ഒന്ന മിണ്ടാണ്ടിരി. ഉപ്പാപ്പ'' റാഫിയ്ക്കതത്ര പിടിച്ചില്ല. എങ്കിലും കൂടുതലൊന്നും കേൾക്കണ്ടെന്നു



കരുതി അവൻ പുസ്തകമെടുത്ത് അകത്തേക്ക പോയി.

മമ്മുക്കാക്കയുടെ ഈ പ്രവചനം വീട്ടിലെ നാല് ചുമരുകൾക്കുള്ളിൽ ഒതുങ്ങിയില്ല. പിറ്റേ ദിവസം കോയാമുതലാളിയുടെ വീട്ടിലെ കല്ല്യാണത്തിന് പ്രധാന ചർച്ചാവിഷയം ലോകാവസാനമായിരുന്നു.

കുറെശ്ശ ഒരു കിറുക്കപോലെയുണ്ടെങ്കിലും തികഞ്ഞ ഒരു ഈശ്വരഭക്തനായ മമ്മുക്കാക്ക പറയുന്നത് ആരും വിശ്വസിച്ചു പോവും. ന്യൂസ്പാത്തുമ്മയും അബൂക്കയും എത്തേണ്ടിടത്തൊക്കെ വാർത്ത എത്തിക്കുകയും ചെയ്തു.

പാത്തുമ്മ വെള്ളം കോരാൻ നിൽക്കുമ്പോൾ അടുത്തു നില്ലുന്നവരോട്. ''എടീ, പിന്നെ അറിഞ്ഞോ? ഖിയാമം നാള് അടുത്തത്രെ! നമ്മുടെ മമ്മുക്കാക്കാക്ക് പടച്ചോൻ വെളിപാടുണ്ടാക്കീതാ!'' അപ്പോൾ കൂട്ടത്തിലൊരുത്തി ''നേരായിരിക്കും. നല്ല ബർക്കത്തുള്ള മനുഷ്യനാ. എന്റെ റബ്ബേ രക്ഷിക്കണേ''.

നിരക്ഷരകുക്ഷികളായവർ മുതൽ അഭ്യസ്തവിദ്യരായ ജനങ്ങൾ വരെയുള്ള അവിടെ ചുരുങ്ങിയ സമയത്തിനുള്ളിൽ വാർത്ത കേൾക്കാത്തവരായി ആരുമുണ്ടായിരുന്നില്ല. പൊടിപ്പും തൊങ്ങലും

വെച്ച് അതു് വിശ്വാസയോഗ്യമാക്കാൻ ഓരോരുത്തരായി മത്സരിച്ചു.

അവസാനം എല്ലാവരും പ്രതീക്ഷിച്ചിരുന്ന റമളാൻ 12 വന്നെത്തി. ജാതിമതഭേദമന്യേ ഓരോരുത്തരായി വീട്ടിലെത്തിച്ചേർന്നു. മമ്മൂക്കാക്കയുടെ മുറിയിൽ നിന്ന് കുന്തിരിക്കത്തിന്റെയും, ചന്ദനത്തിരിയുടേയും ഗന്ധം പുറത്തേക്കൊഴുകുന്നുണ്ടായിരുന്നു. കൂട്ടത്തിൽ വിശുദ്ധ ഗ്രന്ഥം പാരായണം ചെയ്യുന്നതിന്റെ ഉച്ചത്തിലുള്ള സ്വരവും. വന്നവരിൽ പലരും ജീവിതത്തിന്റെ അവസാന നിമിഷങ്ങളാണ് അതെന്ന ധാരണയിലായിരുന്നു ചെയ്തു തീർക്കാനുള്ളതെല്ലാം ചെയ്ത് യാത്ര പറയുവാനുള്ളവരോടെല്ലാം യാത്ര പറഞ്ഞ് ദൈവസ്തോത്രങ്ങൾ ഉരുവിട്ടുകൊണ്ടിരുന്നു. ചിന്താക്രാന്തരായിരിക്കുന്ന പുരുഷൻമാരും, വിതുമ്പി തുടങ്ങിയിരിക്കുന്ന സ്ത്രീകളും ഇതൊന്നുമറിയാതെ കളിച്ചുല്ലസിക്കുന്ന കുട്ടികളും. നേരം നട്ടുച്ചയ്ക്കാറായപ്പോൾ മമ്മൂക്കാക്കയുടെ മുറിയുടെ വാതിൽ പതുക്കെ തുറന്ന് അയാൾ പുറത്തു വന്നു. എല്ലാവരും ഒന്നിളകി, ഒരിമ്പം അവരിലൂടെ കടന്നുപോയി. എന്തോ, ഒരു തേജസ്സ് അദ്ദേഹത്തിന്റെ മുഖത്ത് നിറഞ്ഞിരുന്നു. സ്വതവേ ഇരുനിറമായ മുഖം കൂടുതൽ വെളുത്ത് സുന്ദരമായിരുന്നു. തൂവെള്ള മുണ്ടും കുപ്പായവും തലയിലൊരു തൊപ്പിയും, കൈയ്യിൽ ഒരു വടിയും, വിശുദ്ധ ഗ്രന്ഥവുമായി മുററത്തേക്കിറങ്ങിയ അദ്ദേഹം തിരിഞ്ഞുനിന്നു പറഞ്ഞു "എല്ലാരും ഒന്നു മിണ്ടാണ്ടെ വാ സമയമടുത്തുവരുന്നു". അടക്കി നിർത്തിയിരുന്ന കരച്ചിൽ സ്ത്രീകളുടെ ഉള്ളിൽ നിന്ന് പതുക്കെ താളാത്മകമായി ഉയരാൻ തുടങ്ങി.

മമ്മൂക്കാക്ക അവരേയും കൊണ്ടുനടന്നത് അടുത്തുള്ള വലിയ ആറിനടുത്തേക്കാണ്. വേനൽക്കാലത്തും കഴുത്താഴക്കമുള്ള ആറിന്റെ അരികിലെത്തിയപ്പോൾ അദ്ദേഹം തന്റെ വടിയും, ഗ്രന്ഥവും നിലത്തുവെച്ച് പറഞ്ഞു. "എല്ലാരും അവിടെ നിന്നോളിൻ! ഞാനിപ്പോ വരാം". മമ്മൂക്കാക്കയുടെ ഇന്ദ്രജാലം എന്തായിരിക്കുമെന്ന പ്രതീക്ഷിച്ച് എല്ലാവരും നിൽക്കെ അദ്ദേഹം പതുക്കെ പതുക്കെ പുഴയിലേക്കിറങ്ങി നടന്നു. വെള്ളം തലച്ചു മുകളിലാകുന്നതും ആ കൈകരം മാത്രം വെള്ളത്തിനു മുകളിൽ കാണുന്നതും പിന്നീടവയും അപ്രത്യക്ഷമാകുന്നതും അവർ കണ്ടു. നേരം സന്ധ്യയായി തുടങ്ങിയപ്പോഴും ലോകം ഇനിയും അവസാനിക്കുമെന്ന ഉറച്ച വിശ്വാസത്തിലിരിക്കുമ്പോൾ ഒരു ചോദ്യം മാത്രമായിരുന്നു അവരുടെ മനസ്സിൽ. "മമ്മൂക്കാക്ക എന്താ വരാത്തത്?"

SHAHINA V. K.
I B. A. Malayalam

# LOVE TELEPATHY

Love it seems is a funny thing
I look at stars and sit blinking
Remain distraught in thoughts of my girl thinking
Where is she now; what is she doing
Thinking of our previous party; how well does she sing
A hope that to me will she ever cling
Makes my heart, my mind and myself sing
O! what a lovely girl she is I think
Of sweet blue eyes like a fairy nice
With a touch of romance that makes me swing
Of her I think and my mind flies
Was that a dream or an angle's trick
That made me love-sick
Now she is gone, so all say
Changing my heart into clay
Yet she lies deep in my heart
like the nectar burried in the corn
She is gone; I remain woe-begone
So have stars lost their shone
And I my lover lone
Love has eaten through every bone
For my mind to her has flown
I am mad; So people say
To think of you and bray
You are forever gone; so people say
But for me, will you ever stay
With me, in my heart of clay
I care not, dear, for foolish thoughts
For I have lost and got
What people haven't in a lifetime's lot
I care not dear for foolish thoughts
Which our love blocks and every attempt of ours thwarts
Dont you worry about me, my dear
You know, my love to you is clear
My love to you is not beer,
Not a pastime, Not a pastime mere

MANIKANDA PISHARODY K. S.
II P. D. C.



# കേസരിയുടെ ചരിത്രാതിവൃത്തം

SUNIL P. ELAYIDAM
Research Student

"ഒരു ഘട്ടത്തിൽനിന്ന് മറ്റൊരു ഘട്ടത്തിലേക്കുള്ള മഹാപ്രസ്ഥാനമായി ചരിത്രത്തെ കണ്ടുകൊണ്ട് കേസരിയുടെ ചരിത്ര വീക്ഷണത്തിന് ഗംഭീരമായ ഒരു ലക്ഷ്യബോധം ഉണ്ടായിരുന്നു. പശ്ചിമേഷ്യയിൽ ഒരുമിച്ച് ജീവിക്കുകയും പിന്നീട് പിരിഞ്ഞു പോവുകയും ചെയ്ത, ഒരേ പ്രാക്ചരിത്രമുള്ള മനുഷ്യസമൂഹങ്ങളാം അവയുടെ ആത്യന്തികമായ ഐക്യവും സമഭാവവും അറിയുമെന്നായിരുന്നു അദ്ദേഹത്തിന്റെ മോഹം".

പ്രൊഫ. എം. എൻ. വിജയൻ.

കേസരി എ. ബാലകൃഷ്ണപിള്ളയുടെ ചരിത്രഗവേഷണങ്ങളും അദ്ദേഹത്തിന്റെ സ്വകാര്യ കിറുക്കുകളിൽ ഒന്നായിരുന്നു എന്ന് നമ്മുടെ പ്രമുഖ ചരിത്ര പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അദൃശ്യപൂർവ്വമായ കാര്യങ്ങൾ കാണുന്നവരെ കിറുക്കന്മാർ എന്ന് വിളിക്കുന്നപതിവ് ചരിത്രത്തിലുടനീളം കാണാനാവുമെന്ന് പറഞ്ഞുകൊണ്ട് കേസരി തന്റെ സ്വകാര്യക്കിറുക്കുകൾ 'നിലനിർത്തിപ്പോരുകയും ചെയ്തു. ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് അദ്ദേഹം വെട്ടിത്തെളിച്ച വഴികൾ വെളിച്ചം നിറഞ്ഞവയായിരുന്നില്ല. 'എൻ സൈക്ലോ



"പീഢിയകൾ" എന്ന് വിശേഷിപ്പിക്കപ്പെടാവുന്നതും വിപുലമായ വൈജ്ഞാനിക ലോകത്തിന്റെ ഉടമയായ കേസരി ചരിത്രരചനാവേളകളിലുടനീളം ഈ വൈജ്ഞാനികവൈഭവത്തിന്റെ പിൻബലത്തോടെയും, സ്വന്തം അന്തർജ്ഞാനത്തിന്റെ നിഗൂഢസാക്ഷ്യങ്ങളോടേയും, നടത്തിയ 'കാലഗണനം മറ്റു'കൾ അദ്ദേഹത്തിന്റെ ചരിത്രവീഥികളെ ദുർഗ്ഗമപഥങ്ങളാക്കിമാറ്റി. അരവിന്ദഘോഷിന്റെ മിസ്റ്റിക് മനോദർശനത്തെയും ശ്യാമശാസ്ത്രിയുടെ ജ്യോതിഷ വിഷയങ്ങളേയും ചരിത്രരചനയ്ക്ക് ആധാരമായി സ്വീകരിച്ച കേസരി, സാമ്പ്രദായികമായ മുഴുവൻ ചരിത്രവീക്ഷണങ്ങളേയും നിരാകരിക്കുകയും ഊഹാധിഷ്ഠിതവും പ്രവചനാത്മകവുമായ ഒരു ചരിത്രദർശനം രൂപപ്പെടുത്തുകയും ചെയ്തു.

അക്കാദമിക് ചരിത്രപണ്ഡിതന്മാരാൽ അല്പംപോലും കേസരി അംഗീകരിക്കപ്പെട്ടിരുന്നില്ല. അക്കാദമിക് വൈജ്ഞാനിക പദ്ധതികളോട് കേസരി ആദരവ് പുലർത്തിയിരുന്നുമില്ല. മൃതപ്രായങ്ങളായ ആശയങ്ങൾക്ക് കിടന്നു ചാകാനുള്ള ആതുരാലയങ്ങളാണ് സർവ്വകലാശാലകൾ എന്നുള്ള പ്രൊഫ: ഹോഗ് ബെൻ-ന്റെ അഭിപ്രായം അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. പ്രമാണരേഖകളുടെമാത്രം പഠനത്തിലൂടെ പ്രാക്ചരിത്രരചന സാദ്ധ്യമാവില്ല എന്നദ്ദേഹം കരുതി. പ്രമാണരേഖകളോടൊപ്പം പുരാവൃത്തങ്ങളെയും ഐതിഹ്യങ്ങളെയും സ്വന്തം അന്തർജ്ഞാനത്തെയും ചരിത്രരചനയിൽ അദ്ദേഹം ഉപയോഗപ്പെടുത്തി. മാനവരാശിയുടെ വർഗ്ഗസ്മൃതികളിൽ ഊറിക്കൂടിയ മിത്തുകളിലും ഐതിഹ്യങ്ങളിലും പുരാവൃത്തങ്ങളിലും ഗതകാല ചരിത്രം സംഭൃതമായിരിക്കുന്നു എന്നുള്ള നരവംശശാസ്ത്രത്തിലെയും മനശ്ശാസ്ത്രത്തിലേയും കണ്ടെത്തലുകൾ കേസരിയുടെ ചരിത്രദർശനത്തിന്റെ അടിസ്ഥാന സങ്കല്പമായിത്തീർന്നു. ഒരുജനത ഒരുമിച്ച് കാണുന്ന സ്വപ്നങ്ങളാണ് മിത്തുകളെന്നും, ഈ സ്വപ്നങ്ങൾ മനുഷ്യന്റെ ഭൂതകാലാനുഭവങ്ങളെയെന്നപോലെ, ഭാവികാല മാർഗ്ഗങ്ങളെയും ഉൾക്കൊള്ളുന്നു എന്നും യുങ്ങ് നിരീക്ഷിക്കുന്നുണ്ട്. * മിത്തുകളിൽ സ്വപ്നവും നിയമവും ചരിത്രവും അടങ്ങിയിരിക്കുന്നുഎന്നു മലിനോവ്സ്കിയുടെ നിരീക്ഷണവും കേസരി ഉദ്ധരിക്കുന്നുണ്ട്. മഹാഭാരതം, നമ്മുടെ സാമൂഹ്യബോധത്തിന്റെ സമഗ്രമൂർത്തി കൂടിയാണെന്ന് (Substance of our Collective unconsciousness) മഹാഭാരത പണ്ഡിതനായ വി. എസ്. സുക്തങ്കർ അഭിപ്രായപ്പെടുന്നു. പുരാണേതിഹാസങ്ങൾ മിത്തുകളിലൂടെ ചരിത്രവുമായി ഇടകലരുന്നുവെന്നും, മിത്തുകളിലെ കലാസൂചനകൾ സാമാന്യമായ കാലഗണനാരീതികളിൽ നിന്നും ഭിന്നതപുലർത്തുന്നുവെന്നും അദ്ദേഹം പറയുന്നു. ** പുരാവസ്തുശാസ്ത്രം ചരിത്രത്തിന്റെ ലംബതല (Vertical) മാണെങ്കിൽ മിത്തുകൾ തിരശ്ചീനതലം (Horizondal) ആണ്എന്ന് ഡി. പി. മുഖർജിയും അഭിപ്രായപ്പെടുന്നുണ്ട്. *** മിത്തുകളിലൂടെ വെളിവാക്കപ്പെടുന്ന പ്രാക്ചരിത്രസംബന്ധമായ സൂചനകളെ മനസ്സിലാക്കാൻ സാമാന്യയുക്തിയുടെ പതിവുമാർഗ്ഗങ്ങളിലൂടെ കഴിയില്ലെന്ന് കേസരി കരുതി. ലിഖിത ചരിത്രം ആരംഭിക്കുന്നതിനു മുൻപുള്ള മാനവസമൂഹത്തിന്റെ ജീവിതരീതികൾ ആരായുമ്പോൾ പുരാണേതിഹാസങ്ങൾക്ക് പ്രമാണരേഖകൾക്കൊപ്പം പ്രാധാന്യം കല്പിക്കാൻ അദ്ദേഹം തയ്യാറായതും യുക്തിചിന്തയുടെ നേർവഴികൾ വെടിഞ്ഞ് അന്തർജ്ഞാനത്തിന്റെ വളർത്തുക്രമങ്ങളെ ചരിത്രരചനയുടെ രീതിശാസ്ത്രമായി സ്വീകരിച്ചതും, പ്രബലമായ ഈ ധാരണയുടെ അടിസ്ഥാനത്തിലായിരുന്നു.

* C. G. Juny - man and his symbols. ** V. S. Sukthankar- The mearning of mahabharatha.
*** D. P. Mukkarji - On Indian History.



## കേസരിയുടെ ലോകങ്ങൾ:-

സാഹിത്യേതരമായ വിവിധമേഖലകളിൽ കേസരി പ്രവർത്തിച്ചിരുന്നുവെങ്കിലും അദ്ദേഹം അതിൽ പരമപ്രധാനമായി കരുതിയിരുന്നത് ചരിത്ര ഗവേഷണമായിരുന്നു. കേസരി പത്രത്തിന്റെ പ്രസിദ്ധീകരണം അവസാനിപ്പിച്ചതിനുശേഷം തിരുവനന്തപുരത്തുനിന്നും പറവൂരിലെത്തിയ കേസരി പിന്നീടൊരിക്കലും സാമൂഹ്യ രാഷ്ട്രീയമേഖലകളെക്കുറിച്ച് അഭിപ്രായപ്രകടനത്തിനുമുതിർന്നില്ല. പിന്നീടുള്ള ജീവിതകാലമത്രയും താൻ ആവിഷ്കരിച്ച സവിശേഷമായ ചരിത്രദർശനത്തിലൂന്നിനിന്നുകൊണ്ടുള്ള ഗവേഷണ പഠനങ്ങളിൽ വ്യാപൃതനാവുകയാണ് കേസരി ചെയ്തത്. വിസ്തൃതമായ തന്റെ വിജ്ഞാന മണ്ഡലത്തിലെ മുഴുവൻ നിക്ഷേപങ്ങളെയും ചരിത്ര ഗവേഷണത്തിന്റെ മേഖലയിൽ ഉപയോഗപ്പെടുത്താനും അദ്ദേഹം ശ്രമിച്ചു. പുരാവസ്തുവിജ്ഞാനീയം, സോഷ്യൽ ആന്ത്രോപ്പോളജി, രാഷ്ട്രമീമാംസ, മനശ്ശാസ്ത്രം, ഭാഷാശാസ്ത്രം, സോഷ്യോളജി, ചിത്രകല, വാസ്തുശില്പം, നിയമം, വൈദ്യവിജ്ഞാനം, ജ്യോതിഷം, സാമുദ്രികം (ലക്ഷണശാസ്ത്രം), ഹസ്തരേഖാശാസ്ത്രം തുടങ്ങിയ വിജ്ഞാന മേഖലകളിലുണ്ടായിരുന്ന ആധികാരികവും സമഗ്രവുമായ ജ്ഞാനം കേസരി തന്റെ ചരിത്ര പഠനങ്ങളിൽ നിരന്തരം ഉപയോഗപ്പെടുത്തിപ്പോന്നു. ജ്ഞാനമിശ്രണത്തിന്റെ ഈ സങ്കീർണ്ണത കേസരിയുടെ ചരിത്ര പഠനങ്ങളിൽ അഴിയാക്കുരുക്കുകൾ സൃഷ്ടിക്കുന്നുണ്ട്. 1933 മുതൽ 58വരെയുള്ള കാലയളവിൽ കേസരി 150-ലേറെ ഗവേഷണ പ്രബന്ധങ്ങൾ രചിക്കുകയുണ്ടായി. (അവയിൽ ഇരുപതോളം മാത്രമേ ഇന്ന് പുസ്തക രൂപത്തിൽ ലഭ്യമായിട്ടുള്ളൂ) ലോകചരിത്രത്തെക്കുറിച്ചും കേരളചരിത്രത്തെക്കുറിച്ചും നടത്തിയ അന്വേഷണങ്ങളിൽ പ്രമാണരേഖകളും കേസരി ധാരാളമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇൻഡ്യൻ ആന്റിക്വാറി, ഹിസ്റ്റോറിക്കൽ ക്വാർട്ടേർലി, ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യാസീരീസ്, ട്രാവൻകൂർ ആർക്കിയോളജിക്കൽസീരീസ്, മെക്കൻസിമാനുസ്ക്രിപ്റ്റുകൾ തുടങ്ങിയവയെല്ലാം തന്റെ ചരിത്ര സംബന്ധമായ അന്വേഷണങ്ങളിൽ കേസരി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

ശുകസന്ദേശം, മൂഷികവംശം, സാ[illegible]തികം വിക്രമോർവ്വശീയ ചരിതം തുടങ്ങിയ കൃതികളിലെ ചരിത്ര സൂചനകളും കേസരി വിപുലമായ തന്റെ അന്വേഷണങ്ങളിൽ ആധികാരികതയോടെ പരാമർശിക്കുന്നുണ്ട്. പ്രമാണരേഖകളിലെ സൂചനകളെ വസ്തുനിഷ്ഠമായ മററ് തെളിവുകളുമായി കൂട്ടിയിണക്കിക്കൊണ്ട് ചരിത്രപരമായ നിഗമനങ്ങൾ രൂപീകരിക്കുന്നതോടൊപ്പം, വളരെ ലളിതമായ ഒരു സൂചനയെ മുൻനിർത്തി ചരിത്രത്തിലെ പ്രബല്യധാരണകൾക്കെതിരായ നിലപാടിലേയ്ക്ക്, ഊഹാധിഷ്ഠിതമായ 'കണ്ടുപിടുത്തങ്ങളി'ലൂടെ കുതിച്ചുചാടാനും കേസരി ശ്രമിച്ചിരുന്നു. ഈ 'കണ്ടുപിടുത്ത'ങ്ങളും കുതിച്ചുചാട്ടങ്ങളും ചരിത്രഗവേഷണ മേഖലയിലെ ശാസ്ത്രീയ വ്യക്തിബോധത്തെയും, രീതിശാസ്ത്രപരമായ കൃത്യതയേയും അല്പംപോലും പരിഗണിച്ചുകൊണ്ടുള്ളവയായിരുന്നില്ല. പുരാണങ്ങളിൽനിന്നും നേരിട്ട് ചരിത്രം ഉത്പാദിപ്പിക്കുന്ന പർജീറ്ററുടെയും മറ്റും ചരിത്രരചനാ സമ്പ്രദായങ്ങളെ 'യൂഹെമെറിസ്റ്റിക്' എന്ന് കൊസാംബി വിശേഷിപ്പിച്ചത്, കേസരിക്കും വലിയൊരളവിൽ ബാധകമാണ്.

ആപേക്ഷികവാദം (Theory of relativity) സ്ഥാപിക്കപ്പെട്ടു കഴിഞ്ഞ ഒരുകാലഘട്ടത്തിൽ ചരിത്ര സത്യവും ആപേക്ഷികമായിരിക്കും എന്നും, അതിനാൽ വ്യത്യസ്ത ഗവേഷണ മാർഗ്ഗങ്ങളിലൂടെ വെളിപ്പെടുന്ന ചരിത്രവസ്തുതകളെ സംയോജിപ്പിച്ച് ചരിത്രരചനയിലേർപ്പെടണം എന്നും കേസരി കരുതിയിരുന്നു. പ്രാക്ചരിത്ര ഗവേഷ



ണമാർഗ്ഗങ്ങളെ അദ്ദേഹം അവയിലെ പ്രധാന ഘടകങ്ങളെ ആസ്പദമാക്കി എട്ടായി തരം തിരിക്കുന്നു.

1 ഭാഷാശാസ്ത്രപരമായ മാക്സ്മുള്ളരുടെ മാർഗ്ഗം
2 മിസ്റ്റിക് മതപരമായ അരവിന്ദഘോഷിന്റെ മാർഗ്ഗം
3 ജ്യോതിശാസ്ത്രപരമായ ശ്യാമശാസ്ത്രിയുടെ മാർഗ്ഗം
4 ഭൂഗർഭശാസ്ത്രപരമായ പാമശേഷയ്യരുടെ മാർഗ്ഗം
5 നരവംശശാസ്ത്രപരമായ ഫ്രേസറുടെ മാർഗ്ഗം
6 ചരിത്രശാസ്ത്രപരമായ പാർജിററുടെ മാർഗ്ഗം
7 ഭൂമിശാസ്ത്രപരമായ ഡോ: ഹിർഹെല്ലിന്റെ മാർഗ്ഗം
8 പുരാവിജ്ഞാനീയപരമായ ഫ്ളിൻഡേഴ്സ്പെട്രിയുടെ മാർഗ്ഗം

ഇന്നത്തെ ലോകത്തിലെ പരിഷ്കൃത രാജ്യക്കാരുടെ മതപരവും, പുരാണികവും ഐതിഹാസികവുമായ കഥകളെ ഈ എട്ടുമാർഗ്ഗങ്ങളും ഇടകലർന്ന ഒരു മിശ്രരീതിയിലൂടെ, ദേശീയപക്ഷപാതരഹിതമായും, ജീവിതത്തിന്റെ ചലനാത്മകത കൈവെടിയാതെയും താരതമ്യപ്പെടുത്തി പഠിച്ചാൽ ഇന്നത്തെ സർവ്വവിധ പരിഷ്കാരങ്ങളുടെയും മാതൃഭൂമി അഫ്രാസ്യയാണെന്ന് കണ്ടെത്താൻ കഴിയുമെന്ന് കേസരി വിശ്വസിച്ചിരുന്നു. ദേശാഭിമാന പ്രചോദിതമായ ചരിത്രരചനയുടെ വസന്തകാലത്താണ് ദേശാഭിമാനം എന്ന ചരിത്രരചനയിലെ 'മിഥ്യ'യെക്കുറിച്ച് കേസരി സംസാരിച്ചത്. യഹൂദന്മാർ, ചീനന്മാർ, യവനർ, ഈജിപ്റ്റുകാർ തുടങ്ങിയവരുടെ അധ:പതനത്തിന് കാരണമായത് ലോകം സ്വദേശകേന്ദ്രിതമാണെന്ന Ego Centric Illusion ആണെന്ന ടോയൻബിയുടെ നിരീക്ഷണം ഉദ്ധരിച്ചുകൊണ്ട്, അത്തരം മിഥ്യാഭിമാനങ്ങളെക്കുറിച്ചാണ് തന്റെ ചരിത്രഗവേഷണങ്ങൾ എന്ന് വിശദീകരിക്കുവാൻ കേസരി മടികാണിച്ചിരുന്നില്ല.

## കേസരിയുടെ ചരിത്രദർശനം

ആദർശ പ്രേരിതമായ ചരിത്ര രചനയാണ് കേസരി നടത്തിയിരുന്നത്. ഏകലോകം എന്ന ആശയം പ്രാബല്യത്തിലെത്തുന്നതിനും ദേശീയത്വത്തിന്റെ മിഥ്യാഭിമാനം തകരുന്നതിനും തന്റെ ഗവേഷണങ്ങൾ കാരണമായിത്തീരുമെന്ന് കേസരി വിശ്വസിച്ചിരുന്നു. 1949 മെയ് 10ന് ഷഷ്ഠിപൂർത്തി ആഘോഷവേളയിൽ സമർപ്പിക്കപ്പെട്ട മംഗളപത്രത്തിന് മറുപടിപറയുമ്പോഴും കേസരി തന്റെ ചരിത്രാദർശം വെളിപ്പെടുത്തുന്നുണ്ട്. "ഗവേഷണ മേഖലയിൽ പൊതുവെ ഉണ്മകശാസ്ത്രിതം എന്നൊരു പേര് നമ്മുടെ സരസനായ ഒരു യുവസാഹിത്യകാരൻ എനിക്ക് നല്കുകയുണ്ടായി. നമ്മുടെ യുവസാഹിത്യകാരന്മാരിൽ തൊണ്ണൂറ് ശതമാനവും എന്റെ ഗവേഷണലേഖനങ്ങളെ പകർച്ചവ്യാധിപോലെ ഒഴിഞ്ഞുമാറിപ്പോകയാണ് ചെയ്തുവരുന്നത്. എന്റെ പ്രത്യേകതരം ഗവേഷണത്തെപ്പറ്റി നമ്മുടെ സർവ്വകലാശാലകളിലെ 'ശാസ്ത്രീയ ഗവേഷക'ന്മാർക്ക് പരമമായ പുച്ഛമാണുള്ളത്........ മ്ലേച്ഛരായ അറബികളുടെ ഇന്നലെ കുറുത്ത സംസ്കാരത്തെ സനാതനമായ ആർഷസംസ്കാരത്തിന്റെ ജനനിയാക്കി മാതത്തെ അപമാനിക്കുന്ന കൊടും രാജ്യദ്രോഹിയായി ദേശീയവാദികളായ പണ്ഡിതന്മാർ എന്നെ പരിഗണിച്ചുവരുന്നു. എന്റെ ഉണ്മകശാസ്ത്രത്വത്തിന്റെ ഉണങ്ങിയ തൊലിക്ക് പിറകിൽ വാസ്തവത്തിൽ കുറെ പച്ചസാധനങ്ങളുണ്ട്. ആറ്റംബോംബിന്റെ നാദതുല്യം വേഗത്തിൽ പായുന്ന എയ്റോപ്ലെയിനുകളുടെയും മറ്റുകണ്ടുപിടുത്തങ്ങളുടെയും, ദേശീയതയെന്ന പഴയ ആശയം ദ്രവിച്ചുതുടങ്ങുകയും ഏകലോകം, ഏകഖണ്ഡ വ്യാപ്തിയുള്ള രാഷ്ട്രം എന്ന ആശയം ഉദിക്കുകയും ചെയ്തിരിക്കുന്നു. ഈ പുതിയ ആശയങ്ങൾ നടപ്പിൽ വരുത്താൻ പ്രാരംഭമായിവേണ്ട മനസ്ഥിതി മനുഷ്യരിൽ സ്ഥാപിക്കുവാൻ എന്റെ ഗവേഷണഫലങ്ങൾ സഹായിച്ചേക്കും. ഈ മാനസിക പരിവർത്തനത്തിനുശേഷം സാമ്പത്തികവും രാഷ്ട്രീയവുമായ



ബന്ധങ്ങളും ഏഷ്യാരാജ്യങ്ങളും തമ്മിൽ സൃഷ്ടിച്ചാൽമാത്രമേ അവ ശാശ്വതമായിരിക്കയുള്ളൂ........ ഇതിന്റെ ഫലമായി കിടമത്സരം കൈവെടിഞ്ഞ് ചരിത്രാതീതകാലത്തുണ്ടായിരുന്നതുപോലുള്ള ഒരു ഏകഏഷ്യൻ സംസ്കാരം കെട്ടിപ്പടുക്കാൻ ഏഷ്യാനിവാസികൾ ശ്രദ്ധിക്കുന്നതാണ്''

ഏകലോകം എന്ന ആദർശത്തിന്റെ സാക്ഷാത്കാരത്തിനായാണ് കേസരി ചരിത്ര ഗവേഷണത്തിൽ മുഴുകിയത്. വിദൂരഭാവിയിൽ, രാജ്യത്തിന്റെ അതിർവരമ്പുകൾ മാഞ്ഞുപോകുന്ന ഒരു കാല്പനികഭാവിയിൽ, സൃഷ്ടിക്കപ്പെടാനിരിക്കുന്ന ഒരു ജീവിതക്രമത്തെ ലക്ഷ്യമാക്കിയുള്ള ചരിത്രഅന്വേഷണമാണത്. മുൻകൂറായി തയ്യാറാക്കപ്പെട്ട ഒരു ലക്ഷ്യത്തിലേക്ക് ചരിത്രത്തെ ആനയിക്കാൻ ശ്രമിച്ച നിർണ്ണായകവാദങ്ങളെല്ലാം ഭാഗികവീക്ഷണം എന്നപരിമിതിയിൽനിന്ന് മോചിതമായിട്ടില്ല എന്ന കെ. ആർ. പോപ്പറുടെ നിരീക്ഷണം കേസരിയുടെ ചരിത്രവീക്ഷണത്തിനു ബാധകമാണ്. എങ്കിലും ''ഒരു സ്വർഗ്ഗത്തിൽനിന്നു മറ്റൊരു സ്വർഗ്ഗത്തിലേക്കുള്ള മഹാപ്രസ്ഥാനമായി ചരിത്രത്തെ കാണുന്നതുകൊണ്ട് കേസരിയുടെ ചരിത്രബോധത്തിന് ഗംഭീരമായ ഒരു ലക്ഷ്യബോധം എന്നും നിലനിർത്താൻ കഴിഞ്ഞിരുന്നു.'' ചരിത്രത്തിലെ ഈ പുരോയാന സിദ്ധാന്തത്തിന് അടിത്തറയായി നാല് ആശയങ്ങളാണ് അദ്ദേഹം സ്വീകരിച്ചത്. ഏകലോകം, പുന്ത്—അഥവാ സംസ്കാരത്തിന്റെ പ്രഭവകേന്ദ്രം, കല്പഗജിതം, സ്ഥലചലന സിദ്ധാന്തം. ഈ ആശയങ്ങളെ അടിസ്ഥാനമാക്കി കേസരി കേരള ചരിത്രസംബന്ധവും, ഭാരതചരിത്രസംബന്ധവും ആയ ഏറെ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ലോകചരിത്രസംബന്ധമായ നിരീക്ഷണങ്ങളും അദ്ദേഹം കുറഞ്ഞതോതിലാണെങ്കിലും, നടത്തിയിട്ടുണ്ട്. കേസരിയുടെ വിജ്ഞാനവിസ്തൃതിയുടെ അമ്പരപ്പിക്കുന്ന വലിപ്പം ദൃശ്യമാക്കുന്നതും കൗതുകകരവുമായ അത്തരം നിരീക്ഷണങ്ങളിലേക്ക് കടക്കാതെ, കേസരിയുടെ ചരിത്രദർശനത്തിന്റെ അടിസ്ഥാനാശയങ്ങളെ പ്രാഥമികമായി വിശദീകരിക്കാൻകൂടി മാത്രമേ ഈ ലേഖനത്തിൽ മുതിരുന്നുള്ളൂ.

## ഏകലോകം

ആധുനികസംസ്കാരങ്ങളുടെ ഉത്ഭവത്തെക്കുറിച്ച് ഇന്ന് നിലനിൽക്കുന്ന പ്രബലമായ രണ്ട് അഭിപ്രായങ്ങളിൽ ഒന്നിനെ നിരാകരിക്കുകയും മറ്റൊന്നിനെ ഭേദഗതികളോടെ സ്വീകരിക്കുകയുമാണ് കേസരി ചെയ്തത്. മനുഷ്യപ്രകൃതിയുടെ ഏകരൂപത നിമിത്തം പല സ്ഥലങ്ങളിൽ ഏറെക്കുറെ ഒരേ സമയത്ത് ഒരുപോലുള്ള സംസ്കാരങ്ങൾ ആവിർഭവിച്ചുഎന്നും, ആ പ്രാചീന സംസ്കൃതികളുടെ പരിണാമങ്ങളാണ് ഇന്നത്തെ സംസ്കാരങ്ങൾ എന്നുമുള്ള, സംസ്കാരങ്ങളുടെ ഉത്ഭവത്തെക്കുറിച്ചുള്ള, ബഹുകേന്ദ്രവാദം കേസരി അംഗീകരിച്ചില്ല. ഏകദേശം 4500 വർഷംമുൻപ് ഈജിപ്റ്റിൽ സംസ്കാരങ്ങളുടെ മാതാവ് പിറന്നുവെന്നും, അവിടെനിന്നും പരന്ന, ആ മാതൃസംസ്കാരത്തിന്റെ സന്തതികളാണ് ലോകമെമ്പാടുമുള്ള ഇന്നത്തെ സംസ്കാരങ്ങൾ എന്ന ഏകകേന്ദ്രവാദമാണ് കേസരി ഭേദഗതികളോടെ സ്വീകരിച്ചത്. സംസ്കാരങ്ങളുടെ മാതൃസ്ഥാനമായ ഈജിപ്റ്റ് ഇന്നത്തെ ഈജിപ്റ്റ് അല്ലെന്നും അത് കിഴക്കേ അറേബ്യയാണെന്നും, 4500 വർഷങ്ങൾക്കു പകരം 8100 വർഷങ്ങളുടെ പഴക്കമാണതിന് ഉള്ളതെന്നും ഉള്ളഭേദഗതികളോടെയാണ് കേസരി ഈ ഏകകേന്ദ്രസിദ്ധാന്തത്തെ സ്വീകരിച്ചത്. ഈ പ്രാചീന സംസ്കാരത്തെ ഇന്നത്തെ സംസ്കാരങ്ങളോട് ഘടിപ്പിക്കുന്നത് ജനകീയഐതിഹ്യങ്ങളാണെന്നും, പക്ഷേ ഈ ഐതിഹ്യങ്ങളിൽ പ്രമുഖമായവയെല്ലാം ഇന്ന് നശിച്ചുപോയിരിക്കുന്നുഎന്നും അദ്ദേഹംകരുതി. സംസ്കാരങ്ങളുടെ ജന്മഭൂമിയായ ഈ ആദിമ കേന്ദ്രത്തെ 'പുന്ത്' എന്ന് വിളിച്ചു.

## പുന്ത്—സംസ്കാരത്തിന്റെ പ്രഭവകേന്ദ്രം

ബഹുകേന്ദ്രവാദവും നദീതടസംസ്കാരവാദ



വും ഉടലെടുത്തകാലത്ത് തന്നെ ഏകകേന്ദ്രവാദവും നിലവിൽവന്നിരുന്നു. സംസ്കാരത്തിന്റെ പ്രഭവസ്ഥാനമായ ഈ ഏകകേന്ദ്രം എവിടെയായിരുന്നു എന്നതിനെക്കുറിച്ചും ആദ്യം മുതൽക്കുതന്നെ അഭിപ്രായഭിന്നതകൾ നിലനിന്നിരുന്നു. പശ്ചിമേഷ്യയിലാണ് ഈ ആദിമകേന്ദ്രം നിലനിന്നിരുന്നത് എന്ന് അംഗീകരിക്കപ്പെട്ടുവെങ്കിലും പശ്ചിമേഷ്യയിലെ ബാബിലോണിയ ആണോ, ഏഷ്യാമൈനർ പ്രദേശങ്ങളാണോ എന്ന വസ്തുത വിശദീകരിക്കപ്പെട്ടിരുന്നില്ല. തെക്കുകിഴക്കേ അറേബ്യയിലെ കടാർ ഉപദ്വീപിലും ചുററുമുള്ള പ്രദേശത്തും ആണ് ഈ ഏകകേന്ദ്രസംസ്കാരം രൂപം പൂണ്ടത് എന്ന് കേസരി കരുതി. ലോകത്തിലെ ഭിന്നജനവർഗ്ഗങ്ങളുടെ ഐതിഹ്യങ്ങൾ, പ്രളയകഥ, ഭാഷാശാസ്ത്രം, ഭൂമിശാസ്ത്രം എന്നിവയുടെ പഠനത്തിലൂടെയാണ് പ്രസ്തുതരാജ്യത്തിന്റെ സ്ഥാനം കേസരി നിർണ്ണയിച്ചത്. ജംബുദ്വീപ്, ഭാവാപൃഥ്വി, നാഗദ്വീപ് എന്നെല്ലാം ഭാരതീയരും ഏത്ര, അത്ലാന്റിസ് എന്ന് ഗ്രീക്കുകാരും, മഗൻ, ആദ് എന്ന് അറബികളും പൂത്, പൂന്ത് എന്ന് ഈജിപ്റ്റരും ബാബിലോൺ, മെലൂക്ക എന്ന് ബാബിലോണിയരും ഫ്രിജിയ എന്ന് സുമേറിയരും, ഏദൻ എന്ന് ഹീബ്രുക്കളും, അറേബ്യാഫേലിക്സ് എന്ന് ലത്തീൻ ജനതയും വിശേഷിപ്പിക്കുന്നത് ഇതേ രാജ്യത്തെയാണെന്ന് കേസരി വിശദീകരിച്ചു. പേർഷ്യൻ പുരാണമായ 'ബുന്ദാഹിസി'ൽ ഭൂമിയെ വലയം ചെയ്യുന്ന മഹാസമുദ്രം കൂടാതെ മൂന്ന് ഉപ്പുകടലുകളും ഈ ചെറുകടലുകളും ഉണ്ടെന്ന് പറയുന്നു. പൂതിക്, സഹിബൂൻ, കമ്രൂദ് എന്നീ മൂന്ന് ഉപ്പുകടലുകളിൽ പൂതിക് കടലിന്റെ (പേർഷ്യൻ ഉൾക്കടലിന്റെ) തെക്കുപടിഞ്ഞാറെ തീരത്താണ് ഈ ആദിമ സംസ്കാരം നിലനിന്നിരുന്നത് എന്നതിനാലാണ് പുത്, പൂന്ത്, പുന്ത് എന്നപേർ അതിന് ലഭിച്ചത്. പ്രാചീന ഈജിപ്ഷ്യൻ നാമമായ 'പുന്ത്'' എന്നപേര്തന്നെയാണ് കേസരി അതിനെ വിശേഷിപ്പിക്കാൻ തിരഞ്ഞെടുത്തതും. നവീനശിലായുഗത്തിന്റെ പ്രാരംഭഘട്ടത്തിൽ പ്രാചീന ശിലായുഗത്തിലെ മനുഷ്യർ തിരോധാനം ചെയ്യുകയും പുതിയ പരിഷ്കാരത്തോടുകൂടി ഇന്ന് കാണുന്ന മനുഷ്യവർഗ്ഗം ആവിർഭവിക്കുകയും ചെയ്ത ഈ പ്രദേശമാണ് സംസ്കാരങ്ങളുടെ മാതൃസ്ഥാനമായി പരിഗണിക്കപ്പെടേണ്ടത് എന്ന് കേസരി കരുതിപ്പോന്നു.

## കല്പഗണിതം

പ്രാചീന ബാബിലോണിയൻ ജനതയുടെ—കൽദായരുടെ—ജ്യോതിശ്ശാസ്ത്ര പദ്ധതിയിൽ അവർ ഉപയോഗപ്പെടുത്തിയിരുന്ന കാലഗണനാ പദ്ധതിയാണ് 'കല്പഗണിതം' എന്നപേരിൽ കേസരി തന്റെ ചരിത്ര പഠനങ്ങൾക്ക് ഉപയോഗപ്പെടുത്തിയത്. അറേബ്യയിലെ മേഘശൂന്യമായ അന്തരീക്ഷം നക്ഷത്ര—ഗ്രഹ ആരാധനകളെ ആദിമതത്തിലെ മുഖ്യഘടകമാക്കിമാററി. നക്ഷത്രാരാധനയും ജ്യോതിർഗണിതവും അവിടെ പിറവിയെടുത്തു. ഈ രണ്ട് മേഖലകളിലും കേളികേട്ട കൽദായ ജനതയുടെ ഉത്ഭവ സ്ഥാനവും അറേബ്യതന്നെയാണ്.

ബി. സി. 10000ത്തിനപ്പുറം ഭൂമിയുടെ ഉത്തരമേഖലയിൽ അതുല്യങ്ങളായ 4 ഹിമയുഗങ്ങളും ഇവയ്ക്ക് സമാന്തരമായി ഭൂമദ്ധ്യരേഖാ പ്രദേശങ്ങളിൽ 4 അതിവർഷപ്രളയങ്ങളും ശൃംഖലയെന്നപോലെ ആവർത്തിച്ചു. ഈ പ്രളയങ്ങൾക്കിടയ്ക്ക് മനോഷ്മയുഗങ്ങളും ഉണ്ടായിരുന്നു. ഭൂമദ്ധ്യരേഖാപ്രദേശത്ത് ജീവിച്ചിരുന്നവർ പ്രളയത്തെയും മനോഷ്മയുഗത്തെയും സ്മൃതിപഥത്തിൽ സൂക്ഷിച്ച് തലമുറകളിലൂടെ കൈമാറിപ്പോന്നു. ഇത് ഒരു ആവർത്തന പ്രക്രിയയാണെന്നും, ഒരു സുഖജീവിത കാലവും അതിന്ശേഷമുള്ള പ്രളയവും കെടുതികളും, ചരിത്രത്തിൽ സ്ഥൂല—സൂക്ഷ്മം രൂപത്തിൽ ആവർത്തിച്ചു കൊണ്ടിരിക്കുന്നു എന്നും പ്രാചീന ജനങ്ങൾ തിരിച്ചറിഞ്ഞിരുന്നു. ഇങ്ങനെയുള്ള അതുല്യങ്ങളായ 4 പ്രളയങ്ങളേയും അവയ്ക്കിടയിലുള്ള മനോഷ്ണയുഗങ്ങളേയും പ്രതിധ്വനിപ്പി



ക്കുന്ന പ്രാചീന കല്പഗണിതം (ഭാരതീയരുടെ ബ്രഹ്മപ്രളയഗണനം) പൂർവ്വിക മനുഷ്യർക്കറിയാമായിരുന്നു എന്നും അതിന് അക്കാലത്ത് ലോകമെമ്പാടും പ്രചാരമുണ്ടായിരുന്നുവെന്നും കേസരി കണ്ടെത്തുകയുണ്ടായി. വ്യത്യസ്തങ്ങളായ പല കാലനിർണ്ണയരീതികളും കല്പഗണിതത്തിൽ ഉപയോഗപ്പെടുത്തി വന്നിരുന്നു. സൂര്യചന്ദ്രഗതികൾ, ശുക്രഗ്രഹചലനങ്ങൾ, ശുക്രസൂര്യഗ്രഹണങ്ങൾ, പകലും രാവും തുല്യമായി വരുന്ന രണ്ട് വിഷുദിനങ്ങൾ സൃഷ്ടിക്കുന്ന അയനഗ്രഹചലനം എന്നിവയെല്ലാം പ്രാചീന കല്പഗണിതത്തിൽ കാലനിർണ്ണയത്തിനായി ഉപയോഗപ്പെടുത്തിയിരുന്നു.

കല്പഗണണിതത്തിലെ കല്പം പ്രളയ സൂചകമാണ്. B C 6000–ത്തിനടുത്ത് അരേബ്യയിലുണ്ടായ മഹാപ്രളയത്തെ ഹിന്ദു പുരാണങ്ങൾ കശ്യപപ്രളയങ്ങളെന്നും അറബി പുരാണങ്ങളിൽ ഇസ്കരുർദുൽ–കുർണ്ണയിന്റെ പ്രളയമെന്നും വിശേഷിപ്പിക്കുന്നു. B C 3000–ത്തിൽ ബാബിലോണിയായിൽ നടന്ന മറ്റൊരു പ്രളയമാണ് വൈവസ്വത മനുവിന്റെ പ്രളയമായും നോഹയുടെ പ്രളയമായും മറ്റും അറിയപ്പെടുന്നത്. ഇങ്ങനെ ഹിന്ദുപുരാണങ്ങളിലും പ്രാചീന പേർഷ്യൻ പുരാണങ്ങളിലും പ്രത്യക്ഷപ്പെടുന്ന വിവിധ കലാഗണനസൂചനകളെ ആധാരമാക്കിയാണ് കേസരി പ്രാക്ചരിത്ര കാലഘട്ടത്തിലെ കലാനിർണ്ണയം നടത്തിയത്. മഹാകല്പങ്ങൾ, ലഘുകല്പങ്ങൾ, മിസ്റ്റിക് കല്പങ്ങൾ എന്നിങ്ങനെയുള്ള പലതരം കാലഗണനകളും ഒട്ടാകെ അവ്യവസ്ഥിതമായി കുഴഞ്ഞുമറിഞ്ഞു പ്രത്യക്ഷപ്പെടുന്ന കേസരിയുടെ കാലഗണന സംപ്രദായം സൃഷ്ടിക്കുന്ന സ്ഥല ജലഭ്രാന്തിയിൽ അദ്ദേഹത്തിന്റെ ചരിത്രനിരീക്ഷണങ്ങൾ സാമാന്യ യുക്തിയുടെ മറുപുറങ്ങളിലെത്തപ്പെടുന്നുണ്ട്.

## സ്ഥലചലനസിദ്ധാന്തം

